# സന്മാർഗ്ഗ പ്രവേശനം

By ഇമാം ഗസാലി (റ)

വിവൎത്തകൻ:

കെ. മുഹമ്മദു മൊഹുദ്ദീൻ

1001

തൻവീർ പ്രസിദ്ധീകരണം — 24

# സന്മാർഗ്ഗപ്രവേശനം

[ 'ഖുലാസത്തുത്തസാനീഫ്', 'ബിദായത്തുൽ ഹിദായത്ത്'—
എന്നീ അറബിഗ്രന്ഥങ്ങളുടെ സംയുക്ത പരിഭാഷ ]

R
3240

KOTTAYAM PUBLIC LIBRARY ✶ KOTTAYAM. ✶

മൂലഗ്രന്ഥകാരൻ:

**ഹുജ്ജത്തുൽ ഇസ്ലാം**
**അബൂഹാമിദിൽ ഗസ്സാലിയ്യ് (റ:)**

വിവർത്തകൻ:

**കെ. മുഹമ്മദ് നൂറുദ്ദീൻ**

GIFTED BY
RAJA RAMMOHUN ROY
LIBRARY FOUNDATION
110, JODHPUR PARK
CALCUTTA-700068

വില: രൂപ 6—00

( Malayalam )

# SANMARGA PRAVESANAM

By IMAM GAZALI

m 297

Transilated by
**K. MUHAMMAD NOORUDDEEN**

First Published in September 1977

Published by
Thanveer Publications, Quilon-6

Copy Right: K. Muhammad Nooruddeen

Printed at the S. B. Press, Quilon.

Price Rs. 6

# അനുമോദനം

"ആഴമേറിയ വിജ്ഞാന സാഗരം" എന്ന അപരനാമം നേടിയ ഹുജ്ജത്തുൽ ഇസ്ലാം അബൂഹാമിദിൽ ഗസാലി (റ:) യുഗപ്രഭാവനായിരുന്നു. എട്ടു നൂററാണ്ടുകൾക്കു മുമ്പ് ജീവിച്ചിരുന്ന ആ വിശ്വ മഹാതത്ത്വചിന്തകനെ ഭൗതിക പരിഷ്കാരത്തിന്റെ പാരമ്യത്തിലെത്തിയ പാശ്ചാത്യലോകം പോലും അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നുണ്ട്. "ഇഹ്യാ ഉൽ ഉലൂം" പോലുള്ള അദ്ദേഹത്തിന്റെ ബൃഹത്തായ ഗ്രന്ഥങ്ങൾ വായിച്ച് ഗ്രഹിക്കുവാൻ തരപ്പെടാത്തവരെ സംബന്ധിച്ചിടത്തോളം തൻവീറിന്റെ "സന്മാർഗ്ഗപ്രവേശനം" ഒരു മഹാ അനുഗ്രഹമാകുന്നു. "സന്മാർഗ്ഗ പ്രവേശനം" "ഇഹ്യാ ഉലൂമിദ്ദീനി"ന്റെ ഒരു സംക്ഷിപ്ത രൂപമത്രെ. ഇത്തരം ഈടുററ ഗ്രന്ഥങ്ങൾ തുടൎന്നു പ്രസിദ്ധീകരിക്കുവാൻ സർവ്വശക്തനായ അല്ലാഹു തൻവീർ പബ്ളിക്കേഷൻസ്സിനു് എല്ലാവിധ അനുകൂല സാഹചര്യങ്ങളും പ്രദാനം ചെയ്യട്ടെ എന്നു് പ്രാൎത്ഥിക്കുന്നു. സഹൃദയ ലോകത്തിന്റെ സവിശേഷമായ പ്രോത്സാഹനവും അനുമോദനവും തൻവീർ പബ്ളിക്കേഷൻസ്സ് തികച്ചും അൎഹിക്കുന്നു. മഹത്തായ വിജ്ഞാന വിതരണാൎത്ഥം, തൻവീർ പബ്ളിക്കേഷൻസ്സ് നിർവ്വഹിക്കുന്ന ത്യാഗപൂൎണ്ണമായ സേവനങ്ങൾക്കു് സർവ്വ ഭാവുകങ്ങളും ആശംസിച്ചുകൊള്ളുന്നു.

A. SIRAJU B com (Hon:) Aligrah
K. A. KARIM & Sons Quilon-4.

Quilon
11-6-'77

KOTTAYAM PUBLIC LIB... KOTTAYAM

ഹാജ്ജി ടി. കെ. അബ്ദുല്ലാ മൗലവി
മെമ്പർ-കേരളാസ്റ്റേററ് ഹജ്ജ് കമ്മിററി,
” കേരളാ വഖ്ഫ് ബോർഡ്.
ചെയർമാൻ-S K. I. M, V. എക്സി: ബോർഡ്.
പരപ്പനങ്ങാടി, 10-5-'77

# * സന്ദേശം

മാനവലോകം സന്മാർഗ്ഗത്തിൽനിന്നും ബഹുദൂരം വ്യതിചലിച്ച് അസാന്മാർഗ്ഗിക പാതയിലേയ്ക്ക് വഴുതിക്കൊണ്ടിരിക്കുന്ന ഒരാപല്ക്കരമായ യുഗത്തിലാണ് നിലകൊള്ളുന്നതെന്ന് പരക്കെ പറയപ്പെടുന്നു. അഖില സാഹചര്യങ്ങളും ചുററുപാടുകളും അതിനനുകൂലങ്ങളും പ്രേരകങ്ങളുമാണുതാനും. ഹിദായത്തിലേക്ക് വഴികാട്ടുന്നവരും അതിന് പ്രചോദനവും പ്രോത്സാഹനവും നൽകുന്നവരുമാകട്ടെ വിരളവും. അഥവാ അതിന് മിനക്കെടുന്ന സഹൃദയർ ആധുനികരുടെ പക്കൽ പഴഞ്ചന്മാരും യാഥാസ്ഥിതികരും ഒന്നിനും കൊള്ളരുതാത്തവരുമത്രെ.

കലങ്ങിമറിഞ്ഞ ഈ അന്തരീക്ഷത്തിൽ അസാന്മാർഗ്ഗികത്വത്തിൻെറ ക്രൂരിരുട്ടിൽനിന്ന് സന്മാർഗ്ഗമാകുന്നപ്രകാശത്തിലേയ്ക്ക് നയിക്കുവാനുള്ള ശ്രമത്തിൽ എൻെറ ആത്മസുഹൃത്തും യുവപണ്ഡിതനും സാഹിത്യകാരനും ഒട്ടധികം മഹൽകൃതികളുടെ കർത്താവുമായ അൽഹാജ്ജ് നൂറുദ്ദീൻ മൗലവിയുടെ“സന്മാർഗ്ഗപ്രവേശനം” എന്ന കൃതി ഏറെ സഹായകമായ ഒരു ദീപമായി പ്രശോഭിക്കയും ഗ്രന്ഥകാരനും വായനക്കാർക്കും ഇഹത്തിലും പരത്തിലും സൌഭാഗ്യലബ്ധിക്കുള്ള ഒരു കെടാവിളക്കായി പരിലസിക്കയും ചെയ്യുമാറാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് സർവ്വ ഭാവുകങ്ങളും നേരുന്നു.

വിനീതൻ ടി. കെ.

---

* 19-9-'77ൽ നിര്യാതനായ അൽഹാജ്ജ് ടി. കെ. അബ്ദുല്ലാ മൗലവി നാലുമാസംമുമ്പ് അയച്ചുതന്നതാണ് ഈ സന്ദേശം. അല്ലാഹു അദ്ദേഹത്തിന് ‘മഗ്ഫിറത്തും’ ‘മർഹമത്തും’ പ്രദാനം ചെയ്യട്ടെ!

BLIC L
KOTTAYAM.

ഒന്നാംഭാഗത്തിന്റെ

# അവതാരിക

[ ഈ ഗ്രന്ഥത്തിന്റെ ഒന്നാംഭാഗം "അല്ലാഹുവിന്റെ മാർഗ്ഗം" എന്നപേരിൽ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ആയതിലേക്കു് അൽ ഉസ്താദ് മൗലാനാ എം. ശിഹാബുദ്ദീൻ മൗലവി അവർകൾ എഴുതിയ അവതാരിക. ]

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

സർവ്വസ്തുതികളും അല്ലാഹുവിനാകുന്നു. ലോകാനുഗ്രഹിയായ മുഹമ്മദുനബിയിലും, അവിടുത്തെ അനുചരന്മാരിലും അല്ലാഹുവിന്റെ കാരുണ്യവും സമാധാനവും സദ്വാ വർഷിക്കുമാറാകട്ടെ!

വിശ്വവിശ്രുത മഹാചിന്തകനും തത്വജ്ഞാനിയും വിജ്ഞാന നഭോമണ്ഡലത്തിലെ സമുജ്ജ്വലതാരവുമായ ഇമാംഗസാലി (൧) ഒരു ശിഷ്യന് അയച്ചുകൊടുത്ത വിശേഷാത്തരമായ ഒരു സന്ദേശത്തിന്റെ വിവർത്തനമാണ് ഈ പുസ്തകം. ഫാരിസീഭാഷയിലായിരുന്നു അദ്ദേഹം സന്ദേശം അയച്ചിരുന്നതു്. ശൈഖ് മുഹമ്മദ് അമീൻ എന്ന മഹാൻ അതു് അറബിഭാഷയിലേക്കു് വിവർത്തനം ചെയ്യുകയുണ്ടായി. ആ അറബി വിവർത്തനമാണ് ഈ പുസ്തകത്തിന്റെ അവലംബം. പേജുകളുടെ എണ്ണമല്ല, ആശയങ്ങളുടെ വീര്യവും ഗാംഭീര്യവുമാണ് ഇതിനെ വിശേഷാത്തരമാക്കിത്തീർത്തിട്ടുള്ളതു്.

"ഖുലാസത്തുത്തസാനീഫി–ഫിത്തസവ്വുഫി, ലിൽഗസാലിയ്യ്" "എന്നാണ് ഇതിന്റെ അറബിതർജ്ജമയുടെ പൂർണ്ണമായ പേര്. "ആത്മശുദ്ധീകരണവിഷയത്തിൽ, ഇമാംഗസാലി (റ) രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളുടെ സത്ത്" എന്നാണ് അതിൻെറ സാരം.

വായനക്കാർ ഈ പുസ്തകം ഒരു പ്രാവശ്യം വായിച്ചിട്ട്, വലിച്ചുതീന്ന ബീഡിത്തുണ്ടുപോലെ വലിച്ചെറിയരുത്. ആവത്തിച്ചാവത്തിച്ചു വായിക്കണം; ദിവസവും വായിക്കണം; ഏകാന്തതയോടും ഏകാഗ്രതയോടുംകൂടി വായിക്കണം. അങ്ങനെ ചെയ്താൽ, സത്യമാർഗ്ഗാന്വേഷികളും അനുഗൃഹീതബുദ്ധികളുമായ അനുവാചകർക്ക് ഇത് പ്രയോജനപ്പെടും; അവരുടെ മോക്ഷപ്രാപ്തിക്കു സഹായകമായിത്തീരും. സർവ്വശക്തനായ അല്ലാഹു അതിനു നമുക്കു "തൗഫീഖ്" ചെയ്യട്ടെ! എന്ന പ്രാർത്ഥനയോടെ ഈ വിശിഷ്ട ഗ്രന്ഥം സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ഹാജ്ജി എം. ശിഹാബുദ്ദീൻ മൗലവി
എം. എഫ്. ബി.
പ്രസിഡൻറ്,
ദ: കേ: ജംഇയ്യത്തുൽ ഉലമാ

കൊല്ലം,
20–6–'66.

★

* രണ്ടാംഭാഗത്തിൻെറ

# അവതാരിക

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

സർവ്വസ്തുതികളും അല്ലാഹുവിനാകുന്നു. ലോകാനുഗ്രഹിയായ മുഹമ്മദുനബിയിലും, അവിടുത്തെ അനുചരന്മാരിലും അല്ലാഹുവിൻെറ കാരുണ്യവും സമാധാനവും സദാ വർഷിക്കുമാറാകട്ടെ!

ഹിജ്റ: 450–ൽ ജനിക്കുകയും, 505–ൽ മരണമടയുകയും ചെയ്ത ഇമാം അബൂഹാമിദിൽ ഗസ്സാലീ (റ:) അവർകളുടെ "ബിദായത്തുൽഹിദായ:" എന്ന ലഘുഗ്രന്ഥമാണ് ഈ പരിഭാഷയുടെ മൂലം. "ബിദായത്തുൽ ഹിദായ:", മനുഷ്യഹൃദയത്തിനു യഥാർത്ഥമായ സംസ്കാരം സിദ്ധിക്കുന്നതിനും, തദ്വാരാ അല്ലാഹുവിൻെറ പ്രീതി സമ്പാദിക്കുന്നതിനുമുള്ള പദ്ധതികൾ സമഗ്രമായി ക്രോഡീകരിച്ച് എഴുതപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥമാണ്. ഉറക്കശയ്യയിൽനിന്ന് എഴുന്നേല്ക്കുന്നതുമുതൽ, വീണ്ടും ശയ്യയെ പ്രാപിക്കുന്നതുവരെ മനുഷ്യൻ അനുഷ്ഠിക്കേണ്ട കൃത്യനിഷ്ഠകൾ, അനുക്രമമായി വിവരിച്ചിട്ടുണ്ടെന്നുള്ളതു് ഈ ഗ്രന്ഥത്തിൻെറ ഒരു സവിശേഷതയാകുന്നു.

ഇമാം അവർകൾ കലാപരമായ വിജ്ഞാനങ്ങൾ കരസ്ഥമാക്കുകയും, അതു് ജനങ്ങൾക്കു് പഠി

---

* ഈ ഗ്രന്ഥത്തിൻെറ രണ്ടാംഭാഗം "ഇസ്ലാമിലെ കർമ്മാനുഷ്ഠാനങ്ങൾ" എന്ന പേരിൽ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

പ്പിച്ചുകൊടുക്കുകയും ചെയ്തതിനുശേഷം, ആത്മാവി ൻെറ ശാശ്വതമായ രക്ഷയ്ക്കു് ആവശ്യമായ വിജ്ഞാനം ഏതാണെന്നുള്ള കാര്യത്തിൽ ഒരു വലിയ അന്വേഷണം നടത്തുകയുണ്ടായി. ഈ അന്വേഷണാത്ഥം, അദ്ദേഹം പല രാജ്യങ്ങളിലും സഞ്ചരിക്കുകയും, പല വിദ്വാന്മാരെയും സമീപിക്കുകയും, അവരുടെയെല്ലാം അഭിപ്രായങ്ങൾ ആരായുകയും ചെയ്തിരുന്നു. ഇതരമതസ്ഥന്മാരായ വിദ്വാന്മാരെയും സന്യാസികളെയും തപസ്വികളെയും സമീപിച്ചു, അവരുടെ അഭിപ്രായങ്ങൾ ആരായുവാനും അദ്ദേഹം മടിച്ചിരുന്നില്ല. അവസാനമായി അല്ലാഹുവിൻെറ പ്രീതിക്കു് പര്യാപ്തമായ വിജ്ഞാനം, "ഇൽമുത്തസവ്വുഫ്" (ആത്മശുദ്ധീകരണശാസ്ത്രം) ആണെന്നും, അതിൽകൂടി ആത്മീയപരിശീലനം നേടുകയെന്നുള്ളതാണു് മോക്ഷപ്രാപ്തിയുടെ മാർഗ്ഗമെന്നും അദ്ദേഹത്തിനു് ബോദ്ധ്യമായി. അതുമുതൽ, ആ വിഷയത്തിൽ അഹോരാത്രം പ്രവത്തിക്കുകയും, ആത്മീയാഭിവൃദ്ധിയുടെ ഏററവും ഉയന്ന പടിയായ 'ഖുഥ്ബി'ൻെറ സ്ഥാനം സമ്പാദിക്കുകയും ചെയ്തിട്ടുണ്ടു്. ഇതു് ഇമാമു് അവർകളെ സംബന്ധിച്ച അനിതരസാധാരണമായ ഒരു ചരിത്രമാകുന്നു. ഇമാം അവർകൾക്കു് മുമ്പും പിമ്പും അനവധി ഇമാമുകൾ ഉണ്ടായിട്ടുണ്ടെങ്കിലും, അദ്ദേഹത്തെപ്പോലെയുള്ള ഒരു ഇമാമു് കാണപ്പെടുകയെന്നുള്ളതു് വളരെ ദുർല്ലഭമാണു്.

ഇസ്‌ലാമികവിജ്ഞാനവിഷയത്തിൽ, അദ്ദേഹം വരുത്തിയിട്ടുള്ള പരിഷ്കാരങ്ങളും, ആവക വിഷയങ്ങളിലെ അദ്ദേഹത്തിൻെറ ശാസ്ത്രീയമായ പ്രതിപാദനരീതികളും ലോകത്തിനു് ഒരു വലിയ മാതൃക

യാണ്. വിജ്ഞാനനവീകരണവിഷയത്തിൽ, പ്രബലരായ പല ശത്രുക്കളും അദ്ദേഹത്തിനുണ്ടായിരുന്നു. അവരോടെല്ലാം അദ്ദേഹം വാദപ്രതിവാദം നടത്തി. കാര്യത്തിൻെറ യാഥാത്ഥ്യം അവക്ക് മനസ്സിലാക്കികൊടുത്തു. അങ്ങനെ പണ്ഡിതലോകത്തിൻ്റെ പ്രശംസക്ക് പാത്രീഭൂതനാകുകയും, "ഹുജ്ജത്തുൽഇസ്ലാം" (ഇസ്ലാമിൻ്റെ പ്രമാണം) എന്ന അപരനാമം സമാജ്ജിക്കുകയും, വിശ്വവിശ്രുതനായിത്തീരുകയും ചെയ്തു. ഈ മഹാനുഭാവൻെറ ഗ്രന്ഥങ്ങൾ മിക്കവാറും, ഇന്നു നിലവിലുള്ള എല്ലാ ജീവൽഭാഷകളിലും വിവത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇനിയും നമ്മുടെ മലയാളഭാഷയിൽ, അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളുടെ പരിഭാഷകൾ വേണ്ടുവോളം കാണപ്പെടുന്നില്ല എന്നുള്ളതു് മലയാളസാഹിത്യത്തിൻെറ വിശിഷ്യാ മുസ്ലിംസമുദായത്തിൻെറ ഒരു കുറവായി സ്ഥിതിചെയ്യുകയാണ്. ഈ കുറവ് പരിഹരിക്കുന്നതിന് ചുരുക്കം ചിലർ ഇക്കാലത്തു് മുമ്പോട്ടുവന്നിട്ടുണ്ടെന്നുള്ളതു് എത്രയും ശ്ലാഘനീയമാണ്. ആ കൂട്ടത്തിൽ, ഈ ഗ്രന്ഥത്തിൻെറ വിവർത്തകനായ കെ. മുഹമ്മദു നൂറുദ്ദീൻ തികച്ചും അഭിനന്ദനാർഹനാണ്. ഈ ഗ്രന്ഥത്തിൻെറ പരിഭാഷ, ഇതിൻെറ വിവത്തകൻതന്നെ ദക്ഷിണകേരള ജംഇയ്യത്തുൽ ഉലമായുടെ മുഖപ്പത്രമായ അന്നസീം മാസികയിൽ ഖണ്ഡശഃയായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. അതിൽ വേണ്ടത്ര തിരുത്തലുകളും പരിഷ്കാരങ്ങളും നടത്തിയാണ് ഇപ്പോൾ ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതു്. ആശയങ്ങൾക്കു് കോട്ടംസംഭവിക്കാത്ത വിധത്തിലാണ് പരിഭാഷ ശരിപ്പെടുത്തിയിട്ടുള്ളതു്. ഇമാംഗസാലി അവർകളുടെ "ഖുലാസത്തുത്തസാനീഫ്"

എന്ന ഒരു മഹൽ ഗ്രന്ഥവും, ഇതിൻെറ പരിഭാഷ കൻ "അല്ലാഹുവിൻെറ മാർഗ്ഗം" എന്ന പേരിൽ വിവർത്തനംചെയ്തു് പ്രസിദ്ധീകരിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ ഈ ഉദ്യമം സമുദായത്തിനു് ഒരു അനുഗ്രഹമാണു്. പൊതുജനങ്ങളുടെ പ്രോത്സാഹനവും സഹകരണവും അർഹമാംവിധം ഉണ്ടാകുകയാണെങ്കിൽ, അദ്ദേഹത്തിൻെറ തൂലികയിൽനിന്നു് ഇനിയും പല പരിഭാഷകളും പുറത്തിറങ്ങുവാൻ സാദ്ധ്യതയുണ്ടു്. അതിനു് അല്ലാഹു സഹായിക്കട്ടെ! അല്ലാഹുവേ, ഈ മഹൽ കൃത്യത്തിനു വേണ്ട ശേഷിയും ശേമുഷിയും നല്കി, അദ്ദേഹത്തെ നീ അനുഗ്രഹിക്കേണമേ എന്നു നമുക്കു് സർവ്വാത്മനാ പ്രാൎത്ഥിക്കാം.

പരിഭാഷകനു് വിജയം ആശംസിച്ചുകൊണ്ടും, മേലിലും ഇത്തരം പുസ്തകങ്ങൾ പുറത്തിറക്കുന്നതിനു് അദ്ദേഹത്തിനു് തൗഫീഖു് ചെയ്യുവാൻ അല്ലാഹുവിനോടു് പ്രാൎത്ഥിച്ചുകൊണ്ടും ഈ മഹൽ ഗ്രന്ഥത്തെ ഭക്തിപൂർവ്വം ഞാൻ ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

എന്നു്,

എം. ഉമർകുട്ടി മൗലവി

ജനറൽസെക്രട്ടറി,

ദ: കേ: ജംഇയ്യത്തുൽ ഉലമാ

കായംകുളം,
25–1–'66.

* മൂന്നാംഭാഗത്തിൻെറ

# അവതാരിക

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

സർവ്വസ്തുതികളും, സർവ്വലോകങ്ങളേയും സൃഷ്ടിച്ചു സംരക്ഷിക്കുന്ന അല്ലാഹുവിനാകുന്നു. പ്രവാചക ശിരോമണിയായ മുഹമ്മദുമുസ്തഫാ (സ: അ:) യിലും, അവിടുത്തെ കുടുംബക്കാരിലും, അനുചരന്മാരിലും സർവ്വശക്തൻെറ കരുണയും രക്ഷയും സദാ ചൊരിയുമാറാകട്ടെ!

കെ. മുഹമ്മദുനൂരുദ്ദീൻ മൗലവി അവർകൾ ഭാഷാന്തരംചെയ്ത "പാപവർജ്ജനവും സഹകരണച്ചിട്ടകളും" എന്ന പുസ്തകത്തിനു് ഒരു അവതാരിക എഴുതണമെന്നു് അദ്ദേഹം എന്നോടു് ആവശ്യപ്പെടുകയും, ഞാൻ അതു് സമ്മതിക്കുകയും ചെയ്തു. അതനുസരിച്ചു് പ്രസ്തുത പരിഭാഷ ആദ്യന്തം വായിച്ചുനോക്കിയപ്പോൾ അതിൻെറ മൂലം, വിജ്ഞാനശാസ്ത്രത്തിൻെറ എല്ലാ ശാഖകളിലും അപാരപാണ്ഡിത്യം നേടിയ മഹാനും, ഹിജ്റ: അഞ്ചാംനൂററാണ്ടിലെ 'മുജദ്ദിദും' 'ഖുഥ്ബുസ്സമാനും' 'തൗഹീദി'നു വിരുദ്ധമായ എല്ലാ

---

* ഈ ഗ്രന്ഥത്തിൻെറ മൂന്നാംഭാഗം, "പാപവർജ്ജനവും സഹകരണച്ചിട്ടകളും" എന്ന പേരിൽ മുമ്പു് പ്രസിദ്ധീകരിച്ചിട്ടുള്ളതാണു്.

വിധ വാദഗതികളുടെയും ധ്വംസകനുമായിരുന്ന ഹുജ്ജത്തുൽ ഇസ്ലാം ഇമാം അബൂഹാമിദിൽ ഗസാലി (റ:) അവർകളുടെ "ബിദായത്തുൽ ഹിദായ:" ആണെന്ന് മനസ്സിലായി. അതിന്ന് ഞാനെഴുതുന്ന അവതാരിക "പൊന്നിന്ന് പൊട്ടെന്ന" മട്ടിലേ ആവു കയുള്ളുവെങ്കിലും, അവതാരിക ഏതെങ്കിലും വിധത്തിൽ ഈ പ്രസിദ്ധീകരണത്തിന്ന് സഹായകമായിത്തീരുമെങ്കിൽ, അതൊരു ഇസ്ലാമിക സേവനമായിത്തീരുമല്ലോ എന്നു കരുതി കൃത്യനിർവ്വഹണത്തിന്ന് മുതിരുകയാണ്. സർവ്വശക്തനായ റബ്ബ്, എനിക്കും, ഇതിൻെറ പരിഭാഷകനും, ഈ സദ്യമത്തിൽ അദ്ദേഹത്തെ സഹായിക്കുന്നവക്കും, എല്ലാ വായനക്കാക്കും, മററ് എല്ലാ 'മുഅ്മിനു'കൾക്കും ഇതിനെ ഒരു 'സാലിഹാ'യ 'അമലും' പ്രയോജനകരമായ 'ഇൽമും' ആക്കിത്തീർക്കുമാറാകട്ടെ!

മൂലഗ്രന്ഥമായ "ബിദായത്തുൽ ഹിദായ:" വലിപ്പത്തിൽ ചെറുതാണെങ്കിലും, അത്ഥത്തിലും ഫലത്തിലും സമുന്നതമാണ്. പ്രസ്തുത ഗ്രന്ഥം മനുഷ്യൻെറ സാംസ്കാരികമായ വികസനത്തിന്ന് വളരെയേറെ പ്രയോജനകരമായ ഒന്നാണെന്നതിൽ സംശയം ലേശംപോലുമില്ല. പ്രഭാതം മുതൽ പ്രദോഷം വരെ എന്നല്ല, നിദ്രവരെയും — ഉറക്കത്തിൽ പോലും — അനുഷ്ഠിക്കേണ്ട ഇസ്ലാമികച്ചിട്ടകളും, ആത്മീയബോധനങ്ങളും അതിൽ ഉടനീളം സ്ഥാനം പിടിച്ചിട്ടുണ്ട്. പ്രസ്തുത ഗ്രന്ഥം രണ്ടു ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുകയാണ്. ഒന്നാംഭാഗത്തിൽ വ്രതാനുഷ്ഠാനംവരെയുള്ള ഇസ്ലാമിക കർമ്മപദ്ധതികൾ സംക്ഷിപ്തമായി പ്രതിപാ

ദിച്ചിട്ടുണ്ട്. ആ ഒന്നാംഭാഗം, ഇതിൻെറ വിവർത്ത കൻതന്നെ, "ഇസ്ലാമിലെ കർമ്മാനുഷ്ഠാനങ്ങൾ" എന്ന പേരിൽ ഇതിനകം പ്രസിദ്ധം ചെയ്തിട്ടുമുണ്ട്.

രണ്ടാംഭാഗത്തിൽ പ്രതിപാദിച്ചിട്ടുള്ളതു് പാപ വർജ്ജനം, സഹകരണച്ചിട്ടകൾ എന്നിവയെ സംബ ന്ധിച്ചാണ്. മനുഷ്യാവയവങ്ങളിൽ പ്രധാനപ്പെട്ട കണ്ണ്,ചെവി,നാക്ക്,ഉദരം, ഗുഹ്യസ്ഥാനം, കൈയ്, കാൽ—എന്നിവയെ ദുഷ്പ്രവൃത്തികളിൽനിന്ന് കാത്തുസൂക്ഷിക്കേണ്ട വിധങ്ങളേയും, അവകൊണ്ട് നിർവ്വഹിക്കേണ്ട കാര്യങ്ങളേയും പഠനാർഹമായ രീതിയിൽ പ്രതിപാദിച്ചിരിക്കുന്നു എന്നതാണ് അ തിൻെറ മറെറാരു സവിശേഷത. കൂടാതെ മാനസി കമായ നീചത്വങ്ങൾ, അവയെ നിർമ്മാർജ്ജനം ചെയ്യേണ്ട രീതികൾ, തൽസ്ഥാനത്തു് പകരം സൂക്ഷി ക്കേണ്ട സദ്ഗുണങ്ങൾ എന്നിവയെ സംബന്ധിച്ചും വിശദീകരിച്ചിട്ടുണ്ട്. ഹൃദയപരമായ ദോഷങ്ങളിൽ പെട്ട കാപട്യം, അസൂയ, അഹംഭാവം, അഹങ്കാരം, ജനബോദ്ധ്യത, ഭൗതികതൃഷ്ണ ആദിയായ മഹാവ്യാ ധികളേയും, അവയുടെ ചികിത്സയേയും കുറിച്ചുള്ള വിശകലനങ്ങളും ചർച്ചകളും അതിൽ അടങ്ങിയിരി ക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ, എല്ലാവിധ ദുർഗ്ഗുണങ്ങ ളേയും നീചത്വങ്ങളേയും ദൂരീകരിച്ച്, തൽസ്ഥാന ത്തു് സദ്ഗുണങ്ങളേയും സൽസ്വഭാവങ്ങളേയും പ്രതി ഷ്ഠിച്ച്, മനുഷ്യഹൃദയങ്ങളെ സംസ്കാരമൂല്യങ്ങളുടെ ഉറവിടങ്ങളാക്കി മാററുന്നതിന് പര്യാപ്തമാണതു്. ഇതിലെല്ലാമുപരിയായി മനുഷ്യൻ സ്രഷ്ടാവിനോടും, സൃഷ്ടിയോടും സഹകരിക്കുകയും, ജനങ്ങളുമായി സൗ ഹാർദ്ദതയിൽ കഴിയുകയും ചെയ്യേണ്ട വിധങ്ങളും

വിശദമായി പഠിപ്പിച്ചുതരുന്നു. അങ്ങനെ, മനുഷ്യൻ സംസ്കാരസമ്പന്നനായി ജീവിച്ച് സർവ്വശക്തൻെറ പ്രീതി സമ്പാദിക്കുന്നതിനും, മോക്ഷം പ്രാപിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുതരുന്ന ഒരു മഹൽ ഗ്രന്ഥമാണ് "ബിദായത്തുൽ ഹിദായത്ത്."

മൂലഗ്രന്ഥത്തിൻെറ ആശയങ്ങൾക്ക് യാതൊരുവിധ വൈകല്യവും കുറവും സംഭവിക്കാത്ത തരത്തിൽ ലളിതമായ ഭാഷയിൽ മലയാളീകരിച്ച് പ്രസിദ്ധീകരിക്കുന്ന ഈ പരിഭാഷ, കൈരളിക്ക് ഒരു വിലയേറിയ സംഭാവനയും, ബഹുജനങ്ങൾക്ക് ഒരു മഹാ അനുഗ്രഹവുമാണെന്നുള്ള വസ്തുത ഇത് വായിക്കുന്ന ഏതൊരാൾക്കും സമ്മതിക്കാതെ നിർവ്വാഹമില്ല. സമുദായത്തിൽ ഇസ്‌ലാമികബോധം വളർത്തുന്നതിന് ഇതുപോലെയുള്ള ഒട്ടധികം പ്രസിദ്ധീകരണങ്ങൾ ഇനിയും ആവശ്യമായിരിക്കുകയാണ്. ഇതുപോലുള്ള പ്രസിദ്ധീകരണങ്ങൾവഴി, ജനങ്ങൾക്ക് ആത്മീയോത്തേജനവും, മതബോധവും ഇസ്‌ലാമിക സംസ്കാരവും വീണ്ടെടുക്കുവാൻ കഴിയുമെന്നുള്ളതിൽ പക്ഷാന്തരമില്ല. അദ്ദേഹത്തിൻെറ ഈദൃശ പ്രവർത്തനങ്ങളെ, അല്ലാഹു യഥാർത്ഥമായ ഇസ്‌ലാമിക സേവനങ്ങളായി സ്വീകരിക്കുകയും, അല്ലാഹു അദ്ദേഹത്തിൻെറ ഈ പ്രവർത്തനങ്ങൾക്ക് എല്ലാവിധ അനുകൂലസാഹചര്യങ്ങളും പ്രദാനം ചെയ്തുകൊടുക്കുകയും, ഇതിനെ അദ്ദേഹത്തിനും പൊതു മുസ്‌ലിംകൾക്കും ഇഹ—പരലോകങ്ങളിൽ ഒരു 'നാഫിആ'യ 'ഇൽമും' 'സാലിഹാ'യ 'അമലും' ആക്കിത്തീർക്കുകയും ചെയ്യുമാറാകട്ടെ! ആമീൻ. പരിഭാഷകൻെറ ദീർഘായു

സ്സിനും, തൂലികശക്തിക്കും വേണ്ടി പ്രാർത്ഥിച്ചുകൊണ്ടും, ഭാവിഭാവുകങ്ങൾ ആശംസിച്ചുകൊണ്ടും ഈ മഹദ്ഗ്രന്ഥത്തെ ഭക്ത്യാദരപുരസ്സരം പൊതുജനസമക്ഷം അവതരിപ്പിച്ചുകൊള്ളട്ടെ!

എം. അലവിക്കുഞ്ഞുമൗലവി

ചെയർമാൻ,

ദ: കേ: ഇസ്ലാം മത വിദ്യാഭ്യാസ

ബോർഡ്.

കണ്ണനല്ലൂർ,
9–10–'66.

★

# സന്മാർഗ്ഗപ്രവേശനം

## ഭാഗം ഒന്ന്

ഖുലാസത്തുത്തസാനീഫി ഫിത്തസവ്വ്ഫി-
ലിൽ ഗസ്സാലിയ്യ് (റ)

അഥവാ

ഇമാം ഗസ്സാലിയ്യ് (റ) രചിച്ച
ആദ്ധ്യാത്മ ശാസ്ത്ര ഗ്രന്ഥങ്ങളുടെ സംഗ്രഹം

# സന്മാർഗ്ഗപ്രവേശനം

## ആമുഖം

[മൂലഗ്രന്ഥത്തിന്റെ അറബി പരിഭാഷകനായ ശൈഖ് മുഹമ്മദ് അമീൻ (റ) ഇപ്രകാരം ആരംഭിക്കുന്നു]

"സർവ്വസ്തുതികളും അല്ലാഹുവിനാകുന്നു. ദൈവിക വിജ്ഞാനങ്ങളിൽപ്പെട്ട ഒരു അപൂർവ്വരത്നംകൊണ്ട് അവൻ എന്നെ കടാക്ഷിച്ചു. പേർഷ്യൻ ഭാഷയുടെ കൈയ്‌വിരുതുകൊണ്ട് മോടിപിടിപ്പിക്കപ്പെട്ടതാണത്. ആകയാൽ, അത് പേർഷ്യൻ ഭാഷയിൽ പരിജ്ഞാനമില്ലാത്തവരെ സംബന്ധിച്ചിടത്തോളവും

മരഞ്ഞിരിക്കുകയായിരുന്നു. മഹാപണ്ഡിതനും, വിജ്ഞാനസമുദ്രവും, 'കിത്താബുൽ ഇഹ്‌യാ'യുടെ രചയിതാവുമായ ഹുജ്ജത്തുൽ ഇസ്‌ലാം മുഹമ്മദിബ്നു മുഹമ്മദിൽ ഗസ്സാലി (ഖ: സി:) അവർകളുടെ ഏററവും വിലയേറിയ ഒരു കൃതിയാണതു്. അദ്ദേഹത്തെ സംബന്ധിച്ചു് പറഞ്ഞു പരിചയപ്പെടുത്തേണ്ട ആവശ്യമില്ല. തൻെറ നന്മയെ മുസ്ലിംകളുടെമേൽ അദ്ദേഹം ചൊരിഞ്ഞിരിക്കുകയാണു്. ആകയാൽ, അദ്ദേഹത്തിൻെറ പ്രസ്തുത കൃതി, മുസ്ലിംകൾക്കു് ഒരു സദുപദേശവുംദീനീസേവനവുമാകുമാറു്, 'ഫാരിസിയ്യി'ൽ നിന്നു് അറബിയ്യിലേയ്ക്കു് വിവർത്തനം ചെയ്‌വാൻ അല്ലാഹുവിൻെറ അനുഗ്രഹത്താൽ ഞാൻ വിചാരിച്ചു. പണ്ഡിതന്മാൎക്കും സാധാരണക്കാൎക്കും പ്രയോജനപ്പെടത്തക്കവണ്ണം ലഘുവും ലളിതവും അൎത്ഥസംപുഷ്ടവുമായ വാചകങ്ങളാണു് വിവൎത്തനത്തിൽ പ്രയോഗിച്ചിട്ടുള്ളതു്.

'സമാധാനഭവന'ത്തിൻെറ വിജയലബ്ധികൊണ്ടു് അല്ലാഹു നമ്മെ കടാക്ഷിക്കുമാറാകട്ടെ! ആമീൻ"

## ഒരു കത്തും അതിൻെറ മറുപടിയും

ഇമാംഗസ്സാലി(റ) അവർകളുടെ ശിഷ്യന്മാരിൽ പെട്ട ഒരാൾ, വളരെക്കാലംവരെ വിജ്ഞാനസമ്പാദനത്തിൽ ഏൎപ്പെട്ടുകയും, വിജ്ഞാനത്തിൻെറ എല്ലാ ശാഖകളിൽനിന്നും അനല്പമായ അംശങ്ങൾ അദ്ദേഹം നേടുകയും ചെയ്തിരുന്നു. അദ്ദേഹം ഒരുദിവസം ഇപ്രകാരം ചിന്തിക്കുകയുണ്ടായി: "പ്രസ്തുത വിജ്ഞാനശകലങ്ങൾ കരസ്ഥമാക്കുവാൻ ഞാൻ ദീൎഘകാലം

പ്രയത്നിച്ചു. എന്നാൽ, അവയിൽ ഏതു വിജ്ഞാനമാണു് എനിക്കു് പ്രയോജനപ്പെടുന്നതെന്നു്,—എന്റെ സാന്മാർഗ്ഗികതത്വത്തിനു് നിദാനമായിത്തീരുകയും എന്നെ അന്ത്യദിനത്തിൽ അല്ലാഹുവിലേക്കു് ആനയിക്കുകയും ചെയ്യുന്നതെന്നു് എനിക്കു് അറിഞ്ഞുകൂടാ. അതുപോലെതന്നെ, "പ്രയോജനപ്പെടാത്ത വിജ്ഞാനത്തിൽനിന്നും ഞങ്ങൾ അല്ലാഹുവിനോടു രക്ഷതേടുന്നു" എന്നു നബി(സ: അ:) പറഞ്ഞതുപ്രകാരം അതിൽനിന്നു് ഞാൻ സൂക്ഷിച്ചും അകന്നും നില്ക്കുമാറു്, ആ നിഷ്പ്രയോജനമായ വിജ്ഞാനമേതാണെന്നും എനിക്കു് അറിഞ്ഞുകൂടാ. ഈ ചിന്താഗതി അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നു. തൻെറ ഈ കഥാവിശേഷത്തെ സംബന്ധിച്ചും ഇതര പ്രശ്നങ്ങളെ സംബന്ധിച്ചും ഒരു വിധിതീരുമാനം ആവശ്യപ്പെട്ടുകൊണ്ടും, അതോടൊപ്പം തനിക്കുവേണ്ടി പ്രാർത്ഥിക്കുവാനും തനിക്കു് സദുപദേശം നല്കുവാനും അപേക്ഷിച്ചുകൊണ്ടും തൻെറ ഗുരുനാഥനിലേക്കു് ഒരു കത്തെഴുതുവാൻ ഈ ചിന്താഗതി അദ്ദേഹത്തെ പ്രേരിതനാക്കിത്തീർത്തു. ആ കത്തിൽ അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായി:

"അല്ലയോ എൻെറ യജമാനരേ; "ഇഹ്‌യാ ഉൽഉലൂം", "കീമിയാഉസ്സആദഃ", "ജവാഹിറുൽ ഖുർആൻ", "മീസാനുൽ അമൽ", "അൽഖിസ്ഥാസുൽ മുസ്തഖിം", "മിഅ്റാജുൽ ഖുദ്സ്", "മിൻഹാജുൽ ആബിദീൻ"—ആദിയായ അങ്ങയുടെ എണ്ണപ്പെട്ട ഗ്രന്ഥങ്ങളിൽനിന്നു് ഒരു ഗ്രന്ഥംവഴിയായിട്ടാണു് അങ്ങു് എനിക്കു് മറുപടി തരുന്നതെങ്കിൽ, അതു് വായിച്ചു ഗ്രഹിക്കുവാൻ അങ്ങയുടെ ഈ ഭൃത്യൻ

അശക്തനാണ്; ദുർബ്ബലബുദ്ധിയാണ്. ആകയാൽ, എൻെറ നേതാവും ഗുരുനാഥനുമായ അങ്ങയിൽനിന്ന് ഒരു സംക്ഷിപ്തവിവരണം ഞാൻ ആവശ്യപ്പെട്ടു: അതു് ഞാൻ അനുദിനം പാരായണം ചെയ്യുകയും, അതിൽ പറയുന്നതു് ഞാൻ അനുഷ്ഠിക്കുകയും ചെയ്യുന്നതാണ്..........."

പ്രസ്തുത കത്തിന് ഇമാംഗസാലി(റ) നല്കിയ മറുപടിയാണ് ചുവടെ ചേർക്കുന്നതു്:

എൻെറ പ്രിയപ്പെട്ട കുഞ്ഞേ, ആത്മാർത്ഥ സ്നേഹിതാ, അല്ലാഹുതആലാ അവനു് വഴിപ്പെട്ടു ജീവിക്കുന്നതിനുവേണ്ടി, നിനക്കു് ദീർഘായുസ്സ് പ്രദാനം ചെയ്യുകയും, അവൻെറ ഇഷ്ടജനങ്ങളുടെ മാർഗ്ഗത്തിൽ നിന്നെ പ്രവേശിപ്പിക്കുകയും ചെയ്യുമാറാകട്ടെ!

എന്നാൽ, പ്രാചീനരുടേയും അർവ്വാചീനരുടേയുമായ മുഴുവൻ സദുപദേശങ്ങളും പ്രവാചകപ്രഭു(സ:അ)വിൻെറ തിരുവചനങ്ങളിൽ സമാഹരിക്കപ്പെട്ടവയാണ്. എന്തുകൊണ്ടെന്നാൽ, അവിടുന്നു മുഴുവൻ പ്രബോധനങ്ങളും നല്കപ്പെട്ടവരാണ്. അപ്പോൾ ഏതൊരു ഉപദേഷ്ടാവും—അയാൾ ഉപദേശിക്കുമ്പോഴൊക്കെയും—നബി(സ:അ)യുടെ ഉപദേശങ്ങളാകുന്ന തീൻമേശകളിന്മേൽ ചാപല്യം കാട്ടുന്ന ഒരു ശിശുവായിരിക്കുന്നതാണ്. ആകയാൽ, നബി(സ:അ)യുടെ ഉപദേശങ്ങളിൽനിന്നു് വല്ലതും നിനക്കു് ലഭ്യമായിട്ടുണ്ടെങ്കിൽ, എൻെറ ഉപദേശങ്ങൾ നിനക്കു് ആവശ്യമില്ല. അവയിൽനിന്നു് ഒന്നുംതന്നെ നിനക്കു ലഭിച്ചിട്ടില്ലെങ്കിൽ, പിന്നെന്താണ് നീ വൃഥാ ചെലവ

ഴിച്ച നിൻെറ കഴിഞ്ഞകാല ജീവിതത്തിൽനിന്ന് നേടിയെടുത്ത വിജ്ഞാനങ്ങളെന്ത് എന്നോട്ട് നീ പറയുക!

അല്ലയോ എൻെറ കുഞ്ഞേ, പ്രാചീനരുടേയും അർവ്വാചീനരുടേയും സദുപദേശങ്ങൾ മുഴുവൻ പ്രവാചകപ്രഭുവിൻെറ തിരുവചനങ്ങളിൽ അന്തർഭവിച്ചിട്ടുണ്ട്. ആ തിരുവചനങ്ങൾ ജനങ്ങൾക്കുവേണ്ടി ലിഖിതപ്പെടുത്തപ്പെട്ടിരിക്കുകയാണ്. അവയിൽ ഓരോന്നും ഫലപൂർണ്ണങ്ങളാണ്. അവയിൽ പെട്ടതാണ് താഴെപ്പറയുന്ന ഹദീസ്:

"ഒരു മനുഷ്യൻ തനിക്ക് ആവശ്യമില്ലാത്ത കാര്യങ്ങളിൽ ഏർപ്പെടുക എന്നുള്ളതാണ് അവനോടുള്ള അല്ലാഹുവിൻെറ വൈമുഖ്യത്തിൻെറ ലക്ഷണം. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് എന്തിനുവേണ്ടിയാണോ, അതല്ലാത്തതിലേക്ക് അവൻെറ ആയുസ്സിൽനിന്നും ഒരു നാഴികപോലും പൊയ്പ്പോയിട്ടുണ്ടെങ്കിൽ, അവൻ അതിൻെറ പേരിൽ അപാരമായ സന്താപം അനുഭവിക്കുവാൻ ബന്ധപ്പെട്ടവനാണ്. നാല്പതുവയസ്സ് കഴിഞ്ഞിട്ടുള്ള ഒരുവൻെറ നന്മ, തൻെറ തിന്മയെക്കാൾ അധികരിച്ചിട്ടില്ലെങ്കിൽ അവൻ നരകത്തിലേക്ക് ഒരുങ്ങിക്കൊള്ളട്ടെ!" ഈ ഉപദേശവും ഉദ്ബോധനവും ഭൗതികതത്വപ്രേമികൾക്ക മതിയാകുന്നതാണ്.

## അറിവും കർമ്മവും

എൻെറ കുഞ്ഞേ, സദുപദേശം ചെയ്യുവാൻ എളുപ്പമാണ്. അതു സ്വീകരിച്ച് അതിന് വഴിപ്പെട്ടു

ന്നതിലാണ് പ്രയാസമുള്ളതു്. എന്തുകൊണ്ടെന്നാൽ, ശരീരേച്ഛകളുടെ ദാസന്മാരുടെ വായിൽ, സദുപദേശ ത്തിൻെറ രസം കയ്പായിരിക്കും. നിരോധനങ്ങൾ പൊതുവേ അവക്ക് അപ്രിയംകരമായിരിക്കും. ഭൗതിക മായ മഹത്വവും ശ്രേഷ്ഠതയും സമ്പാദിക്കുവാൻവേണ്ടി സർട്ടിഫിക്കററിൻെറയും, ബിരുദത്തിൻെറയും, വൈദ ഗ്ദ്ധ്യത്തിൻെറയും മററും വിദ്യകൾ അഭ്യസിക്കുന്ന തിനായി തങ്ങളുടെ തൻേറടം ചെലവിടുന്നവരുടെ പക്കൽ വിശേഷിച്ചും. ജീവിതത്തിലേക്ക് പകർത്തു ന്നതിനല്ല, ഇന്നവൻ 'വിദ്വാനാ'ണെന്നും, "അൽ-ആലിമുൽഫാസിൽ" ആണെന്നും പറയപ്പെ ടുന്നതിലേക്കുള്ള കേവലവിജ്ഞാനമാണ് വിജ്ഞാന സമ്പാദനത്തിലൂടെ അവർ കരുതുന്നതു്. ഒരു ദൂഷിച്ച മനോവൃത്തിയാണിതു്. ഭൗതികരായ അഭ്യസ്തവിദ്യ രുടെ അഭീഷ്ടത്തിൻെറ പരിധിയിലുള്ളതാണ് ഈ നിലവാരം. അല്ലാഹു നമ്മെ രക്ഷിക്കുമാറാകട്ടെ! പ്രവൎത്തനത്തിലേക്കും അനുഷ്ഠാനത്തിലേയ്ക്കും തിരി ഞ്ഞുനോട്ടമില്ലാതെ, കേവലം വിജ്ഞാനസമ്പാദനമാ ണ് അവരുടെ പരമോദ്ദേശ്യം. ഈ വിജ്ഞാനം അവക്കെതിരിൽ ഒരു തികഞ്ഞ പ്രമാണമായിത്തീരു മെന്നുള്ള വസ്തുത അവർ അറിയുന്നില്ല. താഴെപ്പറ യുന്ന നബിവാക്യത്തെ സംബന്ധിച്ച് അവർ വിസ്മൃ തിയിലാണ് നിലകൊള്ളുന്നതു്. "തൻെറ വിജ്ഞാ നത്തിൻെറ പേരിൽ അല്ലാഹു ഫലം ചെയ്തുകൊടു ത്തിട്ടില്ലാത്ത പണ്ഡിതനാണ് ഖിയാമത്തിൻെറ ദിവ സം ഏററവും വലിയ ശിക്ഷിതൻ." ഇമാം അഹ്മ ദും ബൈഹഖിയും, മൻസൂറിബ്നു സാദാനിൽനി ന്നും ഇപ്രകാരം റിപ്പോർട്ടുചെയ്യുന്നു: "തീർച്ചയായും, പണ്ഡിതൻ തൻെറ വിജ്ഞാനത്തെ ഫലപ്പെടുത്തി

യിട്ടില്ലെങ്കിൽ, നരകവാസികൾ അവൻെറ ദുർഗ്ഗന്ധം കാരണം ഗർജ്ജിക്കുന്നതാണ്: "എടാ, നീചാ! ഏതൊരു മഹാപാപമാണ് നീ ചെയ്തുപോന്നിരുന്നതു്? തീർച്ചയായും ഈ ദുർഗ്ഗന്ധത്തിലൂടെ ഞങ്ങളെ നീ ശല്യപ്പെടുത്തുകയാണു് ചെയ്യുന്നതു്. നിനക്കു് ഞങ്ങൾ അനുഭവിക്കുന്നതുപോലുള്ള ഒരു ശിക്ഷ പോരായിരുന്നുവോ? അപ്പോൾ അവരോടു് അയാൾ പറയും: "ഞാൻ ഒരു പണ്ഡിതനായിരുന്നു. എന്നാൽ, എൻെറ പാണ്ഡിത്യത്തെ ഞാൻ പ്രയോജനപ്പെടുത്തിയിരുന്നില്ല."

താഴെ പറയുംപ്രകാരം ഒരു സംഭവം റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു: "മഹാനായ ജുനൈദ് (റ) മരണപ്പെട്ടശേഷം അദ്ദേഹത്തിൻെറ പ്രമുഖ ശിഷ്യന്മാരിൽപ്പെട്ട ഒരാൾ, അദ്ദേഹത്തെ സ്വപ്നത്തിൽ കാണുകയുണ്ടായി. "അല്ലാഹു അങ്ങയോടു് എന്തുചെയ്തു?" എന്നു് ആ ശിഷ്യൻ അദ്ദേഹത്തോടു ചോദിച്ചു. അപ്പോൾ അദ്ദേഹം ഇപ്രകാരം പറഞ്ഞു: "ആ അത്ഥസൂചനകളെല്ലാം തെററിപ്പോയി; ആ വിവരണങ്ങളെല്ലാം കൺമറഞ്ഞു; ആ വിജ്ഞാനങ്ങളെല്ലാം നാശമടഞ്ഞു; ആ സർട്ടിഫിക്കററുകളെല്ലാം ദ്രവിച്ചുപോയി. നാം അർദ്ധരാത്രിയിൽ നിർവ്വഹിച്ചുപോന്ന ഏതാനും ചില നമസ്കാരങ്ങളല്ലാതെ യാതൊന്നും നമുക്കു് ഫലപ്പെട്ടില്ല!"

അല്ലയോ, എൻെറ കുഞ്ഞേ! ആകയാൽ, കർമ്മാനുഷ്ഠാനവിഷയത്തിൽ നീ ദരിദ്രനാകാതിരിക്കട്ടെ! സൽചിന്തകളിലും, ഉൽകൃഷ്ടവും ഉന്നതവുമായ ആത്മ

യങ്ങളിലുംനിന്നു് നീ ഒഴിവായവനും ആകാതിരിക്കട്ടെ!!

കേവലവിജ്ഞാനം അന്ത്യദിനത്തിൽ നിന്നെ രക്ഷപ്പെടുത്തുകയില്ലെന്നു് നീ ദൃഢമായി അറിയുക. ഒരു ഉദാഹരണംവഴി ഇതു് നിനക്കു് വ്യക്തമാക്കാം: വളരെ യുദ്ധപാടവമുള്ള ഒരു മനുഷ്യൻ! ഏററവും ഉയർന്ന തരത്തിൽപ്പെട്ട പത്തു് ഇൻഡ്യൻ വാളുകളും വില്ലുകളും അമ്പുകളും അവൻെറ കൂടെയുണ്ടു്. അവ അണിഞ്ഞുകൊണ്ടു് ഒരു മരുഭൂമിയിലൂടെ അയാൾ നടക്കുകയാണു്! അപ്പോൾ, പൊടുന്നനവേ ഒരു ഭീകരസിംഹം അവൻെറ മുമ്പിൽ ചാടിവീണു. എന്നാൽ, ഈ ആയുധങ്ങൾ സ്വയമായി, സിംഹത്തിൻെറ ഏതെങ്കിലും ഉപദ്രവത്തിൽ നിന്നു് അവനെ പ്രതിരോധിക്കുമോ? ഈ ആയുധങ്ങൾ, അവയുടെ ഉദ്ദിഷ്ടലക്ഷ്യത്തിൽ വിനിയോഗിക്കാത്തിടത്തോളവും അവനു് യാതൊരു തുണയും ചെയ്യുകയില്ലെന്നു് നിനക്കു് ദൃഢവും പൂർണ്ണവുമായ ബോദ്ധ്യമുണ്ടു്. അപ്പോൾ, അതുപോലെ ഒരു മനുഷ്യൻ ആറായിരം നിയമപ്രശ്നങ്ങൾ പഠിച്ചു; പക്ഷേ, ഒന്നുംതന്നെ അവൻ അനുഷ്ഠിച്ചിട്ടില്ല. എന്നാൽ, അവൻെറ ഈ പാണ്ഡിത്യം അവനു് യാതൊരു ഫലവും ചെയ്യുകയില്ലെന്നു് നിനക്കറിയാം. മറെറാരു ഉദാഹരണംകൂടി നിനക്കു് നാം വിവരിച്ചുതരാം: ഉഷ്ണം, പിത്തം എന്നീ രോഗങ്ങളാൽ അവശതയനുഭവിക്കുന്ന ഒരു മനുഷ്യൻ!* 'സകൻജബീൻ' ഉപയോഗിച്ചാൽ തൻെറ രോഗം സുഖപ്പെടുമെന്നു് അയാൾ

---

* യൂനാനി വൈദ്യശാസ്ത്രപ്രകാരമുള്ള ഒരു ലേഹ്യം.

LIBRARY

സംശയമെന്യെ പഠിച്ചിട്ടുണ്ട്. പക്ഷെ, അതു് അയാൾ ഉപയോഗിച്ചിട്ടില്ലെങ്കിൽ, അതു് ഉപയോഗിക്കുവോളവും, അയാളുടെ ഈ അറിവു് രോഗത്തിനു ശമനംവരുത്തുകയോ, രോഗത്തിൽനിന്നും അയാളെ പ്രതിരോധിക്കുകയോ ചെയ്യുകയില്ല. ഒരു കവി പറയുന്നു: "ഒരു രണ്ടായിരം റാത്തൽ മദ്യം, നീ തൂക്കിയൊഴിച്ചുവച്ചിരുന്നാലും അതു് പാനംചെയ്യാത്തിടത്തോളവും നീ ലഹരിബാധിതനാവുകയില്ല." അപ്പോൾ, വിജ്ഞാനസമ്പാദനത്തിന്റെ ആധിക്യവും ഗ്രന്ഥശേഖരവുമൊക്കെ അനുഷ്ഠാനം കൂടാതെ നിനക്കു് ഫലപ്പെടുകയില്ലെന്നു് നീ അറിയുക.

R 3240

എന്റെ കുഞ്ഞേ; അല്ലാഹുവിന്റെ കാരുണ്യത്തിനു് അർഹനാകുംവിധം നീ സൽക്കർമ്മങ്ങൾ അണിഞ്ഞൊരുങ്ങാതിരുന്നാൽ, അല്ലാഹുവിന്റെ കാരുണ്യം നിനക്കു് ലഭിക്കുകയില്ല. ഒരു ഖുർആനിക രേഖ നീ കാണുക: "മനുഷ്യനു് അവൻ പ്രവർത്തിച്ചിട്ടുള്ളതല്ലാതെ യാതൊന്നുമില്ലതന്നെ." എന്റെ കുഞ്ഞേ; ഈ ഖുർആൻവാക്യം കാലഹരണപ്പെട്ടതാണെന്നാണു് നീ വിചാരിക്കുന്നതെങ്കിൽ, ഇതര ഖുർആൻ വാക്യങ്ങളിലൂടെയുള്ള അല്ലാഹുവിന്റെ വചനങ്ങളെ സംബന്ധിച്ചു് നീ എന്താണു പറയുക? അതായതു് "ഏതൊരാൾ തന്റെ രക്ഷിതാവുമായി കൂടിക്കാഴ്ച നടത്തുന്നതിനു് ആഗ്രഹിക്കുന്നുവോ, അവൻ സൽക്കർമ്മം അനുഷ്ഠിച്ചുകൊള്ളട്ടെ!" എന്നുള്ള അല്ലാഹുവിന്റെ വചനത്തെ സംബന്ധിച്ചു് നീ എന്താണു് പറയുക? "അവർ

പ്രവർത്തിച്ചുപോന്നതിനുള്ള പ്രതിഫലമായി" എന്നുള്ള അല്ലാഹുവിൻെറ വചനത്തെ സംബന്ധിച്ച് നീ എന്താണ് പറയുക? തീർച്ചയായും വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തിട്ടുള്ളവർ, സ്വർഗ്ഗത്തോപ്പുകൾ അവർക്ക് വാസസ്ഥലമായിരിക്കുന്നു. അവിടെ സുസ്ഥിരന്മാരായ നിലയിൽ" എന്നുള്ള അല്ലാഹുവിൻെറ വചനത്തെ സംബന്ധിച്ച് നീ എന്താണ് പറയുക? "പശ്ചാത്തപിക്കുകയും, വിശ്വസിക്കുകയും, സൽക്കർമ്മം അനുഷ്ഠിക്കുകയും ചെയ്തവരൊഴികെ" എന്നുള്ള അല്ലാഹുവിൻെറ വചനത്തെ സംബന്ധിച്ച് നീ എന്താണ് പറയുക? "തീർച്ചയായും അല്ലാഹു അല്ലാതെ ഒരു ആരാധ്യനുമില്ലെന്നും, മുഹമ്മദുനബി അല്ലാഹുവിൻെറ തിരുദൂതരാണെന്നും സാക്ഷ്യംവഹിക്കുക, നമസ്കാരത്തെ നിലനിറുത്തുക, സക്കാത്ത് കൊടുക്കുക, റമസാൻമാസത്തിൽ വ്രതമനുഷ്ഠിക്കുക, സാമ്പത്തിക കഴിവും, ശരീരസുഖവും, യാത്രാസൗകര്യവുമുള്ളവർ അല്ലാഹുവിൻ്റെ ഭവനത്തെക്കരുതി 'ഹജ്ജ്' ചെയ്യുക—എന്നീ അഞ്ചു കാര്യങ്ങളിൽ ഇസ്ലാംമതം അധിഷ്ഠിതമായിരിക്കുന്നു" എന്നുള്ള 'ഹദീസി'നെ സംബന്ധിച്ച് നീ എന്താണ് പറയുക? നാവുകൊണ്ട് സമ്മതിക്കലും, ഹൃദയംകൊണ്ട് അംഗീകരിക്കലും, അവയവങ്ങൾ കൊണ്ട് അനുഷ്ഠിക്കലുമാണ് 'ഈമാൻ' എന്നുള്ള 'ഹദീസി'നെ സംബന്ധിച്ച് നീ എന്താണ് പറയുക? ഇങ്ങനെ, കർമ്മാനുഷ്ഠാനംമൂലമാണ് മനുഷ്യൻ രക്ഷപ്പെടുന്നതെന്ന് അറിയിക്കുന്ന രേഖകൾ ധാരാളമുണ്ട്. അവ എണ്ണിത്തിട്ടപ്പെടുത്തുവാൻ സാദ്ധ്യമല്ല.

എന്നാൽ അല്ലാഹുവിൻെറ ഔദാര്യവും കാരുണ്യവുംമൂലമല്ല, തൻെറ കർമ്മാനുഷ്ഠാന ഫലമാ

യിട്ടാണ് മനുഷ്യൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നത് എന്ന് എന്റെ ഈ വാചകത്തിൽനിന്ന് നിനക്ക് തോന്നുന്നുണ്ടെങ്കിൽ, എന്റെ വാചകം നീ മനസ്സിലാക്കിയിട്ടില്ല. തീർച്ചയായും ഞാൻ അങ്ങനെ പറയുകയില്ലെന്ന് നീ അറിയുക. എന്നല്ല, അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവുംമൂലമാണ് മനുഷ്യൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതെന്നുതന്നെയാണ് ഞാൻ പറയുന്നത്. പക്ഷേ, മനുഷ്യൻ അല്ലാഹുവിന്റെ കാരുണ്യത്തിനുവേണ്ടി സജ്ജീകൃതനും അതിന് അർഹനുമായിത്തീരുമ്പോഴല്ലാതെ, അവന് അല്ലാഹുവിന്റെ കാരുണ്യം എത്തുകയില്ല. ആജ്ഞകൾ അനുഷ്ഠിക്കാതെയും, നിരോധനങ്ങൾ വർജ്ജിക്കാതെയും, ആരാധനകളിലും, സൽക്കർമ്മങ്ങളിലും നിരതനാകാതെയും, കർമ്മാനുഷ്ഠാനങ്ങളിൽ ആത്മാർത്ഥതയുണ്ടാകാതെയും മനുഷ്യൻ അപ്രകാരമായിത്തീരുകയില്ല. "തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സുകൃതന്മാരോടു വളരെ അടുത്തതാകുന്നു" എന്നുള്ള അല്ലാഹുവിന്റെ വചനം അതാണ് സൂചിപ്പിക്കുന്നത്. അതായത്, "അവന്റെ കാരുണ്യത്തിന്റെ സാമീപ്യം സുകൃതന്മാരോടാണെ"ന്നാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്. നബി(സ:അ) ഇപ്രകാരം പറഞ്ഞിരിക്കുന്നു: "അല്ലാഹുവിനെ നീ കാണുന്നു എന്നതുപോലെ അവന് 'ഇബാദത്ത്' ചെയ്യുന്നതാണ് സുകൃതം." സുകൃതന്മാരല്ലാത്തവരോടുള്ള അല്ലാഹുവിന്റെ കാരുണ്യത്തിന്റെ വിദൂരതയെയാണ് അത് വിളിച്ചറിയിക്കുന്നത്. അപ്പോൾ മേൽ പറയപ്പെട്ടവിധം അല്ലാഹുവിന്റെ കാരുണ്യത്തിനുവേണ്ടി നീ സജ്ജീകൃതനായിത്തീർന്നിട്ടില്ലെങ്കിൽ, അവന്റെ കാരുണ്യം നിനക്ക് എത്തുകയില്ല. അവന്റെ

കാരുണ്യം നിനക്കു് എത്തിയിട്ടില്ലെങ്കിൽ, നീ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയുമില്ല. എന്നാൽ, വെറും 'ഈമാൻ'കൊണ്ടു് മനുഷ്യൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുമെന്നു് ഒരാൾ പറഞ്ഞാൽ, നാം പറയുന്നു: അതേ; പക്ഷേ, സല്ക്കർമ്മങ്ങളല്ലാതെ ഒന്നുംതന്നെ എളുപ്പമാക്കിത്തീർക്കാത്ത ചില ഘട്ടങ്ങളുടെ ദുർഘടതയെഅവൻആസ്വദിക്കുവോളവും........എന്തുകൊണ്ടെന്നാൽ, 'സിറാഫ്'' (പാലം)വിട്ടുകടക്കാതെ മനുഷ്യൻ സ്വർഗ്ഗത്തിൽ എത്തുകയില്ല. ഐഹികജീവിതമാകുന്ന 'സിറാഥി'ലുള്ള നമ്മുടെ ഗതിക്കു് അനുസൃതമായിട്ടായിരിക്കും പരലോകത്തുള്ള 'സിറാഥി'ലൂടെ നാം നടക്കുന്നതു്. അതായതു് അല്ലാഹുവിനു് വഴിപ്പെടുന്നതിൽ, ജനങ്ങൾ ഇവിടെവച്ചു കാണിക്കുന്ന ഔത്സുക്യത്തിന്റേയും പിന്നോക്കത്തിൻേറയും വൈവിധ്യമനുസരിച്ചായിരിക്കും, അവർ അവിടെവെച്ചു് വേഗതയിലും പിന്നോക്കത്തിലും വിവിധതരത്തിലാകുന്നതു്. ഇവിടെ ആരു് സൂക്ഷിച്ചുനില്ക്കുന്നുവോ, അവർ അവിടെ കാത്തുസൂക്ഷിക്കപ്പെട്ടും; ഇവിടെ ആരു് പിന്നോക്കമാകുന്നുവോ, അവരുടെ പാദങ്ങൾ അവിടെ ഇടറുന്നതാണു്. പവിത്രമായ "ഇസ്ലാമിക ശരീഅത്തി''ൽനിന്നു് നാം കരസ്ഥമാക്കുന്ന വിഹിതങ്ങളുടെതോതനുസരിച്ചായിരിക്കും നബി(സ:അ)യുടെ പരിശുദ്ധ തടാകത്തിൽനിന്നു് നാം പാനംചെയ്യുന്നതു്. അപ്പോൾ, അല്ലാഹുവിൻെറ കാരുണ്യത്തിനും ഔദാര്യത്തിനും നീ അർഹനും,സജ്ജീകൃതനുമാകുമാറു്, സല്ക്കർമ്മാനുഷ്ഠാനത്തിനു് നിനക്കു് 'തൗഫീഖു്'ചെയ്തുതരിക എന്നതാണു്, അല്ലാഹുവിൻെറ ഔദാര്യത്താലാണു് സ്വർഗ്ഗപ്രവേശനമുണ്ടാകുന്നതു് എന്ന

തിൻെറ അൎത്ഥം. അങ്ങനെ അവൻ നിന്നെ സ്വൎഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നതാണു്.

ദാസനും ദാസവൃത്തിയും

എൻെറ കുഞ്ഞേ; നീ കൎമ്മാനുഷ്ഠാനം നിൎവ്വഹിച്ചിട്ടില്ലെങ്കിൽ, നിനക്കു് പ്രതിഫലം ലഭിക്കുകയില്ലെന്നു് നീ ദൃഢമായി അറിയുക. ഇസ്രാഈൽ സന്തതികളിൽപെട്ട ഒരു മനുഷ്യനെ സംബന്ധിച്ചു് ഇപ്രകാരം റിപ്പോൎട്ടുചെയ്യപ്പെട്ടിരിക്കുന്നു: അദ്ദേഹം വളരെക്കാലംവരെ ആത്മാൎത്ഥമായി അല്ലാഹുവിനു് 'ഇബാദത്തു്' ചെയ്തു. അദ്ദേഹത്തിൻെറ ആ ആത്മാൎത്ഥതയെ മലക്കുകൾക്കു വെളിപ്പെടുത്തിക്കൊടുക്കുവാൻ അല്ലാഹു ഉദ്ദേശിച്ചു. അങ്ങനെ, "എത്രത്തോളം കാലമായി ഈ യത്നങ്ങൾ നീ തുടരുകയും, 'ഇബാദത്തി'ലൂടെ നിൻെറ ദേഹിക്കു് നീ യാതനയേല്പിക്കുകയും ചെയ്യുന്നു! എന്നാൽ, നീ നരകവാസികളിൽ പെട്ടവനാണുതാനും! എന്നു് അല്ലാഹുതആലാ പറയുന്നു" എന്നൊരു വാൎത്ത അദ്ദേഹത്തെ അറിയിക്കുവാൻവേണ്ടി ഒരു മലക്കിനെ അദ്ദേഹത്തിലേക്കു് അല്ലാഹു അയച്ചു. അതനുസരിച്ചു മലക്കു് ആ വാൎത്ത അദ്ദേഹത്തെ അറിയിച്ചു. അപ്പോൾ, അതിനു മറുപടിയായി അദ്ദേഹം ഇപ്രകാരം പറഞ്ഞു: "ഞാൻ അവൻെറ ഒരു ദാസനാണു്. ദാസവൃത്തിചെയ്യുക എന്നതാണു് ദാസന്മാരുടെ ധൎമ്മം. അവൻ ആരാധ്യനാണു്. ആരാധ്യനായിരിക്കുക എന്നതിൻെറ ഉദ്ദേശ്യം അവനല്ലാതെ ആരുംതന്നെ അറിയുകയില്ല!" അങ്ങനെ ആ മലക്കു് രക്ഷിതാവിലേയ്ക്കു മടങ്ങിച്ചെന്നു് ഇപ്രകാരം പറഞ്ഞു: "ഇലാഹീ! രഹ

സ്വവും അതിനേക്കാൾ പരോക്ഷമായതും അറിയുന്ന വനാണ് നീ. എന്താണ് നിൻെറ ആ ദാസൻ പറഞ്ഞതെന്നും നിനക്കറിയാം." അപ്പോൾ അല്ലാഹുത്തആലാ ഇപ്രകാരം പറയുകയുണ്ടായി: "എൻെറ ഈ ദാസൻ, അവന്റെ ദുർബ്ബലതയോടുകൂടെ നമ്മിൽ നിന്നും വ്യതിചലിക്കാതിരിക്കുമ്പോൾ, നാം നമ്മുടെ ഉദാരതയോടുകൂടെ അവനിൽനിന്നും വ്യതിചലിക്കുന്നതെങ്ങനെ? എൻെറ മലക്കുകളേ! നിങ്ങൾ സാക്ഷ്യംവഹിക്കുക! തീർച്ചയായും അവന് ഞാൻ പൊറുത്തുകൊടുത്തിരിക്കുന്നു."

എൻെറ കുഞ്ഞേ; എന്താണ് നബി(സ:അ) പറയുന്നതെന്ന് നീ ശ്രവിക്കുക: "നിങ്ങൾ വിചാരണചെയ്യപ്പെടുന്നതിനു മുമ്പ് ആത്മപരിശോധന നടത്തുക; നിങ്ങളുടെ കർമ്മങ്ങൾ തൂക്കപ്പെടുന്നതിനു മുമ്പ് അവ നിങ്ങൾ തൂക്കിനോക്കുക." 'അമീറുൽ മുഅ്മിനീൻ' അലിയ്യ് (റ) പറയുന്നു: "പരിശ്രമം നടത്താതെ, സ്വർഗ്ഗത്തെ പ്രാപിക്കാമെന്നു വിചാരിക്കുന്നവനാരോ, അവൻ ദുർമ്മോഹിയാണ്; പരിശ്രമംനടത്തി സ്വർഗ്ഗത്തെ പ്രാപിക്കാമെന്നു വിചാരിക്കുന്നവനാരോ, അവൻ കടാക്ഷമുള്ളവനാണ്." "കർമ്മാനുഷ്ഠാനം നിർവ്വഹിക്കാതെയുള്ള സ്വർഗ്ഗാന്വേഷണം പാപങ്ങളിൽ പെട്ടതാണെന്ന്" ഹസൻബസ്വരി(റ) പറഞ്ഞിരിക്കുന്നു. ഒരു 'ഖുദ്സിയ്യാ:'യ 'ഹദീസി'ൽ അല്ലാഹു ഇപ്രകാരം പറയുന്നു: "കർമ്മാനുഷ്ഠാനം നിർവ്വഹിക്കാതെ എൻെറ സ്വർഗ്ഗത്തെ ആഗ്രഹിക്കുന്നവർക്ക് ലജ്ജയില്ലാത്തതെന്താണ്? (!) എൻെറ ആജ്ഞകൾ അനുഷ്ഠിക്കുന്ന കാര്യത്തിൽ പിശുക്കു കാണിക്കുന്നവർക്ക് ഞാൻ എങ്ങനെ എൻെറ കാരു

ണ്യം പ്രദാനം ചെയ്യും?" കർമ്മാനുഷ്ഠാനത്തെ ഉപേക്ഷിക്കുന്നതല്ല, കർമ്മം അനുഷ്ഠിച്ചതിലുള്ള അഭിമാനത്തെ ഉപേക്ഷിക്കുന്നതാണ് മോക്ഷപ്രാപ്തിയെന്ന് ഒരു മഹാൻ പറഞ്ഞിരിക്കുന്നു. എല്ലാററിലും, സമുൽകൃഷ്ടവും ശ്രേഷ്ഠവും പ്രസ്പഷ്ടവുമാണ് താഴെപ്പറയുന്ന നബിവചനം. അവിടുന്നു പറയുന്നു: "ആത്മപരിശോധന നടത്തുകയും, മരണാനന്തരജീവിതത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നവനാണ് ബുദ്ധിമാൻ; തൻെറ ദേഹത്തോടും അതിൻെറ ഇച്ഛയോടും പിന്തുടരുകയും, അല്ലാഹുവിൻെറ പേരിൽ ദുർമ്മോഹങ്ങൾ വച്ചുപുലർത്തുകയും ചെയ്യുന്നവനാണ് ഭോഷൻ!"

## വിജ്ഞാനസമ്പാദനം എന്തിന്?

എൻെറ കുഞ്ഞേ; പാഠങ്ങൾ ഉരുവിട്ടും, പാരായണം ചെയ്തും രാത്രികാലങ്ങളെ നീ കൂടുതൽ സജീവമാക്കിയിട്ടുണ്ട്. എന്നാൽ, എന്താണ് അതിനുള്ള നിൻെറ പ്രേരകം എന്ന് എനിക്ക് അറിഞ്ഞുകൂടാ. ഭൗതികം—അത്രയത്രെ—ഭൗതികവിഭവങ്ങൾ ശേഖരിക്കുകയും, സ്ഥാനമാനങ്ങൾ നേടുകയും, നിൻെറ സമന്മാരുടെയും സമകാലികരുടെയുംമേൽ അഭിമാനം കൊള്ളുകയുമാണ് നിൻെറ ഉദ്ദേശ്യമെങ്കിൽ, ഹാ! നിനക്ക് മഹാനാശം!! മഹാനാശം!!! 'ശരീഅത്തി'നെയും മുഹമ്മദിയ്യാമാർഗ്ഗത്തേയും ഉദ്ധരിക്കലും സ്വഭാവത്തെ സംസ്കരിക്കലുമാണ് ഉദ്ദേശ്യമെങ്കിൽ നിനക്ക് മംഗളം! മംഗളം!! ഒരു കവി പറയുന്നു: "നിൻെറ (അല്ലാഹുവിൻെറ) തുഷ്ടി സമ്പാദിക്കുന്നതിനുവേണ്ടിയല്ലാതെ കണ്ണുകൾ ഉറക്കമിളയ്ക്കൽ വ്യർത്ഥമത്രെ. നിൻെറ തുഷ്ടിരാഹിത്യത്തിൻെറ പേ

രിലല്ലാത്ത അവയുടെ കരച്ചിൽ അസാധ്യമത്രെ!" നബി(സ) പറയുന്നു: "നീ ഇച്ഛിക്കുന്നവിധം നീ ജീവിതം നയിക്കുക; തീർച്ചയായും നീ മരണപ്പെടുന്നവനാണ്. നീ ഇച്ഛിക്കുന്നതെന്തോ, അതിനെ നീ സ്നേഹിക്കുക; തീർച്ചയായും അതിനെ നീ വേർപെടുന്നവനാണ്. നീ എന്തു ഇച്ഛിക്കുന്നുവോ അതു് നീ പ്രവർത്തിക്കുക; തീർച്ചയായും അതിന്റെ ഫലം നീ അനുഭവിക്കുന്നവനാണ്." അല്ലാഹുവിന്റെ മഹത്വത്തെയും, ശ്രേഷ്ഠതയേയും, ശക്തിയേയും വിസ്മരിച്ചുകൊണ്ടു് നിന്റെ ആയുസ്സ് നഷ്ടപ്പെടുത്തലൊഴികെ, യുക്തിവാദം, തർക്കശാസ്ത്രം, വൈദ്യം, കാവ്യം, ജ്യോത്സ്യം, വൈയാകരണം ആദിയായ വിജ്ഞാനശകലങ്ങൾ സംഭരിക്കുന്നതിൽ നിനക്കു് എന്തു പ്രയോജനമാണുള്ളതു്? ഈസാനബി(അ)യുടെ 'ഇൻജീലി'ൽ ഞാൻ ഇപ്രകാരം വായിക്കുകയുണ്ടായി: "മനുഷ്യൻ മരണപ്പെടുകയും അവൻ 'ഖബ്റി'ൽ അടക്കപ്പെടുകയും ചെയ്താൽ, നാല്പതു് ചോദ്യങ്ങൾ അവനോടു് അല്ലാഹുതആലാ നേരിട്ടു ചോദിക്കുന്നതാണ്. അവയിൽ ആദ്യത്തെ ചോദ്യം ഇപ്രകാരമാണ്: "എന്റെ ദാസാ! ജനങ്ങളുടെ നോട്ടസ്ഥാനം നീ വർഷങ്ങളോളം ശുദ്ധീകരിച്ചു. എന്റെ നോട്ടസ്ഥാനം ഒരു നാഴികപോലും നീ ശുദ്ധീകരിച്ചിട്ടുണ്ടോ?"

എന്റെ കുഞ്ഞേ; എല്ലാ ദിവസവും നീ കേൾക്കുന്നില്ലെങ്കിലും, നിന്റെ ഹൃദയത്തിൽ ഇപ്രകാരം ചോദിക്കപ്പെടും: "എന്റെ അനുഗ്രഹങ്ങളാൽ നീ പൊതിയപ്പെട്ടവനായിരിക്കവേ, എന്താണ് നീ എനിക്കുവേണ്ടിയല്ലാതെ പ്രവർത്തിക്കുന്നതു്?"

എൻെറ കുഞ്ഞേ; അനുഷ്ഠാനമില്ലാത്ത അറിവ് വിഭ്രാന്തമാണ്; അറിവുകൂടാതെയുള്ള കർമ്മാനുഷ്ഠാനം ഭ്രഷ്ടമാണ്. ഇന്ന്, വിജ്ഞാനം നിന്നെ ദോഷങ്ങളിൽനിന്ന് ദൂരീകരിക്കുകയും, അനുസരണാശീലനാക്കിത്തീർക്കുകയും ചെയ്യുന്നില്ലെങ്കിൽ, നാളെ അത് നിന്നെ നരകാഗ്നിയിൽനിന്നും ദൂരീകരിക്കുകയില്ലതന്നെ. ഇന്നു നീ കർമ്മാനുഷ്ഠാനങ്ങൾ നിർവ്വഹിക്കുന്നില്ലെങ്കിൽ, കഴിഞ്ഞകാല ദിനങ്ങളിൽ നിനക്ക് വിനഷ്ടമായതിനെ വീണ്ടെടുക്കുവാൻ നാളെ—ഖിയാമത്തിൻെറ ദിവസം—നിനക്ക് സാധിക്കുകയില്ല. "ദുൻയാവിലേക്ക് ഞങ്ങളെ മടക്കേണമേ! എന്നാൽ, ഞങ്ങൾ സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുന്നതാണ്" എന്ന് അന്നു നീ പറയും. അപ്പോൾ നിന്നോട്ട് ഇപ്രകാരം പറയപ്പെടും: "ഹേ! വിഡ്ഢി! നീ അവിടെനിന്നല്ലയോ വന്നത്? ഇനി എങ്ങനെയാണ് നിന്നെ അവിടുത്തേക്ക് മടക്കപ്പെടുക?"

എൻെറ കുഞ്ഞേ; മരണംമൂലം നിന്റെ ആത്മാവ് ശരീരത്തുനിന്നു വിയോഗിക്കുന്നതിനുമുമ്പ്, നിൻെറ ആത്മാവിനെ നീ ആജ്ഞാനുവർത്തനങ്ങളിൽ വിനിയോഗിക്കുക എന്നതാണ് സമുന്നതമായ തന്ത്രം. എന്തുകൊണ്ടെന്നാൽ, ശ്മശാനത്ത് ചെന്നെത്തുന്നതുവരെയുള്ള നിൻെറ താവളസ്ഥലമാണ് ദുൻയാവ്. ശ്മശാനങ്ങളിൽ വസിക്കുന്ന ആ ജനത, നീ അവരിൽ ചെന്നുചേരുന്നതുവരെ എല്ലാ നിമിഷവും നിന്നെ പ്രതീക്ഷിച്ചു കഴിയുകയാണ്. തത്സമയം യാത്രാഭക്ഷണം മായിട്ടല്ലാതെ അങ്ങോട്ട് പോകാൻ നീ ഭയപ്പെടുക! ഭയപ്പെടുക!! സിദ്ദീഖുൽ അക്ബർ(റ)

പറയുന്നു: "പക്ഷികളുടെ കൂടുകളോ, മൃഗങ്ങളുടെ തൊഴിത്തിലുകളോ ആണ് മനുഷ്യശരീരങ്ങൾ." എന്നാൽ, അവയിൽ ഏതിലാണ് നീ ഉൾപ്പെട്ടിരിക്കുന്നതെന്ന് നീ സ്വയം ചിന്തിക്കുക. നീ കൂടുകളിൽ അധിവസിക്കുന്ന പക്ഷികളുടെ ഗണത്തിൽ പെട്ടവനാണെങ്കിൽ, "തൃപ്തിപ്പെട്ട നിലയിലും തൃപ്തി വരിക്കപ്പെട്ട നിലയിലും നിൻെറ രക്ഷിതാവിലേക്ക് നീ മടങ്ങുക" എന്ന ആഹ്വാനം നീ കേൾക്കുന്നതാണ്. അപ്പോൾ സ്വർഗ്ഗലോകത്തിലെ, അത്യുന്നതസ്ഥാനത്തു് ചെന്നിരിക്കുന്നതിനുവേണ്ടി നീ പറക്കുക! നീ മൃഗങ്ങളുടെ ഗണത്തിൽ പെട്ടവനാണെങ്കിൽ, "കാലികളെപ്പോലെയാണവർ, പക്ഷേ—അവയെക്കാൾ വഴിപിഴച്ചവരാണവർ" എന്ന് ആരെ സംബന്ധിച്ചാണോ അല്ലാഹുത്തആലാ പറഞ്ഞിട്ടുള്ളതു്, നീ അവരിൽ പെട്ടവനായിത്തീരുന്നതാണ്. അപ്പോൾ ഈ താവളസ്ഥലത്തിൻെറ ഒരു കോണിൽനിന്ന് നരകത്തിൻെറ അടിത്തട്ടിലേക്കാണ് നീ നീങ്ങുന്നതെന്ന് ദൃഢമായി അറിയുക.

ഒരിക്കൽ ഹസൻബസരിയ്യ്(റ) ഉഷ്ണാധിക്യംനിമിത്തം ദാഹപരവശനായിത്തീരുകയുണ്ടായി. അപ്പോൾ, അദ്ദേഹത്തിന് ഒരുപാത്രം ശീതളജലം നല്കപ്പെട്ടു. ആ ജലത്തിൻെറ തണുപ്പ് തൊട്ടറിഞ്ഞപ്പോൾ അദ്ദേഹം ശക്തിയായി അട്ടഹസിക്കുകയും, മോഹാലസ്യപ്പെട്ടു വീഴുകയും ചെയ്തു. പിന്നീട് ബോധം തെളിഞ്ഞപ്പോൾ "നിങ്ങൾക്ക് എന്തുസംഭവിച്ചു?" എന്ന് അദ്ദേഹത്തോടു ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: പരലോകത്തുവെച്ച്, സ്വർഗ്ഗവാസികളോടായി നരകവാസികൾ വിളിച്ചു

കേഴുന്ന സ്ഥിതിവിശേഷത്തെ സംബന്ധിച്ച ഖുർആൻവാക്യം ഞാൻ ഓമ്മിച്ചു. "നിങ്ങൾ ഞങ്ങളുടെ മേൽ വെള്ളം ചൊരിഞ്ഞുതന്നാലും!" എന്നു് നരകവാസികൾ അന്നു് സ്വർഗ്ഗവാസികളോടായി വിളിച്ചുകേഴുന്നതാണു്.

എൻെറ കുഞ്ഞേ; നിൻെറ വിജ്ഞാനസമ്പത്തു് നിനക്കു സ്വയംപര്യാപ്തമാണെങ്കിൽ, അതായതു് അവയുടെ അനുഷ്ഠാനം നിനക്കു് ആവശ്യമില്ലെങ്കിൽ, "പ്രാത്ഥിക്കുന്നവരാരെങ്കിലുമുണ്ടോ?" പാപമോചനത്തിനു് അത്ഥിക്കുന്നവരാരെങ്കിലുമുണ്ടോ?" എന്ന ആഹ്വാനത്തെ സംബന്ധിച്ചു് നീ എന്താണു പറയുക? അദ്ധരാത്രി കഴിയുകയും ജനങ്ങൾ ഉറക്കത്തിൽ മുഴുകുകയും ചെയ്യുമ്പോൾ, "പ്രാത്ഥിക്കുന്നവരാരെങ്കിലുമുണ്ടോ, പശ്ചാത്തപിക്കുന്നവരാരെങ്കിലുമുണ്ടോ?" എന്നു അല്ലാഹു(സു.ത.) നേരിട്ടുചോദിക്കുന്നതാണെന്നു് 'സഹീഹാ'യഹദീസുകളിൽ വന്നിട്ടുണ്ടു്. ആകയാൽ രാത്രിയുടെ അന്ത്യയാമങ്ങളിലുള്ള 'ഇസ്തിഗ്ഫാറും' നമസ്കാരവും മതവിധികളാകുന്നു. അല്ലാഹുത്തആലാ പറയുന്നു: "അവർ രാത്രിയിൽ കുറഞ്ഞൊരു സമയംമാത്രം ഉറങ്ങുന്നവരും, രാത്രിയുടെ അന്ത്യയാമങ്ങളിൽ പാപമോചനത്തിനു് അത്ഥിക്കുന്നവരുമായിരിക്കുന്നു."

ഒരിക്കൽ ഒരുസംഘം സഹാബാക്കൾ നബി (സ:അ:)യുടെ സമക്ഷത്തിൽ ഇരിക്കുകയായിരുന്നു. ആ അവസരത്തിൽ അബ്ദുല്ലാഹിബ്നു, ഉമർ(റ)വിനെക്കുറിച്ചു്, "അദ്ദേഹം വളരെ ഉത്തമനാണെ"ന്നു് ഒരാൾ പ്രകീത്തിച്ചു സംസാരിക്കുകയുണ്ടായി.

അപ്പോൾ, നബി(സ:അ:) ഇപ്രകാരം പറഞ്ഞു: "അദ്ദേഹം ഒരു നല്ല മനുഷ്യനാണു്; അദ്ദേഹം രാത്രിയിൽ (തഹജ്ജുദ്) നമസ്കരിക്കുമെങ്കിൽ!" മറെറാരിക്കൽ ഒരു സഹാബിയോടു നബി(സ:അ:) ഇപ്രകാരം പറയുകയുണ്ടായി: "രാത്രിയിൽ നീ കൂടുതൽ ഉറങ്ങരുതു്; എന്തുകൊണ്ടെന്നാൽ, രാത്രിയിലുള്ള ഉറക്കത്തിൻെറ ആധിക്യം ഖിയാമത്തിൻെറ ദിവസം നിന്നെ 'ഫഖീറാ'ക്കിത്തീക്കുന്നതാണു്."

എൻെറ കുഞ്ഞേ; "നിനക്കു് സുന്നത്തായിരിക്കുന്ന നിലയിൽ രാത്രിയിൽ അല്പനേരം നീ 'തഹജ്ജുദ്' നമസ്കരിക്കുക" എന്ന അല്ലാഹുവിൻെറ വാക്യം അവൻെറ ആജ്ഞയാണു്; "രാത്രിയുടെ അന്ത്യയാമങ്ങളിൽ അവർ പാപമോചനത്തിനു് അത്ഥിക്കുന്നതാണു്" എന്ന അല്ലാഹുവിൻെറ വാക്യം അവൻെറ കൃതജ്ഞതയാണു്; രാത്രിയുടെ അന്ത്യയാമങ്ങളിൽ പാപമോചനത്തിനു് അത്ഥിക്കുന്നവർ" എന്ന അല്ലാഹുവിൻെറ വാക്യം അവൻെറ അനുസ്മരണമാണു്. നബി(സ:അ) പറയുന്നു:—"മൂന്നു ശബ്ദങ്ങൾ അല്ലാഹു ഇഷ്ടപ്പെടുന്നതാണു്. (1) പൂവൻ കോഴിയുടെ ശബ്ദം. (2) ഖുർആൻപാരായണം ചെയ്യുന്നവരുടെ ശബ്ദം. (3) രാത്രിയുടെ അന്ത്യയാമങ്ങളിൽ പാപമോചനത്തിനു് അത്ഥിക്കുന്നവരുടെ ശബ്ദം." സുഫ്യാനുസ്സൗരിയ്യ്(റ)പറയുന്നു:-"തീർച്ചയായും രാത്രിയുടെ അന്ത്യയാമങ്ങളിൽ ചുററിവീശുന്ന ഒരു കാററു് അല്ലാഹുവിനുണ്ടു്. അതു് 'ദിക്റു'കളെയും 'ഇസ്തിഗ്ഫാറു'കളെയും വഹിച്ചുകൊണ്ടു്, സവ്വലോകഭരണാധിപനും അധീശാധികാരിയുമായ അല്ലാഹുവിലേക്കു് മടങ്ങുന്നതാണു്." അദ്ദേഹം

വീണ്ടും പറയുന്നു:—രാത്രിയുടെ ആദ്യയാമമായാൽ, 'അർശി'ന്റെ താഴ്ഭാഗത്തുനിന്നും, "അഹോ! ആരാധകന്മാർ എഴുന്നേല്ക്കട്ടെ" എന്ന് ഒരാൾ വിളിച്ചുപറയുന്നതാണ്. അപ്പോൾ, അവർ എഴുന്നേല്ക്കുകയും, അല്ലാഹു ഇച്ഛിച്ചിടത്തോളം നമസ്കരിക്കുകയും ചെയ്യുന്നതാണ്. അനന്തരം അർദ്ധരാത്രിയിൽ, "അഹോ! ഭക്തന്മാർ എഴുന്നേല്ക്കട്ടെ!" എന്നു വിളിച്ചുപറയുന്നതാണ്. അപ്പോൾ അവർ എഴുന്നേല്ക്കുകയും, രാത്രിയുടെ അന്ത്യയാമംവരെ നമസ്കരിക്കുകയും ചെയ്യുന്നതാണ്. അങ്ങനെ രാത്രിയുടെ അന്ത്യയാമമായാൽ, "അഹോ! പാപമോചനത്തിന് അർത്ഥിക്കുന്നവർ എഴുന്നേല്ക്കട്ടെ!" എന്നു വിളിച്ചുപറയുന്നതാണ്. അപ്പോൾ അവർ എഴുന്നേല്ക്കുകയും പാപമോചനത്തിന് അർത്ഥിക്കുകയും ചെയ്യുന്നതാണ്. അങ്ങനെ 'സുബ്ഹ്' സമയമായാൽ, "അഹോ! അശ്രദ്ധന്മാർ എഴുന്നേല്ക്കട്ടെ!" എന്നു വിളിച്ചുപറയുന്നതാണ്. അപ്പോൾ അവർ മരണപ്പെട്ടവർ തങ്ങളുടെ 'ഖബ്റ്' കളിൽനിന്നും ഉയിർത്തെഴുന്നേല്ക്കുന്നതുപോലെ, തങ്ങളുടെ കിടക്കകളിൽനിന്നും എഴുന്നേല്ക്കുന്നതാണ്.

എന്റെ കുഞ്ഞേ; 'ലുഖ്മാനുൽഹക്കീം' തന്റെ മകനോടുചെയ്ത ഉപദേശങ്ങളിൽ ഇപ്രകാരം പറയുകയുണ്ടായി:—"എന്റെ മകനേ; പൂവൻകോഴി നിന്നെക്കാൾ ബുദ്ധിയുള്ളതാകാതിരിക്കട്ടെ! അതു് രാത്രിയുടെ അന്ത്യയാമങ്ങളിൽ കൂവിവിളിക്കുന്നതാണ്. നീ അപ്പോൾ ഉറങ്ങിക്കിടക്കുന്നവനാണെതാനും!"

---

ഒരു കവി പറയുന്നു:—"പ്രാവ് രാത്രികാലങ്ങളിൽ മരക്കൊമ്പുകളിലിരുന്നുകൊണ്ടു്,—അതു് എത്ര

ദുർബ്ബലയായിരുന്നിട്ടും—കുറോ, കുറോ എന്നു ശബ്ദി ക്കുന്നു. ഞാനാണെങ്കിൽ, ഉറങ്ങുന്നവനാണുതാനും!" "ഞാൻ അല്ലാഹുവിനെ സ്നേഹിക്കുന്നവനാണെന്നു പറയുന്നതു് അല്ലാഹുവിൻെറ ഭവനത്തിനാണെ അസത്യമാണു്. ഞാൻ അല്ലാഹുവിനെ സ്നേഹിക്കു ന്നവനായിരുന്നെങ്കിൽ, ആ പ്രാവുകൾ രോദനത്തിൽ എന്നെ മുൻകടക്കുമായിരുന്നില്ല." "എൻെറ നാഥ നെ ഞാൻ അങ്ങേഅററം സ്നേഹിക്കുന്നവനാണെന്നാ ണു് ഞാൻ ജല്പിക്കുന്നതു്. എന്നിട്ടു് അവനുവേണ്ടി ഞാൻ കരയുന്നില്ല! ആ പറവകൾ കരയുന്നു!"

## എന്താണു് ഇബാദത്തു്?

'ഇബാദത്തി'ൻെറയും ആജ്ഞാനുവത്തനത്തി ൻെറയും യാഥാർത്ഥ്യം നീ അറിയുക എന്നതാണു് നമ്മുടെ ഈ പ്രബോധനത്തിൻെറ ആകെത്തുക. എന്താണു് ഇബാദത്തു്? വിധിവിലക്കുകളിൽ നബി (സ:അ)യെ പിൻപററുന്നതിനാണു് 'ഇബാദത്തു്' എന്നു പറയുന്നതു്. അപ്പോൾ, നീ ഒരു പ്രവൃത്തി ചെയ്തു; എന്നാൽ, അതു് കല്പിക്കപ്പെട്ടതാകാത്തപ ക്ഷം,—അതു് 'ഇബാദത്തി'ൻെറ രൂപത്തിലുള്ളതാ യിരുന്നാലും—അതു് 'ഇബാദത്താ'കുന്നതല്ല. എന്ന ല്ല,—ആ പ്രവൃത്തി വ്രതാനുഷ്ഠാനമാകട്ടെ, നമസ്കാ രമാകട്ടെ!—ചിലപ്പോൾ തന്നിമിത്തം നീ കുററവാ ളിയായിത്തീരുന്നതുമാണു്. പെരുന്നാൾ ദിവസങ്ങ ളിലോ, *'തശ്‌രീഖി'ൻെറ ദിനങ്ങളിലോ ഒരാൾ

* വലിയ പെരുന്നാളിനെ തുടൎന്നുള്ള മൂന്നു ദിവസങ്ങൾ.

വ്രതമനുഷ്ഠിക്കുന്നപക്ഷം,—ആ പ്രവൃത്തി 'ഇബാദത്തി'ന്റെ രൂപത്തിലുള്ളതാണെങ്കിലും—അയാൾ കുററവാളിയായിത്തീരുന്നതു് നീ കാണുന്നില്ലയോ? അതു് അവനോടു് കല്പിക്കപ്പെട്ടിട്ടുള്ളതല്ലെന്നതാണു് അതിനു കാരണം. അതുപോലെതന്നെ 'കറാഹത്താ'ക്കപ്പെട്ട സമയങ്ങളിലോ, കവർന്നെടുക്കപ്പെട്ട സ്ഥലങ്ങളിലോ ഒരാൾ നമസ്കരിക്കുന്നപക്ഷം, തന്നിമിത്തം അയാൾ കുററവാളിയായിത്തീരുന്നതാണു്. ബന്ധുക്കളുമായി ഒരാൾ ലോഹ്യംപറഞ്ഞാൽ, അതു് തമാശരൂപേണയായിരുന്നാലും—അതൊരു പുണ്യകർമ്മമാണെന്നു് നീ അറിയുക. കാരണം, അതു് കല്പിക്കപ്പെട്ടതാണല്ലൊ. അപ്പോൾ "കല്പനയ്ക്കു വഴിപ്പെടുക"യാണു് യഥാർത്ഥമായ 'ഇബാദത്തു്'. കല്പിക്കപ്പെട്ടിട്ടില്ലാത്ത നോമ്പും നമസ്കാരവും 'ഇബാദത്താ'വുകയില്ല. അതിനാൽ, നോമ്പും നമസ്കാരവും സ്വയമായി 'ഇബാദത്ത'ല്ലെന്നു് മനസ്സിലാകുന്നു.

എന്റെ കുഞ്ഞേ; അതുകൊണ്ടു് നിന്റെ എല്ലാ സ്ഥിതിഗതികളും സംസാരങ്ങളും മതവിധികളുടെ വിധേയവും 'ശരീഅത്തി'നു് അനുയോജ്യവുമായിരിക്കേണ്ടതാണു്. നബി (സ:അ) യുടെ വിധിപ്രസ്താവനയ്ക്കു് വിധേയമാകാത്ത വിജ്ഞാനവും കർമ്മവും ദുർമാർഗ്ഗമാണു്. അതിനാൽ, കല്പിക്കപ്പെടാത്ത ഒരു വാക്യംകൊണ്ടും നിന്റെ നാവു് അനക്കരുതു്. തീർച്ചയായും നിന്നോടു് കല്പിക്കപ്പെട്ടിട്ടുള്ളതിലൂടെയല്ലാതെ, അല്ലാഹുവിന്റെ മാർഗ്ഗം പ്രാപിക്കുവാൻ നിനക്കു കഴിയുകയില്ല എന്നു് നീ പൂർണ്ണബോധ്യമുള്ളവനാകുക. അതുപോലെതന്നെ പ്രഹസനങ്ങളിലൂടെയും, കപടസന്യാസികളുടെ അ

ടിസ്ഥാനരഹിതമായ ധ്യാനങ്ങളിലൂടെയും നീ അല്ലാഹുവിൻെറ മാർഗ്ഗത്തെ പ്രാപിക്കുകയില്ല. പടവാൾ കൊണ്ടു് ദുർമ്മോഹങ്ങളെയും, വ്യാമോഹങ്ങളെയും, ഭൗതികതൃഷ്ണയേയും വിച്ഛേദിച്ചുകളയാതെ ഈ മാർഗ്ഗത്തിൽ ചെന്നെത്തുകയില്ലതന്നെ. നിൻെറ ഹൃദയം ശരീരേച്ഛകളാൽ ബന്ധിതവും വിസ്മൃതവുമായിരിക്കവേ, നീ സ്വയം വഞ്ചിതനായിക്കൊണ്ടു്, നിന്നിൽ നിന്നും സംജാതമാകുന്ന വിനയസംസാരം, അനുകൂലസാഹചര്യം, സരളഭാഷണം ആദിയായവയിലൂടെ ചെന്നെത്താമെന്നു നീ വ്യാമോഹിക്കുകയാണെങ്കിൽ, അതു് ദൗർഭാഗ്യത്തിൻെറയും ദുസ്സമാപ്തിയുടെയും ലക്ഷണമാണു്. ദുരാത്മാവിനോടും ദുർമ്മോഹത്തോടും സമരംചെയ്തു്, അവയെ അടിച്ചമർത്തുകയും, അവയെ 'ശറ്ഇ'ന്നു് അധീനപ്പെടുത്തുകയും ചെയ്യാത്തപക്ഷം ഹൃദയം 'മഅ്രിഫത്തി'ൻെറ പ്രകാശത്താൽ സചേതനമായിത്തീരുന്നതല്ല.

എൻെറ കുഞ്ഞേ; നീ ചില ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി. അവയിൽ ചിലതു് വായ്മൊഴിയിലൂടെയും വരമൊഴിയിലൂടെയും നിർവ്വചിക്കുവാൻ സാധിക്കുകയില്ല. എന്തുകൊണ്ടെന്നാൽ, അനുഭവിച്ചറിയേണ്ടതാണതു്. അനുഭവിച്ചറിയേണ്ട ഏതൊന്നും വായ്മൊഴിയിലൂടെയും വരമൊഴിയിലൂടെയും നിർവ്വചിക്കുക സ്വാദ്ധ്യമല്ല. നീ അതിലേക്കു ചെന്നു ചേരാതെ അതു് അറിയുവാൻ നിനക്കു് ഒക്കുകയില്ല. ഉദാഹരണമായി പറഞ്ഞാൽ, നീ ഇക്കാര്യത്തിൽ മധുരരസമോ, കയ്പുരസമോ അറിഞ്ഞുകൂടാത്തവരെപ്പോലെയാണു്. കയ്പോ മധുരമോ എന്താണെന്നു് അവൻ അറിയുവാൻ ഉദ്ദേശിക്കുന്നപക്ഷം, കേവലം

വായ്മൊഴിയിലൂടെയും വരമൊഴിയിലൂടെയും അതു വിവരിച്ചുകൊടുക്കുക സാദ്ധ്യമല്ലതന്നെ.

എൻെറ കുഞ്ഞേ; ധാതുശേഷി ഇല്ലാത്ത ഒരാൾ ഭോഗരസത്തെ സംബന്ധിച്ച്, അതു് അറിയാവുന്ന ഒരാളോട് എഴുതിച്ചോദിച്ചപ്പോൾ, അതിന് അയാൾ ഇപ്രകാരം മറുപടി എഴുതുകയുണ്ടായി:–"തീർച്ചയായും ഇതു് അനുഭവിച്ചറിയേണ്ടതാകുന്നു. നിങ്ങൾ അതിലേയ്ക്കു ചെന്നുചേരാതെ അതു് അറിയുവാൻ ഒക്കുകയില്ല. വായ്മൊഴിയിലൂടെയും വരമൊഴിയിലൂടെയും അതു് എങ്ങനെയെന്ന് വിവരിക്കുക സാദ്ധ്യമല്ല." എൻെറ കുഞ്ഞേ; നിൻെറ ചില ചോദ്യങ്ങൾ ഈ ഗണത്തിൽ പെട്ടതാണ്. എന്നാൽ, വായ്മൊഴിയിലൂടെയും വരമൊഴിയിലൂടെയും നിവ്വചിക്കുവാൻ കഴിയുന്നിടത്തോളവും നമ്മുടെ 'ഇഹ്‌യാ ഉലൂമിദ്ദീനി'ലും മററും ഞാൻ അതു വിവരിച്ചിട്ടുണ്ട്. അതിനാൽ, അവിടെനിന്നും അതു നീ തേടിക്കൊൾക. ഇവിടെയാണെങ്കിൽ സൂചനാരൂപേണയാണ് നാം പ്രതിപാദിക്കുന്നതു്.

## സന്മാർഗ്ഗപ്രവേശകരുടെ നിബന്ധനകൾ

1) അല്ലാഹുവിൻെറ മാർഗ്ഗത്തെ കാംക്ഷിക്കുന്നവക്ക് നിർബ്ബന്ധമാകുന്ന കാര്യങ്ങൾ നീ എന്നോട് ചോദിക്കുകയുണ്ടായി. അന്ധവിശ്വാസങ്ങളിലും *'ബിദ്അത്തു'കളിലുംനിന്ന് വിമുക്തമായ സത്യവിശ്വാ

* നബി(സ)യിലും, സഹാബത്തിലും മാതൃക കാണാത്ത–നവീനാചാരങ്ങൾക്കും നവീന പ്രവ്യയശാസ്ത്രങ്ങൾക്കും 'ബിദ്അത്തു്' എന്നു പറയപ്പെടുന്നു.

സമാണ് അവന്ന് നിർബ്ബന്ധമാകുന്നവയിൽ ഒന്നാമത്തേതെന്ന് നീ അറിയുക.

2) പാപകർമ്മങ്ങളിലേക്ക് ഒരിക്കലും മടങ്ങുകയില്ല എന്ന ദൃഢനിശ്ചയത്തോടുകൂടി സ്വീകാര്യയോഗ്യമായ 'തൗബ:' (പശ്ചാത്താപം) ചെയ്യുക.

3) അവന്റെമേൽ, ഒരു മനുഷ്യനും യാതൊരു ബാദ്ധ്യതയും ശേഷിക്കാതിരിക്കുമാറ്, എല്ലാ ഇടപാടുകാരെയും തക്കെകക്ഷികളെയും സംതൃപ്തരാക്കുക.

4) അല്ലാഹുവിന്റെ ആജ്ഞകൾ അനുഷ്ഠിക്കുന്നതിനും, അവന്റെ നിരോധനങ്ങളിൽനിന്നും ഒഴിച്ചുനില്ക്കുന്നതിനും ആവശ്യമായ തോതിൽ 'ഇൽമുശ്ശരീഅത്തു്'' (നിയമവിജ്ഞാനം)സംഭരിക്കുക. 'ഇൽമുശ്ശരീഅത്തു്'' അതിലുപരി സംഭരിക്കൽ അവന്ന് നിർബ്ബന്ധമില്ല.

'ഇൽമുശ്ശരീഅത്തു്' അല്ലാത്ത വിദ്യയാണെങ്കിൽ, തന്റെ ഭദ്രതയുടെയും സുരക്ഷിതത്വത്തിന്റെയും ആവശ്യകതയുടെ തോതനുസരിച്ച് പഠിച്ചാൽ മതിയാകും. ഗുരുനാഥന്മാരിൽനിന്നും വന്നിട്ടുള്ള ഒരു കഥാകഥനത്തോടെ, ഈ സംഗതി നിനക്ക് ബോദ്ധ്യപ്പെടുന്നതാണ്. ശിബ്‌ലിയ്യ്(റ) ഒരിക്കൽ ഇപ്രകാരം പറയുകയുണ്ടായി:—"ഞാൻ നാനൂറ് 'ഉസ്താദു'മാർക്ക് ഭൃത്യവൃത്തി അനുഷ്ഠിക്കുകയും, നാലായിരം 'ഹദീസു'കൾ അവരുടെ സമക്ഷത്തിൽ പാഠം കൊടുക്കുകയും ചെയ്തു. അവയിൽനിന്നും ഒരേ ഒരു 'ഹദീസ്'' ഞാൻ തിരഞ്ഞെടുക്കുകയും അതനുസരിച്ചു

പ്രവർത്തിക്കുകയും മററുള്ളവ വിട്ടുകളയുകയുംചെയ്തു. ആ ഒരു ഹദീസിൽ ഞാൻ പരിചിന്തനംചെയ്തപ്പോഠം, അതിൽ എൻെറ സുരക്ഷിതത്വവും ഭദ്രതയും ഞാൻ കണ്ടെത്തുകയുണ്ടായി. പ്രാചീനരുടെയും അർവ്വാചീനരുടെയും വിജ്ഞാനം അതിൽ അന്തർഹിതമായിരിക്കുന്നതായും ഞാൻ കണ്ടു. താഴെപ്പറയുന്ന നബിവചനമാണത്:—“നിൻെറ ഭൗതികജീവിതത്തിനുവേണ്ടി ഇവിടെയുള്ള നിൻെറ നിലനില്പിന്റെ തോതനുസരിച്ച് നീ പ്രവർത്തിക്കുക; നിൻെറ പാരത്രികജീവിതത്തിനുവേണ്ടി, അവിടെയുള്ള നിൻെറ അനശ്വരതയുടെ തോതനുസരിച്ച് നീ പ്രവർത്തിക്കുക; അല്ലാഹുവിനുവേണ്ടി, അവങ്കലേയ്ക്കുള്ള നിൻെറ ആവശ്യകതയുടെ തോതനുസരിച്ച് നീ പ്രവർത്തിക്കുക.”

എൻെറ കുഞ്ഞേ; നീ കൂടുതൽ വിജ്ഞാനത്തെ ആശ്രയിക്കാതിരിക്കുമാറ്, ഈ ‘ഹദീസി’ൽനിന്നും നിനക്ക് അറിവു ലഭിക്കുന്നതാണ്. വിജ്ഞാനത്തിൽനിന്നധികവും, വൈയക്തിക കടമകളിൽനിന്നല്ല, സാമൂഹിക കടമകളിൽനിന്നാണ് അഭ്യസിക്കുന്നത്. ഇക്കാര്യത്തിൽ പൂർണ്ണബോധവാനാകുന്നതിനുവേണ്ടി, നീ താഴെ വിവരിക്കുന്ന ഉദാരണിയിൽ പരിചിന്തനം ചെയ്യുക: ‘ശഖീഖുൽ ബൽഖിയ്യ്’(റ)യുടെ ശിഷ്യഗണത്തിൽപ്പെട്ട ഒരു ദേഹമാണ് ‘ഹാത്തിമുൽ അസ്വമ്മ്’(റ). ഒരിക്കൽ അദ്ദേഹത്തോടു ശഖീഖുൽബൽഖിയ്യ്(റ) ഇപ്രകാരം ചോദിക്കുകയുണ്ടായി:—“അല്ലയോ ഹാത്തിമേ! നീ എന്നോടു സഹകരിക്കാൻ തുടങ്ങിയിട്ട് എത്ര വർഷമായി?”

“മുപ്പത്തിമൂന്നു വർഷമായി” അദ്ദേഹം മറുപടി പറഞ്ഞു.

"എന്നിട്ട് എന്തെല്ലാം വിജ്ഞാനങ്ങൾ എന്റെ പക്കൽനിന്നും നീ പഠിച്ചു? എത്ര ഗുണപാഠങ്ങൾ എൻെറ പക്കൽനിന്നും നീ കരഗതമാക്കി?"

"അങ്ങയുടെ സമക്ഷത്തിൽനിന്നും എട്ട് ഗുണപാഠങ്ങൾ ഞാൻ കരഗതമാക്കി."

"ഇന്നാലില്ലാഹി വഇന്നാഇലൈഹി റാജിഊൻ; ഹേ, ഹാത്തിമേ! നിന്നെ പഠിപ്പിക്കുവാൻ നിന്നോടുകൂടെ എൻെറ ആയുസ്സ് ഞാൻ ചെലവഴിച്ചു. എന്നിട്ട എട്ട് ഗുണപാഠങ്ങളല്ലാതെ മററൊന്നും നീ സമ്പാദിച്ചിട്ടില്ലെന്നോ? (!)"

"അല്ലയോ ഗുരുനാഥരേ; അങ്ങ് എന്നിൽനിന്നും സത്യാവസ്ഥ അന്വേഷിക്കുകയാണെങ്കിൽ, ഈ പറഞ്ഞതല്ലാതെ യാതൊന്നും ഞാൻ കരസ്ഥമാക്കിയിട്ടില്ല. അതിൽ കൂടുതലായി എന്തെങ്കിലും കരസ്ഥപ്പെടുത്തുവാൻ ഞാൻ ഇച്ഛിക്കുന്നുമില്ല. ഈ എട്ട് ഗുണപാഠങ്ങളിലൂടെയല്ലാതെ, എനിക്ക് ഇരുലോകത്തും ഭദ്രതയും സുരക്ഷിതത്വവും ലഭിക്കുകയില്ലെന്നും, അവയോടൊപ്പം മററൊന്നും വേണ്ടിവരികയില്ലെന്നും എനിക്കു ഉറപ്പുണ്ട്."

"ശരി, ആ എട്ട് ഗുണപാഠങ്ങൾ എന്തൊക്കെയാണ്? എന്നോടു നീ പറയുക!"

അപ്പോൾ 'ഹാത്തിമ്'(റ) ആ എട്ട് ഗുണപാഠങ്ങൾ വിവരിക്കാൻ തുടങ്ങി:

I) "ഞാൻ ജനങ്ങളിൽ നിരീക്ഷണം നടത്തി· ഓരോരുത്തരും ഓരോ സ്നേഹിതനെ തിരഞ്ഞെടുക്കുന്നതായി ഞാൻ കണ്ടു. തൻെറ സ്നേഹിതനോട്

ചിലർ മരണരോഗംവരെ സഹകരിക്കുന്നു; ചിലർ ശവകുടീരത്തിന്റെ അരികുവരെ സഹകരിക്കുന്നു. പിന്നീട് അവനോടു വിടവാങ്ങി മടങ്ങുന്നു. തന്റെ സ്നേഹിതനോടൊപ്പം, അവൻ ആ ശവകുടീരത്തിൽ പ്രവേശിക്കാറില്ല. ഇത്തരുണത്തിൽ, എന്റെ ശവകുടീരത്തിൽ എന്റെ സഹയാത്രികനും ഉല്ലാസകനുമായിത്തീരുന്ന ഒരു സ്നേഹിതനെ തിരഞ്ഞുപിടിക്കുവാൻ ഞാൻ യത്നിച്ചു. എന്നാൽ, സല്കർമ്മത്തെയല്ലാതെ യാതൊന്നിനെയും അതിനു് ഞാൻ കണ്ടെത്തുകയുണ്ടായില്ല. ആകയാൽ, എന്റെ ശവകുടീരത്തിൽ എന്റെ സഹയാത്രികനും ഉല്ലാസകനും ആയിത്തീരുന്നതിനുവേണ്ടി, ഞാൻ സല്കർമ്മത്തെ തിരഞ്ഞെടുക്കുകയും, അതിനെ എന്റെ സ്നേഹിതനായി ഞാൻ അംഗീകരിക്കുകയും ചെയ്തു."

"ഹാത്തിമേ! നീ ഉത്തമനായിത്തീന്നു" ശഖീഖു് (റ) മറുപടി പറഞ്ഞു.

II) "ഞാൻ ജനങ്ങളിൽ നിരീക്ഷണം നടത്തി. എന്നിട്ട് തങ്ങളുടെ ദുരാത്മാവിന്റെയും ദുർമ്മോഹത്തിന്റെയും തടവുകാരായിട്ടാണു് ഓരോരുത്തരേയും ഞാൻ കണ്ടതു്. ഇത്തരുണത്തിൽ, "അല്ലാഹുവിന്റെ സമക്ഷത്തെ ഭയപ്പെടുകയും, ദുർമ്മോഹത്തിൽനിന്നും ആത്മാവിനെ തടഞ്ഞുനിവൃത്തുകയും ചെയ്യുന്നവരാകട്ടെ, തീർച്ചയായും, സ്വർഗ്ഗം (അവരുടെ) സങ്കേതമാകുന്നു" എന്ന അല്ലാഹുവിന്റെ വാക്യത്തിൽ ഞാൻ പരിചിന്തനം ചെയ്തു. തീർച്ചയായും ഖുർആൻ സത്യസന്ധമാണെന്നു് എനിക്കു ദൃഢമായി അറിയാം. ആകയാൽ, ദുർബോധകയായ ദുരാത്മാവിന്റെ അനുശാസനങ്ങളെ ഞാൻ അതിലംഘിക്കുകയും, അതി

നോട്ട് സമരം നടത്തുവാൻവേണ്ടി ഞാൻ 'അരപ്പട്ട' കെട്ടി മുറുക്കുകയും ചെയ്തു. അല്ലാഹുവിൻെറ വിധി വിലക്കുകൾക്ക് അധീനപ്പെട്ട് അവനെ അനുസരിക്കുവോളവും, അതു് (ദുരാത്മാവു്) ഇഷ്ടപ്പെടുകയും മോഹിക്കുകയും ചെയ്യുന്ന സംഗതികൾ അതിനു് ഞാൻ കൊടുത്തിട്ടില്ല."

"അല്ലാഹു നിന്നെ കടാക്ഷിക്കുമാറാകട്ടെ!" എന്നു ശഖീഖു്(റ) ഇതിനു മറുപടിയായി പറഞ്ഞു.

III) "ഞാൻ ജനങ്ങളിൽ നിരീക്ഷണം നടത്തി. ഭൗതികവിഭവങ്ങൾ സംഭരിക്കുന്നതിനുവേണ്ടി, ഓരോരുത്തരും അദ്ധ്വാനിക്കുകയും കഷ്ടപ്പെടുകയും ചെയ്യുന്നതായും, തങ്ങളുടെ ഭൗതികസമ്പത്തുകളെ അവർ ഭദ്രമായി സൂക്ഷിച്ചുവയ്ക്കുകയും, അതിൽ അവർ ആനന്ദിക്കുകയും ചെയ്യുന്നതായും ഞാൻ കണ്ടു. ഇത്തരുണത്തിൽ, "നിങ്ങളുടെ അടുക്കലുള്ളതെല്ലാം നശിക്കുന്നതാണു്; അല്ലാഹുവിൻെറ അടുക്കലുള്ളതെല്ലാം അനശ്വരമത്രെ" എന്ന അല്ലാഹുവിൻെറ വാക്യത്തിൽ ഞാൻ പരിചിന്തനംചെയ്തു. അങ്ങനെ ഞാൻ, വർഷങ്ങളോളമായി കരഗതമാക്കുകയും സംഭരിക്കുകയും ചെയ്തിരുന്ന സമ്പത്തുകൾ മുഴുവനും സാധുക്കൾക്കു ദാനംചെയ്യുകയും, തദ്വാരാ അല്ലാഹുവിൻെറ സമക്ഷത്തിൽ അനശ്വരവും, പരലോകത്തേക്കു് കരുതിവയ്ക്കപ്പെട്ട യാത്രാഭക്ഷണവുമായിത്തീരുമാറു്, അതിനെ ഞാൻ അല്ലാഹുവിൻെറ പക്കലുള്ള ഒരു നിക്ഷേപമാക്കി മാററുകയും ചെയ്തു."

"നീ ഉത്തമനായിരിക്കുന്നു"—ശഖീഖു്(റ) പറഞ്ഞു.

IV) "ഞാൻ ഈ ലോകത്തു് ഒരു നിരീക്ഷണം നടത്തി. സിൽബന്ധുധികളുടെയും കൂട്ടുകുടുംബാദികളുടെയും ആധിക്യത്തിലാണു് ശ്രേഷ്ഠതയും മഹത്വവും സ്ഥിതിചെയ്യുന്നതെന്നു ധരിക്കുകയും, അതിൽ അഭിമാനംകൊള്ളുകയുംചെയ്യുന്ന ഒരുവിഭാഗം ജനതയെ ഞാൻ കണ്ടു. സന്താനങ്ങളുടെയും ഭൗതികസമ്പത്തുകളുടെയും ആധിക്യത്തിലാണു് മഹത്വവും മാഹാത്മ്യവും സ്ഥിതിചെയ്യുന്നതെന്നു ധരിക്കുകയും, അവയിൽ അഭിമാനംകൊള്ളുകയും ചെയ്യുന്ന മറെറാരു വിഭാഗം ജനതയേയും ഞാൻ കണ്ടു. ദ്വേഷിക്കുക, അസഭ്യം പറയുക, ആക്രമിക്കുക, രക്തംചിന്തുക—ആദിയായവയിലാണു് അന്തസ്സും മഹത്വവും സ്ഥിതിചെയ്യുന്നതെന്നു ധരിക്കുകയും, അത്തരം ദുഷ്പ്രവണതകളിൽ അഭിമാനംകൊള്ളുകയും ചെയ്യുന്ന മററു ചിലരേയും ഞാൻ കണ്ടു. ഇത്തരുണത്തിൽ, "അല്ലാഹുവിങ്കൽ, നിങ്ങളിൽവെച്ചു് ഏററവും മാന്യൻ, നിങ്ങളിൽവെച്ചു് ഏററവും 'തഖ്‌വാ' (ഭയഭക്തി) ചെയ്യുന്നവനത്രെ" എന്ന അല്ലാഹുവിൻെറ വാക്യത്തിൽ ഞാൻ പരിചിന്തനംചെയ്തു. തീർച്ചയായും ഖുർആൻ സത്യസന്ധമാണെന്നും, ജനങ്ങളുടെ ആ ധാരണകളെല്ലാം കേവലം മിഥ്യയാണെന്നും എനിക്കറിയാം. ആകയാൽ, അല്ലാഹുവിങ്കലുള്ള മാന്യന്മാരിൽ പെട്ടവനാകുന്നതിനുവേണ്ടി ഞാൻ 'തഖ്‌വാ'യെ തിരഞ്ഞെടുത്തു."

"നീ ഉത്തമനായിരിക്കുന്നു"—ശഖീഖ് (റ) പറഞ്ഞു.

V) "ഞാൻ ജനങ്ങളിൽ നിരീക്ഷണം നടത്തി. കുറേപ്പേർ ഭൗതികസുഖങ്ങളുടെയും ഭൗതികോൽക്കർഷത്തിൻെറയും പേരിൽ പരസ്പരം അസൂയപ്പെടുകയും, കല

റിക്കുകയും ചെയ്യുന്നതായി ഞാൻ കണ്ടു. ഇത്തരുണത്തിൽ, "ഐഹികജീവിതത്തിലുള്ള അവരുടെ ഉപജീവനത്തെ നാം വിഹിതിച്ചിരിക്കുന്നു" എന്ന അല്ലാഹുവിൻെറ വാക്യത്തിൽ ഞാൻ പരിചിന്തനം ചെയ്തു. തീർച്ചയായും ഈ വിഹിതങ്ങൾ അല്ലാഹുവിൻെറ അനാദിയായ നിശ്ചയപ്രകാരം സ്ഥിരപ്പെട്ടതാണെന്നും, മററാരുത്തർക്കും അതിൽ സ്വാധീനവും ഇച്ഛാസ്വാതന്ത്ര്യവുമില്ലെന്നും എനിക്കറിയാം. ആകയാൽ, അതിനുശേഷം ഞാൻ ആരോടും അസൂയപ്പെട്ടിട്ടില്ല. അല്ലാഹു എനിക്കു നിശ്ചയിച്ചിട്ടുള്ള വിഹിതത്തിൽ ഞാൻ സംതൃപ്തിയടയുകയും, ജനങ്ങളുമായി രമ്യതയിൽ കഴിയുകയുംചെയ്തു."

"നീ ഉത്തമനായിരിക്കുന്നു"—ശഖീഖു് (റ) പറഞ്ഞു.

VI) "ഞാൻ ഈ ലോകത്തു് നിരീക്ഷണം നടത്തി. ദുർമ്മോഹങ്ങളും, പൈശാചിക ദുർബോധനങ്ങളുംമൂലം ഒരുവിഭാഗം ജനങ്ങൾ പരസ്പരം ശണ്ഠകൂട്ടുന്നതായി ഞാൻ കണ്ടു. ഇത്തരുണത്തിൽ, തീർച്ചയായും പിശാചു് നിങ്ങളുടെ ശത്രുവാകുന്നു. ആകയാൽ, അവനെ നിങ്ങൾ ശത്രുവാക്കി മാററുക" എന്ന അല്ലാഹുവിൻെറ വാക്യത്തിൽ ഞാൻ പരിചിന്തനംചെയ്തു. തീർച്ചയായും ഖുർആൻ സത്യസന്ധമാണെന്നും 'ശൈത്വാൻ' ഒഴികെയുള്ളവരും, അവരുടെ അനുയായികളും ശത്രുക്കളാകയില്ലെന്നും എനിക്കറിയാം. ആകയാൽ, 'ശൈത്വാനെ' ഞാൻ എൻെറ ശത്രുവാക്കി മാററി. അവൻെറ യാതൊരു ആജ്ഞയെയും ഞാൻ അനുസരിച്ചിട്ടില്ല. ഞാൻ അല്ലാഹുവിൻെറ ആജ്ഞകൾ അനുസരിക്കുകയും, അവൻെറ മഹത്വത്തിൽ

നിരീക്ഷണം നടത്തുകയുംചെയ്തു. അവന്റെ സൃഷ്ടികളിൽനിന്നും ഒരുത്തരുമായും ഞാൻ ശണ്ഠകൂടിയിട്ടുമില്ല. താഴെപ്പറയുന്ന അല്ലാഹുവിന്റെ വാക്യമാണ് തീർച്ചയായും നേരായ മാർഗ്ഗമെന്ന് എനിക്കറിയാം. അല്ലാഹു പറയുന്നു:—"അല്ലയോ, ആദമിന്റെ സന്തതികളേ! നിങ്ങൾ 'ശൈഥാനെ' ആരാധിക്കരുതെന്നു നിങ്ങളോട്ട് ഞാൻ കരാർ ചെയ്തിട്ടില്ലയോ? തീർച്ചയായും നിങ്ങളുടെ വ്യക്തമായ ശത്രുവാണവൻ. നിങ്ങൾ എന്നെ ആരാധിക്കണമെന്നും (നിങ്ങളോട്ട് ഞാൻ കരാർ ചെയ്തിട്ടില്ലയോ?)—ഇതത്രേ നേരായ മാർഗ്ഗം."

"നീ ഉത്തമനായിരിക്കുന്നു" എന്നു ശഖീഖ്(റ) പറഞ്ഞു.

VII) ഞാൻ ഈ ലോകത്ത് നിരീക്ഷണം നടത്തി. ഭക്ഷണ സംഭരണത്തിനുവേണ്ടി, ഓരോരുത്തരും അത്യദ്ധ്വാനം ചെയ്യുകയും, കഷ്ടപ്പെടുകയും അതിനുവേണ്ടി അവർ 'ഹറാമി'ലും 'ശുബ്ഹത്തി'ലും ചെന്ന് അകപ്പെടുകയും ചെയ്യുന്നതായി ഞാൻ കണ്ടു. ഇത്തരുണത്തിൽ, "ഭൂമിയിൽ ഒരു ജീവിയുമില്ല, അതിന്റെ ഭക്ഷ്യം അല്ലാഹുവിങ്കൽ ഉണ്ടായിട്ടല്ലാതെ" എന്ന അല്ലാഹുവിന്റെ വാക്യത്തിലും, "മനുഷ്യന് അവൻ അനുഷ്ഠിച്ചിട്ടുള്ളതല്ലാതെ യാതൊന്നും ഇല്ലതന്നെ" എന്ന അല്ലാഹുവിന്റെ വാക്യത്തിലും ഞാൻ നിരീക്ഷണം നടത്തി. അപ്പോൾ തീർച്ചയായും ഞാൻ ഭൂമുഖജീവികളിൽ ഒന്നാണെന്നും, എന്റെ ഭക്ഷണപ്രശ്നം അല്ലാഹു ഏറെറടുത്തിരിക്കുകയാണെന്നും, ഞാൻ പാരത്രികജീവിതത്തിലേക്കുള്ള

ഭക്ഷണസംഭരണത്തിനുവേണ്ടി അദ്ധ്വാനിക്കുവാൻ കല്പിക്കപ്പെട്ടവനാണെന്നും എനിക്ക് ബോദ്ധ്യമായി. ആകയാൽ, ഞാൻ അല്ലാഹുവിന് വഴിപ്പെടുന്നതിൽ ഏർപ്പെട്ടു."

"നീ ഉത്തമനായിരിക്കുന്നു"—ശഖീഖ് (റ) പറഞ്ഞു.

VIII) "ഞാൻ ഈ ജനങ്ങളിൽ നിരീക്ഷണം നടത്തി. ജീവിതരംഗത്ത് ചിലർ തങ്ങളുടെ ധനത്തേയും അധീശാധികാരത്തേയും ആശ്രയിക്കുന്നതായും, ചിലർ തങ്ങളുടെ കൃഷിയേയും വ്യവസായത്തേയും ആശ്രയിക്കുന്നതായും, മററ് ചിലർ ഇതര ജനങ്ങളെ ആശ്രയി ക്കുന്നതായും ഞാൻ കണ്ടു. ഇത്തരുണത്തിൽ, "ഏതൊരാൾ അല്ലാഹുവിൻെറ മേൽ ഭരമേല്പിക്കുന്നുവോ, അവന് അല്ലാഹു മതിയാകുന്നതാണ്" എന്ന അല്ലാഹുവിൻെറ വാക്യത്തിൽ ഞാൻ പരിചിന്തനംചെയ്തു. അങ്ങനെ ഞാൻ (എൻെറ ജീവിതപ്രശ്നങ്ങൾ) അല്ലാഹുവിൻെറമേൽ ഭരമേല്പിച്ചു. എനിക്ക് അവൻ മതി. അവൻ കാര്യങ്ങൾ ഏററവും ഉത്തമമായി ഏറെറടുക്കുന്നവനാകുന്നു." ഇതിന് മറുപടിയായി ശഖീഖ്(റ) ഇപ്രകാരം പറയുകയുണ്ടായി:

"അല്ലയോ ഹാത്തിമേ! നീ ഉത്തമനായിരിക്കുന്നു. അല്ലാഹു നിന്നെ അനുഗ്രഹിക്കുമാറാകട്ടെ! ഞാൻ 'തൗറാത്തി'ലും, 'ഇൻജീലി'ലും, 'സബൂറി'ലും, 'ഫുർഖാനി'ലും നിരീക്ഷണം നടത്തിയിട്ടുണ്ട്. ആ നാല് വേദഗ്രന്ഥങ്ങളിലും ഈ എട്ട് ഗുണപാഠങ്ങൾ അടങ്ങിയിരിക്കുന്നു. ഈ എട്ട് ഗുണപാഠങ്ങൾ

പ്രാവത്തികമാക്കുന്നവർ, നാലു് വേദഗ്രന്ഥങ്ങളുടെയും ഉള്ളടക്കത്തെ പ്രാവത്തികമാക്കുന്നവരെപ്പോലെ തന്നെയാണു്. ഇതിനെക്കാൾ കൂടുതൽ വിജ്ഞാനം നിനക്കു് ആവശ്യമില്ലെന്നു് ഈ വിവരണത്തിലൂടെ എനിക്കു് ബോദ്ധ്യപ്പെട്ടിരിക്കുന്നു."

"സന്മാൎഗ്ഗപ്രവേശകരുടെ നിബന്ധനകൾ"

തുടരുന്നു:

5) അവനു് (അല്ലാഹുവിൻെറ മാൎഗ്ഗത്തെ കാംക്ഷിക്കുന്നവനു്) തന്നെ നേർമാൎഗ്ഗത്തിലേക്കു് ആനയിക്കുകയും, തൻെറ ദുസ്സ്വഭാവങ്ങൾ അകററി തദ്സ്ഥാനത്തു് സൽസ്വഭാവങ്ങൾ പ്രതിഷ്ഠിക്കുകയും ചെയ്യുന്ന ഒരു മാർഗ്ഗദർശിയും പരിരക്ഷകനും ഉണ്ടായിരിക്കുക. പരിരക്ഷകൻ ഒരു കൃഷിക്കാരനെന്നപോലെ അനുവത്തിക്കുക എന്നതാണു് പരിരക്ഷണത്തിന്റെ അത്ഥം. ഒരു കൃഷിക്കാരൻ, തൻെറ കൃഷി മററുള്ളവരുടെതിനേക്കാൾ മെച്ചപ്പെട്ടതായിത്തീരത്തക്കവണ്ണം അതിനെ പരിരക്ഷിക്കുന്നതാണു്. അയാൾ കൃഷിക്കു ദൂഷ്യമായ കല്ലുകളും പുല്ലുകളും കണ്ടാൽ, അവയെ എടുത്തു പുറത്തുകളയുകയും, കൃഷി വളരുവോളം കൂടെക്കൂടെ അതിനു് വെള്ളമൊഴിക്കുകയും ചെയ്യുന്നതാണു്. അങ്ങനെ കൃഷി ഒരു പരിരക്ഷകനിലേക്കു് ആശ്രിതമാണെന്നു് അറിയുമ്പോൾ, കണിശമായും സന്മാർഗ്ഗപ്രവേശകനു് പരിരക്ഷകനായ ഒരു മാർഗ്ഗദർശി അനിവാര്യമാണെന്നു് നിനക്കു് ബോദ്ധ്യമാവുന്നതാണു്. ആകയാൽ, അല്ലാഹുത്തആലാ ജനങ്ങളിലേക്കു്, അവക്കു് വഴികാട്ടുന്നതിനും സന്മാർഗ്ഗത്തിലേയ്ക്കു് അവരെ ആനയിക്കുന്നതിനു

മായി 'മുർസലു'കളെ (തിരുദൂതന്മാരെ) അയച്ചുകൊണ്ടിരുന്നു. അന്ത്യപ്രവാചകൻ (സ:അ:) പരലോകത്തേയ്ക്കു് നാടുനീങ്ങുന്നതിനു മുമ്പുതന്നെ, അല്ലാഹുവിൻെറ മാർഗ്ഗത്തിലേക്കു് ജനങ്ങളെ ആനയിക്കുന്നതിനു് അവിടുത്തെ പ്രതിനിധികളായി സന്മാർഗ്ഗചാരികളായ 'ഖലീഫ:'മാരെ അല്ലാഹു നിശ്ചയിച്ചിരുന്നു. അന്ത്യദിനംവരെ അപ്രകാരം തുടരുന്നതാണു്. ആകയാൽ, കണിശമായും ഒരു സന്മാർഗ്ഗപ്രവേശകനു് ഒരു മാർഗ്ഗദർശി കൂടാതെ കഴിയുകയില്ല.

മാർഗ്ഗദർശിയുടെ നിബന്ധന താൻ ഒരു 'ആലിമു്' (മതപണ്ഡിതൻ) ആയിരിക്കണമെന്നതാണു്. എല്ലാ 'ആലിമു'കളും മാർഗ്ഗദർശിത്വത്തിനു് പററുകയില്ല. എന്നാൽ, മാർഗ്ഗദർശിത്വത്തിനു് അർഹതയുള്ള ഏതൊരു 'ആലിമി'നും മാർഗ്ഗദർശനയത്നം അനുപേക്ഷണീയമാണു്.

ഇങ്ങനെയുള്ള മാർഗ്ഗദർശികൾക്കു് പല ലക്ഷണങ്ങളുണ്ടു്. ഭ്രമമതികളെല്ലാം മാർഗ്ഗദർശിത്വത്തെ വാദിക്കാതിരിക്കുമാറു്, അവയിൽനിന്നു് അവക്കു് അനുപേക്ഷണീയമായ ചിലതു് ചുരുക്കത്തിൽ പറയാം: മാർഗ്ഗദർശി, ധനത്തോടും സ്ഥാനമാനങ്ങളോടുമുള്ള മോഹം തൻെറ ഹൃദയത്തിൽനിന്നും ഒഴിവാക്കിയവനായിരിക്കും; തന്റെ പരിരക്ഷണസൗധം തന്നെപ്പോലുള്ള മറെറാരു മാർഗ്ഗദർശിയുടെ കരത്തിൽ അധിഷ്ഠിതമായിരിക്കും; അങ്ങനെ ആ ശൃംഖല പരമ്പരാഗതമായി നബി (സ:അ:)യിൽ ചെന്നവസാനിക്കുകയും ചെയ്യുന്നതാണു്. ആഹാരം, സംസാരം, ഉറക്കം എന്നിവ പരിമിതീകരിക്കുക; നമസ്കാരം, ദാനം, വ്രതാനുഷ്ഠാനം എന്നിവ വർദ്ധിപ്പിക്കുക തുട

ങ്ങിയ വിവിധ പരിശീലനങ്ങൾ അദ്ദേഹം ആസ്വദി ക്കുകയും, മുഹമ്മദുനബി(സ:അ:)യുടെ പ്രഭാകിരണങ്ങ ളിൽനിന്നുള്ള പ്രകാശത്തെ കൊള്ളത്തിയെടുക്കുകയും ചെയ്യുതിരിക്കും. സഹനം, കൃതജ്ഞത, അല്ലാഹുവിൽ ഭരമേല്പിക്കുക, വിശ്വാസദാർഢ്യത, അച്ചടക്കം, ദാന ധർമ്മം, സംതൃപ്തി, വിശ്വാസ്യത, ക്ഷമ, ലളിതഭാവം, ജ്ഞാനം, സത്യസന്ധത, മാന്യത, ലജ്ജ, പക്വത തുടങ്ങിയ വിശിഷ്ടസ്വഭാവങ്ങൾ, സച്ചരിതം എന്നി വയാൽ സുപ്രശസ്തനും, അഹംഭാവം, വിഭ്രാന്തി തുടങ്ങിയ ദുഃസ്വഭാവങ്ങളിൽനിന്ന് സംശുദ്ധനുമായി രിക്കുന്നതാണ്. ദുശ്ശാഠ്യരുടെ പക്ഷപാതനയത്തിൽ നിന്ന് അദ്ദേഹം സുരക്ഷിതനായിരിക്കും. ജനനി മ്മിതവിജ്ഞാനങ്ങളെ വിട്ടിട്ട്, നബി(സ:അ:)യിൽ നിന്നു വിതറപ്പെട്ട വിജ്ഞാനശകലങ്ങളാൽ സ്വയം പര്യാപ്തനായിത്തീരുകയും ചെയ്യുതിരിക്കുന്നതാണ്.

ഇപ്രകാരമുള്ള ഒരു മാർഗ്ഗദർശിയെ പിൻപറ്റുക എന്നതു് ശരിയായ മാർഗ്ഗംതന്നെയാണ്. ഒരു അപൂ ർവ്വവിജയവുമാണതു്. ഇക്കാലത്തു് പ്രത്യേകിച്ചും. മാർഗ്ഗദർശിത്വവാദികൾ ഇക്കാലത്തു സുലഭമാണ്. വാസ്തവത്തിൽ നേരംപോക്കിലേക്കും വിനോദങ്ങളി ലേക്കുമാണ് അവർ ക്ഷണിക്കുന്നതു്. എന്നാൽ, ആ വഴിപിഴച്ച മാർഗ്ഗദർശികളിൽ വളരെപ്പേർ 'ശരീ അത്തി'ന്ന് വിരുദ്ധമായ മാർഗ്ഗേണയാണ് മാർഗ്ഗദർശി ത്വത്തെ വാദിക്കുന്നതു്. അത്തരം ദുർവ്വാദികളുടെ ആധിക്യത്താൽ യഥാർത്ഥ മാർഗ്ഗദർശികൾ ഒഴിഞ്ഞ കോണുകളിൽ മറഞ്ഞുപോയി.

മേൽ വിവരണത്തിലൂടെ യഥാർത്ഥ മാർഗ്ഗദർശി കളുടെ ചില ലക്ഷണങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ. ആ

ലക്ഷണങ്ങളാൽ സവിശേഷിതനായ ഒരാളെ കണ്ടുകിട്ടിയാൽ അയാൾ മാർഗ്ഗദർശികളിൽ പെട്ടവനാണെന്നും, ആ ലക്ഷണങ്ങളാൽ സവിശേഷിതനാകാത്തവൻ കേവലം മാർഗ്ഗദർശിത്വവാദികളിൽ പെട്ടവനാണെന്നും അറിയേണ്ടതാണ്.

ഇപ്രകാരമുള്ള ഒരു മാർഗ്ഗദർശിയെ ഒരാൾക്ക് കിട്ടുകയും, ആ മാർഗ്ഗദർശി തന്നെ സ്വീകരിക്കുകയും ചെയ്താൽ അദ്ദേഹത്തെ ബാഹ്യമായും ആന്തരികമായും ആദരിക്കൽ അയാൾക്കു നിർബ്ബന്ധമാണ്.

അദ്ദേഹത്തോട് തർക്കിക്കാതിരിക്കുക, വെറുപ്പു കാട്ടാതിരിക്കുക, അദ്ദേഹം പറഞ്ഞ ഏതെങ്കിലുമൊരു 'മസ്അല:'യിൽ (നിയമപ്രശ്നത്തിൽ) അദ്ദേഹത്തിനെതിരായി രേഖകൾ സ്ഥാപിക്കാതിരിക്കുക, 'ഇമാമാ'യി നമസ്കരിക്കുമ്പോളൊഴികെ, നമസ്കാരപ്പായ് വിരിക്കുമ്പോൾ പോലും അദ്ദേഹത്തെ തൻെറ പിന്നിലാക്കാതിരിക്കുക, നമസ്കാരത്തിൽനിന്നും വിരമിച്ചാൽ, അദ്ദേഹത്തോടുള്ള ബഹുമാനസൂചകമായി നമസ്കാരപ്പായയിൽനിന്ന് വിട്ടുമാറുക, അദ്ദേഹത്തിൻെറ എല്ലാ കല്പനകളും കഴിയുന്നിടത്തോളം പ്രാവർത്തികമാക്കുക, അദ്ദേഹത്തിനും ഇതരർക്കും സാഷ്ടാംഗം ചെയ്യാതിരിക്കുക—അതു് കുഫ്റാണ്—, അദ്ദേഹത്തിൻെറ ആജ്ഞ ബാഹ്യമായി പാപത്രൂപത്തിലുള്ളതായിരുന്നാലും, അതു് അനുവർത്തിക്കുന്നതിൽ പരമാവധി പരിശ്രമിക്കുക—എന്നിവ ബാഹ്യമായ ആദരവുകളിൽ പെട്ടതാണ്. ആന്തരികമായ ആദരവാണെങ്കിൽ, അതു് പുറമേ അദ്ദേഹത്തോട് സമ്മതിച്ചിട്ടുള്ള യാതൊരു കാര്യത്തെ സം

ബന്ധിച്ചും അകമെ വെറുപ്പ് വച്ചുപുലർത്താതിരിക്കുകയാണ്. അല്ലാത്തപക്ഷം, അവൻ കപടനായിത്തീരുന്നതാണ്. അതു് അവനു് ദുസ്സാധ്യമായിത്തീന്നാൽ, തനിക്കു് മാനസാന്തരമുണ്ടാകുകയും, ബാഹ്യമായും ആന്തരികമായും അദ്ദേഹത്തോട് യോജിക്കുകയും ചെയ്യുവോളം അദ്ദേഹത്തോടുള്ള സഹവാസം ഉപേക്ഷിക്കുകയാണ് വേണ്ടതു്. വെറുപ്പോടുകൂടിയ സഹവാസത്തിൽ യാതൊരു ഫലവും ഉണ്ടാകുകയില്ല. എന്നല്ല, അതു് അവനു് നാശഹേതുവായി ഭവിക്കുകയും ചെയ്യുന്നതാണ്.

6) സ്വേച്ഛാധിപത്യത്തെ അതിലംഘിക്കുക. മനുഷ്യവർഗ്ഗത്തിലും ജിന്നുവർഗ്ഗത്തിലും പെട്ട പിശാചുക്കളുടെ വിനിമയകരം തന്നിലേയ്ക്കു് നീളാതിരിക്കുകയും, പൈശാചികബന്ധനങ്ങൾ തന്നിൽനിന്നും നീങ്ങിപ്പോവുകയും ചെയ്യുമാറു്, ദുന്നടപടിക്കാരെ കൈയ്‌വെടിയാതെ ഇതു് സുസാധ്യമാകുകയില്ല.

7) ദരിദ്രജനങ്ങളുടെ സ്ഥിതിഗതികൾ മുഴുവനും തനിക്കുവേണ്ടി തിരഞ്ഞെടുക്കുക. ഭൗതികതൃഷ്ണയിൽനിന്നു് മനസ്സ് വിരമിക്കുക എന്നതാണ് ഈ മാർഗ്ഗത്തിൻെറ അടിത്തറ. അപ്പോൾ, ദരിദ്രജനങ്ങളുടെ സ്ഥിതിഗതികൾ മുഴുവനും നീ തിരഞ്ഞെടുക്കാതിരിക്കുന്നപക്ഷം, ഭൗതികത്വനിദാനങ്ങളെ നിൻെറ ഹൃദയത്തിൽ കണ്ടെത്തുന്നതാണ്. തന്നിമിത്തം ഭൗതികതൃഷ്ണയിൽനിന്നുള്ള സുരക്ഷിതത്വം ദുഷ്കരമായി ഭവിക്കും. ഭൗതികത്വനിദാനങ്ങളുടെ വജ്ജനംവഴിയാണ് ഹൃദയം ഭൗതികതൃഷ്ണയിൽനിന്നു് വിരക്തമാകുന്നതു്. ദരിദ്രജനങ്ങളുടെ സ്ഥിതിഗതികൾ

മുഴുവനും തിരഞ്ഞെടുക്കുന്നതിലൂടെയല്ലാതെ ഭൗതിക ത്വന്നിദാനങ്ങളുടെ വർജ്ജനം സുസാധ്യമാകുകയില്ല.

ഈ ഏഴുകാര്യങ്ങൾ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ പ്രവേശിക്കുന്നവർക്ക് നിർബ്ബന്ധമായിട്ടുള്ളതാണ്.

## എന്താണ് സൂഫിസം?

കൂടാതെ, സൂഫിസമെന്നാലെന്തെന്ന് എന്നോടു നീ ചോദിക്കുകയുണ്ടായി. എന്നാൽ, അല്ലാഹുവിനോട് സത്യസന്ധത പാലിക്കുക, സൃഷ്ടികളോട് നല്ല രീതിയിൽ പെരുമാറുക എന്നീ രണ്ടു സംഗതികളാണ് സൂഫിസമെന്ന് അറിയുക. അല്ലാഹുവിനോട് സത്യസന്ധത പാലിക്കുകയും, ജനങ്ങളോട് നല്ല രീതിയിൽ പെരുമാറുകയും ചെയ്യുന്ന ഏതൊരാളും 'സൂഫിയ്യാ'കുന്നു. അല്ലാഹുവിനോട് സത്യസന്ധത പാലിക്കുക എന്നാൽ, മനുഷ്യൻ അല്ലാഹുവിൻെറ കല്പനയ്ക്കു വഴിപ്പെടുന്നതിനുവേണ്ടി, (സ്വന്തം) സുഖൈശ്വര്യങ്ങൾ വെടിയുകയാണ്. ജനങ്ങളോടുള്ള സൽപെരുമാററമെന്നാൽ, ജനങ്ങളുടെ അഭിലാഷങ്ങൾ 'ശറ്ഇ'ന് അനുയോജ്യമായിരിക്കുന്നിടത്തോളം, തൻെറ അഭിലാഷങ്ങൾക്ക് അവരുടെ അഭിലാഷങ്ങളെക്കാൾ ശ്രേഷ്ഠത കല്പിക്കാതിരിക്കുകയാണ്. 'ശറ്ഇ'ന് വിരുദ്ധമായി ജീവിക്കുകയോ, 'ശറ്ഇ'ന് വിരുദ്ധമായ ജീവിതത്തെ ഇഷ്ടപ്പെടുകയോ ചെയ്യുന്ന യാതൊരാളുംതന്നെ 'സൂഫിയ്യാ'യിരിക്കുകയില്ല. അങ്ങനെയുള്ള ഒരാൾ, താൻ 'സൂഫിയ്യാ'ണെന്നു വാദിക്കുന്നുണ്ടെങ്കിൽ, അവൻ അസത്യവാദിയാകുന്നു.

ദാസവൃത്തിയെന്നാലെന്തെന്നു് നീ എന്നോടു് ചോദിക്കുകയുണ്ടായി. മററാരും അറിയാതെ, എന്നല്ല—അല്ലാഹു ഒഴികെയുള്ള എല്ലാ വസ്തുക്കളെ സംബന്ധിച്ചുമുള്ള വിസ്മൃതിയോടെ അല്ലാഹുവിൻെറ തിരുസമക്ഷത്തിൽ ഹാജരാകുന്നതിൽ നിരതനാകുന്നതിനാണു് ദാസവൃത്തി എന്നു പറയപ്പെടുന്നതു്. മൂന്നു കാര്യങ്ങൾ കൂടാതെ അതു് സുസാധമല്ല. (1) 'ശറ്ഇ'ൻെറ (ഇസ്ലാമിക നിയമസംഹിതയുടെ )കല്പനയ്ക്കു വഴിപ്പെടുന്നതിൽ ജാഗരൂകനായിരിക്കുക. (2) അല്ലാഹുവിൻെറ വിധിയിലും, കല്പനയിലും, അവൻ നിശ്ചയിച്ച ഓഹരിയിലും തൃപ്തിപ്പെടുക. (3) നിൻെറ മനസ്സിനു് ഇഷ്ടപ്പെട്ടതിനെ തേടാതിരിക്കുകയും, നിനക്കുവേണ്ടി അല്ലാഹു ഇഷ്ടപ്പെട്ടതിൽ സന്തുഷ്ടനാവുകയും ചെയ്യുക.

'തവക്കുൽ' (അല്ലാഹുവിൽ ഭരമേല്പിക്കുക) എന്നാലെന്തെന്നു് നീ ചോദിക്കുകയുണ്ടായി. അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളതെന്തോ, അതിൽ ദൃഢവിശ്വാസമർപ്പിക്കുക എന്നതാണു് 'തവക്കുൽ' എന്നു് അറിയുക. വിപത്തുകൾ എത്രകണ്ടു് വർദ്ധിക്കുകയും ഭീകരമായിത്തീരുകയും ചെയ്താലും, അവയൊന്നും തന്നെ ദുർബ്ബലപ്പെടുത്താത്ത തരത്തിലുള്ളതായിരിക്കണം ആ ദൃഢവിശ്വാസം. അതായതു്, അല്ലാഹു നിനക്കു നിശ്ചയിച്ചിട്ടുള്ള ഓഹരിയെ തടയുന്നതിനു വേണ്ടി ലോകത്തുള്ളവരെല്ലാംകൂടി ഒരുമിച്ചുകൂടിയാലും, നിനക്കു് അതു ലഭ്യമാകുമെന്നും, ലോകത്തുള്ളവരെല്ലാംകൂടി നിന്നെ സഹായിച്ചാലും അല്ലാഹു വിഹിതിക്കാത്തതു് നിനക്കു ലഭിക്കുകയില്ലെന്നുമുള്ള പരിപൂർണ്ണബോദ്ധ്യം നിനക്കുണ്ടായിരിക്കണം.

അതുപോലെതന്നെ 'ഇഖ്ലാസു'' (നിഷ്കള കത) എന്നാലെന്തെന്നു് നീ ചോദിക്കുകയുണ്ടായി. നിൻെറ എല്ലാ പ്രവൎത്തനങ്ങളും അല്ലാഹുവിൻെറ തൃപ്തിക്കുവേണ്ടിയുള്ളതായിരിക്കുക എന്നതാണു് 'ഇ ഖ്ലാസു'' എന്നു അറിയുക. കൎമ്മാനുഷ്ഠാനത്തിന്റെ ലക്ഷണമായ പ്രഭ മുഖത്തു് പ്രത്യക്ഷപ്പെടുന്നതിനേ യും, നെററിത്തടത്തിൽ 'സുജൂദി'ൻെറ അടയാളം പതിയുന്നതിനേയും അഭിലഷിക്കുംപോലെ, സൃഷ്ടി കളിലേക്കുള്ള യാതൊരുവിധ തിരിഞ്ഞുനോട്ടവും കൎമ്മങ്ങൾ അനുഷ്ഠിക്കുമ്പോഴും അതിനുശേഷവും നിൻെറ ഹൃദയത്തിലുണ്ടാകാതിരിക്കണം. ജനങ്ങൾ നിന്നെ പ്രകീൎത്തിക്കുന്നതിൻെറ പേരിൽ നീ സന്തു ഷ്ടനാകാതെയും, നിന്നെ അവർ അധിക്ഷേപിക്കുന്ന തിൻെറ പേരിൽ നീ സന്തപ്തനാകാതെയും, അവ രണ്ടും നിൻെറ അടുക്കൽ ഒരുപോലെയായിരിക്കുക എന്നതു് നിൻെറ 'ഇഖ്ലാസി'ൻെറ ലക്ഷണങ്ങ ളിൽ പെട്ടതാണു്.

ജനങ്ങൾക്കു നീ മഹത്വം കല്പിക്കുന്നതിനാലാ ണു് 'രിയാഅ്'' (ജനബോദ്ധ്യതേച്ഛ) ഉണ്ടായിത്തീ രുന്നതു്. നിനക്കു് എന്തെങ്കിലും ഗുണമോ ദോഷ മോ ചെയ്വാൻ അവർ അശക്തരാണു്. അതുക യാൽ, ഇച്ഛാശക്തിയും പ്രവൎത്തനശേഷിയുമില്ലാത്ത നിർജ്ജീവ വസ്തുക്കളെന്നപോലെ ജനങ്ങളെ വീക്ഷി ക്കയും, അല്ലാഹുവിൻെറ 'ഖുദ്റത്തി'നു (ശക്തിക്കു) കീഴ്പ്പെട്ടവരായി അവരെ കരുതുകയും ചെയ്യുക എന്നതാണു് അതിൻെറ ചികിത്സ. അപ്രകാരം ചെയ്താൽ, ഈ രോഗത്തിൽനിന്നും നീ വിമുക്തനാ യിത്തീരുന്നതാണു്. അല്ലാത്തപക്ഷം, ജനങ്ങൾ

ശക്തരും ഇച്ഛാലുക്കളുമാണെന്നു് വിചാരിക്കുന്നവനാ യിരിക്കും നീ. 'രിയാഅ്' നിന്നിൽനിന്നു് വിട്ടുമാറു കയുമില്ല.

എൻെറ കുഞ്ഞേ; നിൻെറ മററു ചോദ്യങ്ങളാണെങ്കിൽ, എൻെറ ഗ്രന്ഥങ്ങളിൽ അവ ആലേഖിതമാണു്. അവിടെനിന്നും അവ നീ തേടിക്കൊൾക. അവയിൽ ചിലതു് എഴുതത്തക്കതല്ല. നീ അറിഞ്ഞതനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ, അതിൻെറ യാഥാർത്ഥ്യം നിനക്കു് പ്രത്യക്ഷീഭവിക്കുന്നതാണു്. ഇതിനുശേഷം വല്ല സംശയവും നിനക്കുണ്ടാവുകയാണെങ്കിൽ, സ്ഥിതിഗതിയുടെ നാവിലൂടെയല്ലാതെ എന്നോടു് നീ ചോദിക്കരുതു്. അല്ലാഹു പറയുന്നു: "നീ അവരിലേയ്ക്കു പുറപ്പെട്ടുവോളവും അവർ ക്ഷമിച്ചിരിക്കുകയാണെങ്കിൽ, അതാണു് അവർക്കു ഏററവും ഉത്തമമായിത്തീരുന്നതു്." അല്ലാഹുവിൻെറ വാക്യത്താൽ സൂചിതമായ 'ഖസ്സ്'റ'നബി(അ:)യുടെ ഉപദേശം നീ സ്വീകരിക്കുക: "എൻെറ ദൃഷ്ടാന്തങ്ങൾ ഞാൻ നിങ്ങൾക്കു പിറകേ കാണിച്ചുതരുന്നതാണു്. നിങ്ങൾ എന്നോടു ധൃതിപ്പെടരുതു്."

സഞ്ചരിക്കാതിരുന്നാൽ, "ഒരിക്കലും നീ ലക്ഷ്യസ്ഥാനം പ്രാപിക്കുകയില്ല; കണ്ടെത്തുകയുമില്ല" എന്നു ദൃഢമായി അറിയുക. അല്ലാഹു പറയുന്നു: "അവർ നോക്കിക്കാണുന്നതിനുവേണ്ടി, ഭൂമിയിൽ സഞ്ചരിക്കുന്നില്ലയോ?" എൻെറ കുഞ്ഞേ; വേഗത്തിൽ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ പ്രവേശിച്ചാൽ, നീ അൽഭുതങ്ങൾ കാണുന്നതാണു്.

എൻെറ കുഞ്ഞേ; കർമ്മാനുഷ്ഠാനത്തോടൊപ്പം, മോക്ഷപ്രാപ്തിയുടെ മാർഗ്ഗത്തിൽ ആത്മാവിനെ

ഉഴിഞ്ഞുവയ്ക്കാതെ നിനക്കു രക്ഷയില്ല. 'ദുന്നൂനിൽ മിസ്രിയ്യ്'(൧) തന്റെ ഒരു ശിഷ്യനോട് ഇപ്രകാരം പറയുകയുണ്ടായി: "ആത്മാവിനെ ദാനംചെയ്‌വാൻ നിനക്കു കഴിയുമെങ്കിൽ നിനക്കു സ്വാഗതം! അതു് നിനക്കു കഴിയുകയില്ലെങ്കിൽ, സൂഫിസ്റ്റുകളുടെ പ്രഹസനങ്ങളിലും വാദഗതികളിലും നീ ഏർപ്പെടരുതു്."

## വർജ്ജിക്കേണ്ട നാലു് കാര്യങ്ങൾ

എന്റെ കുഞ്ഞേ; നിന്റെ വിജ്ഞാനം 'ഖിയാമത്തി'ന്റെ ദിവസം നിന്റെ പ്രതിയോഗിയായി മാറാതെയും, നിനക്കെതിരായ പ്രമാണമായിത്തീരാതെയുമിരിക്കുന്നതിനായി എട്ടു് സദുപദേശത്തെ ഞാൻ സംഗ്രഹിക്കുന്നു. അവയിൽ നാലെണ്ണം വർജ്ജിക്കേണ്ടതും, നാലെണ്ണം അനുഷ്ഠിക്കേണ്ടതുമാകുന്നു.

(1) കഴിയുന്നിടത്തോളം വിവാദത്തിലേർപ്പെടാതിരിക്കുകയും, ഏതെങ്കിലും 'മസ്അല:' പറയുന്നവർക്കെല്ലാം എതിരായി രേഖകൾ സ്ഥാപിക്കാതിരിക്കുകയും ചെയ്യുക. അതിന്റെ വിപത്തുകൾ അസംഖ്യമാണു്; അതിന്റെ ദോഷം അതിന്റെ ഗുണത്തേക്കാൾ വളരെയധികമാണു്. 'രിയാഅ്'' (ജനമാന്യതേച്ഛ), വൈരാഗ്യം, അഹന്ത, ശത്രുത, ഡംഭ് തുടങ്ങിയ എല്ലാ ദുർഗ്ഗുണങ്ങളുടെയും ഉറവിടമാണതു്.

ഇനി നിന്റെയും മറ്റൊരാളിന്റെയും മദ്ധ്യേ ഒരു 'മസ്അല:' (നിയമപ്രശ്നം) ഉത്ഭവിക്കുകയും, വിവാദത്തിലൂടെ സത്യം വെളിപ്പെട്ടുമെന്നു് നീ വിചാരിക്കുകയും ചെയ്താൽ, ആ പ്രശ്നത്തിൽ ഇൗ

ഉദ്ദേശത്തോടുകൂടി ചർച്ച് നടത്താൻ നിനക്കു് അനുവാദമുണ്ടു്. എന്നാൽ, ഈ ഉദ്ദേശ്യത്തിൻെറ സത്യസന്ധതയ്ക്കു് രണ്ടു ലക്ഷണങ്ങളുണ്ടു്. സത്യം നിൻെറ നാവിലൂടെ വെളിപ്പെടുന്നതും, നിൻെറ പ്രതിയോഗിയുടെ നാവിലൂടെ വെളിപ്പെടുന്നതും തമ്മിൽ നീ വ്യത്യാസം കാണാതിരിക്കുക എന്നതാണു് ഒന്നാമത്തെ ലക്ഷണം. എന്നല്ല, യാഥാർത്ഥ്യം നിൻെറ പ്രതിയോഗിയിൽ നിന്നുതന്നെ വെളിപ്പെടാൻ നീ അഭിലഷിക്കണം. അതു് നിൻെറ പക്കൽനിന്നുള്ളതിനേക്കാൾ അവനു് സ്വീകാര്യയോഗ്യവും സ്വീകാര്യതയ്ക്കു് ബന്ധപ്പെട്ടതുമായിരിക്കും. ചർച്ച നടത്തുന്നതു് ജനമദ്ധ്യേവച്ചാകാതെ, ഒഴിഞ്ഞ സ്ഥലത്തുവച്ചായിരിക്കുന്നതിനെ നീ ഇഷ്ടപ്പെടുക എന്നതാണു് രണ്ടാമത്തെ ലക്ഷണം. എന്നാൽ സത്യം നിലകൊള്ളുന്നതു് നിൻെറ പക്കലാണെന്നുള്ള ഉത്തമബോദ്ധ്യത്തോടെ, നീ ഒരാളിനോടു് ഒരു 'മസ്അല:' പറയുകയും, എന്നിട്ടു് അയാൾ അതിനെ പരിഹസിച്ചു തള്ളുകയും ചെയ്താൽ, അവൻെറ മുമ്പിൽ രേഖകൾ സ്ഥാപിക്കാതെ നീ അകന്നുനില്ക്കുകയും, തൽസംബന്ധമായുള്ള സംസാരത്തെ നീ ഉപേക്ഷിക്കുകയും ചെയ്യുക. എന്തുകൊണ്ടെന്നാൽ, അതു ശത്രുതയിലേയ്ക്കു് വഴിതെളിക്കുന്നതാണു്. യാതൊരു ഫലവും അതുകൊണ്ടു് ഉണ്ടാവുകയുമില്ല.

ഒരു ഗുണപാഠം ഇത്തരുണത്തിൽ നിനക്കു് ഞാൻ പറഞ്ഞുതരാം. സംശയാസ്പദമായ സംഗതികളെക്കുറിച്ചു് ചോദിക്കുന്നതു് ഒരു രോഗി ഭിഷഗ്വരൻെറ മുമ്പിൽ തൻെറ രോഗം വെളിപ്പെടുത്തുന്നതുപോലെയും, ആ ചോദ്യങ്ങൾക്കു മറുപടി നല്കുന്നതു്

ഭിഷഗ്വരൻ ആ രോഗിയുടെ ശമനത്തിന്ന് ചികി ത്സിക്കുന്നതുപോലെയുമാണെന്ന് നീ അറിയുക. അപ്പോൾ അജ്ഞന്മാർ രോഗികളാണ്. പണ്ഡിതന്മാർ അവരുടെ ഭിഷഗ്വരന്മാരുമാണ്. ഒരു അപൂൎണ്ണപണ്ഡിതൻ ഭിഷഗ്വരനാകാൻ പററുകയില്ല. പരിപൂൎണ്ണപണ്ഡിതനായിരിക്കണം രോഗികളെ ചികിത്സിക്കേണ്ടതു്. അയാൾ രോഗത്തിൻെറ മൂലകാരണം കണ്ടുപിടിക്കുവാൻ ശ്രമിക്കുന്നതാണ്. രോഗം ചിലപ്പോൾ, ചികിത്സയ്ക്കു പററാത്തവിധം സങ്കീൎണ്ണമായിരിക്കും. അപ്പോൾ അതിൻെറ ചികിത്സയിൽ ഏൎപ്പെടാതിരിക്കുന്നതിലായിരിക്കും ഭിഷഗ്വരൻ വൈദഗ്ദ്ധ്യം പ്രകടിപ്പിക്കുന്നതു്.

അജ്ഞതയാകുന്ന ഈ രോഗം നാലുതരമുണ്ടെന്ന് നീ അറിയുക. അവയിൽ മൂന്നെണ്ണത്തിന്ന് ചികിത്സയേ ഇല്ല. ഒരെണ്ണം മാത്രമാണ് ചികിത്സയ്ക്കു പററുന്നതു്.

1. ചോദ്യമോ, സംശയമോ അസൂയയിൽനിന്നു നിർഗ്ഗളിച്ചതായിരിക്കുക. ചികിത്സയില്ലാത്ത ഒരു രോഗമാണ് അസൂയ. അവൻെറ ചോദ്യത്തിന്ന് എത്ര സുന്ദരവുംസുവ്യക്തവുമായമറുപടി നീ നല്കിയാലും, അതു് അവൻെറ അസൂയയെ വർദ്ധിപ്പിക്കുകയല്ലാതെ യാതൊരു ഫലവും ചെയ്കയില്ല. അങ്ങനെ അസൂയ വർദ്ധിക്കുന്തോറും അവൻെറ അഹന്തയും വർദ്ധിക്കുന്നതാണ്. ആകയാൽ, അവന്നു മറുപടി നല്കുന്നതിലേൎപ്പെടാതിരിക്കേണ്ടതാണ്. ഒരു കവി പറയുന്നു: "ഏതൊരു ശത്രുതയും നീങ്ങിപ്പോകുമെന്ന് ആശിക്കാം. അസൂയമൂലം നിന്നോടു വിരോധിച്ചിരിക്കുന്നവരുടെ ശത്രുത ഒഴികെ."

"നമ്മെ ഓൎമ്മിക്കുന്നതിൽനിന്നു് പിന്തിരിഞ്ഞ വനെ നീ വെടിയുക. ഭൗതികജീവിതത്തെയല്ലാതെ അവൻ അഭിലഷിച്ചിട്ടില്ല" എന്ന അല്ലാഹുവിൻെറ വാക്യത്തെ അവലംബമാക്കിക്കൊണ്ടു്, അവനിൽ നിന്നു നീ പിന്തിരിയുകയും, അവൻെറ രോഗത്തോ ടുകൂടെ അവനെ നീ വെടിയുകയുമാണു് അവനെ സംബന്ധിച്ചു കൈയ്ക്കൊള്ളേണ്ട നയം.

ഇനി അവനെ നീ നേരിടുകയും, അവനെ ചികിത്സിക്കുന്നതിൽ ഏൎപ്പെടുകയും ചെയ്യുകയാണെ ങ്കിൽ, തീൎച്ചയായും അവൻെറ അസൂയാഗ്നിയെ നീ ആളിക്കത്തിക്കുന്നതാണു്. സൽക്കൎമ്മങ്ങളെ നശിപ്പി ക്കുന്നതാണതു്. അഗ്നി വിറകിനെ ദഹിപ്പിക്കുന്നതു പോലെ, അസൂയ സൽക്കൎമ്മങ്ങളെ തിന്നുന്നതാണെന്നു ഹദീസിൽ വന്നിട്ടുണ്ടു്.

II. രോഗം പടുവിഡ്ഢിത്വത്തിൽനിന്നുള്ള തായിരിക്കുക. ഇതും ചികിത്സിക്കാൻ പററാത്ത രോഗമാണു്. ഈസാനബി(അ.) പറയുന്നു: "മരി ച്ചവരെ ജീവിപ്പിക്കുവാൻ എനിക്കു കഴിയാതെ വന്നി ട്ടില്ല. എന്നാൽ, വിഡ്ഢികളെ നന്നാക്കുവാൻ എനിക്കു കഴിയുന്നില്ല."

ഇവൻ രണ്ടോ മൂന്നോ ദിവസം വിജ്ഞാനസ മ്പാദനത്തിൽ ഏൎപ്പെട്ടിട്ടുള്ളവനായിരിക്കാം. എ ന്നാൽ, ബുദ്ധിപരമായ വിജ്ഞാനങ്ങളിൽ ഒട്ടുംതന്നെ അവൻ പ്രവേശിച്ചിട്ടുമില്ല. അതോടുകൂടെ അവൻ വിജ്ഞാനസമ്പാദനത്തിൽ ആയുഷ്കാലം ചെലവഴി ച്ചിട്ടുള്ള പണ്ഡിതന്മാരെ വിമൎശിക്കുന്നതാണു്. ഒരു

ചെറിയ വിദ്യാൎത്ഥി ഒരു മഹാപണ്ഡിതന്റെ നേരെ നടത്തുന്ന വിമൎശനത്തിന്റെ ഉറവിടം വിവരക്കേടും അജ്ഞതയുമാണെന്ന് അവൻ അറിയുന്നില്ല. തന്റെ വിവരക്കേടും വിഡ്ഢിത്വവുംമൂലം, അവന്റെ തൂക്കവും ആ പണ്ഡിതന്റെ തൂക്കവും അവന്ന് അറിഞ്ഞുകൂടാ. ആകയാൽ, അവന്റെ ചോദ്യത്തിന്ന് മറുപടി നല്കാതെ അവനെവിട്ട് തിരിഞ്ഞുകളയേണ്ടതാണ്.

III. ചോദ്യകൎത്താവ് തന്റെ ഗ്രഹണശക്തിയുടെ അപൂൎണ്ണതനിമിത്തം മഹാന്മാരുടെ സൂക്തം ഗ്രഹിക്കുവാൻ അൎഹതയില്ലാത്ത സന്മാൎഗ്ഗാന്വേഷകനായിരിക്കുക. നിഗൂഢമായ സംഗതികളെക്കുറിച്ച്, അവയെ തേടിപ്പിടിക്കുന്നവിധത്തിൽ അവൻ ചോദിക്കും. എന്നാൽ, ആ കാൎയ്യങ്ങളുടെ യാഥാൎത്ഥ്യങ്ങൾ കണ്ടെത്തുവാൻ അവൻ അപ്രാപ്തനാണുതാനും. തന്റെ ഗ്രഹണശക്തി അപൂൎണ്ണമാണെന്ന് അവൻ വിചാരിക്കുകയുമില്ല. ആകയാൽ, അവന്റെ ചോദ്യത്തിന്ന് മറുപടി നല്കുന്നതിലും നീ ഏൎപ്പെടരുത്. നബി(സ:അ:) പറയുന്നു: "ഞങ്ങൾ—പ്രവാചകസമൂഹം—ജനങ്ങളോട് അവരുടെ ഗ്രഹണശക്തിയുടെ തോതനുസരിച്ചു സംസാരിക്കുവാൻ കല്പിക്കപ്പെട്ടിരിക്കുന്നു."

IV. ചോദ്യകൎത്താവ് ബുദ്ധിമാനും പ്രതിഭാശാലിയും വിവേകിയുമായ സന്മാൎഗ്ഗാന്വേഷകനായിരിക്കുക. അതോടുകൂടി അവൻ കാമം, കോപം, അസൂയ, പണത്തോടും പ്രതാപത്തോടുമുള്ള തൃഷ്ണ എന്നിവയ്ക്ക് അധീനനുമല്ല. അവൻ ബുദ്ധിമുട്ടിക്കാതെ ചോദിച്ച് സത്യമാൎഗ്ഗത്തെ തേടുന്നതാണ്. ഇങ്ങ

നെയുള്ള രോഗികളെ ചികിത്സിക്കുവാൻ സാധിക്കും. എന്നല്ല, ഇവക്ക് മറുപടി നല്കേണ്ടതു് അവശ്യം ആവശ്യമാണു്; നിർബ്ബന്ധമാണു്.

വർജ്ജിക്കേണ്ട നാലു് കാര്യങ്ങൾ തുടരുന്നു

2) സദുപദേശപ്രസംഗം നടത്തുന്നതിനുമുമ്പു്, അതു് നിന്റെ ജീവിതത്തിലേയ്ക്കു പകർത്തിയിട്ടുണ്ടോ എന്നു് ഒരു ആത്മപരിശോധന നടത്തണം. നീ ഉപദേശിക്കുന്ന കാര്യങ്ങൾ അനുഷ്ഠിക്കുന്നവരിൽ ഒന്നാമൻ നീതന്നെയായിരിക്കണം. നീ പറയാൻ പോകുന്ന കാര്യം, നീ അനുഷ്ഠിച്ചിട്ടുണ്ടെന്നു് ഉത്തമബോദ്ധ്യം ഉണ്ടാകാത്തിടത്തോളം അതു് ഉപദേശിക്കരുതു്. ഈസാനബി(അ)യോടു് അല്ലാഹു ഇപ്രകാരം പറയുകയുണ്ടായി: “മർയമിന്റെ മകനേ; (ആദ്യമായി) നീ നിന്നോടു ഉപദേശിക്കുക. അതു് അനുഷ്ഠിച്ചശേഷം ജനങ്ങളോടു് ഉപദേശിക്കുക. അല്ലാത്തപക്ഷം എന്റെ മുമ്പിൽ നീ ലജ്ജിക്കുക!”

നീ അപ്രകാരം ചെയ്താൽ, സദുപദേശ പ്രസംഗംവഴി അല്ലാഹു നിന്നെ പരീക്ഷിക്കുന്നതാണു്. ആകയാൽ, രണ്ടു കാര്യങ്ങളിൽനിന്നു് നീ സൂക്ഷിച്ചു നില്ക്കണം. പ്രസംഗത്തിൽ ആംഗ്യവും ചാട്ടവും ഗാനവും ഉണ്ടാക്കിത്തീർക്കാതെയും, വാചകക്കസർത്തുകൾ നടത്താതെയും സൂക്ഷിക്കുക എന്നതാണു് ഒന്നാമത്തേതു്. പ്രഹസനകാരികളായ അത്തരം പ്രസംഗകരെ അല്ലാഹു ശത്രുക്കളുടെ ഗണത്തിൽ പെടുത്തുന്നതാണു്. അവരുടെ മാനസികവിനാശത്തേയും,

മതിമറന്ന ഹൃദയത്തേയുമാണ് അത്തരം പ്രഹസനങ്ങൾ വിളിച്ചറിയിക്കുന്നത്.

എന്നാൽ പ്രബോധനത്തിൻെറ പാരമോദ്ദേശ്യമാകട്ടെ, പാരത്രിക വിപത്തുകളെയും അത്യുന്നതനും അതിമഹാനുമായ യജമാനനുവേണ്ടി ചെയ്യുന്ന ഭൃത്യവൃത്തിയിലെ ന്യൂനതകളേയും സംബന്ധിച്ച് ഉദ്ബോധിപ്പിക്കുക എന്നതാണ്. സുരക്ഷിതമായ 'ഇൗമാനോ'ടുകൂടെ ഇഹലോകവാസം വെടിയുന്നതിനും, 'മലക്കുൽമൗത്തി'ൻെറ പിടി (മരണവേദന), മുൻകർ–നക്കീർ എന്ന മലക്കുകളുടെ ചോദ്യങ്ങൾ, അവക്ക് ഉത്തരം നല്കൽ എന്നിവയുടെ ഭീകരതയിൽനിന്നു രക്ഷപ്പെടുന്നതിനുമായി, നിന്റെ കഴിഞ്ഞകാലജീവിതത്തേയും, നിൻെറ പന്ഥാവിലുള്ള വിവിധ ദുർഘടഘട്ടങ്ങളേയും കുറിച്ച് നീ പരിചിന്തനം നടത്തുക. അതുപോലെതന്നെ അന്ത്യദിനം, അന്നത്തെ നിറുത്തം, വിചാരണ, കമ്മങ്ങളുടെ തൂക്കം, 'സിറാഥ്' വിട്ടുകടക്കൽ, നരകം, നരകയാതനകൾ എന്നിവയുടെ ഭീകരതയെ സംബന്ധിച്ചും നീ ചിന്തിക്കുക. സ്വയം ഓമ്മിക്കുകയും, മററുള്ളവരെ ഓമ്മിപ്പിക്കുകയും ചെയ്യേണ്ട കാര്യങ്ങളാണിതൊക്കെ. കൂടാതെ സദസ്യർ തങ്ങളുടെ കഴിഞ്ഞകാലത്തെ ജീവിതവൈകല്യങ്ങളെപ്പററി ഖേദപൂവ്വം ചിന്തിക്കുവാനും, അല്ലാഹുവിനു വഴിപ്പെടാതെ ജീവിതം കഴിച്ചുകൂട്ടി, ആയുഷ്കാലം വിനഷ്ടമാക്കിയതിൽ ദുഃഖിക്കുവാനുമായി നരകാഗ്നിയേയും നരകയാതനകളെയും കുറിച്ച് അവരുടെ ഹൃദയങ്ങളിൽ ഭയമുണ്ടാക്കിത്തീക്കുകയും, അതിനുവേണ്ടി അവരുടെ ന്യൂനതകളെയും വീഴ്ചകളെയും അവരെ തിര്യപ്പെടുത്തുകയും

ചെയ്യേണ്ടതാണു്. ചമല്ക്കാരങ്ങളും പ്രാസങ്ങളും മററും മനഃപൂൎവ്വം വരുത്താതെയും, വാചകക്കസത്തുകൾ നടത്താതെയും മേല്പറയപ്പെട്ട വിധത്തിൽ നടത്തപ്പെടുന്ന ഉപദേശങ്ങളുടെ സമാഹാരത്തിനാണു് സദുപദേശപ്രസംഗം എന്നു പറയപ്പെടുന്നതു്.

ഒരു ഗൃഹനാഥനെപ്പോലെയാണു് സദുപദേശപ്രസംഗകൻ. അയാളുടെ സന്തതികൾ, തന്റെ ഭവനത്തിലുണ്ടായിരിക്കവെ, ഒരു വെള്ളപ്പൊക്കമുണ്ടായി എന്നു വിചാരിക്കുക. ആ വെള്ളപ്പൊക്കം ഭവനത്തെ ബാധിക്കുമെന്നും, തൻെറ സന്തതികൾ അതിലകപ്പെട്ടുമെന്നും അയാൾ ഭയപ്പെടുന്നു. അപ്പോൾ, "ഓടി രക്ഷപ്പെട്ടു!! മക്കളേ, വെള്ളപ്പൊക്കം വരുന്നു!!!" എന്നിങ്ങനെ അയാൾ വിളിച്ചുപറയും. ചമല്ക്കാരങ്ങളും പ്രാസങ്ങളും ആംഗ്യങ്ങളുമുണ്ടാക്കുവാനും, വാചകക്കസത്തുകൾ നടത്തുവാനും ഈ അവസരത്തിൽ അയാൾ ഒരുമ്പെടുകയില്ല. ഈവിധത്തിലായിരിക്കണം ജനങ്ങളോടു് സദുപദേശപ്രസംഗം നടത്തേണ്ടതു്. പ്രസംഗമദ്ധ്യേ, സദസ്സിൽവച്ചു് വിങ്ങിപ്പൊട്ടുന്നവരോടും, കരയുന്നവരോടും, കൂടെക്കൂടെ ശബ്ദമുയൎത്തി പ്രകീൎത്തിക്കുന്നവരോടും നീ പ്രതിപത്തി കാണിക്കരുതു്. മതിമറന്ന ഹൃദയങ്ങൾ മാത്രമേ അതിലൊക്കെ പ്രതിപത്തി കാണിക്കുകയുള്ളു. നേരേമറിച്ചു് ഭൗതികത്വത്തിൽനിന്നു പാരത്രികത്വത്തിലേയ്ക്കും, കൎമ്മരാഹിത്യത്തിൽനിന്നു കൎമ്മാനുഷ്ഠാനത്തിലേയ്ക്കും, വിസ്മൃതിയിൽനിന്നു ജാഗ്രതയിലേയ്ക്കും, സുഖലോലുപതയിൽനിന്നു ഭയഭക്തിയിലേയ്ക്കും ജനങ്ങളെ തിരിച്ചുവിടുന്നതിലായിരിക്കണം നീ താല്പൎയ്യം കാണിക്കേണ്ടതു്. ത്യാഗത്തി

ൻെറയും, ദാസവൃത്തിയുടെയും വിഷയങ്ങളായിരിക്കണം നീ സംസാരിക്കേണ്ടതു്.

ശ്രോതാക്കളുടെ താല്പര്യം സ്രഷ്ടാവിൻെറ തൃപ്തിക്കു് വിരുദ്ധമായ കാര്യങ്ങളിലാണോ അല്ലയോ എന്നും, അവരുടെ പ്രതിപത്തി 'ശറ്ഇന്നു്' വിരുദ്ധമായ കാര്യങ്ങളിലാണോ അല്ലയോ എന്നും, അവരുടെ സ്വഭാവങ്ങളിലും ചെയ്തികളിലും മികച്ചുനില്ക്കുന്നതു് നന്മയോ തിന്മയോ എന്നും അയാൾ പരിശോധിച്ചറിയണം. ഒരാളുടെ ഭയം പ്രത്യാശയെക്കാൾ കൂടുതലാണെങ്കിൽ, അയാളെ പ്രത്യാശയിലേയ്ക്കു മടക്കിവിടണം. ഒരാളുടെ പ്രത്യാശ ഭയത്തേക്കാൾ കൂടുതലാണെങ്കിൽ, അയാളെ ഭയത്തിലേയ്ക്കു മടക്കിവിടണം. ചുരുക്കിപ്പറഞ്ഞാൽ, ജനങ്ങൾ സദസ്സിൽനിന്നു് എഴുന്നേററുപോകുമ്പോൾ പുറമേയും അകമേയും യാതൊരു ദുർഗ്ഗുണവും അവരിലുണ്ടായിരിക്കരുതു്. അവർ സൽഗുണസമ്പന്നരായിത്തീരണം; കർമ്മാനുഷ്ഠാനവിമുഖന്മാർ കർമ്മാനുഷ്ഠാനതല്പരരായി മാറണം; പാപകർമ്മതല്പരന്മാർക്കു്, അതിനോടു അറപ്പും വെറുപ്പുമുണ്ടാകണം. ആവിധത്തിലായിരിക്കണം സദുപദേശപ്രസംഗം നടത്തേണ്ടതു്.

അപ്രകാരത്തിലുള്ളതല്ലാത്ത ഏതൊരു പ്രസംഗവും ശ്രോതാക്കൾക്കും പ്രസംഗകനും ദുഷ്കരമായിരിക്കും. മാത്രമല്ല, ആ പ്രസംഗകൻ ഒരു ക്ഷുദ്രജീവിയും പിശാചുമായിരിക്കും. അവൻ അല്ലാഹുവിൻെറ മാർഗ്ഗത്തിൽനിന്നു് ജനങ്ങളെ വഴിതെററിക്കുകയും, അവരെ നിതാന്തനാശത്തിലകപ്പെടുത്തുകയും ചെയ്യുന്നതാണു്. ആകയാൽ, അവനിൽനിന്നു് ഓടിപ്പോ

കൽ ജനങ്ങൾക്കു നിർബ്ബന്ധമാണ്. അവൻ ഉണ്ടാക്കിത്തീൎക്കുന്നതുപോലുള്ള കുഴപ്പങ്ങൾ സൃഷ്ടിക്കുവാൻ പിശാചുക്കൾക്കും കഴിയുകയില്ല. അവനെ പ്രസംഗ പീഠത്തിൽനിന്നു് പിടിച്ചിറക്കി, അവൻെറ പ്രസംഗത്തെ തടയൽ കൈയ്യുകളുള്ളവൎക്കു നിർബ്ബന്ധമാണ്. "സൽക്കൎമ്മങ്ങൾ കല്പിക്കുകയും, നീചവൃത്തികൾ തടയുകയും ചെയ്യുക" എന്നതിൽ പെട്ടതാണതു്.

3) ഭരണാധികാരികൾ, രാഷ്ട്രീയനേതാക്കന്മാർ, ധനാഢ്യന്മാർ, വിധികൎത്താക്കൾ എന്നിവരോട്ടു് പ്രതിപത്തി പ്രകടിപ്പിക്കാതിരിക്കുക. അവരോടൊപ്പം ഇരിക്കുകയോ, അവരോട്ടു് സഹകരിക്കുകയോ ചെയ്യരുതു്. കണ്ണുയൎത്തി അവരെ നോക്കുക പോലും ചെയ്യരുതു്. അവരോടൊപ്പം ഇരിക്കുന്നതിലും, അവരോട്ടു് സഹകരിക്കുന്നതിലുമുള്ള വിപത്തുകൾ അനവധിയാണ്. അവരെ കാണേണ്ടതായിട്ടോ, അവരോടൊപ്പം ഇരിക്കേണ്ടതായിട്ടോ വന്നുകൂടിയാൽ, അവരെ നീ സ്തുതിക്കുകയും പ്രശംസിക്കുകയും ചെയ്യരുതു്. ഇനി അവർ നിന്നെ സന്ദൎശിക്കാൻ വന്നാലും ഇപ്രകാരമുള്ള നയമായിരിക്കണം അവരോട്ടു് നീ കൈയ്ക്കൊള്ളേണ്ടതു്. അല്ലാഹുവിൻെറ നിയമങ്ങളെ അതിലംഘിക്കുന്നവരേയും, അതിക്രമകാരികളേയും ഒരാൾ പ്രശംസിച്ചാൽ, അവൻ അല്ലാഹുവിൻെറ കോപത്തിനു് വിധേയനായിത്തീരും. ഒരു അതിക്രമകാരിയുടെ ദീർഘായുസ്സിനുവേണ്ടി ഒരാൾ പ്രാൎത്ഥിച്ചാൽ, അവൻ അല്ലാഹുവിൻെറ ഭൂമിയിൽ, അവൻെറ നിയമങ്ങൾ അതിലംഘിക്കപ്പെടുന്നതിനെ അനുകൂലിക്കുന്നവനായിത്തീരും.

4) അവരുടെ പക്കൽനിന്നു് യാതൊന്നും നീ സ്വീകരിക്കരുതു്. അതു് 'ഹലാലാ'യതാണെന്നു് നിനക്കു ബോദ്ധ്യമുണ്ടായാലും ശരി. അവരുടെ ധന സമ്പത്തുകളെ ആഗ്രഹിക്കൽ, ദീനിൻെറ വിനാശ ത്തിനും, കുതന്ത്രത്തിനും, അവിശുദ്ധ കൂട്ടുകെട്ടിനും, അവരുടെ പക്ഷംപിടിക്കുന്നതിനും, അവരുടെ അ തിക്രമങ്ങളോടു് യോജിക്കുന്നതിനും കാരണമായിത്തീ രും. നിയമലംഘനവും ദുർവൃത്തിയും തന്നിമിത്തം അവരിൽനിന്നുളവാകുകയും ചെയ്യും. ഇതെല്ലാം ദീനിനു് നാശകരമാണു്. അവരോടു് പ്രതിപത്തി കാണിക്കുക എന്നതാണു് തന്നിമിത്തം ഉളവാകുന്ന അനത്ഥങ്ങളിൽവച്ചേററവും ലഘുവായതു്. മറെറാ രാളോടു് പ്രതിപത്തി കാണിക്കുന്ന ഏതൊരാളും അവൻെറ ആയുഷ്കാലം മുഴുവനും അവനെ ഇഷ്ട പ്പെട്ടും. അവൻെറ ആയുഷ്കാലം മുഴുവനും അവനെ ഇഷ്ടപ്പെട്ടാൽ, അവൻെറ അതിക്രമങ്ങളേയും ലോക ത്തിൻെറ വിനാശത്തേയും അനുകൂലിക്കുകയായിരി ക്കും അയാൾ ചെയ്യുക. പിശാചു് നിന്നെ, അല്ലാ ഹുവിൻെറ മാർഗ്ഗത്തിൽനിന്നു് വഴിതെററിക്കാതെ രക്ഷിക്കണേ, രക്ഷിക്കണേ എന്നു് ഞാൻ അല്ലാഹു വിനോടു് പ്രാത്ഥിക്കുന്നു. അവരുടെ പക്കൽനിന്നു് നീ പണം വാങ്ങി, അതു് ദരിദ്രക്കും സാധുക്കൾക്കും ദാനം ചെയ്യുകയും നിൻെറ അത്യാവശ്യച്ചെലവുകൾ ക്കു് വിനിയോഗിക്കുകയും മററു നല്ല മാർഗ്ഗങ്ങളിൽ ചെലവഴിക്കുകയും ചെയ്യുന്നതു് കൊള്ളാമെന്നും, അതു് വാങ്ങാതിരുന്നാൽ, അവരതു് നിയമവിരുദ്ധ പ്രവത്തനങ്ങൾക്കും ദുർവൃത്തികൾക്കും വിനിയോഗി ക്കുമെന്നും പിശാചു് നിന്നോടു ഉപദേശിക്കും. ഇത്ത രം മാർഗ്ഗങ്ങളിലൂടെ എത്രയോ മനുഷ്യരുടെ രക്തമാ

ണ്ട് പിശാചുക്കൾ ചിന്തിയിട്ടുള്ളതു്! പണമോഹ ഹത്തിൻെറ വിപത്തുകൾ അനവധിയാണു്. നമ്മു ടെ 'ഇഹ്‌യാഉൽ ഉലൂം' എന്ന ഗ്രന്ഥത്തിൽ അവ നാം വിവരിച്ചിട്ടുണ്ടു്. അതിൽനിന്നു് അവ നീ പഠിച്ചുകൊൾക.

അനുഷ്ഠിക്കേണ്ട കാര്യങ്ങൾ

എൻെറ കുഞ്ഞേ; മേലെഴുതിയ നാലു് കാര്യ ങ്ങളേയും നീ വർജ്ജിക്കുക. അതുപോലെതന്നെ അനുഷ്ഠിക്കേണ്ട കാര്യങ്ങളും നാലെണ്ണമാകുന്നു. ആ നാലു് കാര്യങ്ങളും അനുഷ്ഠിക്കാതെ നിർവ്വാഹമില്ല.

1. നിൻെറ ഭൃത്യൻ—അവനെ സംബന്ധിച്ചു് നീ സംതൃപ്തനായിരിക്കവേ—നിൻെറ ആജ്ഞകൾ നിറവേററുന്നതിനെ എപ്രകാരമായിരിക്കും നീ ഇഷ്ട പ്പെടുക? അതുപോലെയാകത്തക്കവണ്ണമായിരിക്ക ണം നീ അല്ലാഹുവിൻെറ ആജ്ഞകൾ നിറവേററേ ണ്ടതു്. നിൻെറ ഭൃത്യൻ നിന്നോടു് പ്രവർത്തിക്കു വാൻ നീ ഇഷ്ടപ്പെടാത്ത യാതൊന്നും അല്ലാഹുവിനു വേണ്ടി അനുഷ്ഠിക്കുന്ന ദാസവൃത്തിയിൽ നിൻെറ പക്കൽനിന്നു് ഉണ്ടായിക്കൂടാ. അവൻ നിൻെറ ദാസനല്ല; നീ ആകട്ടെ, അല്ലാഹുവിൻെറ ദാസനാ കുന്നു. നീ അവൻെറ സൃഷ്ടിയാണു്; അവൻ നിൻെറ സ്രഷ്ടാവും!

2. ജനങ്ങൾ നിന്നോടു് എപ്രകാരം പെരുമാ റുവാൻ നീ അഭിലഷിക്കുന്നുവോ, അതുപോലെ അ വരോടും നീ പെരുമാറുക. നബി(സ.അ.) പറയുന്നു: "ഒരു മനുഷ്യൻ തനിക്കുവേണ്ടി എന്തു് അഭിലഷി

ക്കുന്നുവോ, അതിനെ മററു ജനങ്ങൾക്കുവേണ്ടിയും അഭിലഷിക്കുന്നതുവരെ അവൻെറ വിശ്വാസം പൂർണ്ണമാവുകയില്ല.

3. ഫലവത്തായ വിജ്ഞാനത്തിൽ ഏർപ്പെടുക. നിൻെറ ആയുസ്സിൽനിന്ന് ഒരാഴ്ചക്കാലമേ ഇനി ശേഷിച്ചിട്ടുള്ളുവെന്ന് നീ അറിഞ്ഞാൽ, ഏതുവിഷയത്തിലായിരിക്കുമോ നീ ഏർപ്പെടുന്നത് അതേ സംബന്ധിച്ചുള്ള വിജ്ഞാനമാണത്. അപ്പോൾ വൈയാകരണം, വൈദ്യം എന്നിവപോലെയുള്ള വിജ്ഞാനങ്ങളിൽ നീ ഏർപ്പെടുകയില്ലെന്നുള്ളത് സുവിദിതമാണ്. അത്തരം വിജ്ഞാനങ്ങൾ നിന്നെ തുണയ്ക്കുകയില്ലെന്ന് നിനക്കറിയാം. എന്നാൽ ഹൃദയത്തെ നിരീക്ഷിക്കുന്നതിലും, അതിൻെറ സ്വഭാവഗുണങ്ങളെ അറിയുന്നതിലും, ദുർഗ്ഗുണങ്ങളിലും ഭൗതികബാന്ധവങ്ങളിലുംനിന്ന് അതിനെ ശുദ്ധീകരിക്കുന്നതിലും, അല്ലാഹുവിനോടുള്ള സ്നേഹവും സൽസ്വഭാവങ്ങളും കൊണ്ട് അതിനെ ചമയിക്കുന്നതിലും, മററ് 'ഇബാദത്ത്'കളിലുമായിരിക്കും അപ്പോൾ നീ ഏർപ്പെടുക.

എൻെറ കുഞ്ഞേ; ഒരേ ഒരു വാക്ക് നീ ശ്രവിക്കുകയും, അതിൻെറ യാഥാർത്ഥ്യത്തെക്കുറിച്ച് ചിന്തിക്കുകയും, അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക. നിൻെറ ഭദ്രതയേയും സുരക്ഷിതത്വത്തേയും അതിൽ നീ കണ്ടെത്തുന്നതാണ്. നിശ്ചയം.

ഈ രാജ്യത്തെ ഭരണാധിപൻ, ഈ ആഴ്ചയിൽ നിന്നെ കാണാൻ ഉദ്ദേശിച്ചിരിക്കയാണെന്നുള്ള ഒരു വിവരം നിനക്കു ലഭിച്ചെന്ന് വിചാരിക്കുക. എ

ന്നാൽ, തീർച്ചയായും അയാളുടെ കണ്ണെത്തുന്ന ഭാഗങ്ങളെല്ലാം മിനുസ്സപ്പെടുത്തുന്നതിലല്ലാതെ, മറെറാന്നിലും ഈ ആഴ്ചയിൽ നീ ഏപ്പെട്ടുകയില്ലെന്നു് എനിക്കറിയാം. ഇക്കാര്യം നീ മനസ്സിലാക്കിയാൽ, അല്ലാഹുവിൻെറ നോട്ടസ്ഥാനത്തെ മിനുസ്സപ്പെടുത്തുന്നതിലല്ലാതെ മറെറാന്നിലും ഏപ്പെടുന്നതു് ശരിയല്ലെന്നു നിനക്കു് ബോദ്ധ്യപ്പെടുന്നതാണു്. അല്ലാഹുവിന്റെ നോട്ടസ്ഥാനം ഹൃദയമാണു്. നബി(സ.അ.) പറയുന്നു: "തീർച്ചയായും, അല്ലാഹു നിങ്ങളുടെ ശരീരപ്രകൃതങ്ങളിലേക്കോ, നിങ്ങളുടെകമ്മത്രൂപങ്ങളിലേക്കോ അല്ല നോക്കുന്നതു്. പക്ഷേ, നിങ്ങളുടെ ഹൃദയങ്ങളിലേയ്ക്കും നിങ്ങളുടെ മനോവൃത്തിയിലേക്കുമായിരിക്കും അവൻ നോക്കുക." ഹൃദയത്തിൻെറ സ്ഥിതിഗതികളെ സംബന്ധിച്ച വിജ്ഞാനം അഭ്യസിക്കുവാൻ നീ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, എൻെറ 'ഇഹ്‌യാഉൽഉലൂം' എന്ന ഗ്രന്ഥത്തിൽനിന്നും, എൻെറ മററു ഗ്രന്ഥങ്ങളിൽനിന്നും അതു് നീ പഠിച്ചുകൊൾക. അതു് എല്ലാ മുസ്ലിംകളുടെയും വൈയക്തിക കടമയാണു്. മററു വിജ്ഞാനങ്ങളാണെങ്കിൽ, ആജ്ഞാനുവത്തനത്തിനും പാപവജ്ജനത്തിനും ഉതകുന്ന തോതിൽ പഠിച്ചുകഴിഞ്ഞാൽ ബാക്കിയുള്ളതെല്ലാം സാമൂഹ്യകടമയാകുന്നു.

4. ഒരു വഷത്തേതിൽ ഏറാതെയുള്ള ഭക്ഷണം നിൻെറ കുടുംബത്തിനുവേണ്ടി കരുതിവയ്ക്കുക. "അല്ലാഹുവേ, മുഹമ്മദിൻെറ കുടുംബത്തിൻെറ ഭക്ഷണത്തെ നീ പര്യാപ്തമാക്കേണമേ!" എന്നു് നബി

(സ. അ.) അവിട്ടത്തെ ഭാര്യമാൎക്കുവേണ്ടി പ്രാൎത്ഥിച്ചിരുന്നു. എന്നാൽ നിശ്ചയദാർഢ്യതാശേഷിയില്ലാത്ത ഭാര്യമാൎക്കുവേണ്ടിയല്ലാതെ, എല്ലാ ഭാര്യമാൎക്കുവേണ്ടിയും അപ്രകാരം പ്രാൎത്ഥിച്ചിരുന്നില്ല. സന്നിദത്തു് ആഇശാ(റ)യെപ്പോലുള്ളവൎക്കാണെങ്കിൽ, ഒരു വൎഷത്തേതു പോകട്ടെ, ഒരു ദിവസത്തെ ഭക്ഷണംപോലും തുടർച്ചയായി ഉണ്ടായിരുന്നില്ല.

## പ്രാർത്ഥന

എൻെറ കുഞ്ഞേ; എന്നോടു നീ ആവശ്യപ്പെട്ടിരുന്നതു് മുഴുവനും ഈ 'സന്ദേശ'ത്തിൽ എഴുതിയിട്ടുണ്ടു്. ഇതു മുഴുവനും നീ പ്രാവൎത്തികമാക്കണം. അതിനിടയിൽ എനിക്കുവേണ്ടി പ്രാൎത്ഥിക്കുവാൻ നീ മറക്കരുതു്.

നീ ആവശ്യപ്പെട്ടിട്ടുള്ള പ്രാൎത്ഥനകളാണെങ്കിൽ, 'സിഹാഹി'ലും, 'താരീഖു അഹ്‌ലിൽ ബൈത്തി'ലും പറയപ്പെട്ടിട്ടുണ്ടു്. അവിടെനിന്നു് അവ നീ പഠിച്ചുകൊൾക. ഇപ്പോൾ താഴെപ്പറയുന്ന പ്രാൎത്ഥന നിന്നെ ഞാൻ ഓൎമ്മപ്പെടുത്തുന്നു. അതു് നീ നിത്യവും ഓതുക. നമസ്കാരങ്ങൾക്കുശേഷം വിശേഷിച്ചും. അതു് ഇപ്രകാരമാണു്:

"അല്ലാഹുവേ; സൗഭാഗ്യപൂൎണ്ണതയേയും, നിർദ്ദോഷത്വസുസ്ഥിരതയേയും, കാരുണ്യാതിരേകത്തേയും, ആരോഗ്യലബ്ധിയേയും നിന്നോടു ഞാൻ ചോദിക്കുന്നു. ഏററവും സുഭിക്ഷമായ ജീവിതത്തേയും,

ഏററവും വിജയകരമായ ആയുസ്സിനേയും, ഏററവും പൂർണ്ണമായ നന്മയേയും, ഏററവും വിപുലമായ അനുഗ്രഹത്തേയും, ഏററവും നിർമ്മലമായ ഔദാര്യത്തേയും, ഏററവും ആസന്നമായ ദയയേയും, ഏററവും നല്ലതായ കർമ്മത്തേയും, ഏററവും ഫലവത്തായ വിജ്ഞാനത്തേയും, ഏററവും വിശാലമായ ഉപജീവനത്തേയും നിന്നോടു ഞാൻ ചോദിക്കുന്നു. അല്ലാഹുവേ, നീ ഞങ്ങളുടെ സഹായി ആകേണമേ! നീ ഞങ്ങളുടെ പ്രതിയോഗിയാകരുതേ! അല്ലാഹുവേ, ഞങ്ങളുടെ കാലാവധിയെ നീ വിജയപൂർവ്വം അവസാനിപ്പിക്കേണമേ! ഞങ്ങളുടെ കർമ്മങ്ങളെ നീ വർദ്ധനവോടെ സ്ഥിരീകരിക്കേണമേ! ഞങ്ങളുടെ പ്രഭാതത്തേയും പ്രദോഷത്തേയും നീ സൗഖ്യമയമാക്കേണമേ! നിൻെറ മാപ്പാകുന്ന ഔദാര്യത്തെ ഞങ്ങളുടെ പാപങ്ങളുടെമേൽ നീ ചൊരിയേണമേ! ഞങ്ങളുടെ ന്യൂനതകളെ നന്നാക്കുവാൻ ഞങ്ങളെ നീ സഹായിക്കേണമേ! ഭയഭക്തിയെ ഞങ്ങളുടെ യാത്രാഭക്ഷണമാക്കേണമേ! ഞങ്ങളുടെ പരിശ്രമത്തെ നിൻെറ ദീനിലാക്കിത്തീർക്കേണമേ! ഞങ്ങളുടെ അർപ്പണത്തേയും, ഞങ്ങളുടെ ആശ്രയത്തേയും നിൻെറമേൽ മാത്രമാക്കിത്തീർക്കേണമേ! ഞങ്ങളുടെ ഇലാഹേ, നേർമാർഗ്ഗത്തിൽ ഞങ്ങളെ നീ സ്ഥിരപ്പെടുത്തേണമേ! ഖിയാമത്തിൻെറ ദിവസം ഖേദമുളവാക്കുന്ന കാര്യങ്ങളിൽനിന്ന് ഞങ്ങളെ നീ കാത്തുരക്ഷിക്കേണമേ! പാപഭാരത്തെ ഞങ്ങളിൽനിന്ന് നീ ലഘൂകരിക്കേണമേ! പുണ്യവാന്മാരുടെ ജീവിതത്തെ ഞങ്ങൾക്കു നീ പ്രദാനംചെയ്യേണമേ! ഉപദ്രവകാരികളുടെ ഉപദ്രവത്തെ ഞങ്ങളിൽനിന്ന് നീ തടയുകയും തിരിച്ചുവിടുകയും ചെയ്യേണമേ! ഞങ്ങളേയും ഞങ്ങളുടെ മാതാപിതാ

ക്കളേയും നരകത്തിൽനിന്നും, കടത്തിൽനിന്നും, അ നീതികളിൽനിന്നും നീ മോചിപ്പിക്കേണമേ! യാ അസീസ്, യാ ഗഫ്ഫാറ്, യാ കരീമ്, യാ സത്താറ്, യാ ഹലീമ്, യാ ജബ്ബാറ്—ബിറഹ്മ ത്തിക്ക യാ അറ്ഹമർ റാഹിമീൻ! വസല്ലല്ലാഹ്ഹു വസല്ലമ, അലാ—ഖൈറി ഖൽഖിഹി മുഹമ്മദിൻ, വ ആലിഹി, വസഹ്ബിഹി, അജ്മഈൻ. വൽ ഹംദുലില്ലാഹി റബ്ബിൽ ആലമീൻ. ആമീൻ.

★

[ഇമാം ഗസാലി(റ)യുടെ "ഖുലാസത്തുത്തസാ നീഫ്" എന്ന ലഘുഗ്രന്ഥത്തിൻെറ പരിഭാഷ ഇവിടെ അവസാനിച്ചു. ഇനി, അദ്ദേഹത്തിൻെറ മറെറാരു പ്രശസ്ത ഗ്രന്ഥമായ "ബിദായത്തുൽ ഹിദായത്ത്" എന്ന അറബിഗ്രന്ഥത്തിൻെറ പരി ഭാഷ തുടന്ന് വായിക്കുക.]

## ഭാഗം രണ്ട്:

# ബിദായത്തുൽ ഹിദായ:

### അഥവാ

# സന്മാർഗ്ഗത്തിൻെറ മുഖവുര

---

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

സർവ്വസ്തുതിയും അല്ലാഹുവിനാകുന്നു. ലോകാനുഗ്രഹിയായ മുഹമ്മദുനബിയിലും, അവിടുത്തെ അനുചരന്മാരിലും അല്ലാഹുവിൻെറ കാരുണ്യവും സമാധാനവും സദാ വർഷിക്കുമാറാകട്ടെ! ആമീൻ.

യഥാർത്ഥമായ ആഗ്രഹവും, നിസ്സീമമായ പ്രേമവും സ്വയം പ്രകടിപ്പിച്ചുകൊണ്ട്, വിജ്ഞാനം പകർന്നെടുക്കുവാൻ മുന്നിട്ടിറങ്ങിയ ജ്ഞാനതൃഷ്ണകാ! നീ അറിയുക: സ്ഥാനമാനങ്ങൾ കൈയ്‌വരുത്തണം, സമകാലികന്മാരുടെ ഇടയിൽ മുൻഗണന നേടണം, ജനമുഖങ്ങളെ നിന്നിലേയ്ക്ക് ആകർഷിക്കണം, ഭൗതികവിഭവങ്ങൾ സമാർജ്ജിക്കണം, പെരുമയും മാത്സര്യവും പ്രകടമാക്കണം എന്നൊക്കെയാണ്(മത) വിദ്യാഭ്യാസംകൊണ്ട് നീ ഉദ്ദേശിക്കുന്നതെങ്കിൽ, നീ

നിൻെറ മതത്തെ പൊളിക്കുന്നതിനും നിന്നെത്തന്നെ നശിപ്പിക്കുന്നതിനും ഇഹലോകത്തിനുവേണ്ടി പരലോകത്തെ വില്ക്കുന്നതിനും പരിശ്രമിക്കുന്നവനാണ്. അതോടൊപ്പം നിൻെറ ഈ വിനിമയം പരാജിതവും, വ്യാപാരം നഷ്ടകരവുമാകുന്നു. നിൻെറ ഗുരുനാഥൻ നിയമലംഘനത്തിന് നിന്നെ സഹായിക്കുന്നവനും, നിൻെറ പരാജയത്തിൽ പങ്കുള്ളവനുമാണ്. വഴിക്കൊള്ളക്കാരന് വാൾവില്ക്കുന്നവനെപ്പോലെയാണയാൾ. നബി(സ.) പറയുന്നു: "ഒരു വാക്കിൻെറ അംശംകൊണ്ടായാലും, ആരെങ്കിലും ഒരു ദുഷ്കൃത്യത്തിന് സഹായം നല്കിയാൽ, ആ ദുഷ്കൃത്യത്തിൽ അവനും പങ്കാളിയാകുന്നു."

ഇനി(മത)വിദ്യാഭ്യാസംകൊണ്ട് നിൻെറയും അല്ലാഹുവിന്റെയും മദ്ധ്യെയുള്ള നിൻെറ ലക്ഷ്യവുംമനോഗതിയും കേവലം കേട്ടുപകർത്തലല്ലാതെ—സന്മാർഗ്ഗത്തിൽ ചരിക്കണമെന്നുള്ളതായാൽ നീ അനുമോദിതനാകുക. നീ നടക്കുമ്പോൾ, മലക്കുകൾ അവരുടെ ചിറകുകൾ നിനക്ക് വിരിപ്പാക്കിത്തരും; നീ യത്നിക്കുമ്പോൾ സമുദ്രത്തിലെ മത്സ്യങ്ങൾ നിൻെറ പാപം പൊറുത്തുതരാൻ (അല്ലാഹുവിനോട്) പ്രാർത്ഥിക്കും.

എന്നാൽ, വിജ്ഞാനത്തിൻെറ ഫലമായി സ്ഥിതിചെയ്യുന്ന സാന്മാർഗ്ഗികതത്വമാകട്ടെ, അതിന് ഒരു ആദിയും അവസാനവും, അകവും പുറവുമുണ്ടെന്നും, അതിൻെറ ആദിയെ ഉറപ്പിച്ചതിനുശേഷമല്ലാതെ അതിൻെറ അവസാനത്തെ പ്രാപിക്കുകയില്ലെന്നും, അതിൻെറ പുറം മനസ്സിലാക്കിയതിനുശേഷമ

ല്ലാതെ അതിൻെറ അക്കം കണ്ടുകിട്ടുകയില്ലെന്നും എല്ലാററിനെക്കാളും മുമ്പ് നീ മനസ്സിലാക്കണം. സാന്മാൎഗ്ഗികത്വത്തിൻെറ ആദിയെ നീ നിനക്ക് അനുഭവപ്പെടുത്തുന്നതിനും, അതുകൊണ്ട് നിൻെറ ഹൃദയത്തെ പരിശോധിക്കുന്നതിനുമായി ഇതാ അതിനെ ഞാൻ നിർദ്ദേശിച്ചുതരുന്നു. അതിനോട് നിൻെറ ഹൃദയം അനുഭാവം പ്രകടിപ്പിക്കുന്നതായും, നിൻെറ ശരീരം അതിന് വിധേയമായി അതിനെ കൈയ്ക്കൊള്ളുന്നതായും നീ കണ്ടാൽ, അതിൻെറ അവസാനത്തിലേക്ക് കയറിച്ചെല്ലുവാനും, വിജ്ഞാനസമുദ്രത്തിൽ കടന്നിറങ്ങുവാനും നീ ആരംഭിക്കുക.

ഇനി അതുമായി അഭിമുഖീകരിക്കുമ്പോൾ, അതിൻെറ അനുഷ്ഠാനത്തിനു താമസം വരുത്തുന്നതായും, അതിൻെറ ഗതിക്കനുസൃതമായി പ്രവൎത്തിക്കുവാൻ ഉദാസീനത കാണിക്കുന്നതായും നിൻെറ ഹൃദയത്തെ നീ കണ്ടെത്തിയാൽ, വിജ്ഞാനസമ്പാദനത്തിൽ അനുഭാവം പ്രകടിപ്പിക്കുന്ന നിൻെറ മനസ്സ്, തീർച്ചയായും ദുഷ്കൃത്യത്തിന് പ്രേരിപ്പിക്കുന്ന മനസ്സാണെന്നും, ആ മനസ്സ് പൈശാചികവഞ്ചനയാകുന്ന കയറുകൊണ്ട് നിന്നെ കെട്ടിത്താഴ്ത്താൻവേണ്ടി ശപിക്കപ്പെട്ട പിശാചിന് വഴിപ്പെട്ടുനില്ക്കുകയാണെന്നും അറിയുക. ആ പിശാചിൻെറ ലക്ഷ്യം നന്മയെ എടുത്തുകാണിച്ചുകൊണ്ട് തിന്മ നിന്നിൽ നടപ്പിൽ വരുത്തുകയെന്നുള്ളതായിരിക്കവേ, അവൻ തൻ്റെ തന്ത്രംകൊണ്ട് നാശഗർത്തത്തിലേക്ക് നിന്നെ ക്രമേണ കൊണ്ടുചെന്നെത്തിക്കും. അങ്ങനെ പ്രവൃത്തികൾ നഷ്ടപ്പെട്ട കൂട്ടരോട് അവൻ നിന്നെ കൊണ്ടുചെന്ന് ചേർക്കും. തങ്ങൾ നന്മ ചെയ്യുന്നവരാ

ണെന്നു് അവർ ധരിച്ചിരിക്കവേ, ഇഹലോകജീവിതത്തിലെ അവരുടെ യത്നം വഴിപിഴച്ചുപോയിരിക്കുന്നു.

"ആരെങ്കിലും അറിവിനെ വർദ്ധിപ്പിക്കുകയും, സന്മാർഗ്ഗാചാരത്തെ വർദ്ധിപ്പിക്കാതിരിക്കുകയും ചെയ്താൽ, അവൻ അല്ലാഹുവിൽനിന്നു് അകൽച്ചയെ അല്ലാതെ വർദ്ധിപ്പിക്കുകയില്ല" എന്ന നബിവചനത്തെ സംബന്ധിച്ചും, "ലോകാവസാനദിവസത്തിൽ അതികഠിനമായ ശിക്ഷ അനുഭവിക്കുന്നവൻ, തൻെറ അറിവുകൊണ്ടു് അല്ലാഹു അവനു് ഉപകാരം ചെയ്തിട്ടില്ലാത്ത ആലിമാകുന്നു" എന്ന നബിവചനത്തെ സംബന്ധിച്ചും, "അല്ലാഹുവേ, ഫലംചെയ്യാത്ത അറിവിൽനിന്നും, ഭയഭക്തിയുണ്ടാകാത്ത ഹൃദയത്തിൽനിന്നും, സ്വീകരിക്കപ്പെടാത്ത കർമ്മത്തിൽനിന്നും, ശ്രവിക്കപ്പെടാത്ത പ്രാത്ഥനയിൽനിന്നും നിന്നോടു് ഞാൻ രക്ഷതേടുന്നു എന്നു നബി(സ:) പ്രാത്ഥിക്കാറുണ്ടായിരുന്നു" എന്ന ഹദീസിനെ സംബന്ധിച്ചും, "എനിക്കു് ഇസ്രാഅ് ഉണ്ടായ രാത്രിയിൽ തീയുടെ കത്രികകൾകൊണ്ടു് ചിറികൾ കത്രിക്കപ്പെടുന്ന ഒരു ജനവിഭാഗത്തിൻെറ സമീപത്തുകൂടി ഞാൻ നടന്നുപോരുകയും, നിങ്ങൾ ആരാണെന്നു് ചോദിക്കുകയും ചെയ്തപ്പോൾ ഞങ്ങൾ നന്മയെ ഉപദേശിച്ചിരുന്നവരും, എന്നാൽ അതു് പ്രവത്തിക്കാതിരുന്നവരും, തിന്മയെ നിരോധിച്ചിരുന്നവരും, എന്നാൽ അതു് പ്രവത്തിച്ചിരുന്നവരും ആയിരുന്നു എന്നു് അവർ മറുപടി പറഞ്ഞു" എന്ന നബിവചനത്തെ സംബന്ധിച്ചും ഇത്തരുണത്തിൽ ആ പിശാചു് നിന്നെ വിസ്മൃതിയിലാക്കും. വിജ്ഞാനത്തിൻെറ ശ്രേഷ്ഠതയേയും, പണ്ഡിതന്മാരുടെ പദവിയേ

യും, തദ്വിഷയത്തിൽ വന്നിട്ടുള്ള നബിവാക്യങ്ങളേയും മഹദ്വചനങ്ങളേയും നിന്നെ അവൻ ഓതികേൾപ്പിക്കുകയും ചെയ്യും.

അല്ലയോ സാധു! ആ പിശാചിൻെറ പ്രലോഭനങ്ങൾക്ക് വശംവദനാകുന്നതിനേയും, അവൻെറ വഞ്ചനയാകുന്ന കയറിൽ തൂങ്ങിക്കിടക്കുന്നതിനേയും നീ ഭയപ്പെട്ടുക!! ഒരു അജ്ഞന്, താൻ ഒരിക്കൽ പോലും പഠിക്കാതിരിക്കുമ്പോൾ നാശം ഭവിക്കട്ടെ!! അറിവുള്ളവന്, താൻ അറിഞ്ഞതനുസരിച്ച് ആയിരം പ്രാവശ്യം പ്രവർത്തിക്കാതിരിക്കുമ്പോൾ നാശം ഭവിക്കട്ടെ!!! വിദ്യാഭ്യാസവിഷയത്തിൽ ജനങ്ങൾ മൂന്നു തരക്കാരാണെന്ന് നീ അറിയുക. ഒന്നാമത്തവൻ, അല്ലാഹുവിൻെറ തൃപ്തിയും പരലോക ഭവനവും മാത്രം ലക്ഷ്യമാക്കി—വിദ്യയെ പരലോകത്തേക്കുള്ള വഴിഭക്ഷണമാക്കിത്തീർക്കുവാൻവേണ്ടി — പഠിച്ചവനാണ്. ഇവൻ വിജയികളുടെ കൂട്ടത്തിൽ പെട്ടവനാണ്. രണ്ടാമത്തവൻ, ഈ ക്ഷണികമായ ജീവിതത്തിന് സഹായമാകുകയും, ലൗകികമായ ശ്രേയസ്സും മേന്മയും നേടുകയും ചെയ്യുന്നതിനുവേണ്ടി വിദ്യ അഭ്യസിച്ചിട്ടുള്ളവനാണ്. ഇക്കാരണത്താൽ തൻെറ അവസ്ഥയുടെ ബലഹീനതയും, തൻെറ ലക്ഷ്യത്തിൻെറ നിന്ദ്യാവസ്ഥയും അവൻ സ്വയമേവ ഹൃദയത്തിൽ ബോധപ്പെട്ടുകൊണ്ടിരിക്കുന്നവനാണ്. ഇവൻ അപകടത്തിൽ പെട്ടവനുമാണ്. പശ്ചാത്താപത്തിനു മുമ്പ് അവൻെറ ആയുസ്സ് പെട്ടെന്ന് അവസാനിച്ചുപോയാൽ അവൻെറ അന്ത്യം ദുർമ്മരണത്തിൽ കലാശിക്കുന്നതിനെക്കുറിച്ച് ഭയപ്പെടേണ്ടതാണ്.

അവൻെറ കാര്യം അല്ലാഹുവിൻെറ 'വേണ്ടുക' യുടെ ഗൗരവാവസ്ഥയിൽ അവശേഷിക്കും. ആയുസ്സ് അവസാനിക്കുന്നതിനുമുമ്പ്, അവൻ പശ്ചാത്താപത്തിന്ന് അനുഗ്രഹിക്കപ്പെട്ടുകയും, അറിവിനോട്ട് പ്രവൃത്തിയെ കൂട്ടിച്ചേർക്കുകയും, താൻ കൃത്യവിലോപം വരുത്തിയതിലുള്ള വിടവുകൾ പരിഹരിക്കുകയും ചെയ്താൽ, വിജയികളോട്ട് അവൻ ചേരും. എന്തുകൊണ്ടെന്നാൽ ദോഷത്തിൽനിന്ന് പശ്ചാത്തപിച്ച് മടങ്ങുന്നവൻ, യാതൊരു ദോഷവും ഇല്ലാത്തവനെപ്പോലെയാണ്. മൂന്നാമത്തവനാണെങ്കിൽ, ഇവനെ പിശാച് തികച്ചും സ്വാധീനമാക്കിയിരിക്കുന്നു. അതിനാൽ അവൻ ധനംകൊണ്ട് പെരുമ കാണിക്കുന്നതിനും, പ്രശസ്തികൊണ്ട് മേന്മ പ്രകടിപ്പിക്കുന്നതിനും, അനുഗാമികളെ വർദ്ധിപ്പിച്ച് പ്രതാപം കാണിക്കുന്നതിനും തൻെറ അറിവിനെ ഒരു ഉപാധിയാക്കിത്തീർത്തിരിക്കുന്നു.

തൻെറ ഭൗതികമായ താല്പര്യം നിറവേററണമെന്നാഗ്രഹിച്ചുകൊണ്ട്, അവൻ തൻെറ അറിവുമായി പഴുതുള്ളിടത്തെല്ലാം കടന്നുകൂട്ടും. അവൻ അതോടുകൂടി പണ്ഡിതന്മാരുടെ നാമം വരിച്ചിരിക്കുന്നതിനാലും, താൻ ബാഹ്യമായും ആഭ്യന്തരമായും ഈ ലോകത്തോട്ട് ആസക്തി കാണിക്കുന്നതിനോടുകൂടെ വേഷത്തിലും സംസാരത്തിലും പണ്ഡിതന്മാരുടെ രൂപമണിഞ്ഞിരിക്കുന്നതിനാലും അല്ലാഹുവിൻെറടുക്കൽ താൻ ഒരു വലിയ നിലയിലാണെന്ന് ഹൃദയത്തിൽ ഒതുക്കിവയ്ക്കുകയും ചെയ്യുന്നു. ഇവൻ നാശത്തിലകപ്പെട്ടവരുടേയും, വഞ്ചിതരായ മൂഢന്മാരുടേയും കൂട്ടത്തിൽ പെട്ടവനാണ്. എന്തുകൊണ്ടെ

ന്നാൽ, താൻ സദ്വൃത്തരുടെ കൂട്ടത്തിൽ പെട്ടവനാ ണെന്ന ധാരണമൂലം അവനിൽനിന്നു് പശ്ചാത്താപ ത്തെ ആശിക്കാവതല്ല. "ഹേ! സത്യവിശ്വാസികളേ! നിങ്ങൾ ചെയ്യാത്തതു് നിങ്ങൾ എന്തിനാണു് പറ യുന്നതു്?" എന്ന അല്ലാഹുവിൻെറ വചനത്തെ വിസ്മ രിച്ചവനുമാണവൻ. "ഞാൻ നിങ്ങളിൽ ദജ്ജാലി നെക്കാൾ, ദജ്ജാലല്ലാത്തവരെ കൂടുതൽ ഭയപ്പെടുന്നു" എന്നു് നബി(സ:) പറയുകയും, "അല്ലാഹുവിൻെറ റസൂലേ! അതാരാണു്" എന്നു ചോദിക്കപ്പെടുകയും, "ദുഷിച്ച പണ്ഡിതന്മാരാണെ"ന്നു് നബി(സ:അ:) മറുപടി പറയുകയും ചെയ്തതു് ആരെക്കുറിച്ചാണോ, അവരിൽ പെട്ടവനുമാണവൻ. കാരണം, ദജ്ജാലി ൻെറ ലക്ഷ്യം വഴിപിഴപ്പിക്കലാണു്. ഇതുപോലെ യുള്ള വിദ്വാൻ, ജനങ്ങളെ തൻെറ നാവുകൊണ്ടും, പ്രസംഗംകൊണ്ടും, ഭൗതികത്വത്തിൽനിന്നു തിരിച്ചു വിടുന്നുണ്ടെങ്കിലും, അവൻ തൻെറ പ്രവൎത്തനങ്ങളും സ്ഥിതിഗതികളുംകൊണ്ടു് ഭൗതികത്വത്തിലേക്കു് അ വരെ ക്ഷണിച്ചുവരുത്തുന്നവനാണു്. അനുഭവത്തിന്റെ നാവു്, വൎത്തമാനത്തിൻെറ നാവിനെക്കാൾ ചാതുര്യ മുള്ളതാണു്. ജനങ്ങളുടെ പ്രകൃതം, വാക്കുകൾ അനു കരിക്കുന്നതിനോടു് അനുഭാവം കാണിക്കുന്നതിനെ ക്കാൾ കൂടുതലായി പ്രവൎത്തനങ്ങളിൽ സഹകരിക്കു ന്നതിനോടു് അനുഭാവം കാണിക്കുന്നതാണു്. അ പ്പോൾ, ഈ വഞ്ചിതൻ തൻെറ വാക്കുകൾകൊണ്ടു് നന്നാക്കിയിട്ടുള്ളവയെക്കാൾ കൂടുതൽ തൻെറ പ്രവൃ ത്തികൾകൊണ്ടു് ദുഷിപ്പിച്ചിട്ടുണ്ടു്. എന്തുകൊണ്ടെ ന്നാൽ, വിദ്വാന്മാർ ധൈര്യപ്പെടുത്തുന്നതുകൊണ്ടല്ലാ തെ, അജ്ഞന്മാർ ഇഹലോകത്തെ ആഗ്രഹിക്കുവാൻ ധൈര്യപ്പെടുകയില്ല. അപ്പോൾ, അവൻെറ അറിവു്

അല്ലാഹുവിൻെറ ദാസന്മാർ അല്ലാഹുവിനു് വിപരീതം പ്രവൎത്തിക്കുന്നതിനു് ധൈര്യം കൊടുക്കാൻ കാരണമായിത്തീൎന്നു. ഇതോടുകൂടെ തൻെറ മൂഢമായ മനസ്സ് അവനുമായി കൊഞ്ചിക്കുഴയുന്നതാണു്. ആ മനസ്സ് അവനെ വ്യാമോഹിപ്പിക്കുകയും, അവനു് ആഗ്രഹം ജനിപ്പിക്കുകയും, അല്ലാഹുവിനോടു് തന്റെ അറിവിനെ എടുത്തു് എണ്ണിപ്പറയുവാൻ അവനെ പ്രേരിപ്പിക്കുകയും, അവൻ അല്ലാഹുവിൻെറ ദാസന്മാരിൽ അധികമാളുകളെക്കാൾ ഉത്തമനാണെന്നു് അവനു് ഭാവന ജനിപ്പിക്കുകയും ചെയ്യുന്നു.

അല്ലയോ വിദ്യാൎത്ഥി; അപ്പോൾ നീ ആദ്യത്തെ കക്ഷിയിൽ പെട്ടവനാകുക! രണ്ടാമത്തെ കക്ഷിയിൽ പെട്ടുപോകുന്നതിനെ നീ ഭയപ്പെടുക!! എത്രയോ ഉദാസീനന്മാരാണു്, പശ്ചാത്താപത്തിനുമുമ്പു് ആയുസ്സവതി ആകസ്മികമായി അവരെ ബാധിക്കുകയും നഷ്ടപ്പെടുകയും ചെയ്തിട്ടുള്ളതു്? നീ ഭയപ്പെടുക! അതേ, നീ മൂന്നാമത്തെ കക്ഷിയിൽ പെട്ടുപോകുന്നതിനെക്കുറിച്ചു് ഭയപ്പെടുക!! അതിൽ നീ പെട്ടുപോയാൽ, നിൻെറ വിജയത്തെ ആഗ്രഹിക്കുവാൻ നിവൃത്തിയില്ലാത്തവണ്ണം നീ നാശത്തിലകപ്പെടും. നിൻെറ പക്കൽനിന്നു് ഗുണം പ്രതീക്ഷിക്കപ്പെടുകയുമില്ല. “എന്നെ എനിക്കൊന്നു പരീക്ഷിച്ചറിയാൻ വേണ്ടി സന്മാൎഗ്ഗാചാരത്തിൻെറ ആദി എന്താണെ”ന്നു് നീ ചോദിക്കുകയാണെങ്കിൽ, അതിൻെറ ആദി ബാഹ്യമായ ‘തഖ്‌വാ’ ആണെന്നും, അതിൻെറ അവസാനം, ആന്തരികമായ ‘തഖ്‌വാ’ ആണെന്നും നീ മനസ്സിലാക്കുക. ‘തഖ്‌വാ’കൊണ്ടല്ലാതെ ഭാവിഫലം നന്നാകുകയില്ല. ‘തഖ്‌വാ’ ഉള്ളവൎക്കല്ലാതെ സന്മാൎഗ്ഗികത്വം ഉണ്ടാകുന്നതുമല്ല. ‘തഖ്‌വാ’ എന്നതു്

അല്ലാഹുവിൻെറ ആജ്ഞകൾക്ക് വിധേയമായി ജീവിക്കുകയും, അവൻെറ നിരോധനങ്ങളെ ത്യജിക്കുകയും ചെയ്യുന്നതിനാണ് പറയപ്പെടുന്നതു്. അപ്പോൾ അവ രണ്ടു വിഭാഗമാണ്. ഇതാ ഞാൻ നിനക്കു് സംക്ഷിപ്തവും സംയുക്തവുമായ ചില സംഗതികൾ നിർദ്ദേശിക്കുന്നു. അതു് പ്രസ്തുത രണ്ടു വിഭാഗത്തിലുമുള്ള 'തഖ്‌വാ'യുടെ ബാഹ്യജ്ഞാനത്തിൽ പെട്ടതാണ്. ഈ ഗ്രന്ഥം മതിയായ ഒരു സമാഹാരമായിത്തീരുവാൻവേണ്ടി മൂന്നാമതൊരു വകുപ്പുകൂടി ഞാൻ ചേർക്കുന്നുണ്ടു്. അല്ലാഹു സഹായത്തിനു് അർത്ഥിക്കപ്പെടുന്നവനാണ്.

## കർമ്മാനുഷ്ഠാനങ്ങൾ

അറിയുക: അല്ലാഹുവിൻെറ ആജ്ഞകൾ, നിർബ്ബന്ധമായിട്ടുള്ളതും ഐച്ഛികമായിട്ടുള്ളതും (സുന്നത്തായിട്ടുള്ളതു)മുണ്ടു്. നിർബ്ബന്ധമായിട്ടുള്ളതു് മൂലധനമാണ്. അതു് വ്യാപാരത്തിൻെറ അടിസ്ഥാനവുമാണ്. അതുകൊണ്ടുമാത്രമേ രക്ഷ ലഭിക്കുകയുള്ളു. ഐച്ഛികമായിട്ടുള്ളതു് ലാഭം മാത്രമാണ്. അതുകൊണ്ടുമാത്രമാണ് പദവികൾ നേടുന്നതു്. അല്ലാഹു (സു: ത:) പറഞ്ഞിട്ടുള്ളതായി നബി(സ:അ:) അരുൾ ചെയ്യുന്നു: *"എന്നോടു് അടുക്കുന്നവർ, അവരിൽ

* ഇതുപോലുള്ള മറെറാരു ഹദീസു് ഇമാം ബുഖാരിയ്യ (റ:) റിപ്പോർട്ടുചെയ്തിട്ടുണ്ടു്. "അവനിൽ ഞാൻ നിർബ്ബന്ധമാക്കിയിട്ടുള്ളതിനെക്കാൾ എനിക്കു് കൂടുതൽ പ്രിയംകരമായ യാതൊന്നുകൊണ്ടും എൻെറ ദാസൻ എന്നോടു് അടുത്തിട്ടില്ല" എന്നാണ് ആ 'ഹദീസി'ലുള്ളതു്.

— വിവർത്തകൻ.

ഞാൻ നിർബ്ബന്ധമാക്കിയിട്ടുള്ളതു് നിർവ്വഹിക്കുന്നതു പോലുള്ളതുകൊണ്ടു് അടുത്തിട്ടില്ല. ഒരു ദാസൻ, ഐച്ഛികമായിട്ടുള്ളതുകൊണ്ടു് എന്നോടു് അടുത്തുകൊണ്ടേയിരിക്കുന്നു. അങ്ങനെ, അവനെ ഞാൻ സ്നേഹിക്കുന്നു. ഞാൻ അവനെ സ്നേഹിച്ചാൽ, ഞാൻ അവൻെറ കണ്ണുപുടമാകും; അതുകൊണ്ടു് അവൻ കേൾക്കും. ഞാൻ അവൻെറ കണ്ണുമാകും; അതുകൊണ്ടു് അവൻ കാണും. ഞാൻ അവൻെറ നാവുമാകും; അതുകൊണ്ടു് അവൻ സംസാരിക്കും. ഞാൻ അവൻെറ കരവുമാകും; അതുകൊണ്ടു് അവൻ പിടിക്കും. ഞാൻ അവൻെറ കാലുമാകും; അതുകൊണ്ടു് അവൻ നടക്കും.

അല്ലയോ വിദ്യാൎത്ഥി; നീ പ്രഭാതത്തിൽ പ്രവേശിക്കുന്നതുമുതൽ സായാഹ്നത്തിലെത്തുന്നതുവരെ—നിൻെറ എല്ലാ നിമിഷങ്ങളിലും ശ്വാസോച്ഛ്വാസങ്ങളിലും—നിൻെറ ഹൃദയവും അവയവങ്ങളും അല്ലാഹുവിൽ മുഴുകുകമൂലമല്ലാതെ, അവൻെറ ആജ്ഞകൾ നിർവ്വഹിച്ചുപോരുവാൻ നിനക്കു് കഴിയുകയില്ലതന്നെ. നീ അറിയുക: അല്ലാഹുത്തആലാ നിൻെറ അന്തരംഗത്തെ അറിയുന്നവനും, നിൻെറ അകവും പുറവും മിഴിച്ചുനോക്കുന്നവനും, നിൻെറ എല്ലാ നിമിഷങ്ങളേയും, എല്ലാ ചേഷ്ടകളേയും, എല്ലാ ചുവട്ടടികളേയും, എല്ലാ അനക്കങ്ങളേയും, എല്ലാ അടക്കങ്ങളേയും വലയംചെയ്യുന്നവനുമാണു്. നിൻെറ സംസൎഗ്ഗത്തിലും ഏകാന്തതയിലും നീ അവൻെറ മുമ്പിൽക്കൂടി ഗതാഗതം ചെയ്യുന്നവനാണു്. ദൃശ്യലോകത്തും അദൃശ്യലോകത്തും അനങ്ങുന്ന വസ്തുക്കളുടെ അനക്കമോ, അടങ്ങുന്ന വസ്തുക്കളുടെ അടക്കമോ ആകാശങ്ങളുടെ

യും ഭൂമിയുടെയും സർവ്വാധിപതിയായ അല്ലാഹു അറി
ഞ്ഞിട്ടല്ലാതെ ഉണ്ടാകുന്നതല്ല. കണ്ണുകളുടെ വ്യാജദർ
നവും മനസ്സുകൾ മറച്ചുവെയ്ക്കുന്നതും, രഹസ്യമായിട്ടു
ള്ളതും ഒളിഞ്ഞിരിക്കുന്നതുമെല്ലാം അവൻ അറിയും.

ഹേ, സാധുവായ മനുഷ്യാ! ആകയാൽ, സർവ്വാ
ധിപതിയും പരാക്രമശാലിയും അടക്കിഭരിക്കുന്നവനു
മായ ഭരണാധിപൻെറ മുമ്പിൽ കുററവാളിയും നിസ്സാ
രനുമായ ഒരു ദാസൻ വിനയം കാണിക്കുന്നതുപോ
ലെ, അല്ലാഹുവിൻെറ മുമ്പിൽ ബാഹ്യമായും ആഭ്യ
ന്തരമായും നീ വിനയം കാണിക്കുക. നിൻെറ യജ
മാനനായ അല്ലാഹു നിന്നെ നിരോധിച്ചിടത്തു്
നിന്നെ അവൻ കാണാതിരിക്കുന്നതിനും, അവൻ
ആജ്ഞാപിച്ചിടത്തു് നിന്നെ അവൻ കാണുന്നതിനു
മായി നീ പരിശ്രമിക്കുക. നിൻെറ സമയങ്ങളെ
പകുത്തുവെയ്ക്കുകയും, നിൻെറ നിഷ്ഠകളെ പ്രഭാതം
മുതൽ സായാഹ്നംവരെ ക്രമപ്പെടുത്തുകയും ചെയ്യുകമൂ
ലമല്ലാതെ, അതു് നിനക്കു് സാദ്ധ്യമാകുകയില്ല.
ആകയാൽ, ഉറക്കത്തിൽനിന്നു് ഉണൎന്നതുമുതൽ
നിൻെറ ശയ്യയെ അഭയംപ്രാപിക്കുന്നതുവരെ അല്ലാ
ഹുവിൻെറ ആജ്ഞകളിൽനിന്നു് നിനക്കു നേരിട്ടു
കൊണ്ടിരിക്കുന്നവയെ നീ ശ്രദ്ധിക്കുക:

## ഉറങ്ങിയെഴുന്നേല്ക്കുന്നതിൻെറ ചിട്ടകൾ

നീ ഉറക്കത്തിൽനിന്നു് ഉണരുമ്പോൾ, ഉഷസ്സ്
ഉദിക്കുന്നതിനു മുമ്പുതന്നെ ഉണരുവാൻ ശ്രമിക്കുക.
അല്ലാഹുവിൻെറ നാമമായിരിക്കണം നിൻെറ നാവി
ലും ഹൃദയത്തിലും ആദ്യമായി അങ്കുരിക്കേണ്ടതു്.

"ഞങ്ങളെ മരണപ്പെടുത്തിയതിനുശേഷം ജീവിപ്പിച്ച അല്ലാഹുവിനാകുന്നു സർവ്വ സ്തുതികളും. അവൻെറ അടുക്കലേക്കുതന്നെയാണ് ഞങ്ങൾ മടങ്ങിച്ചെല്ലുന്നത്. ഞങ്ങളും ഭരണാധിപത്യവും അല്ലാഹുവിനുള്ളതാകുന്നു. മഹത്വവും അധീശാധികാരവും അല്ലാഹുവിനുള്ളതാണ്. ശ്രേയസ്സും ശക്തിയും വിശ്വപാലകനായ അല്ലാഹുവിൻേറതാണ്. ഞങ്ങൾ സഹജമായ അനുസരണത്തിലും, നിഷ്കളങ്കതയുടെ വാക്യത്തിലും, ഞങ്ങളുടെ പ്രവാചകരായ മുഹമ്മദുനബിയുയുടെ മതത്തിലും, ചൊവ്വായ നിലയിൽ അല്ലാഹുവിനെ അനുസരിച്ചിട്ടുള്ള ഞങ്ങളുടെ പിതാവായ ഇബ്രാഹീംനബിയുടെ മാർഗ്ഗത്തിലുമാണ്. അദ്ദേഹം ബഹുദൈവവിശ്വാസികളിൽ ഉൾപ്പെട്ടിരുന്നില്ല. അല്ലാഹുവേ, നിന്നെക്കൊണ്ടുമാത്രം ഞങ്ങൾ പ്രഭാതത്തിലായി; നിന്നെക്കൊണ്ടുമാത്രം ഞങ്ങൾ സായാഹ്നത്തിലായി; നിന്നെക്കൊണ്ടുമാത്രം ഞങ്ങൾ മരണപ്പെടുന്നു; നിൻെറ അടുക്കലേക്കു മാത്രമാണ് മടക്കം. അല്ലാഹുവേ, നിശ്ചയമായും ഇന്നേദിവസം എല്ലാസൽപ്രവൃത്തികളിലേക്കും ഞങ്ങളെ നീ നിയോഗിക്കേണമേ എന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു; ഈ ദിവസം ഞങ്ങൾ ഏതെങ്കിലും ഒരു തെററുചെയ്തുപോകുന്നതിൽനിന്നും, അല്ലെങ്കിൽ ഒരു മുസ്ലിമിലേക്ക് അതിനെ വലിച്ചുവരുത്തുന്നതിൽനിന്നും, അല്ലെങ്കിൽ ആരെങ്കിലും ഞങ്ങളിലേക്ക് അതിനെ വലിച്ചുവരുത്തുന്നതിൽനിന്നും നിന്നോട്ട് ഞങ്ങൾ രക്ഷതേടുന്നു. ഈ ദിവസത്തിൻെറ ഗുണത്തേയും ഈ ദിവസത്തിലുണ്ടാകുന്ന ഗുണത്തേയും നിന്നോട്ട് ഞങ്ങൾ ചോദിക്കുന്നു. ഈ ദിവസത്തിലെ ദോഷത്തിൽനിന്നും, ഈ ദിവസത്തിലുണ്ടാകുന്ന ദോഷത്തിൽനിന്നും

നിന്നോട്ട് ഞങ്ങൾ രക്ഷതേടുന്നു." എന്നീ അൎത്ഥത്തിലുള്ള പ്രാൎത്ഥനാസൂക്തം ഉറക്കത്തിൽനിന്ന് ഉണരുമ്പോൾ നീ ഉച്ചരിക്കുക. പിന്നീട്ട് വസ്ത്രം ധരിക്കുമ്പോൾ, നിൻെറ ഗോപ്യഭാഗം മറച്ചുവയ്ക്കുന്ന വിഷയത്തിലുള്ള അല്ലാഹുവിൻെറ ആജ്ഞ അനുസരിക്കുന്നു എന്നുവേണം കരുതേണ്ടതു്. വസ്ത്രധാരണംകൊണ്ടുള്ള നിൻെറ ലക്ഷ്യം ജനങ്ങൾ കാണുക എന്നുള്ളതാകുന്നതിനേയും, അങ്ങനെ നീ പരാജയത്തിൽ കലാശിക്കുന്നതിനേയും ഭയപ്പെടുക.

## മലമൂത്രവിസൎജ്ജനത്തിൻെറ ചിട്ടകൾ

മലമൂത്രവിസൎജ്ജനാൎത്ഥം അതിന് നിശ്ചയിച്ച സ്ഥലത്തു പോകാൻ ഉദ്ദേശിച്ചാൽ, തദ്സ്ഥാനത്തു് പ്രവേശിക്കുമ്പോൾ ഇടതുകാലും, പുറപ്പെടുമ്പോൾ വലതുകാലും മുന്തിക്കേണ്ടതാണ്. അല്ലാഹുവിൻെറയും, അവൻെറ റസൂലിൻെറയും നാമമുള്ള യാതൊരു സാധനവും നിൻെറകൂടെ കൊണ്ടുപോകരുതു്. തല തുറന്നിട്ടും, പാദം മറയ്ക്കാതെയും പ്രവേശിക്കയുമരുതു്. "നികൃഷ്ടവും നീചവും നീചത്വത്തിൽ അകപ്പെടുത്തുന്നതുമായ ദുർമന്ത്രങ്ങളിൽനിന്നു് അതായതു് ശപിക്കപ്പെട്ട പിശാചിൻെറ ദുർമന്ത്രങ്ങളിൽനിന്നു് നിന്നോടു ഞാൻ രക്ഷതേടുന്നു" എന്നു് അൎത്ഥമുള്ള പ്രാൎത്ഥനാസൂക്തം അവിടെ പ്രവേശിക്കുമ്പോൾ ഉച്ചരിക്കുക. "നിന്നോടു ഞാൻ പൊറുത്തുതരാൻ പ്രാൎത്ഥിക്കുന്നു. എനിക്ക് ഉപകാരംചെയ്യുന്നവയെ എന്നിൽ നിലനിറുത്തുകയും, എനിക്കു് ഉപദ്രവംചെയ്യുന്നവയെ എന്നിൽനിന്നു് എടുത്തുകളയുകയുംചെയ്ത

അല്ലാഹുവിന്ന് സ്തോത്രം." എന്ന് അത്ഥമുള്ള പ്രാത്ഥനാസൂക്തം അവിടെനിന്ന് പുറപ്പെടുമ്പോൾ ഉച്ചരിക്കുക. മലമൂത്രവിസർജ്ജനത്തിനുമുമ്പ് ശൗചംചെയ്യാനുള്ള കല്ലുകൾ തയ്യാർചെയ്തിരിക്കേണ്ടതാണ്. മലമൂത്രവിസജ്ജനംചെയ്യുന്ന സ്ഥലത്തുവച്ചുതന്നെ വെള്ളംകൊണ്ടു ശൗചംചെയ്യരുത്. മൂത്രവിസർജ്ജനത്തിനുശേഷം തൊണ്ടു ഇരുമിയും മൂന്നുപ്രാവശ്യം ലിംഗംകുടഞ്ഞും, ഇടതുകൈയ് ലിംഗത്തിൻെറ അടിഭാഗത്ത് തടവിയും മൂത്രാവശിഷ്ടങ്ങൾ പുറത്തുകളയുവാൻ ശ്രമിക്കണം. മരുഭൂമിപോലെയുള്ള തുറന്ന സ്ഥലത്ത് നീ ആയിരുന്നാൽ, കാണികളുടെ ദൃഷ്ടികളിൽനിന്ന് നീ അകലുകയും, നിനക്കു കിട്ടുന്ന ഏതെങ്കിലും ഒരു സാധനംകൊണ്ട് മറപിടിച്ചിരിക്കുകയും ചെയ്യണം. ഇരിക്കുന്ന സ്ഥലത്തുചെന്നവസാനിക്കുന്നതിനുമുമ്പ് നിൻെറ ഗോപ്യസ്ഥാനം തുറന്നിടരുത്. സൂര്യനും, ചന്ദ്രനും അഭിമുഖമായി ഇരിക്കരുത്. 'ക്വഅ്ബത്തി'ൻെറ നേക്ക് പൃഷ്ടം തിരിഞ്ഞിരിക്കുകയുമരുത്. ജനങ്ങൾസമ്മേളിക്കുന്നിടത്തും വിസർജ്ജനത്തിന് ഇരിക്കരുത്; കെട്ടിനില്ക്കുന്ന വെള്ളത്തിലും കായ്ക്കുന്ന വൃക്ഷത്തിൻെറ ചുവട്ടിലും പുനങ്ങളിലും മൂത്രിക്കരുത്. (അവിടെ കാഷ്ഠിക്കയുംചെയ്യരുത്). ഉറച്ചഭൂമിയിലും കാററുവാക്കിനുംമൂത്രിക്കാൻ നീ ഭയപ്പെടുക. ഇത് തെറിച്ചുവീഴുന്നതിനെസൂക്ഷിക്കാൻവേണ്ടിയാണ്.'ഖബ്റി'ലെ ശിക്ഷയിൽ ഭൂരിഭാഗവും ഇതുസൂക്ഷിക്കാത്തതുകൊണ്ടാണെന്ന് നബി(സ:അ:) പറഞ്ഞിട്ടുണ്ട്. നീ വിസർജ്ജനത്തിന് ഇരിക്കുമ്പോൾ ഇടതുകാലിനെ ആശ്രയിച്ചിരിക്കണം. നിവൃത്തിയുള്ളിടത്തോളം നിന്നുകൊണ്ടു മൂത്രിക്കരുത്. ശൗചം ചെയ്യുമ്പോൾ, കല്ലും വെള്ളവും ഉപയോഗിക്കണം,

രണ്ടിലേതെങ്കിലും ഒന്നുകൊണ്ടു് മതിയാക്കാൻ ഉദ്ദേശിച്ചാൽ വെള്ളമാണു് നല്ലതു്. കല്ലുകൊണ്ടു മതിയാക്കിയാൽ, ശുദ്ധിയുള്ളതും അഴുക്കിന്റെ സത്തയെ പിടിച്ചെടുക്കുന്നതുമായ മൂന്നു് കല്ലുകൾ ഉപയോഗിക്കുക. മാലിന്യം അങ്ങോട്ടോ ഇങ്ങോട്ടോ മാറിയിട്ടില്ലെങ്കിൽ, ആ കല്ലുകൾകൊണ്ടു് വിസർജ്ജനദ്വാരം തുടയ്ക്കുക. അതുപോലെതന്നെ, ലിംഗത്തിന്റെ അഗ്രഭാഗം ഒരു കല്ലിന്റെ മൂന്നുവശംകൊണ്ടു് തുടയ്ക്കുകയും വേണം. മൂന്നു് ആവൃത്തികൊണ്ടു് ശുദ്ധമായില്ലെങ്കിൽ, ശുദ്ധമാകുന്നതുവരെ ആവർത്തിച്ചു തുടയ്ക്കുകയും, ആവർത്തനത്തെ അഞ്ചു്, ഏഴു് എന്നിങ്ങനെ ഒററയായ സംഖ്യയിൽ തികയ്ക്കുകയും ചെയ്യണം. ഒററവരുത്തൽ സുന്നത്തും, ശുദ്ധിവരുത്തൽ നിർബ്ബന്ധവുമാണു്. ഇടതുകൈയ്കൊണ്ടല്ലാതെ ശൗചം ചെയ്യരുതു്. ശൗചംചെയ്തുകഴിഞ്ഞാൽ "അല്ലാഹുവേ, എന്റെ ഹൃദയത്തെ കപടവിശ്വാസത്തിൽനിന്നു് നീ ശുദ്ധമാക്കുകയും, നീചകൃത്യങ്ങളിൽനിന്നു് എന്റെ ഗുഹ്യത്തെ നീ രക്ഷിക്കുകയും ചെയ്യേണമേ" എന്നു് അത്ഥമുള്ള പ്രാത്ഥനാസൂക്തം ഉച്ചരിക്കുക. ശൗചം ചെയ്തുകഴിഞ്ഞിട്ടു്, തറയിലോ മതിലിലോ കൈയ് തേയ്ക്കുകയും അനന്തരം കൈയ് കഴുകുകയുംചെയ്യണം.

## 'വുദൂഇ'ന്റെ ചിട്ടകൾ

ശൗചംചെയ്തുകഴിഞ്ഞാൽ, പല്ലുതേയ്ക്കാൻ വിട്ടുപോകരുതു്. എന്തുകൊണ്ടെന്നാൽ, അതു് വായെ ശുദ്ധമാക്കുന്നതും, അല്ലാഹുവിനു് സംതൃപ്തി ഉളവാക്കുന്നതും, പിശാചിനു് ദ്വേഷ്യം വരുത്തുന്നതുമാണു്. പല്ലുതേയ്ക്കുന്നതോടുകൂടെയുള്ള ഒരു നമസ്കാരം, പല്ലു

തേയ്ക്കാത്തെയുള്ള എഴുപതു നമസ്കാരത്തെക്കാൾ ഉത്തമമാകുന്നു. "എൻെറ സമുദായത്തിനു് ബുദ്ധിമുട്ടായി എനിക്കു തോന്നിയിരുന്നില്ലെങ്കിൽ, എല്ലാ ഓരോ നമസ്കാരത്തിലും പല്ലുതേയ്ക്കൽ അവക്കു ഞാൻ നിർബ്ബന്ധമാക്കി കല്പിക്കുമായിരുന്നു" എന്നു് നബി (സ:)അരുളിച്ചെയ്തതായി അബൂഹുറൈറ(റ) റിപ്പോർട്ടുചെയ്യുന്നു. "പല്ലുതേയ്ക്കൽ എന്നിൽ നിർബ്ബന്ധമാക്കി കല്പിക്കപ്പെട്ടുമെന്നു് ഞാൻ ഭയപ്പെട്ടുമാറു്, പല്ലുതേയ്ക്കാൻ എന്നോടു കല്പിച്ചിരിക്കുന്നു" എന്നു് നബി (സ:)യിൽനിന്നു് (ഒരു ഹദീസു്) വന്നിട്ടുണ്ടു്. അനന്തരം 'വുസൂഅ്' ചെയ്യുന്നതിനു് 'കഅ്ബത്തി'നു് അഭിമുഖമായും, വെള്ളം തെറിക്കാതിരിക്കാൻവേണ്ടി അല്പം ഉയൎന്ന സ്ഥലത്തും ഇരിക്കുക. "പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ ഞാൻ ആരംഭിക്കുന്നു. എൻെറ നാഥാ, പിശാചുക്കളുടെ ദുർമന്ത്രങ്ങളിൽനിന്നു് നിന്നോടു ഞാൻ രക്ഷതേടുന്നു. അവർ എൻെറ അടുക്കൽ ഹാജരാകുന്നതിൽനിന്നും എൻെറ നാഥാ! നിന്നോടു ഞാൻ രക്ഷതേടുന്നു." എന്നു് അർത്ഥമുള്ള പ്രാർത്ഥനാസൂക്തം അപ്പോൾ ഉച്ചരിക്കുക. പിന്നീടു് നിൻെറ രണ്ടുകൈയ്, അവ പാത്രത്തിൽ കടത്തുന്നതിനുമുമ്പു് മൂന്നുപ്രാവശ്യം കഴുകുക. "അല്ലാഹുവേ, നിന്നെ വണങ്ങുന്നതിനുള്ള ശേഷിയും, ഐശ്വര്യവും നിശ്ചയമായും നിന്നോടു ഞാൻ ചോദിക്കുന്നു. തിന്മയിൽനിന്നും നാശത്തിൽനിന്നും നിന്നോടു ഞാൻ രക്ഷതേടുകയും ചെയ്യുന്നു" എന്നു് അർത്ഥമുള്ള പ്രാർത്ഥനാസൂക്തം അപ്പോൾ ഉച്ചരിക്കുകയും ചെയ്യുക. അനന്തരം "ചെറിയ അശുദ്ധിയെ നീക്കുന്നു" എന്നോ, "നമസ്കാരത്തെ 'ഹലാലാ'ക്കാൻ 'വുസൂഅ്' ചെയ്യുന്നു" എന്നോ

നീ കരുതണം. മുഖം കഴുകുന്നതിനു മുമ്പ് നിന്റെ ഈ 'കരുതൽ' വിട്ടുപോകാതിരിക്കേണ്ടതാണു്. അങ്ങനെ അതു വിട്ടുപോയാൽ, നിന്റെ 'വുദൂഅ്' ശരിയാകുകയില്ല. അനന്തരം നിന്റെ വായ്ക്കുവേണ്ടി ഒരുകോരൽ വെള്ളം എടുക്കണം. അതുകൊണ്ടു് മൂന്നു പ്രാവശ്യം കുലുക്കുഴിയുകയും ചെയ്യുക. നീ നോമ്പുള്ളവനാകാതിരുന്നാൽ, വെള്ളം തൊണ്ടക്കുഴിവരെ എത്തിക്കാൻ ശ്രമിക്കണം. നോമ്പുകാരനായിരുന്നാൽ അതിൽ അയവുവരുത്തേണ്ടതാണു്.

"അല്ലാഹുവേ, നിന്റെ ഗ്രന്ഥം പാരായണം ചെയ്യുന്നതിനും, നിന്നെ കൂടുതൽ ധ്യാനിക്കുന്നതിനും എന്നെ നീ സഹായിക്കേണമേ! ഐഹികജീവിതത്തിലും പരലോകത്തിലും സുസ്ഥിരമായ വചനംകൊണ്ടു് (കലിമത്തുശ്ശഹാദത്ത്കൊണ്ടു) എനിക്കു് സുസ്ഥിരത നല്കേണമേ!" എന്ന അർത്ഥത്തിലുള്ള പ്രാർത്ഥനാസൂക്തം വായിൽ വെള്ളംകൊള്ളുമ്പോൾ ഉച്ചരിക്കുകയും ചെയ്യുക. അനന്തരം നിന്റെ മൂക്കിനുവേണ്ടി അല്പം വെള്ളം എടുക്കുകയും, അതുകൊണ്ടു മൂന്നുപ്രാവശ്യം മൂക്കു ശുദ്ധീകരിച്ചു്, മൂക്കിനകത്തുള്ള ജലാംശം ചീററി പിഴിഞ്ഞുകളയുകയും ചെയ്യുക. മൂക്കിൽ വെള്ളം കയററുമ്പോൾ, "അല്ലാഹുവേ, നീ എന്നെ സംബന്ധിച്ചു് സംതൃപ്തനായിരിക്കുന്ന അവസ്ഥയിൽ സ്വർഗ്ഗത്തിന്റെ സുഗന്ധം എനിക്കു നീ ആസ്വദിപ്പിക്കേണമേ" എന്ന അർത്ഥത്തിലുള്ള പ്രാർത്ഥനാസൂക്തവും, മൂക്കു ചീററിപ്പിഴിയുമ്പോൾ "അല്ലാഹുവേ! നരകത്തിലെയും, ദുഷിച്ച ഭവനത്തിലെയും ദുർഗ്ഗന്ധങ്ങളിൽനിന്നു് നിന്നോടു ഞാൻ രക്ഷതേടുന്നു" എന്ന അർത്ഥത്തിലുള്ള പ്രാർത്ഥനാസൂക്തവും ഉച്ചരി

ക്കുക. പിന്നീട്ട് നിൻെറ മുഖത്തിനുവേണ്ടി ഒരുകോരൽ വെള്ളം എടുക്കുക. അതുകൊണ്ട് നെററിയുടെ വിസ്തൃതി ആരംഭിക്കുന്നിടംമുതൽ താടിയെല്ലിനോട്ടു നേരിട്ടുനില്ക്കുന്ന ഭാഗത്തിൻെറ അററംവരെ നീളത്തിലും, ഒരു ചെവിമുതൽ മറുചെവിവരെ വീതിയിലുമുള്ള എല്ലാ ഭാഗവും കഴുകുകയും, (തലയിൽനിന്ന് മുഖം വൃത്തമാക്കുന്നതിന്) വടിക്കുന്ന രോമങ്ങളുടെ സ്ഥാനങ്ങൾവരെ വെള്ളം ചേർക്കുകയും ചെയ്യണം. സ്ത്രീകൾ സാധാരണയായി മുഖം മിനുസ്സമാക്കുവാൻ വടിച്ചുകളയാറുള്ള രോമങ്ങളുടെ ഭാഗമാണത്. പുരികം, മേൽമീശ, കവിൾരോമം, താടിരോമം എന്നീ നാലുതരം രോമങ്ങളുടെ അടിഭാഗങ്ങളിലും വെള്ളം ചേർക്കണം. നേർത്തതും തിങ്ങാത്തതുമായ താടിരോമങ്ങളുടെ അടിഭാഗത്തു് വെള്ളംചേർക്കൽ നിർബ്ബന്ധമാണ്. "അല്ലാഹുവേ! നിൻെറ മിത്രങ്ങളുടെ മുഖങ്ങൾ വെളുക്കുന്ന ദിവസം, നിൻെറ പ്രകാശംകൊണ്ട് എൻെറ മുഖം നീ വെളുപ്പിക്കേണമേ! നിൻെറ ശത്രുക്കളുടെ മുഖങ്ങൾ കറുക്കുന്ന ദിവസം നിൻെറ ഇരുൾകൊണ്ട് എൻെറ മുഖം നീ കറുപ്പിക്കരുതേ!" എന്ന് അത്ഥമുള്ള പ്രാത്ഥനാസൂക്തം മുഖം കഴുകുമ്പോൾ ഉച്ചരിക്കുക.

തിങ്ങിയ താടിരോമങ്ങൾ ചീകിക്കഴുകാതിരിക്കരുതു്. പിന്നീട്ട് നിൻെറ വലതുകൈയും, പിന്നെ ഇടതുകൈയും കൈയ്മുട്ടുകൾ സഹിതം തോൾക്കൈയുടെ മദ്ധ്യഭാഗംവരെ കഴുകുക. സ്വർഗ്ഗത്തിലെ ആഭരണങ്ങൾ 'വുസൂഇ'ൻെറ എല്ലാ സ്ഥാനങ്ങളിലും എത്തുന്നതാണ്. വലതുകൈയ് കഴുകുമ്പോൾ "അല്ലാഹുവേ, എൻെറ ഏട്ട് എൻെറ വലതുകൈയിൽ

LIBRARY KOTTAYAM

തരേണമേ! എന്നെ നീ എളുപ്പത്തിൽ വിചാരണ ചെയ്യുകയും ചെയ്യേണമേ" എന്ന അത്ഥത്തിലുള്ള പ്രാത്ഥനാസൂക്തം ഉച്ചരിക്കുക. ഇടതുകൈയ് കഴുകുമ്പോൾ, "അല്ലാഹുവേ, എന്റെ ഏട്ട് നീ എന്റെ ഇടതുകൈയിലോ, എന്റെ പുറകുഭാഗത്തുകൂടിയോ തരുന്നതിൽനിന്ന് നിന്നോടു ഞാൻ രക്ഷതേടുന്നു" എന്ന് അത്ഥമുള്ള പ്രാത്ഥനാസൂക്തം ഉച്ചരിക്കുക.

പിന്നീട് നിന്റെ രണ്ടു കൈയും നനച്ച്, വലതുകൈയുടെ വിരലുകളുടെ പുച്ഛം ഇടതുകൈയുടെ വിരലുകളുടെ പുച്ഛത്തോട് ചേത്തുപിടിച്ച്, അവ രണ്ടും തലയുടെ മുൻഭാഗത്തുവച്ച്, പിടലിയുടെ ഭാഗത്തേയ്ക്കു തടവുക. അനന്തരം, അവ രണ്ടും മുൻഭാഗത്തേയ്ക്ക് മടക്കിത്തടവുകയും ചെയ്യുക. ഇപ്രകാരം തല തടവി പൂത്തിയാക്കണം. ഇത് ഒരു പ്രാവശ്യത്തെ തടവലാണ്. ഇങ്ങനെ മൂന്നുപ്രാവശ്യം പ്രവത്തിക്കണം. മറെറല്ലാ അവയവങ്ങളിലും ഇങ്ങനെ മൂന്നു പ്രാവശ്യം ആവത്തിക്കണം. "അല്ലാഹുവേ; നിന്റെ അനുഗ്രഹംകൊണ്ടു് എന്നെ നീ പൊതിയേണമേ! നിന്റെ പുണ്യം എന്നിൽ നീ വഷിക്കേണമേ! നിന്റെ തണലല്ലാതെ യാതൊരു തണലുമില്ലാത്ത ദിവസം, നിന്റെ സിംഹാസനത്തിന്റെ തണലിൻ കീഴിൽ എനിക്കു നീ തണൽ നല്കേണമേ! അല്ലാഹുവേ; എന്റെ രോമവും, എന്റെ തൊലിയും നരകത്തിനു് നീ നിഷിദ്ധമാക്കേണമേ!" എന്നു് അത്ഥമുള്ള പ്രാർത്ഥനാസൂക്തം തല തടവുമ്പോൾ ഉച്ചരിക്കുക. പിന്നീട് നിന്റെ രണ്ടു ചെവിയുടെ അകവും പുറവും അതിനുവേണ്ടി വേറെ വെള്ളമെടുത്തു് തടവുക. നിന്റെ ചൂണ്ടുവിരൽ, നിന്റെ രണ്ടു

ചെവിക്കുണ്ടിൽ കടത്തി, തള്ളവിരലിന്റെ അകം കൊണ്ട് ചെവിയുടെ പുറംഭാഗം തടവണം. "അല്ലാഹുവേ; വാക്യങ്ങൾകേട്ട ശ്രദ്ധിച്ച്, അവയിൽ നല്ലതിനെ പിന്തുടരുന്ന ജനങ്ങളിൽ എന്നെ നീ ഉൾപ്പെടുത്തേണമേ! അല്ലാഹുവേ, സജ്ജനങ്ങളുടെകൂടെ സ്വർഗ്ഗത്തിൽവച്ച് സ്വർഗ്ഗീയാഹ്വാനം എന്നെ നീ കേൾപ്പിക്കേണമേ!" എന്ന് അർത്ഥമുള്ള പ്രാർത്ഥനാസൂക്തം ചെവി തടവുമ്പോൾ ഉച്ചരിക്കുക

പിന്നീട് നിന്റെ പിടലി തടവുക. "അല്ലാഹുവേ, എന്റെ പിടലി നരകത്തിൽനിന്ന് നീ മോചിപ്പിക്കേണമേ! കുടുക്കുചങ്ങലകളിൽനിന്നും വിലങ്ങുകളിൽനിന്നും നിന്നോട് ഞാൻ രക്ഷതേടുകയും ചെയ്യുന്നു" എന്ന് അർത്ഥമുള്ള പ്രാർത്ഥനാസൂക്തം അപ്പോൾ ഉച്ചരിക്കുകയും ചെയ്യുക. പിന്നീട് നിന്റെ വലതുകാലും, അനന്തരം ഇടതുകാലും, രണ്ടു നെരിയാണികളോടുകൂടെ കഴുകണം. വലതു കാലിന്റെ ചിന്നിവിരലിൽ ആരംഭിച്ച്, ഇടതു കാലിന്റെ ചിന്നിവിരലിൽ അവസാനിക്കത്തക്കവണ്ണം, ഇടതുകൈയിലെ ചിന്നിവിരൽകൊണ്ട് കാലിന്റെ വിരലുകൾ ചീകികഴുകുകയും, അവയുടെ താഴ്ഭാഗത്തുകൂടി വിരലുകൾ കടത്തുകയും ചെയ്യണം. "അല്ലാഹുവേ; സൽപ്രവൃത്തകരായ നിന്റെ ദാസന്മാരുടെ പാദങ്ങളോടൊപ്പം, എന്റെ പാദവും "സിറാഥുൽമുസ്തഖീമി"ൽ നീ ഉറപ്പിച്ചുനിറുത്തേണമേ!" എന്ന് അർത്ഥമുള്ള പ്രാർത്ഥനാസൂക്തം അപ്പോൾ ഉച്ചരിക്കുകയും ചെയ്യുക. അതുപോലെ ഇടതുകാൽ കഴുകുമ്പോൾ, "അല്ലാഹുവേ; കപടവിശ്വാസികളുടെയും ബഹുദൈവവിശ്വാസികളുടെയും

പാദങ്ങൾ തെററുന്ന ദിവസം, "സിറാഥുൽമുസ്തഖീമി"ൽവെച്ച് എൻെറ പാദം തെററി നരകത്തിൽ വീഴുന്നതിൽനിന്ന് നിന്നോട്ട് ഞാൻ രക്ഷതേടുന്നു" എന്ന് അർത്ഥമുള്ള പ്രാർത്ഥനാസൂക്തം ഉച്ചരിക്കുക. രണ്ടു കണംകാലിന്റെയും പകുതിവരെ വെള്ളംകയററി കഴുകണം. മൂന്നുപ്രാവശ്യത്തെ ആവർത്തനത്തെ നിന്റെ എല്ലാ പ്രവൃത്തികളിലും നീ പ്രത്യേകം പരിഗണിക്കേണ്ടതാണ്.

"ഏകനും പങ്കുകാരനില്ലാത്തവനുമായ അല്ലാഹു അല്ലാതെ ഒരു ആരാധ്യനുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദുനബി അല്ലാഹുവിൻെറ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യംവഹിക്കുന്നു. അല്ലാഹുവേ; നിൻെറ പരിശുദ്ധിയെ ഞാൻ പ്രകീർത്തിക്കുന്നു. നിന്നെ സ്തുതിക്കുന്നതിനോടുകൂടെ. നീ അല്ലാതെ ഒരു ആരാധ്യനുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. ഞാൻ തെററുചെയ്യുകയും, എന്നെത്തന്നെ ഞാൻ ദ്രോഹിക്കുകയും ചെയ്തുപോയി. നിന്നോടു ഞാൻ പൊറുത്തുതരാൻ അപേക്ഷിക്കുന്നു. നിന്നിലേക്ക് ഞാൻ ഖേദിച്ചു മടങ്ങുകയും ചെയ്യുന്നു. അതുകൊണ്ട് നീ എനിക്ക് പൊറുത്തുതരേണമേ! നീ എൻെറ പശ്ചാത്താപം സ്വീകരിക്കേണമേ! നീ പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാണ്. അല്ലാഹുവേ, എന്നെ നീ പശ്ചാത്തപിക്കുന്നവരുടെ കൂട്ടത്തിൽ പെടുത്തേണമേ! എന്നെ നീ ശുദ്ധിവരുത്തുന്നവരുടെ കൂട്ടത്തിലും പെടുത്തേണമേ! എന്നെ നീ നിൻെറ സൽപ്രവൎത്തകരായ ദാസന്മാരുടെ കൂട്ടത്തിലും പെടുത്തേണമേ! എന്നെ നീ വലിയ ക്ഷമയും നന്ദിയുമുള്ളവനാക്കേണമേ! എന്നെ നീ

നിന്നെ ധാരാളം സ്മരിക്കുന്നവനാക്കേണമേ! രാവിലെയും വൈകുന്നേരവും നിന്നെ ഭജിക്കുന്നവനുമാക്കേണമേ!" എന്നീ അർത്ഥത്തിലുള്ള പ്രാർത്ഥനാസൂക്തം 'വുസൂഅ്'ചെയ്തതിന്നാൽ ആകാശത്തിലേക്ക് നിന്റെ കണ്ണുയർത്തിക്കൊണ്ട് നീ ഉച്ചരിക്കുക.

ഒരാൾ തൻെറ 'വുസൂഇ'ൽ ഈ പ്രാർത്ഥനകൾ നടത്തിയാൽ, അവന്റെ എല്ലാ അവയവങ്ങളിലൂടെയും അവൻെറ പാപങ്ങൾ പുറത്തുപോകുന്നതാണ്. അവൻെറ ആ 'വുസൂഇ'ൻെറ മേൽ ഒരു മുദ്രയടിക്കുകയും, അതു് അല്ലാഹുവിൻെറ സിംഹാസനത്തിൻെറ താഴെ അവനുവേണ്ടി ഉയർത്തിവയ്ക്കപ്പെടുകയുംചെയ്യും. അങ്ങനെ അതു് (അവിടെ) അല്ലാഹുവിനെ ഭജിക്കുകയും, അവനെ പരിശുദ്ധപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കും. ആ 'വുസൂഇ'ൻെറ പ്രതിഫലം ലോകാവസാനദിവസംവരെ അവനുവേണ്ടി രേഖപ്പെടുത്തുകയും ചെയ്യും.

എന്നാൽ 'വുസൂഅ്' ചെയ്യുന്ന അവസരത്തിൽ, ഏഴ് കാര്യങ്ങൾ നീ ഉപേക്ഷിക്കേണ്ടതുണ്ട്. നിൻെറ കൈയ് കുടഞ്ഞു് വെള്ളം തെറുപ്പിക്കാതിരിക്കുക; നിൻെറ തലയിലും മുഖത്തും വെള്ളംകൊണ്ട് അടിക്കാതിരിക്കുക; 'വുസൂഇ'ൻെറ ഇടയിൽ സംസാരിക്കാതിരിക്കുക; അവയവങ്ങൾ കഴുകുന്നതു് മൂന്നുപ്രാവശ്യത്തെക്കാൾ ഏറാതിരിക്കുക; കേവലം പൈശാചിക ദുർബ്ബോധനം (വസ്വാസ്)മൂലം—യാതൊരു ആവശ്യവും കൂടാതെ—കൂടുതൽ വെള്ളം ചെലവഴിക്കാതിരിക്കുകയും ചെയ്യുക. 'ശൈഥാ'ൻെറ ദുർബ്ബോധനങ്ങൾക്കു വിധേയരാകുന്ന ജനങ്ങൾക്ക് (വസ്വാസുകാർക്ക്) പ്രത്യേകം ഒരു 'ശൈഥാനു'ണ്ട്. അവൻ

അവരെക്കൊണ്ടു് കളിക്കുന്നതാണു്. ആ 'ശൈഠാൻെറ' പേരു് 'വലഹാൻ' എന്നാണു്. വെയിലത്തു വച്ചു് ചൂടുപിടിപ്പിച്ച വെള്ളംകൊണ്ടു് 'വുസൂഅ്' ചെയ്യരുതു്. പിച്ചളപ്പാത്രത്തിലുംവച്ചു് നീ 'വുസൂഅ്' ചെയ്യരുതു്. ഈ ഏഴുസംഗതികൾ 'വുസൂഇ'ൽ വർജ്ജിക്കേണ്ടതാണു്. "ഒരാൾ, 'വുസൂഅ്' ചെയ്യുമ്പോൾ, അല്ലാഹുവിനെ അനുസ്മരിച്ചാൽ അവൻെറ ശരീരം മുഴുവനും അല്ലാഹു ശുദ്ധീകരിക്കും. അല്ലാഹുവിനെ അവൻ അനുസ്മരിച്ചിട്ടില്ലെങ്കിൽ, അവനിൽനിന്നു് വെള്ളംതട്ടുന്ന ഭാഗമല്ലാതെ അവൻ ശുദ്ധീകരിക്കുന്നതല്ല" എന്നു് ഹദീസിലുണ്ടു്.

## കുളിയുടെ ചിട്ടകൾ

ഇന്ദ്രിയസ്ഖലനമോ സംയോഗമോമൂലം നിനക്കു്*'ജനാബത്തു്'ണ്ടായാൽ, നീ പാത്രവുമായി കുളിസ്ഥലത്തേയ്ക്കു പോകുക. ആദ്യമായി രണ്ടു കൈയ്കളും മൂന്നുപ്രാവശ്യം കഴുകണം. ശരീരത്തുള്ള അഴുക്കുകൾ മാററുകയും, മുമ്പു് നമസ്കാരത്തിനുവേണ്ടി പറഞ്ഞിട്ടുള്ളതുപോലെ എല്ലാ പ്രാർത്ഥനകളോടും കൂടെ 'വുസൂഅ്' ചെയ്യുകയും വേണം. വെള്ളം പാഴാകാതിരിക്കാൻവേണ്ടി കാൽരണ്ടും കഴുകുന്നതിനെ കുളിയുടെ അവസാനത്തേയ്ക്കു് മാററിവയ്ക്കുക. 'വുസൂഇ'ൽനിന്നും വിരമിച്ചാൽ തലയിൽ മൂന്നുപ്രാവശ്യം വെള്ളം വീഴ്ത്തുക. അപ്പോൾ, 'ജനാബത്തു്' എന്ന

* വലിയ അശുദ്ധി. ['വുസൂഅ്' ഇല്ലാത്ത അവസ്ഥയ്ക്കു് ചെറിയ അശുദ്ധി എന്നും, കുളി നിർബ്ബന്ധമാകുന്ന അവസ്ഥയ്ക്കു് വലിയ അശുദ്ധി എന്നും പറയുന്നു.]

വലിയ അശുദ്ധിയെ നീക്കുന്നു എന്നു കരുതണം. അനന്തരം മൂന്നുപ്രാവശ്യം വലതുഭാഗത്തും, പിന്നെ മൂന്നു പ്രാവശ്യം ഇടതുഭാഗത്തും വെള്ളം വീഴ്ത്തുക. ശരീരത്തിലെ പ്പെളിപ്പെട്ടുകാണുന്നതും, വെളിപ്പെട്ടുകാണാത്തതുമായ എല്ലാ ഭാഗങ്ങളും തേച്ചുകഴുകണം. തലയിലെയും താടിയിലെയും രോമങ്ങൾ ഇടകോർത്തു കഴുകണം. ഇടതൂർന്നതും അല്ലാത്തതുമായ എല്ലാ രോമങ്ങളുടേയും അടിഭാഗത്തും, ശരീരത്തിലെ ചുളുങ്ങിയ ഭാഗങ്ങളിലും വെള്ളം ചേർക്കണം. 'വുസൂഇ'നുശേഷം ഗുഹ്യസ്ഥാനത്ത് തൊടാതെ സൂക്ഷിക്കുക. അവിടെ സ്പർശിച്ചാൽ 'വുസൂഅ്' ആവർത്തിക്കണം. 'നിയ്യത്ത്' ചെയ്യുക, അഴുക്കുമാററുക, ശരീരം മുഴുവനും കഴുകുക എന്നിവയാണ് കുളിയുടെ 'ഫർസു'കൾ. 'നിയ്യത്ത്' ചെയ്യുക, മുഖം കഴുകുക, രണ്ടുകൈയും മുട്ടുകൾ സഹിതം കഴുകുക, തലയുടെ കുറച്ചുഭാഗം തടവുക, രണ്ടുകാലും നെരിയാണിസഹിതം കഴുകുക—എന്നിവയാണ് 'വുസൂഇ'ൻെറ ഫർസു (അനിവാര്യഘടകം)കൾ. മററെല്ലാം പ്രബലമായ സുന്നത്തു (ധാർമ്മികഘടകം) കളാണ്. അവയുടെ മഹിമ വർദ്ധിച്ചതും, പ്രതിഫലം വമ്പിച്ചതുമാണ്. അവയെ നിസ്സാരമാക്കുന്നവൻ പരാജിതനാണ്. 'വുസൂഇ'ൻെറ 'ഫർസു'കളുടെ മൂലത്തെതന്നെ അപകടപ്പെടുത്തിയവനാണവൻ. 'സുന്നത്തു'കൾ 'ഫർസു'കളുടെ കുറവുകൾ പരിഹരിക്കുന്നവയാണ്.

## 'തയമ്മുമി'ൻെറ ചിട്ടകൾ

വെള്ളം അന്വേഷിച്ചിട്ട് കിട്ടാതാകുക, രോഗം കാരണം വെള്ളം ഉപയോഗിച്ചുകൂടാതാകുക, ദുഷ്ടമൃഗങ്ങളോ, ശത്രുക്കളോ കാരണം വെള്ളമുള്ളിടത്ത് ചെന്നു

ചേരുന്നതിന്ന് പ്രതിബന്ധം നേരിടുക, അല്ലെങ്കിൽ നിൻെറയോ നിൻെറ സ്നേഹിതൻെറയോ ദാഹത്തിന് കൈയ്‌വശമുള്ള വെള്ളം ആവശ്യമാവുക, അല്ലെങ്കിൽ അതു് അന്യൻെറ വകയായിരിക്കുകയും, സാധാരണയിൽ കവിഞ്ഞ വിലയ്ക്കല്ലാതെ അയാളതു് വില്ക്കാതിരിക്കുകയും ചെയ്യുക, അല്ലെങ്കിൽ ആശങ്കാജനകമായ മുറിവോ രോഗമോ ശരീരത്തുണ്ടായിരിക്കുക എന്നീ കാരണങ്ങളാൽ നിനക്കു് വെള്ളം കൈയ്‌കാര്യം ചെയ്യാൻ സാധിക്കാതെവന്നാൽ, നമസ്കാരത്തിൻെറ സമയം പ്രവേശിക്കുന്നതുവരെ നീ ക്ഷമിക്കുക. പിന്നീട്ടു് ശുദ്ധവും കലർപ്പില്ലാത്തതും ഇളകിയതും പൊടിയുള്ളതുമായ മണ്ണുള്ള പരിശുദ്ധമായ തറയെ നീ സമീപിക്കുക. വിരലുകൾ തമ്മിൽ അടുപ്പിച്ചുകൊണ്ടു് രണ്ടുകൈയ്‌കൊണ്ടുംകൂടിമണ്ണിൽ അടിക്കണം. "'ഫർസ്സ്'നമസ്കാരത്തെ *'ഹലാലാ'ക്കുവാൻവേണ്ടി'തയമ്മും'ചെയ്യുന്നു" എന്നു കരുതുകയും വേണം. എന്നിട്ടു് ആ രണ്ടുകൈയ്‌കൊണ്ടുംകൂടി മുഖം ഒരു പ്രാവശ്യം തടവുക. നേർത്തതോ, ഇടതൂർന്നതോ ആയ രോമങ്ങളുടെ അടിഭാഗങ്ങളിൽ മൺപൊടികൾ ചെലുത്താൻ സാഹസപ്പെടേണ്ടതില്ല. പിന്നീട്ടു് നിൻെറ (കൈയിൽ) മോതിരം (ഉണ്ടെങ്കിൽ അതു്) ഊരുകയും, കൈയിൽ പററിയിട്ടുള്ള മൺപൊടികൾ തട്ടിക്കുടഞ്ഞു കളയുകയും ചെയ്യണം. അനന്തരം, വിരലുകൾ തമ്മിൽ അകററിപ്പിടിച്ചുകൊണ്ടു് രണ്ടാമതും മണ്ണിൽ അടിക്കുക. രണ്ടു കൈ

---

* ഹലാൽ = അനുവദിക്കപ്പെട്ടതു്. ഹറാം = നിരോധിക്കപ്പെട്ടതു്. വുസൂവോ, തയമ്മുമോ കൂടാതെ നമസ്കരിക്കുന്നതു് ഹറാമാകുന്നു.

യ്കളും മുട്ടുകളുംകൂടെ തടവണം. ഇനി രണ്ടു കൈയ്കളേയും അതുകൊണ്ടു് മുഴവിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ, മുഴവിക്കുന്നതിനു് ഒരു പ്രാവശ്യംകൂടി മണ്ണിൽ അടിക്കുക. ഓരോ കൈയും മറുകൈയ്കൊണ്ടു് തടവണം. ഒടുവിൽ വിരലുകളെ ഇടകോർത്തു തടവുകയും ചെയ്യണം. ഈ 'തയമ്മും'കൊണ്ടു് കേവലം ഒരു 'ഫർസും', നീ ഉദ്ദേശിക്കുന്നിടത്തോളം 'സുന്നത്തു'കളും നമസ്കരിക്കുക. രണ്ടാമത്തു് ഒരു 'ഫർസു' നമസ്കരിക്കാൻ നീ ഉദ്ദേശിച്ചാൽ, അതിനുവേണ്ടി വീണ്ടും ഒരു 'തയമ്മും' ചെയ്യുക.

## പള്ളിയിൽ പോകുന്നതിൻെറ ചിട്ടകൾ

ശുചീകരണത്തിൽനിന്നു് വിരമിക്കുമ്പോൾ, 'ഫജ്റ്' (ഉഷസ്സ്) പ്രത്യക്ഷപ്പെട്ടിട്ടുണ്ടെങ്കിൽ, 'സുബ്ഹി'യുടെ രണ്ടു 'റക്‌അത്തു്' 'സുന്നത്തു്' വീട്ടിൽ വച്ചുതന്നെ നമസ്കരിക്കണം. നബി (സ:അ:) അങ്ങനെയാണു് ചെയ്തിരുന്നതു്. അനന്തരം പള്ളിയിലേയ്ക്കു് പോകുക. 'ജമാഅത്തു്' (കൂട്ട) നമസ്കാരം നീ ഉപേക്ഷിക്കരുതു്. 'സുബ്ഹി' നമസ്കാരത്തിൽ വിശേഷിച്ചും. ഒററയ്ക്കുള്ള നമസ്കാരത്തെക്കാൾ ഇരുപത്തേഴ പദവികൾകൊണ്ടു് മെച്ചപ്പെട്ടതാണു് കൂട്ട നമസ്കാരം. ഇതുപോലെയുള്ള ലാഭങ്ങളെ നീ അവഗണിക്കുകയാണെങ്കിൽ, നിൻെറ വിജ്ഞാനസമ്പാദനംകൊണ്ടു് എന്തുപ്രയോജനമാണുള്ളതു്? വിജ്ഞാനത്തിൻെറ ഫലം അതനുസരിച്ചുള്ള പ്രവൎത്തനം മാത്രമാണു്.

പള്ളിയിലേക്കു് നീ നടന്നുപോകുമ്പോൾ, ശാന്തമായും സമാധാനമായും നടക്കണം. നീ ധൃതികാ

ണിക്കരുത്. "അല്ലാഹുവേ, നിന്നോട് പ്രാർത്ഥിക്കുന്നവരുടെ അവകാശത്തെ മുൻനിറുത്തിയും, നിന്നെ ആഗ്രഹിക്കുന്നവരുടെ അവകാശത്തെ മുൻനിറുത്തിയും, നിന്നിലേക്കുള്ള എൻെറ ഈ നടത്തത്തെ മുൻനിറുത്തിയും നരകത്തിൽനിന്ന് എന്നെ നീ രക്ഷപ്പെടുത്തേണമേ; എൻെറ പാപങ്ങൾ നീ പൊറുത്തുതരേണമേ! എന്ന് നിന്നോട് ഞാൻ പ്രാർത്ഥിക്കുന്നു. നീ അല്ലാതെ ആരും പാപങ്ങൾ പൊറുത്തുതരികയില്ല. കൃതഘ്നനായിട്ടും, നിഗളിച്ചും, മുഖസ്തുതിക്കും പ്രശംസയ്ക്കും വേണ്ടിയും ഞാൻ പുറപ്പെട്ടിട്ടില്ല. നിൻെറ കോപത്തെ പേടിച്ചും, നിൻെറ സംതൃപ്തിയെ ആഗ്രഹിച്ചും മാത്രം ഞാൻ പുറപ്പെട്ടിരിക്കുകയാണ്" എന്നീ അർത്ഥത്തിലുള്ള പ്രാർത്ഥനാസൂക്തം പള്ളിയിലേക്കുള്ള വഴിയിൽ ഉച്ചരിക്കുക.

## പള്ളിയിൽ പ്രവേശിക്കുന്നതിൻെറ ചിട്ടകൾ

പള്ളിയിൽ പ്രവേശിക്കുമ്പോൾ വലതുകാൽ മുന്തിക്കണം. അപ്പോൾ "അല്ലാഹുവേ; മുഹമ്മദുനബിക്കും, മുഹമ്മദുനബിയുടെ കുടുംബത്തിനും, അവിടുത്തെ 'സഹാബി'കൾക്കും നീ കരുണയേകുകയും, രക്ഷ നല്കുകയും ചെയ്യേണമേ! അല്ലാഹുവേ, എൻെറ പാപങ്ങൾ എനിക്ക് നീ പൊറുത്തുതരേണമേ! നിൻെറ അനുഗ്രഹത്തിൻെറ കവാടങ്ങൾ എനിക്ക് നീ തുറന്നുതരേണമേ!" എന്ന് അർത്ഥമുള്ള പ്രാർത്ഥനാസൂക്തം ഉച്ചരിക്കുക. പള്ളിയിൽ ആരെങ്കിലും കച്ചവടം നടത്തുന്നതായി കണ്ടാൽ, നിൻെറ കച്ചവടത്തിൽ അല്ലാഹു ലാഭം വരുത്താതിരിക്കട്ടെ എന്നും, കളഞ്ഞുപോയ സാധനം പള്ളിയിൽവച്ച് അന്വേഷിക്കുന്നതായി ആരെയെങ്കിലും കണ്ടാൽ, നിൻെറ

കളഞ്ഞുപോയ സാധനം അല്ലാഹ്ഹ നിനക്കു തിരിച്ചു തരാതിരിക്കട്ടെ എന്നും പറയുക. നബി (സ: അ:) അപ്രകാരം കല്പിച്ചിരിക്കുന്നു. പള്ളിയിൽ നീ പ്രവേശിച്ചാൽ,*'തഹിയ്യത്തി'ന്റെ രണ്ടു് 'റക്അത്തു്" നമസ്കരിക്കുന്നതിനു മുമ്പ് ഇരിക്കരുതു്. ശുചിത്വം ഇല്ലാതിരിക്കുകയോ, 'തഹിയ്യത്തു്' നമസ്കരിക്കുവാൻ ഉദ്ദേശമില്ലാതിരിക്കുകയോ ചെയ്താൽ, "സുബ്ഹാനല്ലാഹി, വൽഹംദുലില്ലാഹി, വലാഇലാഹ ഇല്ലല്ലാഹ്ഹ, വല്ലാഹ്ഹ അക്ബർ" (അല്ലാഹ്ഹുവിന്റെ പരിശുദ്ധിയെ ഞാൻ പ്രകീർത്തിക്കുന്നു; സർവ്വ സ്തുതികളും അല്ലാഹ്ഹുവിനത്രെ. അല്ലാഹ്ഹ അല്ലാതെ ഒരു ആരാധ്യനമില്ല; അല്ലാഹ്ഹ ഏററവും വലിയവൻ.) എന്നു് മൂന്നുപ്രാവശ്യം ഓതിയാൽ മതിയാകുന്നതാണു്. നാലു പ്രാവശ്യമെന്നും പറയപ്പെട്ടിട്ടുണ്ടു്. 'വുസൂഅ്" ഇല്ലാത്തവക്കു മൂന്നു പ്രാവശ്യമെന്നും, 'വുസൂഅ്" ഉള്ളവക്കു ഒരു പ്രാവശ്യമെന്നും പറയപ്പെടുന്നുണ്ടു്.

വീട്ടിൽവച്ചു് 'സുബ്ഹി'ക്കു മുമ്പുള്ള രണ്ടു് 'റക്അത്തു്' നീ നമസ്കരിച്ചിട്ടില്ലെങ്കിൽ, ആ രണ്ടു് 'റക്അത്തു്' നമസ്കാരം പള്ളിയിൽവച്ചു് നിർവ്വഹിക്കൽ 'തഹിയ്യത്തി'നുവേണ്ടി മതിയാകും. പ്രസ്തുത രണ്ടു് റക്അത്തിൽനിന്നും വിരമിച്ചാൽ, 'ഇഅ്ത്തികാഫി'നെ (ഭജനമിരിക്കുന്നതിനു) കരുതണം. 'സുബ്ഹി'യുടെ രണ്ടു് 'റക്അത്തു്' 'സുന്നത്തു്' നമസ്കാരത്തിനുശേഷം, നബി (സ: അ:) നടത്തിപ്പോന്ന

---

* തഹിയ്യത്തു് = അഭിവാദ്യം. ഒരു മുസ്ലിമിനെ സന്ദർശിക്കുമ്പോൾ, 'സലാം' പറഞ്ഞു് അഭിവാദ്യം ചെയ്യുന്നതുപോലെ, പള്ളിയിൽ പ്രവേശിക്കുന്നവർ പള്ളിക്കു് അർപ്പിക്കുന്ന അഭിവാദ്യമത്രെ രണ്ടു് 'റക്അത്തു്' നമസ്കാരം.

പ്രാർത്ഥനകൊണ്ടു് നീ പ്രാർത്ഥിക്കുക. അതിൻെറ അർത്ഥം ഇപ്രകാരമാണു്:

"അല്ലാഹുവേ, നിൻെറ പക്കൽനിന്നുള്ള കാരുണ്യത്തെ നിന്നോടു ഞാൻ ചോദിക്കുന്നു. എൻെറ ഹൃദയത്തെ അതുകൊണ്ടു് നീ നേർമാർഗ്ഗത്തിലാക്കേണമേ! എൻെറ ശിഥിലമായ കാര്യങ്ങളെ അതുകൊണ്ടു് നീ സംയോജിപ്പിക്കേണമേ! എന്നിൽനിന്നു് ചിതറിപ്പോയതിനെ അതുകൊണ്ടു് നീ ഒരുമിച്ചുകൂട്ടേണമേ! വിപത്തുകളെ അതുകൊണ്ടു് നീ തടഞ്ഞു നിറുത്തേണമേ! എൻെറ നടപടിക്രമത്തെ അതുകൊണ്ടു് നീ നന്നാക്കിത്തീർക്കേണമേ! എൻെറ അദൃശ്യത്തെ അതുകൊണ്ടു് നീ കാത്തുസൂക്ഷിക്കേണമേ! എൻെറ ദൃശ്യത്തെ അതുകൊണ്ടു് നീ അഭിവൃദ്ധിപ്പെടുത്തേണമേ! എൻെറ കർമ്മത്തെ അതുകൊണ്ടു് നീ സംസ്കരിക്കേണമേ! എൻെറ മുഖത്തെ അതുകൊണ്ടു് നീ ശുഭ്രമാക്കേണമേ! എൻെറ സന്മാർഗ്ഗത്തെ അതുകൊണ്ടു് എനിക്കു് നീ തോന്നിപ്പിച്ചുതരേണമേ! എൻെറ ആവശ്യം അതുകൊണ്ടു് നീ നിറവേററിത്തരേണമേ! എല്ലാവിധ ദുഷ്കൃത്യങ്ങളിൽനിന്നും അതുകൊണ്ടു് എന്നെ നീ കാത്തുരക്ഷിക്കേണമേ!

അല്ലാഹുവേ; എൻെറ ഹൃദയത്തെ ആശ്ലേഷിക്കുന്ന—നിഷ്കളങ്കമായ 'ഈമാനി'നെ നിന്നോടു് ഞാൻ ചോദിക്കുന്നു. എനിക്കു നീ രേഖപ്പെടുത്തിവെച്ചിട്ടുള്ളതല്ലാതെ യാതൊന്നും എന്നെ ബാധിക്കുകയില്ലെന്നു് ഞാൻ ബോധപ്പെടുമാറുള്ള സത്യസന്ധമായ ദൃഢവിശ്വാസത്തേയും, എനിക്കു നീ നിശ്ചയിച്ച ഓഹരിയിലുള്ള സംതൃപ്തിയേയും നിന്നോടു ഞാൻ ചോദിക്കുന്നു. അല്ലാഹുവേ; സത്യസന്ധമായ 'ഈമാ

നി'നേയും, അവിശ്വാസം അനുഗമിക്കാത്ത ദൃഢവി ശ്വാസത്തേയും നിന്നോട്ട ഞാൻ ചോദിക്കുന്നു. ഇഹത്തിലും പരത്തിലും നിൻെറ ബഹുമതിയുടെ മഹത്വം ഞാൻ നേടത്തക്കവണ്ണമുള്ള കാരുണ്യത്തേയും നിന്നോട്ട ഞാൻ ചോദിക്കുന്നു. നിൻെറ വിധി നടക്കുമ്പോഴുള്ള ക്ഷമയേയും നിന്നെ സന്ദർശിക്കുമ്പോഴുള്ള വിജയത്തേയും, രക്തസാക്ഷികളുടെ പദവികളേയും, സൗഭാഗ്യവാന്മാരുടെ ജീവിതത്തേയും, ശത്രുക്കളിൽനിന്നുള്ള രക്ഷയേയും, പ്രവാചകന്മാരുമായുള്ള കൂട്ടുകെട്ടിനേയും നിന്നോട്ട ഞാൻ ചോദിക്കുന്നു. അല്ലാഹുവേ; എന്റെ അഭിപ്രായം ദുർബ്ബലവും, എൻെറ കർമ്മം കുറവുള്ളതുമാണെങ്കിലും, ഞാൻ എൻെറ ആവശ്യം നിൻെറ പക്കൽ സമർപ്പിക്കുകയും, നിൻെറ കാരുണ്യത്തിന് അപേക്ഷിക്കുകയും ചെയ്യുന്നു. കാര്യങ്ങൾ നിറവേററുന്നവനേ; ഹൃദയങ്ങൾക്കു ശമനം നല്കുന്നവനേ! നീ സമുദ്രങ്ങളുടെ ഇടയെ രക്ഷപ്പെടുത്തുന്നതുപോലെ, നരകത്തിലെ ശിക്ഷയിൽനിന്നും 'ഖബ്റ' കളിലെ വിപത്തിൽനിന്നും, നാശത്തിൻെറ വിളിയിൽനിന്നും എന്നെ നീ രക്ഷപ്പെടുത്തേണമേ! അല്ലാഹുവേ; നിൻെറ ദാസന്മാരിൽ ആൎക്കെങ്കിലും നീ വാഗ്ദത്തം ചെയ്തിട്ടുള്ളതോ, അല്ലെങ്കിൽ നിൻെറ സൃഷ്ടികളിൽ ആൎക്കെങ്കിലും നീ നല്കുന്നതോ ആയ ഏതൊരു നന്മയാണോ, എൻെറ കർമ്മം അതിൽനിന്ന് കുറവുള്ളതാകുകയും എൻെറ നിശ്ചയവും താല്പര്യവും അതിനെ പ്രാപിക്കാതിരിക്കുകയും ചെയ്തിട്ടുള്ളതു്, അങ്ങനെയുള്ള ആ നന്മയ്ക്കുവേണ്ടിയും നിന്നോട്ട ഞാൻ കേണപേക്ഷിക്കുന്നു. സർവ്വലോകപാലകാ! അതിനെ ഞാൻ നിന്നോട്ട് യാചിക്കുകയും ചെയ്യുന്നു.

അല്ലാഹുവേ; വഴി പിഴയ്ക്കാതെയും വഴി പിഴപ്പിക്കാതെയും, നേർമാർഗ്ഗത്തിലായിത്തീരുകയും നേർമാർഗ്ഗം കാണിച്ചുകൊടുക്കുകയും ചെയ്യുന്നവരുടെ കൂട്ടത്തിൽ എന്നെ നീ പെടുത്തേണമേ! നിന്റെ ശത്രുക്കളോടുള്ള സമരത്തേയും നിന്റെ മിത്രങ്ങളോടുള്ള സന്ധിയേയും ഞാൻ ചോദിക്കുന്നു.

നിന്റെ സ്നേഹംമുഖേന ഞങ്ങൾ ജനങ്ങളെ സ്നേഹിക്കുന്നു; നിന്റെ വിരോധം നിമിത്തം ഞങ്ങൾ നിന്റെ സൃഷ്ടികളിൽനിന്നു് നിനക്കു് എതിരു പ്രവർത്തിക്കുന്നവരോടു വിരോധിക്കുകയും ചെയ്യുന്നു.

അല്ലാഹുവേ; ഇതു് ഞങ്ങളുടെ പ്രാർത്ഥനയാണു്. സമാധാനം ചെയ്യേണ്ടതു് നീയാണു്. ഇതു് ഞങ്ങളുടെ യത്നമാണു്. ഞങ്ങളുടെ ആശ്രയം നീ മാത്രമാണു്. ഞങ്ങൾ അല്ലാഹുവിന്റേതാണു്. ഞങ്ങൾ അവനിലേക്കു മടങ്ങുന്നവരുമാണു്.

ദുഷ്കർമ്മങ്ങളിൽനിന്നുള്ള പിന്മാററവും സൽക്കർമ്മങ്ങൾക്കുള്ള ശേഷിയും, അത്യുന്നതനും അതിമഹാനുമായ അല്ലാഹുവിൽനിന്നല്ലാതെ സിദ്ധിക്കയില്ല. സന്മാർഗ്ഗിക കാര്യത്തിന്റെയും ശക്തിമത്തായ പാശത്തിന്റെയും ഉടമസ്ഥനായ അല്ലാഹുവേ! നിന്റെ സാമീപ്യം പ്രാപിച്ചവരുടെയും നിന്നെ ദർശിക്കുന്നവരുടെയും, 'റുക്കൂഉം' 'സുജൂദും' നിർവ്വഹിക്കുന്നവരുടെയും, നിന്റെ കരാറുകൾ പാലിക്കുന്നവരുടേയുംകൂടെ, ഭയാനകദിനത്തിലെ വിശ്വസ്തതയെയും, ശാശ്വതദിവസത്തിന്റെ സ്വർഗ്ഗത്തെയും നിന്നോടു ഞാൻ ചോദിക്കുന്നു. നീ കരുണാനിധിയും ദയാലുവുമാണു്. നീ ഇച്ഛിക്കുന്നതു് നീ പ്രവർത്തിക്കും. അജയ്യമായ ശ്രേഷ്ഠതകൊണ്ടു് സവിശേഷിതനായ ഒരുവനെ

ഞാൻ സ്തോത്രം ചെയ്യുന്നു. മഹത്വം അണിയുകയും, അനുഗ്രഹമേകുകയും ചെയ്യുന്ന ഒരുവനെ ഞാൻ സ്തോത്രം ചെയ്യുന്നു. സ്തോത്രത്തിന്ന് അർഹതപ്പെട്ടവനെ ഞാൻ സ്തോത്രം ചെയ്യുന്നു. ഔദാര്യത്തിൻെറയും ഐശ്വര്യത്തിൻെറയും ഉടമസ്ഥനെ ഞാൻ സ്തോത്രം ചെയ്യുന്നു. ശക്തിയുടെയും ദയയുടെയും ഉടമസ്ഥനെ ഞാൻ സ്തോത്രം ചെയ്യുന്നു. സർവ്വ ചരാചരങ്ങളെയും, തൻെറ വിജ്ഞാനംകൊണ്ട് നിർണ്ണയിക്കുന്നവനെ ഞാൻ സ്തോത്രം ചെയ്യുന്നു. അല്ലാഹുവേ! എനിക്ക് നീ പ്രകാശം തരേണമേ! എൻെറ ഹൃദയത്തിൽ പ്രകാശം തരേണമേ! എൻെറ 'ഖബ്റി'ൽ പ്രകാശം തരേണമേ! എൻെറ കാതിൽ പ്രകാശം തരേണമേ! എൻെറ കണ്ണിൽ പ്രകാശം തരേണമേ! എൻെറ രോമത്തിൽ പ്രകാശം തരേണമേ! എൻെറ ത്വക്കിൽ പ്രകാശം തരേണമേ! എൻെറ മാംസത്തിൽ പ്രകാശം തരേണമേ! എൻെറ രക്തത്തിൽ പ്രകാശം തരേണമേ! എൻെറ അസ്ഥിയിൽ പ്രകാശം തരേണമേ! എൻെറ മുൻഭാഗത്ത് പ്രകാശം തരേണമേ! എൻെറ പിൻഭാഗത്ത് പ്രകാശം തരേണമേ! എൻെറ വലതുഭാഗത്ത് പ്രകാശം തരേണമേ! എൻെറ ഇടതുഭാഗത്ത് പ്രകാശം തരേണമേ! എൻെറ മേൽഭാഗത്ത് പ്രകാശം തരേണമേ! എൻെറ താഴ്ഭാഗത്ത് പ്രകാശം തരേണമേ! അല്ലാഹുവേ; എനിക്ക് പ്രകാശം വർദ്ധിപ്പിച്ചുതരേണമേ! എനിക്കു നീ മഹത്തായ പ്രകാശം തരേണമേ! കാരുണികന്മാരിൽവച്ച് ഏററവും വലിയ കാരുണികാ; നിൻെറ കാരുണ്യത്താൽ എനിക്കു നീ പ്രകാശം തരേണമേ!"

പ്രാർത്ഥനയിൽനിന്നും നീ വിരമിച്ചാൽ, 'ഫർസ്'നമസ്കാരത്തിലോ, 'ദിക്റി'ലോ, 'തസ്ബീഹി'

ലോ, ഖുർആൻ പാരായണത്തിലോ അല്ലാതെ ഏ
പ്പെടരുതു്. അതിനിടയിൽ 'ബാങ്ക്' കേട്ടാൽ, അതു
നിറുത്തിവച്ചിട്ടു്, 'ബാങ്കി'നു് ഉത്തരം നല്കണം.
'അല്ലാഹു അക്ബർ' എന്നു 'മുഅദ്ദിൻ' പറയുന്നതു
കേൾക്കുമ്പോൾ, നീ അപ്രകാരം പറയണം. രണ്ടു്
'ഹയ്യ അലത്തു'കൾ ("ഹയ്യ അലസ്സലാത്തു്" എന്ന
തും, "ഹയ്യ അലൽഫലാഹ്" എന്നതും) ഒഴികെയു
ള്ള എല്ലാ വാക്യങ്ങളിലും 'മുഅദ്ദിൻ' പറയുന്നതുപോ
ലെതന്നെ പറയണം. 'ഹയ്യ അലത്തു'കളിൽ ഇപ്ര
കാരം പറയുക: "ലാഹൗല, വലാഖുവ്വത്ത, ഇല്ലാ
ബില്ലാഹിൽ അലിയ്യിൽ അസീം" (ദുഷ്കർമ്മങ്ങളിൽ
നിന്നുള്ള പിന്മാററവും സൽക്കർമ്മങ്ങൾക്കുള്ള ശേഷിയും
സമുന്നതനും മഹത്തായവനുമായ അല്ലാഹുവിൽനി
ന്നല്ലാതെ സിദ്ധിക്കയില്ല.) "അസ്സ്വലാത്തു, ഖൈറു
മ്മിനന്നൗമി" (ഉറക്കത്തെക്കാൾ ഉത്തമമാകുന്നു നമ
സ്കാരം) എന്നു 'മുഅദ്ദിൻ' പറയുന്നതു് കേൾക്കു
മ്പോൾ നീ പറയണം: "സദഖ്ത, വ ബരിർത,
വഅന അലാദാലിക്ക, മിനശ്ശാഹിദീൻ" (നീ വാസ്ത
വം പറയുകയും, ഗുണവാനായിത്തീരുകയും ചെയ്തി
രിക്കുന്നു. അതിനു് സാക്ഷ്യംവഹിക്കുന്നവരിൽ പെട്ട
വനാണു് ഞാൻ.) 'ഇഖാമത്തി'ലും 'മുഅദ്ദിൻ' പറ
യുന്നതുപോലെ പറയണം. "ഖദ്ഖാമത്തിസ്സലാത്തു്"
(നമസ്കാരം നിലവിൽവന്നു) എന്നു 'മുഅദ്ദിൻ' പറ
യുമ്പോൾ നീ പറയുക: "അഖാമഹല്ലാഹു, വ അദാ
മഹാ, മാദാമത്തിസ്സമാവാത്തു-വൽഅർസു്" )ആകാ
ശഭൂമികൾ നിലവിലുള്ള കാലത്തോളം, അല്ലാഹു
നമസ്കാരത്തെ നിലനിർത്തുകയും, സുസ്ഥിരപ്പെടുത്തുക
യും ചെയ്യുമാറാകട്ടെ) 'ബാങ്കി'നു് ഉത്തരം നല്കുന്ന
തിൽനിന്നും വിരമിച്ചുകഴിഞ്ഞാൽ, "അല്ലാഹുവേ;

നിനക്കുവേണ്ടിയുള്ള നമസ്കാരവും, നിന്നോടു പ്രാർത്ഥിക്കുന്നവരുടെ ശബ്ദങ്ങളും, രാത്രിയുടെ പിന്മാററവും, പകലിൻെറ ആഗമനവും ആസന്നമായിരിക്കുന്ന ഈ സന്ദർഭത്തിൽ നിന്നോടു ഞാൻ ചോദിക്കുന്നു: 'വസീലത്തും', 'ഫസീലത്തും" ഉയൎന്ന പദവിയും മുഹമ്മദുനബി(സ: അ:)ക്ക് നീ നല്കേണമേ! നീ വാഗ്ദാനം ചെയ്തിട്ടുള്ള സ്തുത്യർഹസ്ഥാനത്തിൽ അദ്ദേഹത്തെ നീ എത്തിക്കേണമേ! കാരുണികന്മാരിൽവെച്ച് ഏററവും വലിയ കാരുണികാ!" എന്നിങ്ങനെ അർത്ഥമുള്ള പ്രാർത്ഥനാസൂക്തം ഉച്ചരിക്കുക.

നീ നമസ്കാരത്തിലായിരിക്കവേ 'ബാങ്ക്' കേട്ടാൽ നമസ്കാരം പൂർത്തിയാക്കുകയും, 'സലാം' വീട്ടിയശേഷം 'ബാങ്കി'ൻെറ ഉത്തരം, അതിൻെറ ക്രമപ്രകാരം വീണ്ടെടുക്കുകയും ചെയ്യണം. 'ഫർസ്സ്'നമസ്കാരത്തിൻെറ 'ഇഹ്റാമി'ൽ ഇമാം പ്രവേശിച്ചാൽ, 'ഇമാമി'നോട്ട് തുടരുന്നതിലല്ലാതെ നീ ഏർപ്പെടരുത്. നമസ്കാരത്തിൻെറ സംവിധാനവും ചിട്ടകളും പിറകെ പറയുന്നതാണ്. അതനുസരിച്ച് 'ഫർസ്സ്'നമസ്കാരം നീ നിർവ്വഹിക്കുക. നമസ്കാരത്തിൽനിന്നും വിരമിക്കുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കുക: "അല്ലാഹുവേ; മുഹമ്മദുനബി (സ: അ:) യിലും, മുഹമ്മദുനബി (സ: അ:) യുടെ കുടുംബത്തിലും നീ ഗുണം ചെയ്യേണമേ! നീ രക്ഷയേകുകയും ചെയ്യേണമേ! അല്ലാഹുവേ; നീ സുരക്ഷിതനാകുന്നു. നിൻെറ പക്കൽനിന്നാകുന്നു രക്ഷ. രക്ഷ നിന്നിലേക്കു മടങ്ങുകയും ചെയ്യുന്നു. ഞങ്ങളുടെ നാഥാ! രക്ഷകൊണ്ട് ഞങ്ങളെ നീ മാനിക്കേണമേ! രക്ഷയുടെ വസതിയിൽ ഞങ്ങളെ നീ പ്രവേശിപ്പിക്കേണമേ! മഹത്വത്തിൻേറയും, ബഹുമതിയുടേയും ഉടമസ്ഥനായിട്ടുള്ളവ

നേ! നീ ഐശ്വര്യവാനാകുന്നു. സമുന്നതനും അത്യുന്നതനുമായ എന്റെ നാഥനെ ഞാൻ സ്തോത്രം ചെയ്യുന്നു. അല്ലാഹുവല്ലാതെ ഒരു ആരാധ്യനുമില്ല. അവൻ ഏകനാകുന്നു. അവനു് ഒരു പങ്കുകാരനുമില്ല. അധീശാധികാരം അവനാകുന്നു. സർവ്വ സ്തുതികളും അവനാകുന്നു. അവൻ ജീവിപ്പിക്കുകയും, മരണപ്പെടുത്തുകയും ചെയ്യുന്നു. അവൻ ജീവിച്ചിരിക്കുന്നവനാണു്. അവൻ മരണപ്പെടുകയില്ല. എല്ലാ നന്മകളും അവന്റെ പക്കലാകുന്നു. അവൻ സർവ്വ വസ്തുക്കളുടെ മേലും സർവ്വശക്തനാകുന്നു. അല്ലാഹു അല്ലാതെ ഒരു ആരാധ്യനുമില്ല. അവൻ എല്ലാ ക്ഷേമൈശ്വര്യങ്ങൾക്കും, പ്രകീർത്തനങ്ങൾക്കും അർഹനാകുന്നു. അല്ലാഹു അല്ലാതെ ഒരു ആരാധ്യനുമില്ല. 'ദീൻ' അല്ലാഹുവിന്റേതാണെന്നു് ഞങ്ങൾ സമ്മതിക്കുന്നു. അവിശ്വാസികൾ അനിഷ്ടപ്പെട്ടാലും അവനെ അല്ലാതെ ഞങ്ങൾ ആരാധിക്കുകയില്ല." അതിനുശേഷം "സർവ്വഗുണസമ്പൂർണ്ണവും സംയുക്തവുമായ പ്രാർത്ഥന"കൊണ്ടു് പ്രാർത്ഥിക്കുക. അല്ലാഹുവിന്റെ റസൂൽ (സ:അ:)ആഇശാ(റ:)യ്ക്കു പഠിപ്പിച്ചുകൊടുത്ത ഒരു പ്രാർത്ഥനയാണതു്. അതിന്റെ അർത്ഥം ഇപ്രകാരമാണു്:–

"അല്ലാഹുവേ; ആസന്നമായതും കാലതാമസമുള്ളതുമായ എല്ലാ നന്മകളിൽനിന്നും എനിക്കു് അറിയാവുന്നതിനേയും അറിഞ്ഞുകൂടാത്തതിനേയും നിന്നോടു ഞാൻ ചോദിക്കുന്നു. ആസന്നമായതും കാലതാമസമുള്ളതുമായ എല്ലാ തിന്മകളിലുംവച്ചു് എനിക്കു് അറിയാവുന്നതിൽനിന്നും അറിഞ്ഞുകൂടാത്ത

തിൽനിന്നും നിന്നോട്ട ഞാൻ രക്ഷതേടുകയും ചെയ്യു ന്നു. സ്വർഗ്ഗത്തേയും സ്വർഗ്ഗത്തിലേക്ക് അടുപ്പിക്കുന്ന വാക്കുകളേയും, പ്രവൃത്തിയേയും, വിചാരത്തേയും, വിശ്വാസത്തേയും നിന്നോട്ട ഞാൻ ചോദിക്കുന്നു. നര കത്തിൽനിന്നും, നരകത്തിലേക്ക് അടുപ്പിക്കുന്ന വാക്കുകളിലും, പ്രവൃത്തിയിലും, വിചാരത്തിലും, വിശ്വാസത്തിലുംനിന്ന് നിന്നോട്ട ഞാൻ രക്ഷതേടു ന്നു. നിൻെറ ദാസനും ദൂതനുമായ മുഹമ്മദുനബി (സ:അ) നിന്നോട്ട ചോദിച്ചിട്ടുള്ള എല്ലാ നന്മകളേ യും നിന്നോട്ട ഞാൻ ചോദിക്കുന്നു. നിൻെറ ദാസനും ദൂതനുമായ മുഹമ്മദുനബി(സ:അ:) നിന്നോട്ട രക്ഷ തേടിയിട്ടുള്ള എല്ലാ തിന്മകളിൽനിന്നും നിന്നോട്ട ഞാൻ രക്ഷതേടുന്നു. 'അല്ലാഹുവേ; എനിക്കു നീ വിധിച്ചിട്ടുള്ള കാര്യത്തിൻെറ പര്യവസാനം സാന്മാ ർഗ്ഗികമാക്കേണമേ! അനന്തരം നബി(സ:) ഫാഥിമ: (റ:) യോട്ട ഉപദേശിച്ചപ്രകാരം നീ പ്രാത്ഥിക്കുക. അതിൻെറ അത്ഥം ഇപ്രകാരമാണു്: "ചിരംജീവി യായിട്ടുള്ളോവേ! സർവ്വനിയന്താവേ! മഹിമയുടേയും ബഹുമതിയുടേയും ഉടമസ്ഥനായിട്ടുള്ളോവേ! നീയ ല്ലാതെ ഒരു ആരാധ്യനുമില്ല. നിന്റെ അനുഗ്രഹത്താൽ നിന്നോട്ട ഞാൻ സഹായം തേടുന്നു; നിൻെറ ശിക്ഷ യിൽനിന്നും ഞാൻ മോചനം തേടുന്നു. എൻെറ കാര്യങ്ങളെ ഞൊടിയിട നേരത്തേയ്ക്കുപോലും എന്നെ നീ ഏല്പിക്കരുതേ! ഏതൊന്നുകൊണ്ടു് സജ്ജനങ്ങ ളെ നീ നന്നാക്കിയോ, അതുകൊണ്ടു് എൻെറ കാര്യ ങ്ങളേയും നീ നന്നാക്കേണമേ!" അനന്തരം, ഈസാ നബി(അ:) പ്രാത്ഥിച്ചിട്ടുള്ളതുപോലെ നീ പ്രാത്ഥി ക്കുക. അതിൻെറ അർത്ഥം ചുവടേ ചേക്കുന്നു:— "അല്ലാഹുവേ, ഞാൻ പ്രഭാതത്തിലെത്തിയിരിക്കുന്നു.

എനിക്കു് ഇഷ്ടപ്പെടാത്തതിനെ തടയുന്നതിനു് ഞാൻ ശക്തനല്ല. ഞാൻ ആഗ്രഹിക്കുന്ന ഒന്നിൻെറയും ഫലം എൻെറ പക്കലല്ല. എല്ലാം കാര്യങ്ങളും നിന്റെ പക്കലാണു്. മററാരുടേയും പക്കലല്ല. ഞാൻ എന്റെ കർമ്മത്തിൻെറ പണയമാണു്. നിന്നെ ആശ്രയിക്കുന്നവരിൽ എന്നെക്കാൾ കൂട്ടതലായി ആശ്രയിക്കുന്നവർ ഉണ്ടായിരിക്കുകയില്ല. എന്നെ ആശ്രയിക്കാത്തവരിൽ നിന്നെക്കാൾ വലിയ നിരാശ്രയനുമില്ല. അല്ലാഹുവേ! ഞാൻ വഴിയായി എൻെറ ശത്രുക്കളെ നീ സന്തോഷിപ്പിക്കരുതേ! ഞാൻ വഴിയായി എന്റെ മിത്രങ്ങളെ നീ ദുഷിപ്പിക്കരുതേ! എൻെറ ദീനിൽ നീ വിപത്തുകൾ ഉണ്ടാക്കരുതേ! നീ എൻെറ ഉദ്ദേശ്യങ്ങളിൽവച്ചു് ഏററവും വലുതും, എൻെറ വിജ്ഞാനത്തിൻെറ പരമലക്ഷ്യവും ഐഹിക സൗഖ്യമാക്കരുതേ! എന്നോടു കരുണചെയ്യാത്തവരെ—എൻെറ പാപംകാരണം—നീ എൻെറമേൽ അധികാരികളാക്കരുതേ!" പിന്നീടു മററു് പ്രസിദ്ധമായ പ്രാത്ഥനകളിൽനിന്നു് നിനക്കു് അറിയാവുന്നവകൊണ്ടു് പ്രാത്ഥിക്കുക: "ഇഹ്‌യാ ഉലൂമിദ്ദീനി"ലെ പ്രാത്ഥനയുടെ അദ്ധ്യായത്തിൽനിന്നും അവ നീ പഠിച്ചുകൊൾക.

സുബ്ഹിനമസ്കാരം കഴിഞ്ഞതുമുതൽ സൂര്യോദയംവരെയുള്ള സമയം താഴെപ്പറയുന്ന നാലു് കാര്യങ്ങൾക്കുവേണ്ടി വിഭജിക്കുക: 1) പ്രാത്ഥനകൾ. 2) ദിക്റുകളും തസ്ബീഹുകളും. 3) ഖുർആൻ പാരായണം. 4) ചിന്ത.

നിൻെറ ചെറുദോഷങ്ങൾ, വൻദോഷങ്ങൾ, നിൻെറ യജമാനനെ ആരാധിക്കുന്നതിൽ വരുത്തുന്ന

വീഴ്ചകൾ, അവന്റെ വേദനാജനകമായ ശിക്ഷയേയും കഠിനമായ കോപത്തേയും അഭിമുഖീകരിക്കൽ എന്നിവയെ സംബന്ധിച്ച് നീ ചിന്തിക്കുക. അങ്ങനെ, നിന്റെ വീഴ്ചകൾ പരിഹരിക്കുന്നതിനും അല്ലാഹുവിന്റെ കഠിനമായ കോപത്തെ അഭിമുഖീകരിക്കുന്നതിൽനിന്ന് സൂക്ഷിക്കുന്നതിനുമായി ദൈനംദിനകർമ്മങ്ങൾ യഥാക്രമം അനുഷ്ഠിക്കുകയും ചെയ്യുക. എല്ലാ മുസ്ലിംകൾക്കുവേണ്ടിയും നീ നന്മയെ കരുതണം. എല്ലായ്പ്പോഴും അല്ലാഹുവിന്റെ ആജ്ഞകൾ അനുഷ്ഠിക്കുന്നതിലല്ലാതെ ഏർപ്പെടുകയില്ലെന്നു നീ ദൃഢനിശ്ചയം ചെയ്യുക. നീ നിർവ്വഹിക്കേണ്ട കർമ്മാനുഷ്ഠാനങ്ങളെ നിന്റെ ഹൃദയത്തിൽ കരുതുകയും, അവയിൽനിന്നും യഥാസമയം ആവശ്യമായതിനെ തിരഞ്ഞെടുക്കുകയും ചെയ്യുക. ആരാധനകളിൽ ഏർപ്പെടുന്നതിനുവേണ്ടി, അതിന്റെ മുന്നോടികൾ ഒരുക്കുന്നതിനെ നീ പ്രതീക്ഷിച്ചിരിക്കുകയും വേണം. നിന്റെ കാലാവധിയുടെ സമീപനത്തേയും, ആഗ്രഹങ്ങളെ നിഗ്രഹിക്കുന്ന മരണത്തിന്റെ ആഗമനത്തേയും, നിന്റെ സ്വാധീനതയിൽനിന്ന് കാര്യങ്ങൾ വ്യതിചലിച്ചുപോകുന്നതിനേയും നിന്റെ മരണത്തെപ്പററിയുള്ള അഗാധമായ അശ്രദ്ധമൂലം അനല്പമായ ക്ലേശവും അസാമാന്യമായ വേദനയും അഭിമുഖീകരിക്കേണ്ടിവരുന്നതിനേയും സംബന്ധിച്ച് നീ ചിന്തിക്കാതിരിക്കരുത്.

താഴെപ്പറയുന്ന 10 വാക്യങ്ങൾ നിന്റെ 'തസ്ബീഹ്'കളിലും 'ദിക്ർ'കളിലും ഉൾപ്പെടുത്തുക:

1) "ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക്കലഹു, ലഹുൽ മുൽകു വലഹുൽ ഹംദു യുഹ്‌യീ വയു

മീത്തു വഹുവ ഹയ്യുൻലായമൂത്തു. ബിയദിഹിൽഖയ്റു വഹുവഅലാകുല്ലി ശൈഇൻഖദീർ."

2) "ലാഇലാഹ ഇല്ലല്ലാഹുൽ മലികുൽഹഖ്ഖുൽമുബീൻ."

3) "ലാഇലാഹ ഇല്ലല്ലാഹുൽ വാഹിദുൽ ഖഹ്ഹാർ, റബ്ബുസ്സമാവാത്തിവൽ അർസി, വമാബൈനഹുമൽ അസീസുൽ ഗഫ്ഫാർ."

4) "സുബ്ഹാനല്ലാഹി, വൽഹംദുലില്ലാഹി, വലാഇലാഹ ഇല്ലല്ലാഹു, വല്ലാഹു അക്ബർ. വലാഹൗല, വലാഖുവ്വത്ത ഇല്ലാബില്ലാഹിൽ അലിയ്യിൽ അസീം."

5) സുബ്ബൂഹുൻ, ഖുദ്ദൂസുൻ, റബ്ബുൽമലാഇക്കത്തി,വർ റൂഹ്."

6) "സുബ്ഹാനല്ലാഹി, വബിഹംദിഹി, സുബ്ഹാനല്ലാഹിൽ അസീം. വ അസ്അലുഹു തൗബത്ത, വൽമഗ്ഫിറ:"

7) "അസ്തഗ്ഫിറുല്ലാഹൽ അസീമല്ലദീ, ലാ ഇലാഹ ഇല്ലാ ഹുവൽ ഹയ്യുൽ ഖയ്യൂം."

8) അല്ലാഹുമ്മ, ലാമാനിഅ ലിമാഅഅ്ത്വൈത്ത, വലാമുഅ്ഥിയ ലിമാമനഅ്ത്ത, വലാറാദ്ദ ലിമാഖദൈസത്ത, വലാ യൻഫഉ ദൽജദ്ദി മിൻകൽ ജദ്ദു."

9) "അല്ലാഹുമ്മ സ്വല്ലിഅലാമുഹമ്മദിൻ, വഅലാ ആലിമുഹമ്മദിൻ, വസ്വഹ്ബിഹി, വസല്ലിം."

10) "ബിസ്മില്ലാഹില്ലദീ ലായസൂർറു മഅസ്മി ഹി ശൈഉൻ ഫിൽ അർസി, വലാഫിസ്സമാഇ, വഹ്ഹു വസ്സമീഉൽഅലീം."

മേലെഴുതിയ വാക്യങ്ങൾ ഓരോന്നും നൂറോ, എഴുപതോ, പത്തോ പ്രാവശ്യംവീതം ആവർത്തിക്കുക. പത്തുപ്രാവശ്യം വീതമാണു് ഏററവും കുറഞ്ഞതു്. അപ്പോൾ, ആകെ സംഖ്യ നൂറായിത്തീരും. ഈ 'ദിക്ർ'കൾ നീ ഉപേക്ഷിക്കരുതു്. സൂര്യോദയംവരെ നീ സംസാരിക്കുകയുമരുതു്. അതു് ഇസ്മാഈൽ സന്തതികളിൽ പെട്ട എൺപതു് അടിമകളെ മോചിപ്പിക്കുന്നതിനെക്കാൾ അത്യുത്തമമാണെന്നു് ഹദീസിലുണ്ടു്. സംസാരിക്കരുതെന്നു പറഞ്ഞാൽ, സംസാരംകൊണ്ടു് 'ദിക്റി'നു് തടസ്സംവരുത്താതെ(1) 'ദിക്റി'ൽ വ്യാപൃതനാകണമെന്നാണു് ഉദ്ദേശ്യം.

## സൂര്യോദയം മുതൽ മദ്ധ്യാഹ്നംവരെയുള്ള ചിട്ടകൾ

സൂര്യൻ ഉദിച്ചു്, ഒരു കുന്തത്തിൻെറ തോതിൽ ഉയൎന്നുകഴിഞ്ഞാൽ, നീ രണ്ടു് റക്അത്തു് നമസ്കരിക്കുക. 'സുബ്ഹി' നമസ്കാരത്തിനുശേഷം സൂര്യൻ ഉദിച്ചു് ഇത്രയും ഉയരുന്നതുവരെ നമസ്കാരം(2) 'കറാഹത്താ'ണു്. പകൽ പുലരുകയും, ഏകദേശം പകലിൻെറ നാലിലൊന്നു കഴിയുകയും ചെയ്താൽ, രണ്ടു 'റക്അത്തു'വീതം നാലോ, ആറോ, എട്ടോ റക്അ

(1) ദിക്ർ = നാമകീർത്തനം; ആത്മപ്രബോധനം

(2) കറാഹത്തു് = വർജ്ജ്യം.

ത്തു് 'സുഹാ' (പൂർവ്വാഹ്നനമസ്കാരം) നമസ്കരിക്കണം. ഈ എണ്ണങ്ങൾ മുഴുവനും നബി(സ:അ:)യിൽനിന്നും ഉദ്ധരിക്കപ്പെട്ടിട്ടുള്ളതാകുന്നു. നമസ്കാരങ്ങൾ മുഴുവനും പുണ്യമേറിയതാണു്. സുന്നത്തുനമസ്കാരത്തെ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നവർ വർദ്ധിപ്പിക്കട്ടെ; കുറയ്ക്കുവാൻ ഉദ്ദേശിക്കുന്നവർ കുറയ്ക്കട്ടെ! 'സുഹാ' നമസ്കാരം കഴിഞ്ഞാൽ മദ്ധ്യാഹ്നംവരേയും, വേറെ നിത്യകർമ്മങ്ങളൊന്നുമില്ല. 'സുഹാ' നമസ്കാരത്തിനുശേഷമുള്ള സമയങ്ങളിൽ നാലു് അവസ്ഥകളാണ് നിനക്കു കരണീയമായിട്ടുള്ളതു്. (അവയിൽ ഏതെങ്കിലും ഒരു അവസ്ഥയായിരിക്കണം നീ കൈയ്ക്കൊള്ളേണ്ടതു്.)

ഒന്നാമത്തെ അവസ്ഥ:—പ്രസ്തുത സമയത്തു് ഫലവത്തായ വിജ്ഞാനം സംഭരിക്കുന്നതിൽ നീ ഏർപ്പെടുക. അതാണു് ഏററവും മഹത്തരം. ജനങ്ങൾ വിജ്ഞാനം എന്നു് പേരു പറയുകയും, അവശ്യം ആവശ്യമായി കണക്കാക്കുകയും ചെയ്യാറുള്ള മിഥ്യാബോധനങ്ങളിൽ (ക്ഷുദ്രവിദ്യ, ജ്യോത്സ്യം, നിഷിദ്ധ കലകൾ (ആദിയായവയിൽ) നീ ഏർപ്പെടരുതു്. ഫലവത്തായ വിജ്ഞാനത്തിൻെറ സവിശേഷതകൾ എന്തൊക്കെയാണെന്നു പറയാം: അല്ലാഹുവിനോടുള്ള ഭയത്തെ അതു് വർദ്ധിപ്പിക്കും; നിൻെറ ന്യൂനതകളെക്കുറിച്ചുള്ള നിൻെറ ബോധത്തെ അതു് വർദ്ധിപ്പിക്കും; നിൻെറ നാഥനെ ആരാധിക്കുന്നതിനുവേണ്ടിയുള്ള വിജ്ഞാനത്തെ അതു് വർദ്ധിപ്പിക്കും; നിൻെറ ഭൗതികതൃഷ്ണയെ അതു് പരിമിതപ്പെടുത്തും; പാരത്രികതൃഷ്ണയെ അതു് വർദ്ധിപ്പിക്കും; നിൻെറ ഭദ്രതയ്ക്കുവേണ്ടി നിൻെറ

പ്രവൃത്തികളുടെ വിപൽവശങ്ങളെക്കുറിച്ച് നിന്നെ അത് ബോധവാനാക്കും; പിശാചുക്കളുടെ വഞ്ചനകളെയും ചതിവുകളെയും നിനക്കത് വെളിപ്പെടുത്തിത്തരും; ദുഷിച്ച പണ്ഡിതന്മാരുടെ മേൽ, അവർ അല്ലാഹുവിൻെറ ക്രോധത്തിനും കോപത്തിനും വിധേയരാകുന്നതിനുവേണ്ടി പിശാചുക്കൾ പ്രയോഗിക്കുന്ന തന്ത്രങ്ങളുടെ രീതിയേയും അത് നിനക്ക് വെളിപ്പെടുത്തിത്തരും. ആരാണ് ഈ ദുഷിച്ച പണ്ഡിതന്മാരെന്നു പറയാം. ഭൗതിക സുഖത്തിനുവേണ്ടി ദീനിനെ വിക്രയംചെയ്യുന്നവരാണവർ. ഭരണകർത്താക്കളുടെ പാരിതോഷികങ്ങളും, വഖ്ഫ് സ്വത്തുക്കളും, അനാഥകളുടേയും, അഗതികളുടേയും ഫണ്ടുകളും കരസ്ഥമാക്കുവാൻവേണ്ടി, വിജ്ഞാനത്തെ അവർ ഒരു മാർഗ്ഗമാക്കിത്തീർക്കും; മേന്മയും ജനഹൃദയങ്ങളിൽ പദവിയും സമ്പാദിക്കുന്നതിൽ സദാ അവർ വ്യാപൃതരായിരിക്കും. ഈ ദുഷിച്ച പ്രവണതകൾ, അഹന്തയിലേക്കും, ലോകമാന്യത പ്രകടിപ്പിക്കുന്നതിലേക്കും, വാഗ്വാദങ്ങളിലേക്കും അവരെ വലിച്ചിഴയ്ക്കുന്നതാണ്. ഫലവത്തായ വിജ്ഞാനത്തിൻെറ ഈ തുറ "ഇഹ്‌യാ ഉലൂമിദ്ദീനി"ൽ നാം സമാഹരിച്ചിട്ടുണ്ട്. നീ ഫലവത്തായ വിജ്ഞാനത്തിന് പ്രാപ്തനായിത്തീർന്നാൽ, അത് നീ കരസ്ഥമാക്കുകയും, അതനുസരിച്ച് പ്രവർത്തിക്കുകയും, അനന്തരം അതിനെ ജനങ്ങൾക്കു പഠിപ്പിച്ചുകൊടുക്കുകയും, ജനങ്ങളെ അതിലേയ്ക്ക് ക്ഷണിക്കുകയും ചെയ്യുക. ഫലവത്തായ വിജ്ഞാനം ഒരാൾ കരസ്ഥമാക്കുകയും, അതനുസരിച്ച് പ്രവർത്തിക്കുകയും, അതിലേയ്ക്ക് ജനങ്ങളെ ക്ഷണിക്കുകയും ചെയ്താൽ, ഈസാനബി(അ:)യുടെ വെളിപ്പാട് അനുസരിച്ച് അദ്ദേഹ

ലോകത്തു് 'മഹാൻ' എന്നു് അയാഠം വിളിക്കപ്പെട്ടം.

മേല്പറഞ്ഞ ഫലവത്തായ വിജ്ഞാനത്തിൽനിന്നും, ബാഹ്യമായും ആന്തരികമായും നിന്നെ നീ പരിശുദ്ധമാക്കുന്നതിൽനിന്നും വിരമിച്ചുകഴിഞ്ഞാൽ, സമയമുണ്ടെങ്കിൽ 'ഫിഖ്ഹി'ലെ (കർമ്മശാസ്ത്രം) അഭിപ്രായഗതികഠം പഠിക്കുന്നതിൽ ഏർപ്പെട്ടുന്നതു് നല്ലതാണു്. ജനങ്ങഠം, സ്വാർത്ഥതാല്പര്യങ്ങഠംക്കു വശംവദരായി വഴക്കുകളുണ്ടാക്കുമ്പോഠം, നീതിപാലനത്തിൻെറ മാർഗ്ഗങ്ങഠം കണ്ടുപിടിക്കുന്നതിനും, 'ഇബാദത്തു്'കളെ സംബന്ധിച്ചു്, 'ഫർസുഐനി'നു് (വൈയക്തിക കടമയ്ക്കു) പുറമേയുള്ള ശാഖാപരമായ കാര്യങ്ങഠം ഗ്രഹിക്കുന്നതിനും അതു് ഉപകാരപ്പെട്ടം. അവശ്യം ആവശ്യമായ കാര്യങ്ങളിൽനിന്നും വിരമിച്ചശേഷം, മേല്പറഞ്ഞപ്രകാരം 'ഫിഖ്ഹി'ലെ അഭിപ്രായഗതികഠം പഠിക്കുന്നതിൽ ഏർപ്പെട്ടുക സാമൂഹ്യകർത്തവ്യങ്ങളിൽ പെട്ടതാകുന്നു. മേൽ വിവരിച്ച നടപടികളും, 'ദിക്റു'കളും അനുഷ്ഠിച്ചപോരൽ ദുർഗ്രഹമാണെന്ന നിഗമനത്താൽ, അവയെ ഉപേക്ഷിക്കുന്നതിനു് നിൻെറ ദേഹി നിന്നെ പ്രേരിപ്പിക്കുകയാണെങ്കിൽ, പിശാചുക്കഠം മഹ്യാവ്യാധികളെ നിൻെറ ഹൃദയത്തിൽ പൂഴ്ത്തിവച്ചിരിക്കുന്നു എന്നു് നീ അറിയുക. പണത്തിലും പ്രതാപത്തിലുമുള്ള താല്പര്യങ്ങളാണവ. പിശാചുക്കളാൽ വഞ്ചിതനാകാതെ നീ സൂക്ഷിച്ചുകൊഠംക. അല്ലാത്തപക്ഷം, നീ പിശാചുക്കഠംക്കു് ഒരു വിനോദോപകരണമായിത്തീരുകയും, അങ്ങനെ അവർ നിന്നെ പരിഹസിക്കുകയും, 'ഹലാക്കാ'ക്കുകയും ചെയ്യുന്നതാണു്. മേല്പറഞ്ഞ

ആരാധനകളും അനുദിന പ്രാൎത്ഥനകളും കുറഞ്ഞൊരു കാലംവരെ നിന്നെ നീ പരിശീലിപ്പിക്കുന്നപക്ഷം, അവ നിനക്കു് ഒട്ടും ദുർവ്വഹമല്ലാതായി ഭവിക്കുകയും, ഫലവത്തായ വിജ്ഞാനം സമ്പാദിക്കുന്നതിനുള്ള നിന്റെ ആഗ്രഹം പ്രകടമായിത്തീരുകയും, അല്ലാഹുവിന്റെ തൃപ്തിയിലും പാരത്രിക ജീവിതത്തിലുമല്ലാതെ മറെറാന്നിലും നിനക്കു് ആഗ്രഹം ജനിക്കാതിരിക്കുകയും ചെയ്യുന്നതാണു്. നല്ല ഉദ്ദേശത്തോടുകൂടി സമ്പാദിക്കുന്ന വിജ്ഞാനം, 'സുന്നത്താ'യ ഇബാദത്തുകളെ (ഐച്ഛികാരാധനകളെ)ക്കാൾ അതിമഹത്താകുന്നു. ഉദ്ദേശം നന്നായിരിക്കുന്നതിലാണു് കാൎയ്യമുള്ളതു്. നല്ല ഉദ്ദേശത്തോടുകൂടിയല്ലാതെ സമ്പാദിക്കുന്ന വിജ്ഞാനം, മൂഢാത്മാക്കളുടെ സങ്കേതവും മഹത്തുക്കളെ അനുകരിക്കുന്നതിൽനിന്നുള്ള വ്യതിയാനമാർഗ്ഗവുമായിത്തീരുന്നതാണു്.

രണ്ടാമത്തെ അവസ്ഥ:—'ദീനി'നെ സംബന്ധിച്ച ഫലവത്തായ വിജ്ഞാനം (മതവേദം) സമ്പാദിക്കുന്നതിനു് നീ അപ്രാപ്തനായിരിക്കുകയാണെങ്കിൽ ദിക്റു്, തസ്ബീഹ്, ഖുർആൻ പാരായണം, നമസ്കാരം തുടങ്ങിയ അനുദിനാരാധനകളിൽ നീ ഏൎപ്പെടണം. അതു് ഭക്തജനങ്ങളുടെ പദവികളിലും സജ്ജനങ്ങളുടെ ചൎയ്യകളിലും പെട്ടതാകുന്നു. മാത്രമല്ല, തന്നിമിത്തം നീ വിജയപൎയ്യവസായികളിൽ ഉൾപ്പെടുന്നതുമാണു്.

മൂന്നാമത്തെ അവസ്ഥ:—മുസ്ലിംകൾക്കു (അനുസരണാശീലർക്കു്) ഗുണപ്രദവും, മുഅ്മിനീങ്ങളുടെ (സത്യവിശ്വാസികളുടെ) ഹൃദയങ്ങൾക്കു സന്തോ

ഷദായകവും, സജ്ജനങ്ങളുടെ സൽപ്രവൃത്തികൾക്ക് സഹായകവുമായ കർമ്മവേദികളിൽ പ്രവേശിക്കുക. ഉദാഹരണം: (1)ഫുഖഹാക്കൾ, (2)സൂഫികൾ, മതഭക്തന്മാർ എന്നിവർക്കുവേണ്ടി സേവനമനുഷ്ഠിക്കുക; അവരുടെ ജോലികളിൽ സഹായിക്കുക; ദരിദ്രർക്കും സാധുക്കൾക്കും അന്നദാനം നടത്തുന്നതിനുവേണ്ടി പ്രവത്തിക്കുക; രോഗികളെ സന്ദർശിക്കുക; മയ്യിത്തു സംസ്കരണച്ചടങ്ങുകളിൽ ഏർപ്പെടുക. ഇവ സുന്നത്തുനമസ്കാരങ്ങളെക്കാൾ ശ്രേഷ്ഠമായ ആരാധനകളാണ്. മുസ്ലിംകൾക്കു ഗുണപ്രദങ്ങളുമാണ്.

നാലാമത്തെ അവസ്ഥ:—മേല്പറഞ്ഞ കാര്യങ്ങൾക്കു നീ അപ്രാപ്തനായാൽ, നിൻെറ നാവിലും കരത്തിലുംനിന്ന് യാതൊരു ഉപദ്രവവും മുസ്ലിംകൾക്ക് (അനുസരണാശീലർക്ക്) നേരിടാത്തവിധം നിൻെറയും നിൻെറ കുടുംബത്തിൻെറയും ജീവിതാവശ്യങ്ങൾക്കുവേണ്ടിയുള്ള പ്രയത്നത്തിൽ ഏർപ്പെടുക. തന്നിമിത്തം, ആരാധനകളിൽ മുൻപന്തിയിൽ നിലകൊള്ളുന്നവരുടെ സ്ഥാനങ്ങളിലേയ്ക്ക് ഉന്നമിക്കുന്നവരിൽ നീ ഉൾപ്പെടുകയില്ലെങ്കിലും, ആരാധനകളിൽ മിതത്വം സ്വീകരിക്കുന്നവരുടെ പദവി പ്രാപിക്കുവാൻ നിനക്കു സാധിക്കും. മതപരമായ പദവികളിൽവച്ച് ഏററവും താണ പദവിയാണിതു്. പിശാചുക്കളുടെ പുൽത്തകിടികളാണ് ഇതു കഴിഞ്ഞാൽ പിന്നെയുള്ളതു്. നിൻെറ ദീനിനെ നശിപ്പിക്കുന്നതും, ജനങ്ങൾക്ക് അനത്ഥമുണ്ടാക്കുന്നതുമായ കാര്യങ്ങളിൽ

---

(1) കമ്മശാസ്ത്രപടുക്കൾ. )2( ധമ്മശാസ്ത്രപടുക്കൾ.

നീ ഏർപ്പെട്ടുകയാണതു്. ഈ ഒരു പദവിയിൽ ചെന്നു് പെടാതെ നിന്നെ നീ സൂക്ഷിച്ചുകൊൾക.

ഒരു മനുഷ്യൻ തൻെറ മതത്തെ സംബന്ധിച്ചിടത്തോളം മൂന്നാലൊരു പദവിയിലായിരിക്കും. ഒന്നുകിൽ അവൻ രക്ഷപ്പെട്ടവൻ ആയിരിക്കുന്നതാണു്. പാപകർമ്മങ്ങൾ വർജ്ജിച്ചുകൊണ്ടു്, അവശ്യം ആവശ്യമായ കർമ്മാനുഷ്ഠാനങ്ങൾ നിർവ്വഹിച്ചുപോരുന്നവനാണവൻ. അല്ലെങ്കിൽ അവൻ വിശിഷ്ടനായിരിക്കുന്നതാണു്. മേല്പറഞ്ഞ നിലവാരത്തോടൊപ്പം, എല്ലാ സൽക്കർമ്മങ്ങളും സുന്നത്തായ ആരാധനകളും നിർവ്വഹിച്ചുപോരുന്നവനാണവൻ. അല്ലെങ്കിൽ അവൻ ഭ്രഷ്ടനായിരിക്കുന്നതാണു്. അവശ്യം ആവശ്യമായ കർമ്മാനുഷ്ഠാനങ്ങളിൽപോലും അനാസ്ഥ കാണിക്കുന്നവനാണവൻ. വിശിഷ്ടനായിത്തീരുവാൻ നിനക്കു സാധിക്കുന്നില്ലെങ്കിൽ, രക്ഷപ്പെട്ടവനായിത്തീരുവാൻ നീ ശ്രമിക്കുക. ഭ്രഷ്ടനായിത്തീരാതെ എല്ലായ്പോഴും നിന്നെ നീ സൂക്ഷിച്ചുകൊൾക.

അതുപോലെതന്നെ, ജനങ്ങളുമായുള്ള പെരുമാററത്തിൽ, ഒരു മനുഷ്യൻ മൂന്നാലൊരു പദവിയിലായിരിക്കും. (1) ഔദാര്യത്തിൻെറയും, നന്മയുടെയും പര്യായമായ 'മലക്കു'കളുടെ പദവിയിൽ. ജനങ്ങളുടെ ആഗ്രഹലബ്ധിക്കുവേണ്ടി, ദയാപൂർവ്വം പ്രവർത്തിക്കുകയും, അവരുടെ ഹൃദയങ്ങളെ സന്തോഷപ്പെടുത്തുകയും ചെയ്യുകയാണതു്. (2) നാല്ക്കാലികളുടേയും നിർജ്ജീവ വസ്തുക്കളുടേയും സ്ഥാനത്തു്—അതായതു്, ജനങ്ങൾക്കു ഗുണവും ദോഷവും ചെയ്യാതിരിക്കുക. (3) തേളുകളുടേയും, സർപ്പങ്ങളുടേയും, ദുഷ്ടമൃഗങ്ങളുടേ

യും സ്ഥാനത്തു്—അതായതു്, ദോഷമല്ലാതെ യാതൊരു ഗുണവും നിൻെറ പക്കൽനിന്നും ജനങ്ങൾ പ്രതീക്ഷിക്കാതിരിക്കുക. മലക്കുകളുടെ പദവിയിൽ നില കൊള്ളുവാൻ നിനക്കു സാദ്ധ്യമല്ലെങ്കിൽ, നാല്ക്കാലികളുടേയും, നിർജ്ജീവ വസ്തുക്കളുടേയും അവസ്ഥവിട്ടു് തേളുകളുടേയും സർപ്പങ്ങളുടേയും ദുഷ്ടമൃഗങ്ങളുടേയും സ്ഥാനത്തേയ്ക്കു വ്യതിചലിക്കാതെ നിന്നെ നീ സൂക്ഷിച്ചുകൊൾക. സ്വർഗ്ഗത്തിൻെറ ഉപരിതലത്തിൽനിന്നും വ്യതിചലിക്കുവാൻ നീ ഇഷ്ടപ്പെടുന്നപക്ഷം, അധഃപതിച്ചവരിൽവച്ചു് ഏററവും അധഃപതിച്ചവരിലേയ്ക്കു തരംതാണുപോകുവാൻ നീ ഇഷ്ടപ്പെടരുതു്. എന്നാൽ, പരിമിതമായ തോതിൽ രക്ഷപ്പെടുവാൻ നിനക്കു സാധിച്ചേയ്ക്കും—ഗുണവുമില്ല, ദോഷവുമില്ല—എന്ന മട്ടിൽ!

നിൻെറ പാരത്രിക വിജയത്തിനോ, ഐഹിക ജീവിതത്തിനോ ആവശ്യമാകുന്ന കാര്യങ്ങളിലല്ലാതെ നീ ഏർപ്പെട്ടുക്രൂടാ. ആവശ്യമായ കാര്യങ്ങളെന്നു പറഞ്ഞാൽ, ആവക കാര്യങ്ങൾ ക്രൂടാതെയോ, അവയെ ആശ്രയിക്കാതെയോ നിൻെറ പാരത്രിക വിജയവും ഐഹികജീവിതവും അപ്രാപ്തമായിരിക്കും എന്നു സാരം. ജനങ്ങളോടു സഹകരിച്ചുനിന്നുകൊണ്ടു് മതകർമ്മങ്ങൾ വേണ്ടവിധം നിർവ്വഹിച്ചുപോരുവാൻ നിനക്കു കഴിയാതെ വരികയും, നിനക്കു രക്ഷപ്പെടുവാൻ സാധിക്കാതാവുകയും ചെയ്താൽ, ജനങ്ങളോടു നീ നിസ്സഹകരണം പാലിക്കുകയാണു് വേണ്ടതു്. ഈ ഒരവസ്ഥയിൽ നീ ജനങ്ങളോടു നിസ്സഹകരണം പാലിക്കുകതന്നെവേണം. ഈ നിസ്സഹകരണാവസ്ഥയിൽ നിൻെറ 'വസ്‌വാസു്'(ദുർബോധനം) നിന്നെ

അല്ലാഹു ഇഷ്ടപ്പെടാത്ത കാര്യങ്ങൾക്ക് പ്രേരിപ്പിക്കുകയും, അനുദിനാരാധനകൾകൊണ്ട്, 'വസ്‌വാസു'കളെ തടഞ്ഞുനിത്താൻ നിനക്കു കഴിയാതാവുകയും ചെയ്താൽ, നീ കിടന്ന് ഉറങ്ങിക്കൊൾക! ഇത്തരുണത്തിൽ അതാണ് നിനക്ക് അനുയോജ്യം. ആയോധനത്തിൽ ഏർപ്പെട്ട് നേട്ടമുണ്ടാക്കുവാൻ സാഹചര്യം അനുക്രൂലമല്ലെങ്കിൽ, ആപത്തിൽ കുടുങ്ങാതെ രക്ഷപ്പെടുവാനെങ്കിലും നാം ആഗ്രഹിക്കണം. പക്ഷേ, ഒരാളുടെ ദീനിൻെറ സുരക്ഷിതത്വം നിലകൊള്ളുന്നതു് അപ്രകാരം ജീവിതത്തെ നഷ്ടപ്പെടുത്തുന്നതിലാണെങ്കിൽ, അഹ്ഹാ, അവൻെറ സ്ഥിതി വിസ്മയാവഹമാണ്!! കാരണം, മരണത്തിൻെറ മിത്രമാണ് ഉറക്കം. അതുവഴി ജീവിതത്തെ നഷ്ടപ്പെടുത്തുക മാത്രമല്ല,—നിർജ്ജീവ വസ്തുക്കളോടു് നീ തുല്യത പ്രാപിക്കയുമാണ് ചെയ്യുന്നതു്!

## നമസ്കാരത്തിനു് ഒരുങ്ങുന്നതിൻെറ ചിട്ടകൾ

'സുഹ്ർ' നമസ്കാരത്തിനുവേണ്ടി, ഉച്ചതിരിയുന്നതിനുമുമ്പുതന്നെ നീ ഒരുങ്ങിയിരിക്കണം. രാവുനമസ്കാരം നിർവ്വഹിക്കുകയോ നല്ല കാര്യങ്ങൾക്കുവേണ്ടി ഉറക്കമിളയ്ക്കുകയോ ചെയ്യാറുണ്ടെങ്കിൽ, ഉച്ചയ്ക്കുമുമ്പ് നീ സ്വല്പം ഉറങ്ങുക. രാവുനമസ്കാരത്തിനു് അതു സഹായകമായിത്തീരും. [ഇടയത്താഴം വ്രതാനുഷ്ഠാനത്തെ സഹായിക്കുന്നതുപോലെ] രാവുനമസ്കാരം നിർവ്വഹിക്കാതെ ഉച്ചയ്ക്കുമുമ്പ് ഉറങ്ങുന്നതു് വ്രതമനുഷ്ഠിക്കാതെ ഇടയത്താഴം കഴിക്കുന്നതുപോലെയാണ്. ഉച്ചതിരിയുന്നതിനുമുമ്പ് ഉറക്കമുണരുവാൻ ശ്രമിക്കണം. ഉച്ചതിരിഞ്ഞാലുടൻ, നീ 'വുസൂഅ്'

R 3240

ചെയ്തു പള്ളിയിൽ പ്രവേശിക്കുകയും, 'തഹിയ്യത്തു' നമസ്കരിക്കുകയും ചെയ്തിട്ടു്, 'ബാങ്കു'വിളി പ്രതീക്ഷിച്ചുകൊണ്ടു് പള്ളിയിൽ ഇരിക്കുക. 'ബാങ്കു'വിളി കേട്ടാൽ 'ബാങ്കി'നു് ഉത്തരം നല്കുകയും, അനന്തരം എഴുന്നേററു് നാലു 'റക്അത്തു്' നമസ്കരിക്കുകയും ചെയ്യണം. നബി(സ: അ:) ഈ നാലു 'റക്അത്തി'നെ ദീർഘിപ്പിക്കുകയും, ഇപ്രകാരം പറയുകയും ചെയ്യുമായിരുന്നു: "ആകാശ കവാടങ്ങൾ തുറക്കപ്പെട്ടുന്ന സമയമാണിതു്. ഈ സമയത്തു് എനിക്കുവേണ്ടി ഒരു സല്ക്കർമ്മം ഉയർത്തപ്പെട്ടുവാൻ ഞാൻ ആഗ്രഹിക്കുന്നു." അപ്രകാരം നാലു 'റക്അത്തു്' നമസ്കരിക്കുന്നതു് 'ളുഹ്റി'നുമുമ്പു് പ്രബലമായ സുന്നത്താകുന്നു. 'ഹദീസി'ലുണ്ടു്: "പ്രസ്തുത നാലു 'റക്അത്തു്' ഒരാൾ നമസ്കരിക്കുകയും, റുക്കൂഉം, സുജൂദും ശരിയായി നിർവ്വഹിക്കുകയും ചെയ്താൽ, എഴുപതിനായിരം മലക്കുകൾ അയാളോടൊപ്പം നമസ്കരിക്കുകയും, അവർ രാത്രിവരെ അയാളുടെ പാപമോക്ഷത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നതാണു്." പിന്നീടു് ഇമാമോടുകൂടെ 'ഫർസു' നമസ്കരിക്കണം. 'ഫർസു'നമസ്കാരാനന്തരം രണ്ടു 'റക്അത്തു്' സുന്നത്തും, അതു സ്ഥിരപ്പെട്ട 'റവാത്തിബി'ൽ പെട്ടതാണു്. ('ഫർസു'നമസ്കാരങ്ങളുടെ മുമ്പും പിമ്പുമായി നമസ്കരിക്കാറുള്ള 'സുന്നത്തു്' നമസ്കാരങ്ങൾക്കു 'റവാത്തിബു്' എന്നു പറയുന്നു.) പിന്നീടു്, 'അസ്ർ'വരെ വിജ്ഞാനസമ്പാദനത്തിലോ, ഒരു മുസ്ലിമിനെ സഹായിക്കുന്നതിലോ, ഖുർആൻപാരായണത്തിലോ, നിന്റെ ദീനിനു് സഹായകമാകുമാറുള്ള ജീവിതവൃത്തിയിലോ അല്ലാതെ നീ ഏർപ്പെട്ടുകൂടാ. 'അസ്ർ'നമസ്കാരത്തിനുമുമ്പു് നീ നാലു 'റക്അത്തു്' 'സുന്നത്തു്' നമ

സ്കരിക്കണം. പ്രബലപ്പെട്ട സുന്നത്താണതു്. അ തേപ്പററി നബി(സ: അ:) ഇപ്രകാരം ആശീർവാദം നടത്തിയിരിക്കുന്നു: "അസ്ർ നമസ്കാരത്തിനു മുമ്പ് നാലു 'റക്അത്തു' നമസ്കരിച്ചിട്ടുള്ള മനുഷ്യ നെ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ!" നബി (സ: അ:)യുടെ ഈ പ്രാർത്ഥന നിനക്കു ലബ്ധമാകു വാൻ നീ ശ്രമിക്കുക. 'അസ്ർ നമസ്കാരം കഴി ഞ്ഞാൽ, അതിനുമുമ്പ് പറഞ്ഞതുപോലുള്ള കാര്യങ്ങ ളിലല്ലാതെ നീ ഏപ്പെടരുതു്. നിൻെറ സമയങ്ങൾ നിഷ്ഫലമാക്കിത്തീർക്കുക ഭൂഷണമല്ല. സന്ദർഭോചിതമാ യ കർമ്മാനുഷ്ഠാനങ്ങൾ സാധിക്കുന്നിടത്തോളം നീ നിർവ്വഹിക്കണം. എന്നാൽ, നിന്നെത്തന്നെ നീ വിചാരണ നടത്തേണ്ടതും, രാത്രിയും പകലുമുള്ള നിൻെറ അനുഷ്ഠാനങ്ങളും കർമ്മങ്ങളും ക്രമാനുഗതമാ യി നിർവ്വഹിക്കേണ്ടതും, ഓരോരോ സമയത്തേയ്ക്കു് വെവ്വേറെ അനുഷ്ഠേയങ്ങൾ അലംഘനീയമായ നില യിൽ നിജപ്പെടുത്തേണ്ടതും ആവശ്യമാണ്. ആ സമ യത്തു മറെറാരു പ്രവൃത്തിയിൽ നീ ഏപ്പെടരുതു്. അ ങ്ങനെ, ഈ നിഷ്ഠ നീ പാലിച്ചുപോന്നാൽ എല്ലാ സ മയങ്ങളുടേയും 'ബറക്കത്തു്'(ഐശ്വര്യം)നിനക്കു ലഭ്യ മാകും. ഓരോ സമയത്തും എന്താണു പ്രവർത്തിക്കേണ്ട തെന്നു് അറിയാത്ത നിലയിൽ മൃഗങ്ങളെപ്പോലെ ല ക്ഷ്യബോധമില്ലാതെ ജീവിച്ചുകൊണ്ടു്–നിന്റെ ദേഹി യെ നിർവീര്യമാക്കി മാററുകയാണെങ്കിൽ, നിന്റെ സമയങ്ങളും ആയുസ്സും വൃഥാ നഷ്ടപ്പെടുന്നതാണ്. നിൻെറ ആയുസ്സ് നിൻെറ ജീവിത വ്യവഹാരത്തി ൻെറ അടിത്തറയാണ്. അതുവഴിയാണ് അല്ലാഹു വിൻെറ സാമീപ്യത്തിലുള്ള നിത്യാനന്ദഭവനത്തെ നീ പ്രാപിക്കുന്നതു്. നിൻെറ ശ്വാസങ്ങളിൽനിന്നു

ള്ള ഓരോ ശ്വാസവും വിലമതിക്കപ്പെടാത്ത ഓരോ രത്നമാണ്. അതിനു പകരമായി മറെറാന്നു ലഭിക്കുന്നില്ല. അതു നഷ്ടപ്പെട്ടുപോയാൽ മടങ്ങിവരികയുമില്ല. ഓരോ ദിവസവും ആയുസ്സ് ചുരുങ്ങിക്കൊണ്ടിരിക്കുമ്പോൾ, ധനസമ്പത്തുകളുടെ വർദ്ധനവിൽ സന്തോഷിക്കുന്നവർ വഞ്ചിതരായ മൂഢന്മാർ മാത്രമാണ്. നീ അവരെപ്പോലെ ആകരുത്. ആയുസ്സു ചുരുങ്ങിക്കൊണ്ടിരിക്കുമ്പോൾ, ധനം വർദ്ധിപ്പിക്കുന്നതിൽ എന്തു മേന്മയാണുള്ളത്? വിജ്ഞാനത്തിൻെറയോ, സൽക്കർമ്മങ്ങളുടേയോ വർദ്ധനവിലല്ലാതെ നീ സന്തോഷിക്കരുത്. അവ രണ്ടുമാണ് നിൻെറ സഹയാത്രികർ. നിൻെറ ദമ്പതിയും നിൻെറ ധനവും, നിൻെറ സന്തതികളും, നിൻെറ സുഹൃത്തുക്കളും നിന്നെ വിട്ടുപിരിയുമ്പോൾ, നിൻെറ 'ഖബ്റി'ൽ (മരണാനന്തരഭവനത്തിൽ) നിന്നോടു സഹവസിക്കുന്നതു് അവ രണ്ടുമാണ്.

പിന്നീട്, സൂര്യൻ മഞ്ഞനിറമാന്നാൽ, അസ്തമനത്തിനു മുമ്പുതന്നെ പള്ളിയിലേയ്ക്കു പോകുവാൻ നീ ശ്രമിക്കുക. (1)'ഇസ്തിഗ്ഫാറി'ലും (2)'തസ്ബീഹി'ലും നീ ഏർപ്പെടുകയും ചെയ്യണം. ഈ സമയത്തിൻെറ ശ്രേഷ്ഠത, സൂര്യോദയത്തിനു മുമ്പുള്ള സമയത്തിൻെറ ശ്രേഷ്ഠതപോലെയാണ്. അല്ലാഹു പറയുന്നു: "സൂര്യൻെറ ഉദയത്തിനു മുമ്പും, അതിൻെറ അസ്തമനത്തിനു മുമ്പും നിൻെറ നാഥനെ വാഴ്ത്തുന്നതോടൊപ്പം നീ സ്തോത്രം ചെയ്യുക. അശ്ശംസ്, അല്ല

---

(1) പാപമോക്ഷത്തിനുള്ള പ്രാർത്ഥന.

(2) അല്ലാഹുവിനെ സ്തോത്രം ചെയ്യുക.

യ്ൽ, അൽ–ഫലഖ്, അന്നാസ്–എന്നീ ഖുർആൻ സൂറത്തുകൾ സൂര്യാസ്തമനത്തിനുമുമ്പ് നീ ഓതണം. നീ 'ഇസ്തിഗ്ഫാറി'ലായിരിക്കവേ, സൂര്യൻ അസ്തമിക്കട്ടെ! 'ബാങ്ക്'കേട്ടാൽ അതിനു ഉത്തരം പറയുകയും, അതിനുശേഷം താഴെപ്പറയുന്ന അർത്ഥത്തിലുള്ള പ്രാർത്ഥനാസൂക്തം ഉച്ചരിക്കുകയും ചെയ്യുക: "അല്ലാഹുവേ; നിൻെറ രാത്രി ആഗമിക്കുകയും, നിൻെറ പകൽ പിന്മാറുകയും, നിനക്കുവേണ്ടിയുള്ള നമസ്കാരവും, നിൻെറ പ്രാർത്ഥകന്മാരുടെ ശബ്ദങ്ങളും ആസന്നമാവുകയും ചെയ്തിരിക്കുന്ന ഈ വേളയിൽ നിന്നോടു ഞാൻ ചോദിക്കുന്നു: 'വസീല:' എന്ന സ്ഥാനം മുഹമ്മദു നബി(സ: അ:)ക്കു നീ നല്കേണമേ!" തുടൻ മുമ്പ് പറഞ്ഞിട്ടുള്ളതുപോലെ പ്രാർത്ഥിക്കുക:

'ബാങ്കി'ന് ഉത്തരം നല്കിയതിൻെറയും 'ഇഖാമത്തി'ൻെറയും ശേഷം നീ 'ഫർസ്'. നമസ്കരിക്കുക. അതിനുശേഷം സംസാരത്തിൽ ഏർപ്പെടാതെ, രണ്ടു 'റക്അത്ത്' സുന്നത്ത് നമസ്കരിക്കണം. 'മഗ്രിബി'ൻ്റെ 'റാത്തിബത്ത്'(അനുബന്ധം)ആണത്. പ്രസ്തുത രണ്ടു'റക്അത്തി'നുശേഷം,നീ നാലു'റക്അത്ത്'നമസ്കരിക്കുകയാണെങ്കിൽ, അത്മറെറാരു സുന്നത്താകുന്നു. നിനക്കു സൗകര്യപ്പെടുമെങ്കിൽ, 'ഇശാഅ്'വരെ 'ഇഅ്ത്തികാഫി'നെ 'നിയ്യത്ത്'ചെയ്ത് പള്ളിയിൽ താമസിക്കുക. 'ഇശാ–മഗ്രിബി'ൻെറ ഇടയിലുള്ള സമയം നീ നമസ്കാരംകൊണ്ടു സജീവമാക്കിത്തീർക്കണം. അതിൻെറ ശ്രേഷ്ഠതയെ സംബന്ധിച്ച് അസംഖ്യം രേഖകൾ വന്നിട്ടുണ്ട്. രാത്രിയുടെ ഉദ്ഘാടനകർമ്മമാണത്. 'ഇശാ–മഗ്രിബി'ൻെറ ഇടയിലുള്ള സമയം രാത്രിയുടെ ആദ്യഘട്ടമാണ്

ല്ലോ. അല്ലാഹുവിലേയ്ക്കു പശ്ചാത്തപിച്ചു മടങ്ങുന്ന വരുടെ നമസ്കാരമാണതു്. "കിടക്കകൾ വിട്ടു്, തങ്ങളുടെ പാൾശ്വങ്ങളെ അവർ അകററുന്നതാണു്" എന്ന അത്ഥത്തിലുള്ള ഖുർആൻ വാക്യത്തെ സംബന്ധിച്ചു് നബി(സ:അ:) ചോദിക്കപ്പെട്ടപ്പോൾ, അവിടുന്നു ഇപ്രകാരം പറഞ്ഞു: "അതു് 'ഇശാ-മഗ്രിബി'ൻെറ ഇടയിലുള്ള നമസ്കാരമാണു്. പകലിൻെറ ആദ്യാവസാനമുള്ള അനാശാസ്യപ്രവണതകളെ അതു പരിഹരിക്കുന്നതാണു്."

'ഇശാ'സമയം പ്രവേശിച്ചാൽ, 'ബാങ്കി'ൻെറയും 'ഇഖാമത്തി'ൻെറയും ഇടയെ സജീവമാക്കുവാൻ വേണ്ടി, ,ഫർസു'നമസ്കാരത്തിനുമുമ്പു് നീ നാലു് 'റക്അത്തു്' നമസ്കരിക്കണം. വർദ്ധിച്ച ശ്രേഷ്ഠതയുള്ളതാണതു്. 'ബാങ്കി'ൻെറയും 'ഇഖാമത്തി'ൻെറയും ഇടയിലുള്ള പ്രാത്ഥന റദ്ദു ചെയ്യപ്പെടുകയില്ലെന്നു ഹദീസിലുണ്ടു്. അനന്തരം 'ഫർസു' നമസ്കാരത്തിനുശേഷം രണ്ടു് 'റക്അത്തു്' 'റാത്തിബത്തു്'(അനുബന്ധനമസ്കാരം) നിർവ്വഹിക്കണം. പ്രസ്തുത രണ്ടു 'റക്അത്തി'ൽ, 'സജദ:' 'തബാറാക്ക', എന്നീ ഖുർആൻ സൂറത്തുകളോ, 'യാസീൻ', 'ദുഖാൻ' എന്നീ സൂറത്തുകളോ ഓതണം. നബി(സ: അ:)യിൽനിന്നും ഉദ്ധരിക്കപ്പെട്ടിട്ടുള്ളതാണതു്. പ്രസ്തുത രണ്ടു 'റക്അത്തി'നുശേഷം നാലു 'റക്അത്തു്' നമസ്കരിക്കുക. അതിൻെറ ശ്രേഷ്ഠതയെ വിളിച്ചറിയിക്കുന്ന രേഖകൾ ഹദീസുകളിൽ വന്നിട്ടുണ്ടു്. അതിനുശേഷം ഒരു 'സലാമോ'ടുകൂടിയോ, രണ്ടു സലാമോടുകൂടിയോ മൂന്നു 'റക്അത്തു്' 'വിത്റു' നമസ്കരിക്കുക. 'സബ്ബി

ഫിസ്സ്' 'അൽ–കാഫിറൂൻ'' 'ഇഖ്ലാസു'' 'അൽ–ഫലഖ്'' 'അന്നാസു''–എന്നീ ഖുർആൻ സൂറത്തുകൾ വിത്'റുനമസ്'കാരത്തിൽ നബി(സ: അ:) ഓതുമായിരുന്നു. രാവുനമസ്'കാരം (തഹജ്ജുദുനമസ്'കാരം) നിർവ്വഹിക്കുവാൻ നീ ദൃഢനിശ്ചയം ചെയ്തിട്ടുണ്ടെങ്കിൽ 'വിത്'റു' നമസ്'കാരത്തെ പിന്തിക്കണം. നിൻെറ നമസ്'കാരങ്ങളിൽവച്ചു് ഏററവും അവസാനത്തേതു് 'വിത്'റു' നമസ്'കാരമായിരിക്കണം. 'വിത്'റു'നമസ്'കാരാനന്തരം വിജ്ഞാന പരിചിന്തനത്തിലോ, ഗ്രന്ഥപാരായണത്തിലോ നീ ഏർപ്പെടണം. പ്രസ്തുത സമയത്തു് കളി–വിനോദങ്ങളിൽ നീ ഏർപ്പെടരുതു്. ഉറക്കത്തിനു മുമ്പുള്ള നിൻെറ കർമ്മങ്ങളുടെ പരിസമാപ്തി വിജ്ഞാന പരിചിന്തനവും ഗ്രന്ഥപാരായണവുമായിരിക്കട്ടെ! കർമ്മങ്ങൾ സ്വീകരിക്കപ്പെടുന്നതു്, അവയുടെ സമാപനകൃത്യങ്ങളെ പരിഗണിച്ചാണു്.

## ഉറക്കത്തിൻെറ ചിട്ടകൾ

നീ ഉറങ്ങുവാൻ ഉദ്ദേശിച്ചാൽ, 'ഖിബ്'ല:'യ്ക്കു് അഭിമുഖമായി നിൻെറ വിരിപ്പു് നിവർത്തിയിടുക. വലതുഭാഗത്തിൻമേൽ കിടന്നു് ഉറങ്ങുകയും ചെയ്യുക—ശവകുടീരത്തിൽ 'മയ്യിത്തു'' കിടക്കുന്നതുപോലെ. അറിയുക: ഉറക്കം മരണംപോലെയാണു്. ഉറക്കത്തിൽനിന്നുള്ള ഉണർച്ച മരണാനന്തര യാത്രപോലെയും. ഈ രാത്രിയിൽതന്നെ നിൻെറ ആത്മാവിനെ അല്ലാഹു പിടിച്ചേക്കാനിടയുണ്ടു്. അതുകൊണ്ടു്, അല്ലാഹുവിനെ സന്ദർശിക്കുവാൻ നീ തയ്യാറായിക്കൊൾക, അതിലേയ്ക്കായി, ശുദ്ധീകരണത്തോടു

കൂടി നീ ഉറങ്ങണം; നിൻെറ 'വസിയ്യത്തു്'കൾ നിൻെറ തലയുടെ താഴെ എഴുതിവയ്ക്കണം; ദോഷങ്ങളിൽനിന്നും പശ്ചാത്തപിക്കണം; ഒരു ദോഷത്തിലേയ്ക്കും മടങ്ങുകയില്ല എന്ന ദൃഢനിശ്ചയത്തോടുകൂടി അല്ലാഹ്ഹുവിനോടു് പൊറുക്കലിനെ തേടണം.

ഉറക്കമാകുന്ന ഈ മരണത്തിൽനിന്നും അല്ലാഹ്ഹു നിന്നെ എഴുന്നേല്പിച്ചാൽ, മുസ്ലിംകൾക്കു (അനുസരണാശീലരായ അല്ലാഹ്ഹുവിൻെറ ദാസന്മാർക്കു്) നന്മ ചെയ്യുവാൻ നീ ദൃഢനിശ്ചയം ചെയ്യുക. പിറകെ ഏകാന്തനായും, ഒററപ്പെട്ടവനായും നിൻെറ ശവകുടീരത്തിൽ ഇപ്രകാരം കിടക്കുമെന്നുള്ള വസ്തുതയേയും നീ ഓർക്കുക. നിൻെറ കർമ്മങ്ങളല്ലാതെ യാതൊന്നും അപ്പോൾ നിന്നോടൊപ്പം ഉണ്ടായിരിക്കയില്ല. നിൻെറ പ്രവൃത്തികൊണ്ടല്ലാതെ നിനക്കു പ്രതിഫലം ലഭിക്കുകയില്ല.

മൃദുലമായ മെത്തകൾ വിരിച്ചുകിടന്നു് മനഃപൂർവ്വം ഉറക്കം വരുത്തരുതു്—ജീവിതത്തെ നഷ്ടപ്പെടുത്തലാണു് ഉറക്കം. എന്നാൽ, ഉറക്കമിളയ്ക്കൽ ദുഷ്ഫലമുണ്ടാക്കിത്തീർക്കുന്നപക്ഷം, നിദ്രാക്രിയകൾ സ്വീകരിച്ചു് ഉറക്കംവരുത്തുകതന്നെവേണം. അങ്ങനെയുള്ള നിൻെറ ഉറക്കം, നിൻെറ 'ദീനി'നു് സുരക്ഷകമായിത്തീരുന്നതാണു്.

അറിയുക: രാവും പകലുംകൂടി ഇരുപത്തിനാലു മണിക്കൂറുണ്ടു്. എന്നാൽ, രാവും പകലുംകൂടിയുള്ള നിൻെറ ഉറക്കം എട്ടുമണിക്കൂറിൽ കവിയരുതു്. ഉദാഹരണമായി, നീ അറുപതുവയസ്സുവരെ ജീവി

ച്ചിരിക്കുന്നപക്ഷം, അതിൽനിന്നും ഇരുപതുവർഷം (ഉറക്കത്തിനുവേണ്ടി) പാഴാക്കുക നിനക്കു മതിയാകും. നിൻെറ ആയുസ്സിൻെറ മൂന്നിലൊന്നാണതു്.

പല്ലുതേയ്ക്കുവാനുള്ള ഉപകരണവും, ശുദ്ധീകരണത്തിനുള്ള ജലവും ഉറങ്ങാൻ കിടക്കുമ്പോൾതന്നെ തയ്യാറാക്കിവെയ്ക്കണം. 'തഹജ്ജുദ്ദ്' നമസ്കാരം നിർവ്വഹിക്കുന്നതിനോ, അല്ലെങ്കിൽ 'സുബ്ഹി'ക്കുമുമ്പ് എഴുന്നേല്ക്കുന്നതിനോ ദൃഢനിശ്ചയം ചെയ്യുകയും വേണം. പാതിരാവേളയിലുള്ള രണ്ടു 'റക്അത്തു്' നമസ്കാരം നന്മകളുടെ മഹാനിധികളിൽ പെട്ട ഒരു നിധിയാകുന്നു. നീ നിർദ്ധനനായിത്തീരുന്ന ദിവസത്തിലേയ്ക്കുവേണ്ടി നിൻെറ നിധികളെ നീ വർദ്ധിപ്പിച്ചുകൊൾക. ഈ ലോകത്തുള്ള നിധികൾ, നീ മരണപ്പെട്ടാൽ നിനക്കു ഫലം ചെയ്യുകയില്ല. ഉറങ്ങാൻ കിടക്കുമ്പോൾ താഴെപ്പറയുന്ന അർത്ഥത്തിലുള്ള പ്രാർത്ഥനാസൂക്തം ഉച്ചരിക്കുക:

"എൻെറ നാഥാ! നിൻെറ നാമത്തിൽ ഞാൻ കിടക്കുന്നു. നിൻെറ നാമത്തിൽ ഞാൻ എഴുന്നേല്ക്കുന്നു. എൻെറ പാപങ്ങൾ എനിക്കു് നീ പൊറുത്തു തരേണമേ! അല്ലാഹുവേ; നിൻെറ ദാസന്മാരെ നീ എഴുന്നേല്പിക്കുന്ന ദിവസം, നിൻെറ ശിക്ഷയിൽനിന്നും എന്നെ നീ രക്ഷിക്കേണമേ! അല്ലാഹുവേ, നിൻെറ നാമത്തിൽ ഞാൻ ജീവിക്കുന്നു; നിൻെറ നാമത്തിൽ ഞാൻ മരണപ്പെടുന്നു. അല്ലാഹുവേ, എല്ലാ ഉപദ്രവകാരികളുടെ ഉപദ്രവത്തിൽനിന്നും എല്ലാ ജന്തുക്കളുടെ ഉപദ്രവത്തിൽനിന്നും നിന്നോടു ഞാൻ സഹായം തേടുന്നു. അവയെ നിയന്ത്രിക്കുന്ന

വൻ നീ ആകുന്നു. എന്റെ നാഥൻ നേർമാർഗ്ഗത്തിലാകുന്നു. അല്ലാഹുവേ! നീ ആദ്യമേ ഉള്ളവനാകുന്നു; നിനക്കുമുമ്പ് യാതൊരു വസ്തുവുമില്ല. നീ അവസാനം ശേഷിച്ചിരിക്കുന്നവനാകുന്നു; നിനക്കുശേഷം ഒരു വസ്തുവുമില്ല. നീ ഉന്നതനാകുന്നു; നിന്റെ മുകളിൽ ഒരു വസ്തുവുമില്ല. (നിനക്കു മേൽഭാഗമില്ല) നാ ഇന്ദ്രിയാതീതനാകുന്നു. നിന്റെ താഴെ ഒരു വസ്തുവുമില്ല. (നിനക്കു താഴ്ഭാഗവുമില്ല) അല്ലാഹുവേ! എന്റെ ശരീരത്തെ നീ സൃഷ്ടിച്ചു. അതിനെ നീ മരണപ്പെടുത്തുകയും ചെയ്യുന്നു. അതിന്റെ മരണവും അതിന്റെ ജീവിതവും നിനക്കുള്ളതാകുന്നു. അതിനെ നീ മരണപ്പെടുത്തിയാൽ, അതിന് നീ പൊറുത്തുകൊടുക്കേണമേ! അതിനെ നീ ജീവിപ്പിക്കുകയാണെങ്കിൽ, സജ്ജനങ്ങളായ നിന്റെ ദാസന്മാരെ ഏതൊന്നുകൊണ്ട് നീ കാത്തുരക്ഷിച്ചുവോ അതുകൊണ്ട് അതിനെ നീ കാത്തുരക്ഷിക്കേണമേ! അല്ലാഹുവേ! മാപ്പും ആരോഗ്യവും നിന്നോടു ഞാൻ ചോദിക്കുന്നു. അല്ലാഹുവേ! സമയങ്ങളിൽവച്ച്, നിനക്ക് ഏററവും പ്രിയപ്പെട്ട സമയത്ത് എന്നെ നീ ഉണർത്തേണമേ! കർമ്മങ്ങളിൽവച്ച് നിനക്ക് ഏററവും പ്രിയപ്പെട്ട കർമ്മം അനുഷ്ഠിക്കുവാൻ എന്നെ നീ കടാക്ഷിക്കേണമേ! എന്നെ നിന്നിലേയ്ക്ക് അടുപ്പിക്കുവാൻവേണ്ടിയും, നിന്റെ കോപത്തിൽനിന്നും എന്നെ അകററുവാൻവേണ്ടിയുമാണത്. നിന്നോടു ഞാൻ ചോദിക്കുന്നു; (ചോദിക്കുന്നതിനെ) എനിക്കു നീ നല്കേണമേ! നിന്നോടു ഞാൻ പാപമോക്ഷം തേടുന്നു; എന്റെ പാപങ്ങൾ നീ പൊറുത്തരേണമേ! നിന്നോടു ഞാൻ പ്രാർത്ഥിക്കുന്നു; എന്റെ പ്രാർത്ഥന നീ സ്വീകരിക്കേണമേ!”

അനന്തരം, 'ആയത്തുൽ കുർസിയ്യ്', 'ആമനർറസൂൽ', 'സൂറത്തുൽ ഇഘ്ലാസ്', 'സൂറത്തുൽ ഫലഖ്', 'സൂറത്തുന്നാസ്', 'സൂറത്തുതബാറക'—എന്നിവ നീ ഓതണം. നീ സംശുദ്ധിയിലും, അല്ലാഹുവിൻെറ 'ദിക്റി'ലും ആയിരിക്കവേ, നിനക്ക് ഉറക്കംവരട്ടെ! ഇപ്രകാരം ഒരാൾ പ്രവത്തിച്ചാൽ, അവന്റെ ആത്മാവ്*'അശ്'ി'ലേയ്ക്കു ഉയരുന്നതാണ്. അവൻ, ഉറക്കമുണരുന്നതുവരെ നമസ്കരിച്ചവനായി എഴുതപ്പെടുകയും ചെയ്യുന്നതാണ്.

നീ ഉറക്കമുണന്നാൽ, നിനക്ക് നാം ആദ്യംമുതൽ പറഞ്ഞുതന്നിട്ടുള്ള കാര്യ്യങ്ങളിലേയ്ക്കു മടങ്ങുക. നിൻെറ ശേഷിച്ച ആയുഷ്കാലം മുഴുവനിലും, പ്രസ്തുത ക്രമീകരണത്തെ മുറുകെപ്പിടിക്കുകയും ചെയ്യുക. ഇക്കാര്യ്യങ്ങൾ മുറുകെപ്പിടിക്കുന്നതിൽ നിനക്കു പ്രയാസം തോന്നുന്നുണ്ടെങ്കിൽ, രോഗശമനത്തെ പ്രതീക്ഷിച്ചുകൊണ്ടു്, രോഗികൾ ഔഷധത്തിൻെറ കയ്പുരസം സഹിക്കുന്നതുപോലെ അതു നീ സഹിക്കണം.

നൂറുവഷംവരെ നീ ജീവിച്ചിരുന്നാലും ശരി, നിൻെറ ആയുസ്സ് പരിമിതമാണെന്നു നീ മനസ്സിലാക്കുക. നിൻെറ പാരത്രിക ജീവിതത്തെ അപേക്ഷിച്ച്, നൂറുവഷം വളരെ കുറവാണ്. പരലോക ജീവിതം എന്നെന്നുമുള്ളതാണ്: ഭൗതികജീവിതത്തിൽ, ഇരുപതുവഷത്തെ സൗഖ്യത്തിനുവേണ്ടി ഒരു മാസമോ, ഒരു വഷമോ നീ സഹിക്കുന്ന കഷ്ടപ്പാടുകളും വൈഷമ്യങ്ങളും എപ്രകാരമാണെന്നും എന്തെല്ലാമാണെന്നും നീ ആലോചിക്കുക. അപ്പോൾ, എന്നെന്നേയ്ക്കുമുള്ള സൗഖ്യത്തിനുവേണ്ടി, ഏതാനും

---

* സ്രഷ്ടാവിൻെറ ആസ്ഥാനം.

ദിവസത്തെ കഷ്ടപ്പാടുകളും വൈഷമ്യങ്ങളും എന്തു കൊണ്ടു് നിനക്കു സഹിച്ചുകൂടാ? നിൻെറ മരണം നിന്നെ സമീപിച്ചിരിക്കവേ, ഭൗതികാഭിലാഷങ്ങൾ നീ വർദ്ധിപ്പിക്കരുതു്. ഭൗതികാഭിലാഷങ്ങൾ വർദ്ധിപ്പിച്ചാൽ, കർമ്മാനുഷ്ഠാനങ്ങൾ നിനക്കു ദുസ്സഹമായിത്തീരും. നിന്നോടു നീ ഇപ്രകാരം പ്രഖ്യാപിക്കുക: "ഇന്നത്തെ രാത്രിയിൽ ഞാൻ മരണപ്പെട്ടേക്കാം. അതുകൊണ്ടു് (കർമ്മാനുഷ്ഠാനങ്ങൾക്കുവേണ്ടിയുള്ള) എല്ലാ വൈഷമ്യങ്ങളും ഈ ദിവസം ഞാൻ സഹിക്കുന്നു." (രാത്രിയിൽ നിന്നോടു നീ പ്രഖ്യാപിക്കുക:) "കർമ്മാനുഷ്ഠാനങ്ങൾക്കുവേണ്ടി ഈ രാത്രിയിൽ ഞാൻ ക്ഷമാപൂർവ്വം ഉറക്കമിളയ്ക്കുന്നു. എന്തു കൊണ്ടെന്നാൽ, നാളെ ഞാൻ മരണപ്പെട്ടേക്കാം."

മരണത്തിൻെറ ആഗമനം ഒരു പ്രത്യേകവേളയിലോ, ഒരു പ്രത്യേകാവസ്ഥയിലോ ആയിരിക്കയില്ല. എല്ലായ്പോഴും മരണം ആഗമിക്കാവുന്നതാണു്. എപ്പോഴും മരണത്തിനുവേണ്ടി തയ്യാറെടുത്തിരിക്കൽ, 'ദുൻയാ'വിനുവേണ്ടി തയ്യാറെടുക്കുന്നതിനെക്കാൾ കടമപ്പെട്ടതാണു്. 'ദുൻയാ'വിൽ, കുറഞ്ഞൊരുകാലംവരെയേ നീ ജീവിച്ചിരിക്കയുള്ളൂ എന്നു നിനക്കറിയാം. ഇനി ഒരൊററ ദിവസമോ, ഒരൊററ ശ്വാസമോ അല്ലാതെ നിനക്കുവേണ്ടി ശേഷിച്ചിരിപ്പില്ലെന്നു വന്നേക്കാം. മരണത്തിൻെറ ആഗമനം എല്ലാ ദിവസവും നിൻെറ മനസ്സിൽ നീ സങ്കല്പിക്കുക. ഓരോരോ ദിവസവും അല്ലാഹുവിനു വഴിപ്പെടുന്നതിനുള്ള ക്ഷമയെ നിൻെറ ശരീരത്തിനു് നീ അടിച്ചേല്പിക്കുക. സാങ്കല്പികമായി, അൻപതു വർഷംവരെ നീ ജീവിച്ചിരിക്കുകയും, അല്ലാഹുവിനു

വഴിപ്പെടുന്നതിനുള്ള ക്ഷമയെ നിൻെറ ശരീരത്തിനു അടിച്ചേല്പിക്കുകയും ചെയ്യുന്നപക്ഷം, ആ ശരീരം നിനക്കു യാതനകൾ ഏല്പിക്കുകയും, അക്ഷമമായിത്തീരുകയും ചെയ്യുന്നതാണ്. അങ്ങനെ നിൻെറ ശരീരത്തിന് ക്ഷമയെ അടിച്ചേല്പിക്കുന്നതായാൽ, മരണവേളയിൽ നീ സന്തോഷിക്കുന്നതാണ്. ആ സന്തോഷം ഒരിക്കലും അവസാനിക്കുന്നതല്ല. നീ അനാസ്ഥയും ഉദാസീനതയും പ്രകടിപ്പിക്കുകയാണെങ്കിൽ, നീ വിചാരിച്ചിരിക്കാത്ത ഒരു സമയത്ത് മരണം ആഗമിക്കുകയും, അപ്പോൾ നീ സന്തപിക്കുകയും ചെയ്യുന്നതാണ്. ആ സന്താപം ഒരിക്കലും അവസാനിക്കുന്നതല്ല. "രാത്രിയിൽ സഞ്ചരിക്കുന്ന ജനങ്ങൾ പ്രഭാതവേളയിൽ വാഴ്ത്തപ്പെടും." നിൻെറ ഭാവിഫലത്തെ സംബന്ധിച്ച സന്ദേശം മരണവേളയിൽ നിനക്കു ലഭിക്കുന്നതാണ്. ആയുഷ്കാലം പൂർത്തിയായശേഷം ആ സന്ദേശം തീർച്ചയായും നീ അറിയും.

ദിനചര്യകളുടെ ക്രമീകരണങ്ങൾ ഇതാ നിനക്കു നാം അറിയിച്ചുതന്നു. ഇനി നമസ്കാരത്തിൻെറയും, നോമ്പിൻേറയും സംവിധാനങ്ങൾ, അവയുടെ ചിട്ടകൾ, ജമാഅത്തു നമസ്കാരത്തിൻെറയും ജുമുഅ: നമസ്കാരത്തിൻെറയും ചിട്ടകൾ എന്നിവ നിനക്കു നാം പറഞ്ഞുതരാം.

## നമസ്കാരത്തിൻെറ ചിട്ടകൾ

ചെറുതും വലുതുമായ അശുദ്ധികളിൽനിന്ന് ശരീരത്തെ ശുദ്ധീകരിക്കുകയും, ശരീരവും വസ്ത്രവും നമസ്കാരസ്ഥലവും നിർമ്മലമാക്കുകയും, 'ഔറത്ത്'

മറയ്ക്കുകയും ചെയ്തുകഴിഞ്ഞാൽ, നീ 'ഖിബ്'ല'യ്ക്കു അഭിമുഖമായി നില്ക്കുക. രണ്ടു കാല്പാദങ്ങളെ പരസ്പരം ചേർക്കാതെ ഇണച്ചുവച്ചു, നിവന്നു നില്ക്കണം. അനന്തരം, ശപിക്കപ്പെട്ട പിശാചിൽനിന്നും രക്ഷ നേടുവാൻവേണ്ടി 'സൂറത്തുന്നാസ്'' ഓതുക. അതോടൊപ്പം, ഹൃദയസാന്നിദ്ധ്യം വരുത്തുകയും, എല്ലാ ദുർവ്വിചാരങ്ങളിൽനിന്നും ഹൃദയത്തെ മോചിപ്പിക്കുകയും വേണം. ആരുടെ സമക്ഷത്തിലാണു് നീ നില കൊള്ളുന്നതെന്നും, ആരുമായാണു് നീ കൂടിക്കാഴ്ച നടത്തുന്നതെന്നും ചിന്തിക്കുക! വിസ്മൃതഹൃദയത്തോടും, പൈശാചിക ചിന്തകളാലും, കാമ്യവസ്തുക്കളുടെ നീചവിചാരങ്ങളാലും പരിപൂരിതമായ നെഞ്ചോടുംകൂടി നിന്റെ യജമാനനുമായി കൂടിക്കാഴ്ച നടത്തുവാൻ നീ ലജ്ജിക്കുക. അല്ലാഹുത്തആലാ നിന്റെ അന്തകരണത്തെ വ്യക്തമായി അറിയുന്നവനും, നിന്റെ ഹൃദയത്തിലേയ്ക്കു നോക്കുന്നവനുമാണെന്നു് നീ മനസ്സിലാക്കണം. ഭയഭക്തി, അവയവങ്ങളുടെ നിശ്ചലത, വിനയം, ആത്മാർത്ഥത എന്നിവയുടെ തോതനുസരിച്ചു മാത്രമാണു് നിന്റെ നമസ്കാരത്തെ അല്ലാഹു സ്വീകരിക്കുന്നതു്. അവനെ നീ കാണുന്നു എന്നപോലെ നമസ്കാരത്തിൽ അവനെ വണങ്ങുക. അവനെ കാണുന്നു എന്നപോലെ വണങ്ങുവാൻ നിനക്കു് സാധിക്കുന്നില്ലെങ്കിൽ, നിന്നെ അവൻ കാണുന്നു എന്നപോലെ നമസ്കാരത്തിൽ അവനെ നീ വണങ്ങുക. അല്ലാഹുത്തആലായുടെ മഹത്വത്തെക്കുറിച്ചുള്ള നിന്റെ അറിവിന്റെ ന്യൂനതമൂലം, നിനക്കു് ഹൃദയസാന്നിദ്ധ്യം ഉണ്ടാകാതിരിക്കുകയും, നിന്റെ അവയവങ്ങൾ നിശ്ചലമാ

കാതിരിക്കുകയും ചെയ്താൽ, നിൻെറ കുടുംബത്തിലെ പ്രമുഖന്മാരിൽ പെട്ട ഒരു നല്ല മനുഷ്യൻ നിൻെറ നമസ്കാരം എപ്രകാരമെന്ന് അറിയുവാൻ നിന്നെ വീക്ഷിക്കുന്നുണ്ടെന്ന് നീ സങ്കല്പിക്കുക. അദ്ദേഹം നിൻെറ നമസ്കാരത്തെ വീക്ഷിക്കുമ്പോൾ, നിനക്ക് ഹൃദയസാന്നിദ്ധ്യം ഉണ്ടാകുകയും നിൻെറ അവയവങ്ങൾ നിശ്ചലമാകുകയും ചെയ്യുന്നതാണ്. പിന്നെ നിന്നിലേയ്ക്ക് നീ തിരിഞ്ഞുനിന്ന്, ഇപ്രകാരം ചോദിക്കുക: "അല്ലയോ! ദുഷിച്ച ശരീരമേ! നിന്റെ സ്രഷ്ടാവിനെയും യജമാനനേയും നീ ലജ്ജിക്കുന്നില്ലയോ? അവൻെറ ദാസന്മാരിൽ പെട്ട നിസ്സാരനായ ഒരു ദാസൻ നിൻെറ നേരേ പ്രത്യക്ഷപ്പെട്ടപ്പോൾ, നിൻെറ അവയവങ്ങളെ നീ നിശ്ചലമാക്കുകയും, നീ ഭംഗിയായി നമസ്കരിക്കുകയും ചെയ്തു. ആ മനുഷ്യൻെറ പക്കലൊണെങ്കിൽ, രക്ഷയും ശിക്ഷയും ഇല്ലതാനും. എന്നാൽ, അല്ലാഹു നിൻെറ നേരേ പ്രത്യക്ഷപ്പെട്ടവനാണെന്ന് നിനക്കറിയാം. അവന്റെ മഹത്വത്തിൻെറ മുമ്പിൽ നീ എന്തുകൊണ്ട് ഭയഭക്തി കാണിക്കുന്നില്ല? അല്ലാഹുത്തആലാ നിൻെറ പക്കൽ, അവൻെറ ദാസന്മാരിൽ പെട്ട ഒരു ദാസനെക്കാൾ നിസ്സാരനോ? അഹോ! ഇതെത്ര കടുത്ത വിരോധാഭാസം! ഇതെന്തൊരു അജ്ഞത!! നിന്നോടുള്ള നിൻെറ ശത്രുത എത്ര ഭീമമാണ്!!"

ഇത്തരം ഉപാധികളിലൂടെ നിൻെറ ഹൃദയത്തെ നീ ചികിത്സിക്കുക. അപ്പോൾ, നിനക്ക് ഹൃദയസാന്നിദ്ധ്യം ഉണ്ടായെന്നു വരാം. നീ ഹൃദയസാന്നിദ്ധ്യത്തോടുകൂടി ചെയ്യുന്നതല്ലാതെ ഒന്നുംതന്നെ നമസ്കാരത്തിൽനിന്നും നിനക്കു കിട്ടുകയില്ല. നീ

അശ്രദ്ധയോടും മറവിയോടുംകൂടി പ്രവൎത്തിക്കുന്നതാകട്ടെ, മാപ്പപേക്ഷിക്കുന്നതിലേക്കും പിഴയൊടുക്കുന്നതിലേക്കും അതു് ഏററവും ആവശ്യമുള്ളതായിത്തീരുന്നു.

അങ്ങനെ നിൻെറ ഹൃദയം സന്നദ്ധമായിത്തീൎന്നാൽ ഒററയ്ക്കായിരുന്നാൽ തന്നെയും, നീ 'ഇഖാമത്തു്' ഉപേക്ഷിക്കരുതു്. നമസ്കാരത്തിനു് മററു പലരും വന്നുചേരുമെന്നു് നിനക്കു പ്രതീക്ഷയുണ്ടെങ്കിൽ ആദ്യമായി നീ 'ബാങ്കു്' വിളിക്കുക. അല്പം കഴിഞ്ഞശേഷം 'ഇഖാമത്തും' ഉദ്ധരിക്കുക.

'ഇഖാമത്തു്' ഉദ്ധരിച്ചുകഴിഞ്ഞാൽ, നീ 'നിയ്യത്തു്' (മനഃസങ്കല്പം) ചെയ്യണം. നിൻെറ ഹൃദയത്തിൽ നീ പറയുക: "സുഹ്ർ, എന്ന 'ഫർസു' നമസ്കാരത്തെ അല്ലാഹുത്തആലായ്ക്കുവേണ്ടി ഞാൻ നിൎവ്വഹിക്കുന്നു." *"തക്ബീറത്തുൽ ഇഹ്റാമി"ൻ്റെ വേളയിൽ ഈ 'നിയ്യത്തു്' നിൻെറ ഹൃദയത്തിൽ ഉണ്ടായിരിക്കണം. 'തക്ബീർ' ചൊല്ലിത്തീരുന്നതിനുമുമ്പു് ആ 'നിയ്യത്തു്' വിട്ടുപോകരുതു്. 'തക്ബീറി'ൻെറ അവസരത്തിൽ രണ്ടു കൈയ്കളും പരത്തിപ്പിടിച്ചുകൊണ്ടും, വിരലുകൾ നിവൎത്തിപ്പിടിച്ചുകൊണ്ടും അവ ആദ്യമായി താഴ്ത്തിയിട്ടതിനുശേഷം, രണ്ടു ചുമലുകളുടെ നേരേ ഉയൎത്തണം. കൈയ്‌വിരലുകൾ നീ സാഹസപ്പെട്ടു് കൂട്ടിപ്പിടിക്കുകയോ, അകററിപ്പിടിക്കുകയോ ചെയ്യരുതു്. തള്ളവിരലുകൾ

---

* നമസ്കാരത്തിൽ പ്രവേശിക്കുമ്പോൾ ചൊല്ലുന്ന 'തക്ബീർ' (അല്ലാഹു അക്ബർ—എന്ന വാക്യം)

ചെവിത്തട്ടുകളുടെ നേരെയും, മററു വിരലുകൾ ചെവിയുടെ മേൽഭാഗത്തിൻെറ നേരെയും നേരിടത്തക്കവിധത്തിൽ രണ്ടു കൈയ്കളും ഉയൎത്തുക. മുൻകൈകൾ രണ്ടു ചുമലുകളുടെ നേരെയും ആയിരിക്കണം. അങ്ങനെ രണ്ടു കൈയ്കളും അതാതിൻെറ സ്ഥാനത്തു് സ്ഥിരപ്പെട്ടുകഴിഞ്ഞാൽ, നീ 'തക്ബീർ' ആരംഭിക്കുകയും, തദനന്തരം രണ്ടു കൈയ്കളേയും മെല്ലെ താഴ്ത്തിയിടുകയും ചെയ്യുക. കൈയ്കൾ ഉയൎത്തുമ്പോഴും താഴ്ത്തുമ്പോഴും മുമ്പോട്ടു തട്ടുകയോ പിറകോട്ടു ഉയൎത്തുകയോ ചെയ്യരുതു്. ഇടത്തോട്ടും വലത്തോട്ടും കൈയ്‌വലിച്ചു് കുടയുകയും ചെയ്യരുതു്. അങ്ങനെ, താഴ്ത്തിയിട്ടശേഷം വീണ്ടും നെഞ്ചുവരെ കൈയ് ഉയൎത്തുക. വലത്തുകൈയ് ഇടത്തുകൈയ്യുടെ മുകളിൽ വയ്ക്കൽകൊണ്ടു്, വലത്തുകൈയ്യിനെ മാനിക്കണം. ഇടത്തുകൈയ്യുടെ മുഴംകൈയ്യുടെമേൽ വലത്തുകൈയ്യുടെ മൂന്നു വിരലുകൾ നീളത്തിൽ പരത്തിവയ്ക്കുകയും, ഇടത്തുകൈയ്യുടെ മണിക്കണ്ഠത്തെ വലത്തുകൈയ്യുടെ ചിന്നിവിരൽകൊണ്ടും, തള്ളവിരൽകൊണ്ടും പിടിക്കുകയും ചെയ്യുക. 'തക്ബീറത്തുൽ ഇഹ്റാമി'നുശേഷം, താഴെപ്പറയുന്ന അൎത്ഥത്തിൽ വന്നിട്ടുള്ള സൂക്തം ഉച്ചരിക്കുക: "അല്ലാഹു ഏററവും വലിയവനാകുന്നു. അവൻ വലിയവനാണെന്നു ഞാൻ സമ്മതിക്കുന്നു. സൎവ്വസ്തുതികളും അല്ലാഹുവിനത്രെ. അവനെ ഞാൻ വളരെയധികം സ്തുതിക്കുന്നു. കാലത്തും വൈകിട്ടും അല്ലാഹുവിനെ ഞാൻ സ്തോത്രം ചെയ്യുന്നു." പിന്നീടു് നീ 'വജ്ജഹ്ത്തു്' ഓതുക. "സത്യമതാവലംബിയും, അനുസരണാശീലനുമായ നിലയിൽ, ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവിനെ ഞാൻ അഭിമുഖീകരിച്ചിരിക്കുന്നു.

ഞാൻ ബഹുദൈവ വിശ്വാസികളിൽ പെട്ടവനേ അല്ല. എൻെറ നമസ്കാരവും, എൻെറ മറെറല്ലാ ആരാധനകളും, എൻെറ ജീവിതവും, എൻെറ മരണവും സർവ്വലോകപാലകനായ അല്ലാഹുവിൻെറ അവകാശത്തിലും അധികാരത്തിലും പെട്ടതാകുന്നു. അവന്ന് (അതിൽ) ഒരു പങ്കുകാരനുമില്ല. ഈവക കാര്യങ്ങൾകൊണ്ട് ഞാൻ കല്പിക്കപ്പെട്ടിരിക്കുന്നു. ഞാൻ മുസ്ലിമീങ്ങളിൽ (അല്ലാഹുവിൻെറ വിധിവിലക്കുകൾ അനുസരിച്ച് ജീവിക്കുന്നവരിൽ) പെട്ടവനാകുന്നു." (എന്നിങ്ങനെയാണ് 'വജ്ജഹ്ത്തു'ൻെറ അർത്ഥം.) അനന്തരം 'അഊദു്'' ഓതണം. (ശപിക്കപ്പെട്ട പിശാചിൽനിന്നും, അല്ലാഹുവിനോട്ട് ഞാൻ രക്ഷതേടുന്നു.) പിന്നീട്ട് 'ഫാത്തിഹാ', അതിൻെറ 'ശദ്ദ്'കളെ ഗൗനിച്ച് ഓതുക. തുല്യശബ്ദങ്ങളുള്ള അക്ഷരങ്ങൾ വേർപെടുത്തി ഓതുവാൻ ശ്രമിക്കണം. 'ഫാത്തിഹാ'യിലെ അവസാനത്തെ അക്ഷരവുമായി സന്ധിപ്പിക്കാതെ 'ആമീൻ' പറയുകയും ചെയ്യുക. ,സുബ്ഹ്'', 'മഗ്രിബ്'', 'ഇശാഅ്'' എന്നീ നമസ്കാരങ്ങളുടെ ആദ്യത്തെ രണ്ടു 'റക്അത്തു'കളിൽ 'ഫാത്തിഹാ'യും മററു 'സൂറത്തു'കളും, നീ 'മഅ്മൂമു'' (ഇമാമിനോട്ടു തുടൻ നമസ്കരിക്കുന്നവൻ) അല്ലെങ്കിൽ ഉറക്കെ ഓതണം. 'ആമീൻ' ഉറക്കെ പറയുകയും ചെയ്യുക. 'ഫാത്തിഹാ'യ്ക്കുശേഷം സുബ്ഹ് നമസ്കാരത്തിൽ നീണ്ട വാക്യങ്ങളുള്ള വലിയ 'സൂറത്തു'കളിൽനിന്നും, 'മഗ്രിബ്' നമസ്കാരത്തിൽ ചെറിയ വാക്യങ്ങളുള്ള ചെറിയ സൂറത്തുകളിൽനിന്നും, 'സുഹ്ർ', 'അസ്ർ', 'ഇശാഅ്'' എന്നീ മൂന്നു നമസ്കാരങ്ങളിൽ മദ്ധ്യമായ വാക്യങ്ങളുള്ള ഇടത്തരം സൂറത്തുകളിൽനിന്നും ഓരോ സൂറത്തു

കൾ ഓതുക. യാത്രയിലെ 'സുബ്ഹ്' നമസ്കാരത്തിൽ, 'ഫാത്തിഹാ'യ്ക്കു ശേഷം 'കാഫിറൂൻ' എന്ന സൂറത്തും, 'ഇഖ്ലാസ്' എന്ന സൂറത്തും ഓതുക. സൂറത്തുകളുടെ അവസാനത്തെ അക്ഷരത്തെ 'റുകൂഉ്'ന്റെ 'തക്ബീറി'നോടു ചേക്കരുതു്. നേരേമറിച്ചു്, അവ രണ്ടിന്റെയും ഇടയെ "സുബ്ഹാനല്ലാഹി" എന്ന വാക്യത്തിന്റെ മാത്രകൊണ്ടു് വേർപെടുത്തുക. നിന്റെ എല്ലാ നിറുത്തത്തിലും നമസ്കരിക്കുന്ന സ്ഥലത്തേയ്ക്കു് നോട്ടത്തെ പരിമിതപ്പെടുത്തിക്കൊണ്ടു് തല താഴ്ത്തി നില്ക്കണം. അതു് നിന്റെ മനസ്സിനെ കൂടുതൽ കേന്ദ്രീകരിക്കുന്നേതും, ഹൃദയസാന്നിദ്ധ്യത്തിനു് ഏററവും തരപ്പെട്ടതുമാണു്. നിന്റെ നമസ്കാരത്തിൽ, നീ ഇടത്തോട്ടും വലത്തോട്ടും തിരിഞ്ഞുനോക്കാതെ സൂക്ഷിച്ചുകൊൾക.

അനന്തരം 'റുകൂഉ'നുവേണ്ടി, തക്ബീർ' ചൊല്ലുക. രണ്ടു കൈയ്കളും, മുമ്പു് പറഞ്ഞ വിധത്തിൽ ഉയർത്തുകയും ചെയ്യുക. 'റുകൂഉ'ൽ ചെന്നെത്തുന്നതുവരെ 'തക്ബീറി'നെ നീട്ടുകയും വേണം. 'റുകൂഉ'ൽ രണ്ടു് ഉള്ളംകൈയ്കളും വിരലുകൾ നിവർത്തി, കാൽമുട്ടുകളുടെമേൽ വയ്ക്കുകയും, കാൽമുട്ടുകളെ നിവർത്തി നിറുത്തുകയും ചെയ്യുക. മുതുകും, പിടലിയും, തലയും—ഒരൊററ പലക എന്നപോലെ—സമമാക്കി നീട്ടിവയ്ക്കുകയും ചെയ്യുക. നിന്റെ രണ്ടു പാർശ്വങ്ങളിൽനിന്നും കൈയ്മുട്ടുകളെ അകററിപ്പിടിക്കുകയും വേണം. സ്ത്രീകൾ അങ്ങനെ അകററിപ്പിടിക്കരുതു്. അവർ രണ്ടു കൈയ്കളും, ശരീരത്തോടു ചേർത്തുവയ്ക്കണം. താഴെപ്പറയുന്ന അർത്ഥത്തിലുള്ള 'തസ്ബീഹ്' മൂന്നു പ്രാവശ്യം ഉച്ചരിക്കുകയും ചെ

യ്യുക: "മഹാനായ എന്റെ നാഥന്റെ പരിശുദ്ധി യെ ഞാൻ പ്രകീർത്തിക്കുന്നു—അവനെ വാഴ്ത്തുന്ന തോടൊപ്പം." നീ ഒററയ്ക്കാണു് നമസ്കരിക്കുന്നതെങ്കിൽ, ഈ 'തസ്ബീഹ്' ഇരുപത്തേഴ് പ്രാവശ്യമാക്കി വർദ്ധിപ്പിക്കുന്നതു നല്ലതാണു്. അതിനുശേഷം, ശരിയായി നിവർന്നുനില്ക്കുവാൻവേണ്ടി നീ തല ഉയർത്തുകയും, അതോടൊപ്പം താഴെപ്പറയുന്ന അർത്ഥത്തിലുള്ള വാക്യം ഉച്ചരിച്ചുകൊണ്ടു് രണ്ടു കൈയ്കളുയർത്തുകയും ചെയ്യുക: "അല്ലാഹുവിനെ വാഴ്ത്തുന്നവരെ അവൻ സ്വീകരിക്കട്ടെ!" അങ്ങനെ ശരിയായി നിന്നുകഴിഞ്ഞാൽ ചുവടെ കാണുന്ന അർത്ഥത്തിലുള്ള സൂക്തം ഉച്ചരിക്കുക. "ഞങ്ങളുടെ നാഥാ! നിനക്കാകുന്നു, ആകാശം നിറയെയുള്ള സർവ്വസ്തുതികളും; ഭൂമി നിറയെയുള്ള സർവ്വസ്തുതികളും; പുറമേയുള്ള നീ ഉദ്ദേശിക്കുന്ന സകല വസ്തുക്കളും നിറയെയുള്ള സർവ്വസ്തുതികളും" നീ 'സുബ്ഹ്' നമസ്കാരത്തിലാണെങ്കിൽ, രണ്ടാമത്തെ 'റക്അത്തി'ലെ 'ഇഅ്ത്തിദാലി'ൽ 'ഖുനൂത്ത്' ഓതണം. അതിനുശേഷം, കൈയ് ഉയർത്താതെ, തക്ബീർ ചൊല്ലിക്കൊണ്ടു് സുജൂദ് ചെയ്യുക. സുജൂദിൽ, ആദ്യമായി രണ്ടു കാൽമുട്ടുകൾ തറയിൽ വയ്ക്കണം; പിന്നെ രണ്ടു കൈയ്കൾ; പിന്നെ നെററിത്തടം തുറന്നിടപ്പെട്ടതായി (മറയ്ക്കപ്പെടാതെ) വയ്ക്കണം. നെററിത്തടത്തോടൊപ്പം മൂക്കും വയ്ക്കണം. കൈയ്മുട്ടുകൾ പാർശ്വങ്ങളിൽനിന്നും അകററുകയും, വയറിനെ തുടയിൽനിന്നും ഉയർത്തുകയും വേണം. സ്ത്രീകൾ അപ്രകാരം അകററേണ്ട. രണ്ടു കൈയ്കളും ചുമലുകളോടു് നേരിടത്തക്കവിധം തറയിൽ വയ്ക്കുക. തറയിൽ മുഴം കൈയ്കൾ പരത്തിവയ്ക്കരുതു്. 'സുജൂദി'ൽ, "അ

ത്യുന്നതനായ എൻെറ നാഥൻെറ പരിശുദ്ധിയെ ഞാൻ പ്രകീർത്തിക്കുന്നു" എന്ന അർത്ഥത്തിലുള്ള വാചകം മൂന്നു പ്രാവശ്യം ഉച്ചരിക്കുക. ഒററയ്ക്കാണു് നീ നമസ്കരിക്കുന്നതെങ്കിൽ, ഈ 'തസ്ബീഹ്' ഏഴോ, പത്തോ പ്രാവശ്യം ഓതുക. പിന്നീടു് നീ 'തക്ബീർ' ചൊല്ലിക്കൊണ്ടു്, 'സുജ്ജൂദി'ൽനിന്നും തല ഉയർത്തി ഇടതുകാലിന്മേൽ ശരിയായി ഇരിക്കുക. നിൻെറ വലതു കാൽപാദത്തിലെ വിരലുകൾ കുത്തിനിർത്തുകയും, രണ്ടു കൈയ്കളും, വിരലുകൾ നിവർത്തപ്പെട്ട നിലയിൽ രണ്ടു തുടകളുടെമേൽ വയ്ക്കുകയും ചെയ്യുക. ഈ ഇരുത്തത്തിൽ താഴെക്കാണുന്ന അർത്ഥത്തിലുള്ള പ്രാർത്ഥനാസൂക്തം ഉച്ചരിക്കുക: "നാഥാ! എൻെറ പാപങ്ങൾ എനിക്കു് നീ പൊറുത്തുതരേണമേ; എനിക്കു് നീ കരുണചെയ്യേണമേ; നിൻെറ ഖജനാവിലുള്ള എൻെറ ഓഹരി എനിക്കു നീ തരേണമേ; എന്നെ നീ നേർവഴിയിലാക്കേണമേ; എൻെറ കുറവുകൾ നീ പരിഹരിക്കേണമേ; എനിക്കു് നീ സൗഖ്യം നല്കേണമേ; എനിക്കു് നീ മാപ്പു തരേണമേ!" അനന്തരം, മുമ്പു് പറഞ്ഞതുപോലെ രണ്ടാമതൊരു സുജ്ജൂദ്ക്രിയ ചെയ്യുക. "അത്തഹിയ്യാത്തു്" ഇല്ലാത്ത എല്ലാ 'റക്അത്തു്'കളിലും, സുജ്ജൂദിനുശേഷം നീ "വിശ്രമത്തിൻെറ ഇരിപ്പു്" *നിർവ്വഹിക്കണം. അതിനുശേഷം രണ്ടു കൈയ്കളും തറയിൽ കുത്തി മേല്പോട്ടു് എഴുന്നേല്ക്കുക. എഴുന്നേല്ക്കുന്ന അവസരത്തിൽ രണ്ടാലൊരു കാൽ മുന്തിക്കരുതു്. "വിശ്രമത്തിൻെറ ഇരിപ്പി"ൻെറ പരി

---

* സുജ്ജൂദിൽനിന്നു് എഴുന്നേല്ക്കുംമുമ്പു് അല്പം ഒന്നു് ഇരിക്കുക. ('ഇസ്തിറാഹത്തി'ൻെറ ഇരുത്തം)

ഡിയോട്ട് അടുക്കുമ്പോൾ, എഴുന്നേല്ക്കുന്നതിൻെറ "തക്ബീർ" തുടങ്ങണം. നില്പിൽ ശരിയായി ചെന്നെത്തുന്നതുവരെ ആ "തക്ബീറി"നെ നീട്ടുകയും വേണം. "വിശ്രമത്തിൻെറ ഇരിപ്പ്" ലഘുവും വേഗത്തിലുള്ളതും ആയിരിക്കട്ടെ! ആദ്യത്തെ 'റക്അത്തു്'പോലെ നീ രണ്ടാമത്തെ 'റക്അത്തും' നമസ്കരിക്കുക. ആരംഭത്തിൽ 'അഊദ്' ആവത്തിക്കണം. രണ്ടാമത്തെ 'റക്അത്തി'ൽ ആദ്യത്തെ 'അത്തഹിയ്യാത്തി'നുവേണ്ടി ഇരിക്കണം. 'അത്തഹിയ്യാത്തി'നുവേണ്ടിയുള്ള ഇരിത്തത്തിൽ, വലതുകൈയ് വലത്തെ തുടയുടെമേൽ വയ്ക്കുകയും, ചൂണ്ടുവിരലും തള്ളവിരലും ഒഴികെയുള്ള വിരലുകൾ മടക്കിപ്പിടിക്കുകയും, ചൂണ്ടുവിരലും തള്ളവിരലും താഴ്ത്തിയിട്ടേക്കുകയും ചെയ്യണം. 'ഇല്ലല്ലാഹു' എന്ന് നീ പറയുന്ന സമയം ചൂണ്ടുവിരൽ സ്വല്പം ഉയർത്തുകയും ചെയ്യുക. 'ലാഇലാഹ' എന്നു പറയുമ്പോഴല്ല. ഇടത്തെകൈയ്, വിരലുകൾ നിവർത്തപ്പെട്ട നിലയിൽ ഇടത്തെ തുടയുടെ മേൽ വയ്ക്കുക. ഈ 'അത്തഹിയ്യാത്തി'ൽ, രണ്ടു 'സുജൂദി'ൻെറ ഇടയിലെ ഇരിത്തംപോലെ, ഇടതുകാലിന്മേൽ ഇരിക്കുക. അവസാനത്തെ 'അത്തഹിയ്യാത്തി'ൽ പൃഷ്ഠം തറയിൽവച്ച് ഇരിക്കുകയും, നബി(സ:)യുടെ മേലുള്ള സ്വലാത്തിനുശേഷം ഹദീസിൽ വന്നിട്ടുള്ളതും, അറിയപ്പെട്ടതുമായ 'ദുആ' പൂർണ്ണമായി ഓതുകയും ചെയ്യുക. ഇടത്തെ പൃഷ്ഠത്തിൻെറമേൽ ഇരിക്കുകയും, ഇടതുകാൽ വലതുഭാഗത്തേയ്ക്ക്, താഴ്ഭാഗത്തിലൂടെ പുറപ്പെടുവിക്കുകയും, വലതുകാലിൻെറ പാദം, വിരലുകളുടെമേൽ കുത്തി

നിവൃത്തുകയും ചെയ്യുക. മേല്പറഞ്ഞ 'ദുആ'യിൽനിന്നും വിരമിച്ചശേഷം, ഇരുവശങ്ങളിലുമായി രണ്ടു പ്രാവശ്യം "അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹ്" എന്നു പറയണം. ഇരുവശങ്ങളിലും, നിൻെറ കവിൾത്തടങ്ങൾ കാണത്തക്കവണ്ണം തിരിഞ്ഞുനോക്കുകയും ചെയ്യുക. തിരിഞ്ഞുനോക്കുമ്പോൾ നമസ്കാരത്തിൽനിന്നും വിരമിക്കുന്നതിനെ കരുതുക. 'സലാമി'നെ നിൻെറ ഇരുവശങ്ങളിലുമുള്ള മലക്കുകളുടെയും മുസ്ലിംകളുടെയുംമേൽ കരുതുക. ഒററയ്ക്ക് നമസ്കരിക്കുന്നതിൻെറ രൂപമാണിതു്. അർത്ഥം മനസ്സിലാക്കിക്കൊണ്ടുള്ള 'ഖിറാഅത്തോ'ടും 'ദിക്റോ'ടും കൂടിയ ഹൃദയസാന്നിദ്ധ്യവും, അവയവങ്ങളുടെ നിശ്ചലതയുമാണു് നമസ്കാരത്തിൻെറ തൂണു്. ഹസൻബസരി(റ) പറയുന്നു: "ഹൃദയസാന്നിദ്ധ്യമില്ലാതെ നിവ്വഹിക്കുന്ന ഏതു നമസ്കാരവും, ശിക്ഷയിലേയ്ക്കു് ഏററവും ശീഘ്രമായതാകുന്നു." നബി (സ:) പറഞ്ഞിരിക്കുന്നു: "തീർച്ചയായും മനുഷ്യൻ നമസ്കാരം നിവ്വഹിക്കുന്നു. എന്നാൽ, ആ നമസ്കാരത്തിൽനിന്നും ആറിലൊന്നോ, പത്തിലൊന്നോ അല്ലാതെ അവനുവേണ്ടി രേഖപ്പെടുത്തപ്പെടുന്നില്ല. മനുഷ്യനു് അവൻെറ നമസ്കാരത്തിൽനിന്നു രേഖപ്പെടുത്തുന്നതു്, അതിൽനിന്നും അവൻ ചിന്തിച്ചു് മനസ്സിരുത്തി ചെയ്യുന്നതിൻെറ തോതനുസരിച്ചു മാത്രമായിരിക്കും."

'ഇമാമ'ത്തിൻെറ ചിട്ടകൾ

'ഇമാമ്" നമസ്കാരത്തെ ലഘൂകരിക്കേണ്ടതാണ്. അനസ്(റ:) പറയുന്നു: "നബി(സ:)യുടെ നമസ്കാരത്തേക്കാൾ പരിമിതവും പരിപൂർണ്ണവുമായ നമസ്കാരം മററാരുത്തരുടെ പിന്നിലും ഞാൻ നിർവ്വഹിച്ചിട്ടില്ല. മുഅദ്ദിൻ 'ഇഖാമത്തു്" ഉച്ചരിച്ചുതീരുന്നതിനും,'സഫ്ഫു'(അണി)കൾശരിപ്പെടുന്നതിനും മുമ്പ് ഇമാമ് "തക്ബീറത്തുൽ ഇഹ്റാം" ചൊല്ലരുതു്.ഇമാമ്,'തക്ബീറു'കൾശബ്ദമുയർത്തിച്ചൊല്ലണം. സ്വയം കേൾക്കത്തക്ക തോതിലല്ലാതെ 'മഅ്മൂമ്" (തുടൎന്നു നമസ്കരിക്കുന്നവൻ) ശബ്ദമുയർത്താതിരിക്കുകയും വേണം. 'ഇമാമത്തി'ൻെറ മഹത്വം ലഭിക്കുവാൻവേണ്ടി ഇമാമ്, 'ഇമാമത്തി'നെ 'നിയ്യത്തു' ചെയ്യണം. ഇമാമ് 'നിയ്യത്തു' ചെയ്തിട്ടില്ലെന്നുവരികിലും, 'മഅ്മൂമീ'ങ്ങൾ ഇമാമിനോടു തുടരുന്നതിനെ നിയ്യത്തുചെയ്താൽ, അവരുടെ നമസ്കാരം സാധുവാകുകയും, തുടർച്ചയുടെ മഹത്വം അവർക്കു ലഭിക്കുകയും ചെയ്യുന്നതാണ്. ഇമാമ്, 'വജ്ജഹ്ത്തു'ം, 'അഊദും' ഒററയ്ക്കു നമസ്കരിക്കുന്നവരെപ്പോലെ പതുക്കെ ഓതണം. സുബ്ഹിൻെറ എല്ലാ 'റക്അത്തു'കളിലും, 'മഗ്രിബിൻെറയും, 'ഇശാ'യുടെയും ആദ്യത്തെ രണ്ടു 'റക്അത്തു'കളിലും 'ഫാത്തിഹ:'യും സൂറത്തും ഉറക്കെ ഓതുകയും വേണം. ഒററയ്ക്കു നമസ്കരിക്കുന്നവരും അപ്രകാരംതന്നെ ചെയ്യണം. ഉറക്കെ ഓതുന്ന 'റക്അത്തു'കളിൽ ഇമാമ് ഉറക്കെ "ആമീൻ" പറയണം. ഇമാമിനോടൊപ്പം—ഇമാമിനെക്കാൾ മുന്താതെയും പിന്താതെയും—മഅ്മൂമീങ്ങളും ഉറക്കെ "ആമീൻ" പറയണം. 'ഇമാമ്"

തന്റെ സ്വാസ്ഥ്യതയ്ക്കുവേണ്ടി ഫാത്തിഹ:യ്ക്കുശേഷം അല്പസമയം നിശ്ശബ്ദനായി നില്ക്കണം. ഇമാമ് ഓതുന്ന 'സൂറത്തു' ശ്രവിക്കുവാൻ "മഅ്മൂമീങ്ങൾക്കു അവസരം ലഭിക്കുവാൻവേണ്ടി അവർ, 'ഇമാമ്' നിശ്ശബ്ദനായി നില്ക്കുന്നവേളയിൽ 'ഫാത്തിഹ:' ഓതണം. ഇമാമ് 'സൂറത്തു' ഓതുന്നതു് "മഅ്മൂമീ" ങ്ങൾ കേൾക്കുന്നുണ്ടെങ്കിൽ, അവർ സൂറത്തു ഓതുവാൻ പാടില്ല. റുക്കൂഇലെയും, സുജൂദിലെയും 'തസ്ബീഹ്'കൾ ഇമാമ് മൂന്നെണ്ണത്തെക്കാൾ വർദ്ധിപ്പിക്കരുതു്. ആദ്യത്തെ 'അത്തഹിയ്യാത്തിൽ' "അല്ലാഹുമ്മ സ്വല്ലി അലാമുഹമ്മദ്" എന്ന വാക്യത്തിനു ശേഷം യാതൊന്നും വർദ്ധിപ്പിക്കരുതു്. അവസാനത്തെ രണ്ടു റക്അത്തുകളിലും 'ഫാത്തിഹ:" മാത്രമേ ഓതാവൂ. ഇമാമ് ജനങ്ങളുടെമേൽ നമസ്കാരത്തെ ദീർഘിപ്പിക്കരുതു്. അവസാനത്തെ അത്തഹിയ്യാത്തിലെ 'ദുആ' 'അത്തഹിയ്യാത്തിന്റെയും 'സ്വലാത്തി'ന്റെയും മാത്രയെക്കാൾ വർദ്ധിപ്പിക്കുകയും ചെയ്യരുതു്. സലാംവീട്ടുമ്പോൾ, ഇമാമ് സലാമിനെ മഅ്മൂമീങ്ങളുടെമേൽ കരുതണം. മഅ്മൂമീങ്ങൾ, ഇമാമിനു് സലാം മടക്കുന്നതിനെയും കരുതണം. സലാം വീട്ടിയശേഷം, 'ഇമാമ്' കുറച്ചുസമയം അവിടെത്തന്നെ ഇരിക്കണം. ജനങ്ങളിലേയ്ക്കു മുഖംതിരിഞ്ഞു് ഇരിക്കണം. പിന്നിൽ സ്ത്രീകളുണ്ടെങ്കിൽ, അവർ ആദ്യമായിത്തന്നെ പിരിഞ്ഞു പോകേണ്ടതിനാൽ, ഇമാമ് തിരിഞ്ഞുനോക്കരുതു്. ഇമാമ് എഴുന്നേല്ക്കുവരെ 'മഅ്മൂമീ'ങ്ങളാരും എഴുന്നേല്ക്കരുതു്. താൻ ഉദ്ദേശിക്കുന്നിടത്തുകൂടി—വലതുഭാഗത്തുകൂടിയോ, ഇടതുഭാഗത്തുകൂടിയോ—ഇമാമ് പിരിഞ്ഞുപോകണം. വലതുഭാഗമാണു് അതിനു

ഏററവും നല്ലതു്. 'സുബ്ഹി'ൻെറ "ഖുനൂത്തി"ലെ 'ദുആ' തനിക്കുവേണ്ടിമാത്രം ഇമാം ഓതരുതു്; "അല്ലാഹുവേ ഞങ്ങളെ നീ നേർവഴിയിലാക്കേണമേ!" എന്നു അത്ഥംവരുന്ന ബഹുവചനം ചേർത്തുപറയുകയും ഉറക്കെ ഓതുകയും വേണം. 'മഅ്മൂമീ'ങ്ങൾ "ആമീൻ" പറയുകയും ചെയ്യണം. 'ഖുനൂത്തി'ൽ അവർ കൈയ് ഉയർത്തരുതു്. *ഹദീസുകളിൽ അതു സ്ഥിരപ്പെട്ടിട്ടില്ല. "തീച്ചയായും നീ വിധിക്കുന്നവനാകുന്നു. നിൻെറമേൽ വിധിക്കപ്പെടുകയില്ല" എന്ന അത്ഥത്തിലുള്ള വാക്യം—മുതലുള്ള "ഖുനൂത്തി"ലെ അവസാനഭാഗം (ഇമാമിനോടൊപ്പം) 'മഅ്മൂമും' ഓതണം. മഅ്മൂമ്, 'സഫ്ഫ" (അണി)വിട്ടു് ഒററയ്ക്കു നില്ക്കരുതു്. അയാൾ, 'സഫ്ഫി'ൽ കയറിനില്ക്കുകയോ മറെറാരാളെ തൻ്റെ അടുത്തേയ്ക്കു പിടിച്ചുനിറുത്തുകയോ ചെയ്യണം. മഅ്മൂമ്, ക്രിയകളിൽ ഇമാമിനെക്കാൾ മുന്തുകയോ, ഇമാമിനോടൊപ്പമാകുകയോ ചെയ്യാതെ, ഇമാമിനെക്കാൾ പിന്തേണ്ടതാകുന്നു. ഇമാമ് 'റുക്കൂഅ്'ൻെറ പരിധിയിൽ ചെന്നെത്തിയാലല്ലാതെ, മഅ്മൂമ് 'റുക്കൂഅ്'ലേയ്ക്കു കുനിയരുതു്. ഇമാമിൻെറ നെററിത്തടം, തറയിൽ എത്തുന്നതിനു മുമ്പ് മഅ്മൂമ് സുജൂദിലേയ്ക്കു കുനിയുകയും ചെയ്യരുതു്.

---

* ഇതു് ഇന്നു നടന്നുവരുന്ന സമ്പ്രദായത്തിന് വിരുദ്ധമാണ്. ശാഖാപരമായ കാര്യങ്ങളിൽ 'ഇമാമി'ങ്ങളുടെ ഇടയിൽ ഭിന്നാഭിപ്രായങ്ങൾ സാധാരണമാണല്ലോ. അത്തരത്തിൽ പെട്ട ഒരു പ്രശ്നമാണിതു്.

'ജുമുഅ:'യുടെ ചിട്ടകൾ

സത്യവിശ്വാസികളുടെ സുദിനമാണ് വെള്ളിയാഴ്ച ദിവസം. ഒരു മഹത്തായ ദിനവുമാണത്. അല്ലാഹുത്തആലാ, ആ ദിനംകൊണ്ടു ഈ സമുദായത്തെ പ്രത്യേകപ്പെടുത്തിയിരിക്കുന്നു. തിരിച്ചറിയപ്പെടാത്ത ഒരു സമയം പ്രസ്തുത ദിവസത്തിലുണ്ട്. മുസ്ലിമായ ഒരു ദാസൻ അല്ലാഹുവിനോട്ട് തൻെറ ആവശ്യനിർവ്വഹണത്തിനായി നടത്തുന്ന അപേക്ഷ പ്രസ്തുത സമയത്തോട്ട് യോജിച്ചുവരികയാണെങ്കിൽ, തീർച്ചയായും അവൻെറ ആവശ്യങ്ങൾ അല്ലാഹു അവന് നല്കാതിരിക്കയില്ല.

വസ്ത്രങ്ങൾ വെടിപ്പാക്കിയും, വ്യാഴാഴ്ച വൈകുന്നേരം തസ്ബീഹും, ഇസ്തിഗ്ഫാറും വർദ്ധിപ്പിച്ചും പ്രസ്തുത സമയത്തിനുവേണ്ടി വ്യാഴാഴ്ചമുതൽ നീ തയ്യാറെടുത്തു കൊൾക. വ്യാഴാഴ്ച വൈകുന്നേരം (അസ്റിനുശേഷം) ഉള്ള സമയം വെള്ളിയാഴ്ചയിലെ 'ദുആ'യ്ക്കുത്തരം കിട്ടുന്ന സമയത്തോടു ശ്രേഷ്ഠതയിൽ കിടനില്ക്കുന്നതാണ്. വെള്ളിയാഴ്ച നീ വ്രതമനുഷ്ഠിക്കുകയും ചെയ്യുക. പക്ഷേ അതു ശനിയാഴ്ചയോടോ, വ്യാഴാഴ്ചയോടോ കൂടെ ആയിരിക്കണം. കാരണം വെള്ളിയാഴ്ചമാത്രം നോമ്പ് അനുഷ്ഠിക്കുന്നതിൽ നിരോധനം വന്നിട്ടുണ്ട്.

'സുബ്ഹ്'സമയം ആകുമ്പോൾ നീ കുളിക്കുക. വെള്ളിയാഴ്ചദിവസത്തെ കുളി പ്രായപൂർത്തിയായ എല്ലാവർക്കും നിർബ്ബന്ധമാണ്. അതായത് സ്ഥിര

പ്പെട്ടതും പ്രബലപ്പെട്ടതുമാണ്. പിന്നെ നീ ഭംഗിയു ള്ള വെള്ളവസ്ത്രങ്ങൾ അണിഞ്ഞു് ഒരുങ്ങുക. വെള്ളവ സ്ത്രമാണ് അല്ലാഹുവിന്ന ഏററവും ഇഷ്ടപ്പെട്ടതു്. നി ന്റെ പക്കൽ ഉള്ളതിൽവച്ച് ഏററവും നല്ല സുഗന്ധദ്ര വ്യങ്ങളും നീ വിനിയോഗിക്കുക. തലമുടി നീക്കുക, താടിമീശ വെട്ടുക, നഖം മുറിക്കുക, പല്ലുതേയ്ക്കുക ആദിയായവ നിർവ്വഹിച്ചും, സുഗന്ധദ്രവ്യങ്ങൾ പുര ട്ടിയും നിന്റെ ശരീരത്തെ നീ കഴിവതും മനോഹര മാക്കുക. അങ്ങനെ രാവിലെതന്നെ പള്ളിയിലേയ്ക്കു പോകുകയും സാവധാനത്തോടും അച്ചടക്കത്തോടും കൂടി പള്ളിയിൽ സന്നിഹിതനാകുകയും ചെയ്യുക. നബി (സ: അ:) പറഞ്ഞിരിക്കുന്നു: "ഒന്നാമത്തെ 'സാഅത്തി'ൽ (സമയത്തു്) ഒരാൾ 'ജുമുഅ:'യ്ക്കു് പോയാൽ, അയാൾ ഒരൊട്ടകത്തെ ദാനംചെയ്തവ നെപ്പോലെയും, രണ്ടാമത്തെ 'സാഅത്തി'ൽ പോ യാൽ ഒരു പശുവിനെ ദാനംചെയ്തവനെപ്പോലെയും, മൂന്നാമത്തെ 'സാഅത്തി'ൽ പോയാൽ ഒരു 'നെയ്യാ ടി'നെ ദാനംചെയ്തവനെപ്പോലെയും, നാലാമത്തെ 'സാഅത്തി'ൽ പോയാൽ ഒരു കോഴിയെ ദാനംചെയ്ത വനെപ്പോലെയും, അഞ്ചാമത്തെ 'സാഅത്തി'ൽ പോയാൽ ഒരു മുട്ട ദാനംചെയ്തവനെപ്പോലെയും ആ കുന്നു. ഇമാമ്, മിൻബറിലേയ്ക്കു പുറപ്പെട്ടാൽ ഏട്ടു കൾ മടക്കപ്പെടുകയും, പേനകൾ ഉയർത്തപ്പെടുകയും, മലക്കുകൾ 'ഖുത്ബ:' ശ്രവിക്കുവാൻവേണ്ടി 'മിൻ ബറി'ന്റെ സമീപം സമ്മേളിക്കുകയും ചെയ്യുന്നതാ ണ്. ജനങ്ങൾ അല്ലാഹുതആലായുടെ "വജ്ഹി" നെ ദർശിക്കുന്ന വേളയിൽ അല്ലാഹുവിലേയ്ക്കുള്ള അ വരുടെ സാമീപ്യം, അവർ ജുമുഅ:യ്ക്കു് രാവിലെ പോകുന്നതിന്റെ തോതനുസരിച്ചായിരിക്കുമെന്ന

പറയപ്പെട്ടുന്നുണ്ട്. നീ പള്ളിയിൽ പ്രവേശിച്ചാൽ ഒന്നാമത്തെ 'സഫ്ഫു' (വരി) തേടിക്കൊൾക: ജനങ്ങൾ സമ്മേളിച്ചുകഴിഞ്ഞാൽ അവരുടെ പിടലികൾ കവച്ചുവച്ചു പോകരുതു്. നമസ്കരിക്കുന്നവരുടെ മുന്നിലൂടെ നടക്കുകയുമരുതു്. ആളുകൾ നിന്റെ മുന്നിലൂടെ നടക്കാതിരിക്കുവാൻവേണ്ടി ഭിത്തിയുടേയോ തൂണിന്റെയോ സമീപത്തു് ഇരിക്കുക. 'തഹിയ്യത്തു്' നമസ്കരിക്കാതെ നീ ഇരിക്കരുതു്. നാലു 'റക്അത്തു്' നമസ്കരിക്കൽ ഏററവും നല്ലതാണു്. ഓരോ 'റക്അത്തി'ലും 'ഫാത്തിഹാ:'യ്ക്കുശേഷം "സൂറത്തുൽ ഇഖ്‌ലാസ്സ്" അൻപതു പ്രാവശ്യം വീതം ഓതുകയും ചെയ്യുക. ഇപ്രകാരം ഒരാൾ പ്രവർത്തിച്ചാൽ സ്വർഗ്ഗത്തിൽനിന്നും തന്റെ ഇരിപ്പിടം കാണാതെ അയാൾ മരിക്കുകയില്ല എന്നു ഹദീസിലുണ്ടു്. ഇമാമു് 'ഖുത്ബ:' ഓതുകയാണെങ്കിലും "തഹിയ്യത്തു്" നമസ്കാരം നീ ഉപേക്ഷിക്കരുതു്. "അൻആം", "അൽകഹ്ഫു്", "ത്വാഹാ", "യാസീൻ" —എന്നീ സൂറത്തുകൾ നാലു റക്അത്തിലും ഓതുന്നതു് 'സുന്നത്തി'ൽ പെട്ടതാകുന്നു. അതു് നിനക്കു സാദ്ധ്യമല്ലെങ്കിൽ "യാസീൻ", "അദ്ദുഖാൻ" "അസ്സജദ:", "അൽമുൽക്" എന്നീ സൂറത്തുകൾ നീ ഓതുക. വെള്ളിയാഴ്ച രാത്രിയിൽ പ്രസ്തുത സൂറത്തുകൾ ഓതുന്നതിനെ നീ ഉപേക്ഷിക്കരുതു്. അതിൽ വളരെയധികം മഹത്വങ്ങൾ ഉണ്ടു്. അവ ഓതുവാൻ അറിഞ്ഞുകൂടാത്തവർ "സൂറത്തുൽ ഇഖ്‌ലാസ്" വർദ്ധിപ്പിച്ചുകൊള്ളട്ടെ! പ്രത്യേകിച്ചും ഈ ദിവസം നബി (സ: അ:) യുടെ മേലുള്ള 'സ്വലാത്തി'നെ വർദ്ധിപ്പിക്കുകയും ചെയ്യുക. ഇമാമു പുറപ്പെട്ടു കഴിഞ്ഞാൽ നമസ്കാരവും സംസാരവും നീ നിർത്തി

വയ്ക്കുക. 'ബാങ്കി'ന് ഉത്തരം നൽകുന്നതിലും 'ഖുഥ്ബ:' ശ്രവിക്കുന്നതിലും 'ഖുഥ്ബ:'കൊണ്ടു് പ്രബോധനം നേടുന്നതിലും നീ ഏർപ്പെടുകയും ചെയ്യുക. 'ഖുഥ്ബ:'യുടെ വേളയിൽ സംസാരം പാടേ നീ ഉപേക്ഷിക്കുക. "ഇമാമു് 'ഖുഥ്ബ:' ഓതിക്കൊണ്ടിരിക്കുമ്പോൾ ഒരാൾ തന്റെ കൂട്ടുകാരനോടു് 'അടങ്ങിയിരിക്കുക' എന്നു പറഞ്ഞാൽ അവൻ പാഴ്‌വാക്കു് പറഞ്ഞു. "ഒരാൾ പാഴ്‌വാക്കു പറഞ്ഞാൽ, അവനു ജുമുഅ: ഇല്ല" എന്നു ഹദീസിലുണ്ടു്. എന്തുകൊണ്ടെന്നാൽ, 'അടങ്ങിയിരിക്കുക' എന്ന വാക്യവും ഒരു സംസാരമാകുന്നു. അപ്പോൾ വാക്യംകൊണ്ടല്ല ആംഗ്യംകൊണ്ടാണു് മററുള്ളവരെ തടയേണ്ടതു്. പിന്നെ മുമ്പു പറഞ്ഞതുപ്രകാരം ഇമാമിനോടു് നീ തുടരുക. നീ നമസ്കാരത്തിൽനിന്നു വിരമിക്കുകയും സലാംവീട്ടുകയും ചെയ്താൽ, സംസാരിക്കുന്നതിനു മുമ്പു് 'ഫാത്തിഹ:', സൂറത്തുൽ ,ഇഖ്‌ലാസു്', സൂറത്തുൽ ഫലഖു്, സൂറത്തുന്നാസ് എന്നിവ ഏഴുപ്രാവശ്യംവീതം ഓതുകയും ചെയ്യുക. അതു് ഈ വെള്ളിയാഴ്ചമുതൽ അടുത്ത വെള്ളിയാഴ്ചവരെയുള്ള എല്ലാ വിപത്തുകളെയും തടയുന്നതാണു്. പിശാചിൽനിന്നു് നിനക്കു അതൊരു കാവലായിത്തീരുകയും ചെയ്യുന്നതാണു്. അനന്തരം താഴെക്കാണുന്ന അത്ഥത്തിലുള്ള പ്രാത്ഥനാസൂക്തം ഉച്ചരിക്കുക: "അല്ലാഹുവേ! നിരാശ്രയനായിട്ടുള്ളവനേ! സ്തുതിക്കപ്പെടുന്നവനേ! ആരംഭസൃഷ്ടികത്താവേ! നിമ്മാണം ആവത്തിക്കുന്നവനേ! കരുണാനിധിയായിട്ടുള്ളവനേ! ദയാലുവേ! ഞാൻ 'ഹറാമി'നെ കൈയ്‌വെടിയുമാറു് 'ഹലാൽ'

കൊണ്ടും, നിന്റെ നിയമം ലംഘിക്കാതിരിക്കുമാറ് ആജ്ഞാനുസരണംകൊണ്ടും, നിന്നെ ഒഴികെ ആരെയും ആശ്രയിക്കാതിരിക്കുമാറ് നിന്റെ ഔദാര്യംകൊണ്ടും എന്നെ നീ സമ്പന്നനാക്കേണമേ!" ജുമുഅ: യ്ക്കുശേഷം രണ്ടോ, നാലോ, ആറോ റക്അത്തു 'സുന്നത്തു' നമസ്കാരം, ഈരണ്ട്-ഈരണ്ട് 'റക്അത്തു'കളായി നീ നിർവ്വഹിക്കുക. ഇതെല്ലാംതന്നെ വിവിധ നിലകളിൽ നബി(സ)യിൽനിന്നും ഉദ്ധരിക്കപ്പെട്ടിട്ടുള്ളതാണ്. പിന്നീട് 'മഗ്രിബ്'വരെയോ, 'അസ്റ്'വരെയോ പള്ളിയെ നീ വിട്ടുപിരിയരുത്. ആ മഹത്തായ സമയത്തെ നീ നല്ലവണ്ണം പ്രതീക്ഷിക്കുന്നവനാകുക. ഈ ദിവസത്തിലുടനീളം തിരിച്ചറിയാതെ കിടക്കുകയാണ് ആ സമയം. അല്ലാഹുത്തആലായോടു നീ ഭക്തി പ്രകടിപ്പിച്ചവനും, ഉള്ളഴിഞ്ഞു പ്രാർത്ഥിക്കുന്നവനും, താഴ്മ കാണിക്കുന്നവനും ആയിരിക്കുന്ന അവസ്ഥയിൽ പ്രസ്തുത സമയത്തെ നീ പ്രാപിച്ചെന്നു വരാവുന്നതാണ്. പള്ളിയിൽ ജനങ്ങൾ വട്ടംകൂടിയിരിക്കുന്നിടത്തും, കഥകൾ പറയുന്നിടത്തും നീ സംബന്ധിക്കരുത്. പക്ഷേ, ഫലവത്തായ വിജ്ഞാനത്തിന്റെ സദസ്സിൽ നീ സംബന്ധിക്കുക. അതു് അല്ലാഹുവിനോടുള്ള നിന്റെ ഭയത്തെ വർദ്ധിപ്പിക്കുന്നതും, നിന്റെ ഭൗതികതൃഷ്ണയെ കുറയ്ക്കുന്നതുമാണ്. ഭൗതികത്വത്തിൽനിന്നും പാരത്രികത്വത്തിലേക്ക് നിന്നെ ക്ഷണിക്കാത്ത ഏതൊരു വിജ്ഞാനത്തെക്കാളും, അറിവില്ലായ്മയാണ് നിനക്കു നല്ലതു്. ഫലവത്തല്ലാത്ത വിജ്ഞാനത്തിൽനിന്ന് അല്ലാഹുവിനോടു നീ അഭയം തേടുക. സൂര്യോദയസമയത്തും, ഉച്ചയ്ക്കും, അസ്തമനവേളയിലും, 'ഇഖാമത്തി'ന്റെ അവസരത്തിലും 'ഖത്വീബ്'

'മിൻബറി'ൽ കയറുമ്പോഴും, ജനങ്ങൾ നമസ്കാരത്തിനുവേണ്ടി നില്ക്കുമ്പോഴും നീ പ്രാർത്ഥന വർദ്ധിപ്പിക്കുക. മഹത്തായ ആ സമയം മേല്പറയപ്പെട്ട അവസരങ്ങളിൽ നിന്നൊന്നിലായിരിക്കുവാൻ ഹിതമുണ്ട്. എത്രയും തുച്ഛമാണെങ്കിലും നിൻെറ കഴിവ് അനുസരിച്ച് ഈ ദിവസത്തിൽ ദാനധർമ്മത്തിനു നീ ശ്രമിക്കുക. അങ്ങനെ നമസ്കാരം, വ്രതാനുഷ്ഠാനം, ദാനം, ഖുർആൻ പാരായണം, 'ദിക്റു', 'ഇഅ്ത്തികാഫ്', ഓരോരോ നമസ്കാരത്തിനുവേണ്ടി പ്രതീക്ഷിച്ചിരിക്കൽ—എന്നീ പുണ്യകർമ്മങ്ങൾ ഈ ദിവസത്തിൽ നീ സംഭരിക്കുന്നതാണു്. ഒരു ആഴ്ചയിൽനിന്നുള്ള ഈ ദിവസത്തെ നിൻെറ പരലോകത്തിനുവേണ്ടി നീ പ്രത്യേകം കരുതിവയ്ക്കുക. ഈ ദിവസം മററു ദിവസങ്ങളിലെ പാപങ്ങൾക്കു പരിഹാരമാർഗ്ഗമായിത്തീർന്നേക്കാം.

## നോമ്പിൻെറ പടികൾ

അധികമായ വ്രതാനുഷ്ഠാന വ്യാപാരത്തെയും, ഉന്നതസ്വർഗ്ഗങ്ങളിലെ സമുന്നതപദവികളുടെ സമ്പാദനത്തെയും ഉപേക്ഷിച്ചുകൊണ്ട്, 'റമസാനി'ലെ വ്രതാനുഷ്ഠാനംകൊണ്ടു മതിയാക്കുക നിനക്കു ഭൂഷണമല്ല. 'ഇല്ലിയ്യീ'ൻെറ (സ്വർഗ്ഗത്തിൻെറ ഉപരിതലം) അത്യുന്നതഭാഗത്താണു് വ്രതാനുഷ്ഠാക്കൾ. പ്രകാശിക്കുന്ന നക്ഷത്രങ്ങൾ എന്നപോലെ ആ വ്രതാനുഷ്ഠാക്കളെ വീക്ഷിക്കുമ്പോൾ നീ സന്തപിക്കും.

അറഫാദിനം, ആശൂറാദിനം, ദുൽഹിജ്ജത്തിലെ ആദ്യത്തെ പത്തുദിവസങ്ങൾ, മുഹർറത്തിലെ

ആദ്യത്തെ പത്തുദിവസങ്ങൾ എന്നിവ,—അവയുടെ മഹത്വത്തെയും മാഹാത്മ്യത്തെയും സംബന്ധിച്ചും, ആ ദിവസങ്ങളിലെ വ്രതാനുഷ്ഠാനത്തിന്റെ വർദ്ധിച്ച പ്രതിഫലത്തെസംബന്ധിച്ചും—നബിവചനങ്ങൾ സാക്ഷ്യംവഹിച്ചിട്ടുള്ള സുദിനങ്ങളാണു്. റജബു്, ശഅ്ബാൻ എന്നീ മാസങ്ങളിലെയും യുദ്ധം നിരോധിക്കപ്പെട്ട മാസങ്ങളിലെയും വ്രതാനുഷ്ഠാനങ്ങളും ശ്രേഷ്ഠങ്ങളിൽ പെടുന്നു. ദുൽഖഅ്ദത്തു്, ദുൽഹിജ്ജത്തു്, മുഹർറം, റജബു് എന്നിവയാണു് യുദ്ധം നിരോധിക്കപ്പെട്ട മാസങ്ങൾ. ഇവ വാർഷിക വ്രതങ്ങളാണു്. മാസംതോറും പ്രധാനപ്പെട്ടതു് മാസത്തിന്റെ (അറബിമാസം) ആദ്യം, മദ്ധ്യം, അവസാനം എന്നീ ദിവസങ്ങളും, പതിമൂന്നു്, പതിന്നാലു്, പതിനഞ്ചു് എന്നീ തീയതികളുമാണു്. ആഴ്ചതോറും തിങ്കൾ, വ്യാഴം, വെള്ളി എന്നീ ദിവസങ്ങളുമാണു്. തിങ്കൾ, വ്യാഴം, വെള്ളി എന്നീ ദിവസങ്ങളിലെ വ്രതാനുഷ്ഠാനംകൊണ്ടു് ഒരാഴ്ചയിലെ പാപങ്ങൾ പൊറുക്കപ്പെടുന്നു. മാസത്തിന്റെ ആദ്യം, മദ്ധ്യം, അവസാനം എന്നീ ദിവസങ്ങളിലെയും, പതിമൂന്നു്, പതിനാലു്, പതിനഞ്ചു് എന്നീ തീയതികളിലെയും വ്രതാനുഷ്ഠാനംകൊണ്ടു് ഒരു മാസത്തെ പാപങ്ങൾ പൊറുക്കപ്പെടും. മേൽ പറയപ്പെട്ട ദിനങ്ങളിലെയും മാസങ്ങളിലെയും വ്രതാനുഷ്ഠാനംകൊണ്ടു് ഒരു വർഷത്തെ പാപങ്ങൾ പൊറുക്കപ്പെടുന്നു. വ്രതാനുഷ്ഠാനം എന്നു പറഞ്ഞാൽ, അതു് ആഹാരം, പാനം, ഭോഗം എന്നിവമാത്രം പരിത്യജിക്കുകയാണെന്നു നീ ധരിച്ചുപോകരുതു്. നബി (സ: അ:) പറയുന്നു:—"എത്രയെത്ര നോമ്പുകാരാണു്! അവരുടെ വ്രതാനുഷ്ഠാനത്തിൽനിന്നു്, വിശപ്പും ദാഹവുമല്ലാതെ അവർക്കു

ലഭിന്നില്ല!" അല്ലാഹ്ന വെറുക്കുന്ന ഓരോന്നിനെ ത്തൊട്ടും മുഴുവൻ അവയവങ്ങളെയും തടഞ്ഞുവയ്ക്കൽ കൊണ്ടാണ് വ്രതാനുഷ്ഠാനം സമ്പൂർണ്ണമാകുന്നതു്. അനാശാസ്യസ്ഥാനങ്ങളിൽ നോക്കാതെ നീ കണ്ണിനെ സൂക്ഷിക്കണം; നിനക്കു് ആവശ്യമില്ലാത്ത യാതൊന്നും സംസാരിക്കാതെ നാവിനെ സൂക്ഷിക്കണം; അല്ലാഹ്ന നിരോധിച്ചിട്ടുള്ളതൊന്നും ശ്രവിക്കാതെ കാതിനെ സൂക്ഷിക്കണം. തീർച്ചയായും വക്താവിന്റെ പങ്കാളിയാണ് ശ്രോതാവു്. അവൻ പരദൂഷകരിൽ ഒരാളാണ്. ഗുഹ്യസ്ഥാനത്തെയും വയറിനെയും നീ തടഞ്ഞുവയ്ക്കുന്നതുപോലെ സർവ്വ കുററങ്ങളിൽനിന്നും എല്ലാ അവയവങ്ങളേയും നീ തടഞ്ഞുവയ്ക്കണം. നുണ, പരദൂഷണം, ഏഷണി, ശൃംഗാരാത്മകമായ നോട്ടം, കള്ളസത്യം എന്നീ അഞ്ചു കാര്യങ്ങൾ നോമ്പിനെ മുറിക്കുന്നതാണെന്നു ഹദീസിലുണ്ടു്. നബി (സ: അ:) പറയുന്നു: "നിങ്ങളിൽ ഒരാൾ വ്രതം അനുഷ്ഠിച്ചാൽ, അയാൾ ചീത്ത പറയരുതു്; പാപം പ്രവത്തിക്കരുതു്; ഭോഷത്വം കാണിക്കരുതു്. വല്ലവരും അവനെ വധിക്കാൻ വരികയോ, അസഭ്യം പറയുകയോ ചെയ്താൽ "ഞാൻ നോമ്പുകാരനാകുന്നു" എന്നു് അവൻ പറഞ്ഞുകൊള്ളട്ടെ! നോമ്പു് ഒരു രക്ഷാകേന്ദ്രമാകുന്നു. അനുവദനീയമായ ആഹാരത്താൽ നോമ്പുമുറിക്കുന്നതിനു നീ പരിശ്രമിക്കുക. എല്ലാ രാത്രികളിലും ഭക്ഷിക്കുന്നതിനെക്കാൾ അധികമായി നോമ്പിനുവേണ്ടി നീ ആഹാരം വർദ്ധിപ്പിക്കരുതു്.

സാധാരണ ദിവസങ്ങളിൽ നീ രണ്ടു പ്രാവശ്യമായി കഴിക്കുന്ന ആഹാരം, ഒററ പ്രാവശ്യമായി നോമ്പുമുറിച്ചിട്ടു് നീ പൂർത്തിയാക്കുകയാണെങ്കിൽ

നോമ്പ് അനുഷ്ഠിക്കുന്നതും അനുഷ്ഠിക്കാതിരിക്കുന്നതും തമ്മിൽ വ്യത്യാസം ഇല്ലാതായിത്തീരും. ശരീരേച്ഛകൾ ദുർബ്ബലപ്പെടുത്തുക, അതുവഴി കർമ്മാസക്തി വർദ്ധിപ്പിക്കുക—ഇതാണ് വ്രതാനുഷ്ഠാനത്തിൻെറ പരമോദ്ദേശ്യം. നിനക്കു പകൽ നഷ്ടപ്പെട്ട ആഹാരംകൂടി രാത്രിയിൽ കഴിക്കുമ്പോൾ, ആമാശയം ഘനപ്പെടുന്നു. തന്മൂലം നിൻെറ വ്രതാനുഷ്ഠാനംകൊണ്ടു യാതൊരു ഫലവും ഇല്ലാതായിത്തീരുന്നു. അനുവദനീയമായ ആഹാരത്താൽ നിറയ്ക്കപ്പെട്ട വയറിനെക്കാൾ അല്ലാഹുവിന് വെറുപ്പുള്ള മറെറാരു പാത്രവുമില്ല. അപ്പോൾ അതു് അനുവദനീയമല്ലാത്ത ആഹാരത്താൽ നിറയ്ക്കപ്പെട്ടാലുള്ള അവസ്ഥ എന്തായിരിക്കും? നോമ്പിൻെറ ഉള്ളടക്കം നീ മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ, നിനക്കു സാധിക്കുന്നിടത്തോളം അതിൽനിന്നും നീ വർദ്ധിപ്പിക്കുക. അതു് എല്ലാ ആരാധനകളുടെയും അടിത്തറയാകുന്നു; എല്ലാ വഴിപാടുകളുടേയും കവാടവുമാകുന്നു. അല്ലാഹുവിൻെറ റസൂൽ (സ: അ:) പറഞ്ഞിരിക്കുന്നു:

"അല്ലാഹുതആലാ പറയുന്നു:—എല്ലാ നന്മകൾക്കും അതുപോലെയുള്ള പത്തുമുതൽ എഴുനൂറുവരെ ഇരട്ടി പ്രതിഫലമുണ്ടു്; നോമ്പിനൊഴികെ. അതു് എനിക്കുള്ളതാണു്. ഞാനതിനു പ്രതിഫലം നല്കും." വീണ്ടും നബി (സ: അ:) പറയുന്നു:— "എൻെറ ആത്മാവിൻെറ ഉടമസ്ഥനെക്കൊണ്ടു് സത്യം—നോമ്പുകാരൻെറ വായുടെ ദുർഗ്ഗന്ധം അല്ലാഹുവിൻെറ പക്കൽ കസ്തൂരിയുടെ വാസനയെക്കാൾ പരിശുദ്ധമാണു്." അല്ലാഹു പറയുന്നു: "എ

നിക്കുവേണ്ടി ശരീരേച്ഛയേയും, ആഹാരത്തേയും, പാനീയത്തേയും അവൻ ഉപേക്ഷിക്കുന്നു. എനിക്കുള്ളതാണു് നോമ്പു്. ഞാനതിനു പ്രതിഫലം പ്രദാനം ചെയ്യും." നബി (സ: അ:) പറയുന്നു:—"സ്വർഗ്ഗത്തിൽ ഒരു കവാടം ഉണ്ടു്. അതിനു 'റയ്യാൻ' എന്നാണു പേരു്. നോമ്പുകാ ല്ലാത്ത ആരും അതിൽ പ്രവേശിക്കുകയില്ല."

"ബിദായത്തുൽഹിദായത്തു്" എന്ന ഗ്രന്ഥത്തിലെ ഇതഃപര്യന്തമുള്ള കർമ്മാനുഷ്ഠാന വിവരണങ്ങൾ നിനക്കു മതിയാകുന്നതാണു്. ഇനി 'സക്കാത്തു്'-'ഹജ്ജു്' എന്നിവയെക്കുറിച്ചും, നമസ്കാരം, നോമ്പു് എന്നിവയുടെ കൂടുതൽ വശങ്ങളും അറിയേണ്ട ആവശ്യം നിനക്കുണ്ടെങ്കിൽ, നമ്മുടെ "ഇഹ്‌യാ ഉലൂമിദ്ദീൻ" എന്ന ഗ്രന്ഥത്തിൽനിന്നും അതു് നീ പഠിച്ചുകൊൾക.

★

## ഭാഗം മൂന്നു്

# പാപവർജ്ജനവും സഹകരണച്ചിട്ടകളും

[ ബിദായത്തുൽ ഹിദായ: (സന്മാർഗ്ഗത്തിന്റെ മുഖവുര) രണ്ടാംഭാഗം ]

ഇസ്ലാമതത്തിന്നു് രണ്ടു ഘടകങ്ങളുണ്ടെന്നു് അറിയുക. ഒന്നു് നിരോധനങ്ങൾ വെടിയുക; മററൊന്നു് ആജ്ഞകൾ അനുവർത്തിക്കുക. എന്നാൽ, നിരോധനങ്ങൾ വെടിയുക വളരെ പ്രയാസമുള്ളതാണു്. ആജ്ഞാനുവർത്തനത്തിന്നു് ഏവരും പ്രാപ്തരാണു്. സിദ്ദീഖീങ്ങൾ (സമ്പൂർണ്ണ സത്യവിശ്വാസികൾ)ക്കു മാത്രമേ ശരീരേച്ഛകൾ വെടിയുവാൻ കഴിയൂ. അക്കാരണത്താൽ നബി (സ:) പറഞ്ഞിരിക്കുന്നു: "ദുഷ്കൃതങ്ങളെ ദൂരീകരിക്കുന്നവനാണു് ത്യാഗി; തന്റെ ശരീരേച്ഛകളോടു പടവെട്ടുന്നവനാണു് യോദ്ധാവു്." അറിയുക: നിന്റെ അവയവങ്ങൾ വിനിയോഗിച്ചു് നീ അല്ലാഹ്ഹുവിന്റെ നിയമങ്ങൾ ലംഘിക്കുന്നു! ആ അവയവങ്ങളാകട്ടെ, അല്ലാഹ്ഹുവിന്റെ പക്കൽനിന്നും നിനക്കു സിദ്ധിച്ച മഹാ അനുഗ്രഹവും, നിന്റെ പക്കൽ നിക്ഷേപിച്ച സൂക്ഷിപ്പുസാത്തുമാകുന്നു. അല്ലാഹ്ഹുവിന്റെ ആ അനുഗ്രഹത്തെ, അവന്റെ നിയ

മങ്ങൾ ലംഘിക്കുന്നതിന് സഹായകമായി വിനിയോഗിക്കുന്നതു് അല്ലാഹുവിനോട്ട് നീ കാണിക്കുന്ന അങ്ങേ അററത്തെ നന്ദികേടാകുന്നു; അല്ലാഹു നിന്നെ ഏല്പിച്ച ആ സൂക്ഷിപ്പുസ്വത്തിൽ നീ ചെയ്യുന്ന ചതി അങ്ങേ അററത്തെ ധിക്കാരമാകുന്നു. നിൻെറ അവയവങ്ങൾ നിൻെറ പ്രജകളാണ്. ആ പ്രജകളെ നീ ഭരിക്കുന്നതു് എപ്രകാരമായിരിക്കണമെന്നു് നീ പര്യാലോചിക്കുക. "നിങ്ങൾ ഓരോരുത്തരും ഭരണകർത്താക്കന്മാരാണ്; നിങ്ങൾ ഓരോരുത്തരും അവരവരുടെ ഭരണീയരെ സംബന്ധിച്ച് ചോദ്യംചെയ്യപ്പെടുന്നവരാണ്." നിൻെറ സകല അവയവങ്ങളും പരലോകത്തുവച്ച്, സരളതയും വാചാലതയുമുള്ള നാവുകൊണ്ടു് നിനക്കെതിരായി അല്ലാഹുവിൻെറ സമക്ഷം മൊഴികൊടുക്കുമെന്നു് നീ അറിയുക. ആ അവയവങ്ങൾ ജനമദ്ധ്യേവച്ച് നിന്നെ അവഹേളിക്കുന്നതാണ്. അല്ലാഹു പറയുന്നു:–

"അവരുടെ നാവുകളും, അവരുടെ കരങ്ങളും, അവരുടെ കാലുകളും അവർ അനുഷ്ഠിച്ചിരുന്ന ഒന്നുകൊണ്ടു സാക്ഷ്യം വഹിക്കുന്ന ദിവസത്തെ (ഓർക്കുക)" അല്ലാഹു പറയുന്നു: "ആ ദിവസം, അവരുടെ വായ്കളുടെ മേൽ നാം മുദ്ര വയ്ക്കുന്നതാണ്; അവർ പ്രവർത്തിച്ചിരുന്ന ഒന്നുകൊണ്ടു് അവരുടെ കാലുകൾ സാക്ഷ്യം വഹിക്കുകയും ചെയ്യും." നിൻെറ ശരീരത്തെ പൊതുവേയും, നിൻെറ ഏഴ് അവയവങ്ങളെ പ്രത്യേകിച്ചും നീ സൂക്ഷിച്ചുകൊൾക. ഏഴ് വാതിലുകൾ നരകത്തിനുണ്ടു്. ഓരോ വാതിലിനും പാപികളിൽനിന്നും ഓരോ ഓഹരിയുണ്ടു്. ഉപരിസൂ

ചിതമായ ഏഴ് അവയവങ്ങൾ വിനിയോഗിച്ച് അല്ലാഹുവിൻെറ നിയമങ്ങൾ ലംഘിക്കുന്നവർ മാത്രമാണ് പ്രസ്തുത വാതിലുകൾക്കു നിജപ്പെടുന്നതു്. കണ്ണ്, ചെവി, നാവ്, വയറ്, ഹൃദ്യസ്ഥാനം, കൈയ്, കാൽ എന്നിവയാണ് പ്രസ്തുത ഏഴ് അവയവങ്ങൾ.

കണ്ണ്:—നീ ഇരുട്ടത്തു വഴികാണുന്നതിനും, മററ് ആവശ്യങ്ങൾക്കു ഉപകാരപ്പെടുത്തുന്നതിനും, ആകാശഭൂമികളിലെ അൽഭുതങ്ങളെ നോക്കിക്കാണുന്നതിനും, അവയിലുള്ള ദൃഷ്ടാന്തങ്ങളിലൂടെ ആത്മബോധനം നേടുന്നതിനുമാണ് കണ്ണ് സൃഷ്ടിക്കപ്പെട്ടതു്. ആകയാൽ അന്യസ്ത്രീകളെ നോക്കുക, ശരീരേച്ഛയോടെ പ്രസന്നമായ രൂപങ്ങളും (പ്രതിമകളും) ഫോട്ടോകളും ദർശിക്കുക, ഒരു മുസ്ലിമിനെ നിന്ദ്യതയോടെ വീക്ഷിക്കുക, ഒരു മുസ്ലിമിൻെറ കുററവും കുറവും കണ്ടുപിടിക്കുക—എന്നീ നാലു കാര്യങ്ങളിൽനിന്നും കണ്ണിനെ നീ സൂക്ഷിച്ചുകൊൾക.

ചെവി:—(വീണവായന, നാദസ്വരക്കച്ചേരി, ചെണ്ടമേളം, ആദിയായ) ദുരാചാരങ്ങൾ, പരദൂഷണം, അസഭ്യം, അനാവശ്യസംസാരം, ജനങ്ങളുടെ കുററവും കുറവും പറഞ്ഞുരസിക്കുക—എന്നിവ ശ്രവിക്കാതെ കാതിനെ നീ സൂക്ഷിച്ചുകൊൾക. അല്ലാഹുവിൻെറ വചനം, അവൻെറ തിരു ദൂതന്മാരുടെ ചര്യ, യതിവര്യന്മാരുടെ തത്വജ്ഞാനം എന്നിവ ശ്രവിച്ച് വിജ്ഞാനം സംഭരിക്കുക; അതുവഴി സുസ്ഥിരമായ ഉടമസ്ഥതയിലേക്കും, നിത്യാനന്ദത്തിലേക്കും ചെന്നുചേരുക—ഇതിനുവേണ്ടിയാണ് നിനക്കു ചെവി

സൃഷ്ടിക്കപ്പെട്ടതു്. അനാശാസ്യതകളിൽ വല്ലതും ആ ചെവികൊണ്ടു നീ ശ്രവിച്ചാൽ, നിനക്കു നന്മയായിരുന്നതു് നിനക്കു തിന്മയായി ഭവിക്കുകയും, നിൻെറ വിജയഹേതു നിൻെറ നാശഹേതുവായി മാറുകയും ചെയ്യുന്നതാണു്. അതൊരു മഹാനഷ്ടമാണു്. ശ്രോതാവിനെ കൂടാതെ, വക്താവിനെ മാത്രമേ കുററം ബാധിക്കയുള്ളു എന്നു നീ ധരിച്ചുപോകരുതു്. വക്താവിൻെറ പങ്കാളിയാണു ശ്രോതാവെന്നും, അവൻ പരദൂഷകരിൽ ഒരുവനാണെന്നും ഹദീസിലുണ്ടു്.

നാവു്:—ദിക്ർ, ഖുർആൻപാരായണം എന്നിവ നീ വർദ്ധിപ്പിക്കുക; അതുവഴി ജനങ്ങളെ അല്ലാഹുവിൻെറ മാർഗ്ഗത്തിലേക്കു് നയിക്കുക, മതപരവും ഭൗതികവുമായ നിൻെറ ആശയങ്ങളും ആവശ്യങ്ങളും പ്രകടിപ്പിക്കുക—എന്നിവയ്ക്കുവേണ്ടിയാണു് നിനക്കു നാവു് സൃഷ്ടിക്കപ്പെട്ടതു്. ഇത്തരം കാര്യങ്ങളല്ലാത്തതിൽ നാവിനെ നീ വിനിയോഗിച്ചാൽ, നാവുവഴി അല്ലാഹു ചെയ്ത അനുഗ്രഹത്തിൽ നീ നന്ദിയില്ലാത്തവനായിത്തീരുന്നതാണു്. നിനക്കും ഇതരസൃഷ്ടികൾക്കും ദോഷം വരുത്തുന്ന അവയവങ്ങളിൽവച്ചു് ഏററവും മികച്ചതാണു് നാവു്. "ജനങ്ങൾ, അവരുടെ നാവുകൾകൊണ്ടു് കൊയ്തെടുത്തിട്ടുള്ള വിളവുകളല്ലാതെ യാതൊന്നും, അവരെ തങ്ങളുടെ മൂക്കുകളിന്മേലായ നിലയിൽ നരകത്തിൽ തല കീഴാക്കി മറിക്കുകയില്ല." ആകയാൽ, നരകത്തിൻെറ അടിത്തട്ടിൽ നിന്നെ നാവു് തല കീഴാക്കി മറിക്കാതിരിക്കുവാൻവേണ്ടി, മുഴുവൻ കഴിവുമുപയോഗിച്ചു് നിൻെറ നാവിനെ നീ നിയന്ത്രിച്ചുകൊൾക. "ത

ൻെറ സഹചാരികളെ ചിരിപ്പിക്കുവാൻവേണ്ടി ഹാസ്യവാക്കുകൾ തട്ടിവിടുന്നവർ (കോമാളികൾ) നരകത്തിൻെറ അടിത്തട്ടിൽ അനേക കാലം ആഴ്ത്തപ്പെട്ടു" മെന്നു ഹദീസിലുണ്ട്. റസൂലി(സ:)ൻെറ കാലത്തു്, പോർക്കളത്തിൽവച്ച് വധിക്കപ്പെട്ട ഒരു രക്തസാക്ഷിയെക്കുറിച്ച് ഒരാൾ ഇപ്രകാരം പറയുകയുണ്ടായി: "അദ്ദേഹത്തിനു മംഗളം! അദ്ദേഹത്തിനു മംഗളം! അദ്ദേഹത്തിനു സ്വർഗ്ഗമുണ്ടു്!" ഇതു കേട്ടപ്പോൾ നബി (സ:) ചോദിച്ചു: "അയാൾ തൻെറ ആവശ്യത്തിൽ കൂടുതലുള്ള ധനം അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ചെലവഴിക്കാതെ പിടിച്ചുവച്ചിരുന്നവനോ, അനാവശ്യങ്ങൾ സംസാരിച്ചിരുന്നവനോ ആയിരുന്നില്ല—എന്നു് നിനക്കു എങ്ങനെ അറിയാം?"

ആകയാൽ, എട്ടുകാര്യങ്ങളിൽനിന്നും നിൻെറ നാവിനെ നീ സൂക്ഷിച്ചുകൊൾക.

1) കളവു് പറയൽ:—കളിയിലും കാര്യത്തിലും കളവു പറയാതെ നിൻെറ നാവിനെ സൂക്ഷിക്കുക. വിനോദമായിട്ടുതന്നെയും കളവു പറയുന്നതിനെ നീ പതിവാക്കിത്തീർക്കരുതു്. എന്തുകൊണ്ടെന്നാൽ, കാര്യത്തിലും കളവു പറയുന്നതിലേക്കു നിന്നെ അതു ക്ഷണിക്കും.(പ്രേരിപ്പിക്കും). മഹാപാപമൂലങ്ങളിൽ പെട്ടതാണു് കളവുപറയൽ. കൂടാതെ, കളവുപറയൽകൊണ്ടു് നീ അറിയപ്പെട്ടാൽ, നിൻെറ മാന്യതയും നിൻെറ വാക്കിലുള്ള വിശ്വാസ്യതയും പൊയ്പോകും; ജനദൃഷ്ടികൾ നിന്നെ നിന്ദിക്കുകയും നിസ്സാരപ്പെടുത്തുകയും ചെയ്യും. കളവു പറയുന്നതിൻെറ ദോഷവശങ്ങൾ നിന്നിൽനിന്നും അറിയണമെന്നു് നീ വിചാരിക്കുന്നു എങ്കിൽ, അന്യൻ പറയുന്ന കളവിലേക്കും, അതി

നെപ്പററി നിനക്കുണ്ടാകുന്ന വെറുപ്പിലേക്കും, അവനെ നീ നിന്ദ്യനും നീചനുമാക്കുന്നതിലേക്കും നീ നോക്കുക. നിൻെറ എല്ലാ കുററങ്ങളിലും അപ്രകാരം നീ ചെയ്യുക. എന്തുകൊണ്ടെന്നാൽ, നിൻെറ കുററങ്ങളുടെ ദോഷവശങ്ങൾ നിന്നിൽനിന്നും നീ അറിയുകയില്ല. പക്ഷേ, അന്യരിൽനിന്നും അതു് നീ അറിയുന്നതാണു്. അന്യരിൽ നീ നീചമായി കണക്കാക്കുന്ന ഒരു പ്രവൎത്തിയെ നിന്നിലും നീചമായിത്തന്നെ മററുള്ളവർ കണക്കാക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടു് അത്തരം കാൎയ്യങ്ങൾ നിനക്കുവേണ്ടി നീ ഇഷ്ടപ്പെടരുതു്.

2) വാഗ്ദാനലംഘനം:—ജനങ്ങൾക്കു് എന്തെങ്കിലും വാഗ്ദാനം ചെയ്യുന്നതിനെയും, വാഗ്ദാനം പാലിക്കാതിരിക്കുന്നതിനെയും നീ സൂക്ഷിച്ചുകൊൾക. പക്ഷേ, നീ ജനങ്ങൾക്കു ചെയ്യുന്ന നന്മ വാഗ്ദാനമല്ലാത്ത വെറും പ്രവൃത്തിരൂപത്തിലായിരിക്കണം. ഇനി വാഗ്ദാനത്തിനു് നീ പ്രേരിതനായിത്തീൎന്നാൽ, കഴിവുകേടോ മററു പ്രതിബന്ധങ്ങളോ മൂലമല്ലാതെ അതു് ലംഘിക്കുന്നതിനെ നീ സൂക്ഷിക്കുക. കാപട്യത്തിൻെറ ലക്ഷണങ്ങളിലും ദുഃസ്വഭാവങ്ങളിലും പെട്ടതാണു് വാഗ്ദാനലംഘനം. നബി (സ:) പറഞ്ഞിരിക്കുന്നു: "മൂന്നു കാൎയ്യങ്ങൾ ഒരു മനുഷ്യനിൽ ഉണ്ടായാൽ, വ്രതമനുഷ്ഠിക്കുന്നവനും നമസ്കരിക്കുന്നവനുമായാലും ശരി—അവൻ കപടവിശ്വാസിയാകുന്നു. 1) സംസാരിച്ചാൽ കളവു പറയുക. 2) വാഗ്ദാനം ചെയ്താൽ ലംഘിക്കുക. 3) വിശ്വസിക്കപ്പെട്ടാൽ വഞ്ചിക്കുക."

3) പരദൂഷണം:—പരദൂഷണം പറയാതെ നിന്റെ നാവിനെ നീ സൂക്ഷിക്കുക. പരദൂഷണം മുപ്പതു വ്യഭിചാരത്തേക്കാൾ ഇസ്ലാമിൽ കഠിനമാണു്. അപ്രകാരം ഹദീസിൽ വന്നിട്ടുണ്ടു്. ഒരു മനുഷ്യനെ സംബന്ധിച്ചു്, അയാൾ കേട്ടാൽ ഇഷ്ടപ്പെടാത്തതെന്തെങ്കിലും പറയുക എന്നതാണു് പരദൂഷണത്തിന്റെ വിവക്ഷ. നീ പറയുന്നതു് യഥാൎത്ഥമാണെങ്കിലും, നീ ദ്രോഹിയും പരദൂഷകനുമായിരിക്കുന്നതാണു്. ജനങ്ങളെ വിഡ്ഢികളാക്കുന്ന വിദ്വാന്മാരുടെ തന്ത്രപരമായ പരദൂഷണസമ്പ്രദായത്തെ നീ സൂക്ഷിച്ചുകൊൾക. ദൂഷിതനെ വ്യക്തമാക്കാതെ ഉദ്ദേശ്യം ഗ്രഹിപ്പിക്കുന്ന സമ്പ്രദായമാണതു്. ഉദാ: "അല്ലാഹു അദ്ദേഹത്തെ നന്നാക്കുമാറാകട്ടെ! അദ്ദേഹത്തിൽ സംഭവിച്ച സംഗതി എന്നെ വ്യസനിപ്പിക്കുകയും, വിഷമിപ്പിക്കുകയും ചെയ്തിരിക്കുന്നു. ആകയാൽ, നമ്മെയും അദ്ദേഹത്തെയും നന്നാക്കുവാൻ അല്ലാഹുവിനോടു നാം പ്രാൎത്ഥിക്കുന്നു" എന്നു നീ പറയുക. പ്രസ്തുത വാക്യത്തിൽ രണ്ടു ദോഷങ്ങൾ അടങ്ങിയിരിക്കുന്നു. 1) പരദൂഷണം. 2) ആത്മപ്രശംസ. "അല്ലാഹു അദ്ദേഹത്തെ നന്നാക്കട്ടെ" എന്ന നിന്റെ വാക്യത്തിന്റെ പരമോദ്ദേശ്യം പ്രാൎത്ഥനയാണെങ്കിൽ, അദ്ദേഹത്തിനുവേണ്ടി നീ രഹസ്യമായി പ്രാൎത്ഥിക്കുക. അദ്ദേഹത്തിനുവേണ്ടി നിനക്കു വ്യസനം തോന്നുന്നുണ്ടെങ്കിൽ, അതിന്റെ ലക്ഷണം അദ്ദേഹത്തെ അവഹേളിക്കുവാനും അദ്ദേഹത്തിന്റെ കുററം വെളിപ്പെടുത്തുവാനും നീ വിചാരിക്കാതിരിക്കലാകുന്നു. അദ്ദേഹത്തിന്റെ കുററംമൂലമുണ്ടായ വൈഷമ്യം നീ വെളിപ്പെടുത്തുമ്പോൾ, അദ്ദേഹത്തിന്റെ മേൽ

പരസ്യമായി കുററം ആരോപിക്കുകയാണ് നീ ചെയ്യുന്നത്.

പരദൂഷണത്തിൽനിന്ന് അകലുവാൻ താഴെപ്പറയുന്ന അല്ലാഹുവിൻെറ വചനം നിനക്കു മതിയാകും. "നിങ്ങളിൽ ചിലർ (മററു) ചിലരെ ദൂഷണം പറയരുത്; തൻെറ സഹോദരൻെറ മാംസം, അവൻ ശവമായിരിക്കുന്ന അവസ്ഥയിൽ ഭക്ഷിക്കുവാൻ നിങ്ങളിൽ ആരെങ്കിലും ഇഷ്ടപ്പെടുന്നുണ്ടോ? (തീച്ചയായും) നിങ്ങളതു വെറുക്കുന്നു" ശവത്തിന്റെ മാംസം ഭക്ഷിക്കുന്നവനോടു് അല്ലാഹു നിന്നെ ഉപമിച്ചിരിക്കുന്നു. അഹോ! പരദൂഷണത്തിൽനിന്നും ഒഴിഞ്ഞു നില്ക്കുവാൻ നീ എത്രയോ ബാദ്ധ്യസ്ഥനാണ്! ചിന്തിക്കുകയാണെങ്കിൽ, മുസ്ലിംകളെ ദൂഷണം പറയുന്നതിൽനിന്നും ഒരു സംഗതി നിന്നെ തടഞ്ഞുനിത്തുന്നതാണ്. ബാഹ്യമോ ആന്തരികമോ ആയ ഏതെങ്കിലും തെററുകൾ നിന്നിൽ സ്ഥിതിചെയ്യുന്നുണ്ടോ? രഹസ്യമായോ, പരസ്യമായോ വല്ല പാപവും നീ പ്രവത്തിക്കുന്നുണ്ടോ? എന്നൊരു ആത്മപരിശോധന നടത്തുകയെന്നതാണ് ആ സംഗതി. അങ്ങനെ നിന്നിൽ സ്ഥിതിചെയ്യുന്ന തെററു.കുററങ്ങൾ നിനക്കു ബോദ്ധ്യപ്പെട്ടുകഴിഞ്ഞാൽ, അവൻെറ മേൽ നീ ആരോപിച്ച തെററു കുററങ്ങളിൽനിന്നും പരിശുദ്ധനായിരിക്കുവാനുള്ള അവൻെറ അപ്രാപ്തി നിൻെറ അപ്രാപ്തിപോലെയും, അവൻെറ പ്രതിബന്ധം നിൻെറ പ്രതിബന്ധംപോലെയുമാണെന്നും, നീ അവഹേളിക്കപ്പെടുകയും, നിൻെറ മേൽ കുററങ്ങൾ ആരോപിക്കപ്പെടുകയും ചെയ്യുന്നതു് നീ ഇഷ്ടപ്പെടാത്തതുപോലെതന്നെ അവനും അതു് ഇഷ്ടപ്പെടുകയില്ലെന്നും അറിയുക. ഇനി അവൻെറ കുററങ്ങൾ നീ

മറച്ചുവയ്ക്കുന്നപക്ഷം, നിൻെറ കുററങ്ങൾ അല്ലാഹു മറച്ചുവയ്ക്കുന്നതാണ്. (നേരേമറിച്ച്)അവനെ നീ അവഹേളിക്കുന്നപക്ഷം, നിനക്കെതിരിൽ മൂർച്ചയേറിയ നാവുകൾക്ക് അല്ലാഹു അധികാരം നല്കുന്നതാണ്. ഇഹലോകത്ത് ആ നാവുകൾ നിൻെറ അഭിമാനത്തെ പിച്ചിച്ചീന്തും; പരലോകത്ത് അല്ലാഹു ജനമദ്ധ്യേവച്ച് നിന്നെ അവഹേളിക്കുന്നതുമാണ്. നിന്നിൽ ബാഹ്യമായും ആന്തരികമായും നിരീക്ഷണം നടത്തിയിട്ട്, മതപരമായും, ഭൗതികമായും യാതൊരു കുററവും കുറവും നീ കണ്ടെത്തിയിട്ടില്ലെങ്കിൽ, നിൻെറ കുററങ്ങളെക്കുറിച്ചുള്ള നിൻെറ അറിവുകേട്ട് മൌഢ്യത്തിൻെറ ഇനങ്ങളിൽവച്ച് ഏററവും നീചമായതാണെന്നും, മററു യാതൊരു കുററവും മൌഢ്യത്തെക്കാൾ വലുതല്ലെന്നും നീ അറിയുക. അല്ലാഹു നിനക്ക് എന്തെങ്കിലും ഗുണം ഉദ്ദേശിച്ചിരുന്നുവെങ്കിൽ, നിൻെറ കുററങ്ങൾ അവൻ നിനക്കു കാണിച്ചുതരുമായിരുന്നു. സംതൃപ്തിയുടെ ദൃഷ്ടികൊണ്ട് നിന്നെ നീ വീക്ഷിക്കുകയെന്നത് അങ്ങേയററത്തെ ബുദ്ധിഹീനതയാണ്. ഇനി നിൻെറ ധാരണയിൽ നീ യാഥാർത്ഥ്യവാനാണെങ്കിൽ, അതിനു അല്ലാഹുവിനോട്ട് നീ നന്ദി കാണിക്കുക. ജനങ്ങളെ ആക്ഷേപിക്കുകയും, അവരുടെ അഭിമാനത്തിൻെറ നേരെ വായിളക്കുകയും ചെയ്തുകൊണ്ട് അതിനെ (ദീനിനേയും ദുൻയാവിനേയും) നീ താറുമാറാക്കരുത്. അപ്രകാരം ചെയ്യുന്നത് കുററങ്ങളിൽവച്ച് ഏററവും വമ്പിച്ചതാണ്.

4) പ്രതിഷേധം, വിമർശനം, വാദപ്രതിവാദം:-- പ്രതിയോഗിയെ ശല്യപ്പെടുത്തുക, അയാളെ പാമരനാക്കി ചിത്രീകരിക്കുക, അയാളെ കുത്തുവാക്കുപറയുക,

ബുദ്ധിശക്തിയുടെയും, വിജ്ഞാനത്തിൻെറയും വർദ്ധനവിൽ ആത്മപ്രശംസ നടത്തുകയും ആത്മശ്ലാഘ നടിക്കുകയും ചെയ്യുക—എന്നിത്യാദി ദുർഗ്ഗുണങ്ങൾ പ്രസ്തുത കാര്യങ്ങളിൽ അന്തർഭവിച്ചിട്ടുണ്ട്. കൂടാതെ, ജീവിതത്തെ അതു് അസ്വസ്ഥമാക്കുകയും ചെയ്യുന്നു. ഒരു പാമരനെ നീ എതിർക്കുകയാണെങ്കിൽ, അവൻ നിന്നെ ശല്യപ്പെടുത്താതിരിക്കുകയില്ല. ഒരു ക്ഷമാശീലനെ നീ എതിർക്കുകയാണെങ്കിൽ, അവനു് നിന്നോടു വെറുപ്പും പകയും ഉണ്ടാകാതിരിക്കുകയില്ല. നബി (സ) പറഞ്ഞിരിക്കുന്നു: “ഒരാൾ ഒരു സത്യനിഷേധിയായിരിക്കേ, പ്രതിഷേധത്തെ ഉപേക്ഷിക്കുകയാണെങ്കിൽ അല്ലാഹു അവനുവേണ്ടി സ്വർഗ്ഗത്തിൻെറ പരിസരത്തിൽ ഒരു ഭവനം നിർമ്മിക്കും; ഒരാൾ, ഒരു സത്യവിശ്വാസിയായിരിക്കേ, പ്രതിഷേധത്തെ ഉപേക്ഷിക്കുകയാണെങ്കിൽ അല്ലാഹു അവനുവേണ്ടി സ്വർഗ്ഗത്തിൻെറ ഉപരിതലത്തിൽ ഒരു ഭവനം നിർമ്മിക്കും.” പിശാചിൻെറ വഞ്ചനയ്ക്കു് വശംവദനാവുക നിനക്കു് ഭൂഷണമല്ല; “നീ സത്യം വെളിപ്പെടുത്തുക. അതിൽ നീ അയവുചെയ്തുകൊടുക്കരുതു്” എന്നു പിശാചു് നിന്നോടു പറയും. പിശാചുക്കൾ നന്മയുടെ മാർഗ്ഗത്തിലൂടെ തിന്മയിലേയ്ക്കു് സദാ ഭോഷന്മാരെ വലിച്ചിഴയ്ക്കുന്നതാണു്. ആകയാൽ, പിശാചിൻെറ ചിരിക്കു് നീ പാത്രമാകരുതു്. നിന്നെ അവൻ പരിഹസിക്കുന്നതാണു്.

എന്നാൽ, നീ പറയുന്നതു സ്വീകരിക്കുമെന്നു് കാണുന്നവരോടു് സത്യം വെളിപ്പെടുത്തുന്നതു നല്ലതാണു്. രഹസ്യമായുള്ള ഉപദേശത്തിൻെറ മാർഗ്ഗത്തി

ലൂടെയാണതു വേണ്ടതു്. എതിർപ്പിൻെറ രൂപ ത്തിൽ ആകരുതു്. ഉപദേശത്തിനു് ഒരു മട്ടവും ചിട്ടയുമുണ്ടു്: വിനയമാണു് അതിനു് ആവശ്യം. അല്ലാത്തപക്ഷം അതൊരു അവഹേളനമായിത്തീരു ന്നതാണു്. മാത്രമല്ല, അതിൻെറ ദോഷം ഗുണത്തി ലേറെയായിരിക്കുകയും ചെയ്യും. ഇക്കാലത്തെ കർമ്മ ശാസ്ത്രപട്ടക്കളെന്നു് നടിക്കുന്നവരോടു് ഒരാൾ സഹ കരിച്ചാൽ എതിർപ്പും, വിമർശനവും അവൻെറ പ്രകൃതത്തിൽ മികയ്ക്കുകയും, മൗനാവലംബം അവനു് ദുസ്സാധമായിത്തീരുകയും ചെയ്യുന്നതാണു്. എന്തു കൊണ്ടെന്നാൽ, അതാണു് ശ്രേഷ്ഠതയെന്നും, വിവാ ദം നടത്തി വിജയിക്കുന്നതിലും എതിർത്തുതോല്പിക്കു ന്നതിലുമുള്ള കഴിവാണു് സ്തുത്യർഹമെന്നും ദുഷിച്ച പണ്ഡിതന്മാർ അവനെ ധരിപ്പിച്ചിരിക്കുന്നു. ആ പണ്ഡിതന്മാരിൽനിന്നും സിംഹത്തെ ഭയപ്പെട്ടു് ഓടു ന്നതുപോലെ നീ ഓടിക്കൊൾക. അല്ലാഹുവിൻെറ യും സൃഷ്ടികളുടേയും വെറുപ്പു് സമ്പാദിക്കുവാനുള്ള കാരണമാണു് പ്രതിഷേധമെന്നു് നീ അറിയുക.

5) ആത്മപ്രശംസ:—അല്ലാഹു പറയുന്നു: “നി ങ്ങൾ സ്വയം പ്രശംസിക്കരുതു്. സൂക്ഷ്മത പാലിക്കുന്ന വരെ ഏററവും അറിയുന്നവനാണവൻ (അല്ലാഹു).” ‘നീചമായ യാഥാർത്ഥ്യം’ ഏതാണെന്നു് ഒരു തത്വ ജ്ഞാനിയോടു ചോദിക്കപ്പെട്ടപ്പോൾ, “മനുഷ്യൻ സ്വയം വാഴ്ത്തുക” എന്നാണു് അദ്ദേഹം മറുപടി പറ ഞ്ഞതു്. നീ ആത്മപ്രശംസ പതിവാക്കാതെ സൂ ക്ഷിക്കുക. അതു് ജനങ്ങളുടെ പക്കൽ നിൻെറ മതി പ്പു് കുറയ്ക്കുമെന്നും, അല്ലാഹുവിൻെറ പക്കൽ നിന്നെ വെറുക്കപ്പെട്ടവനാക്കിത്തീർക്കുമെന്നും നീ ധരിക്കുക.

ആത്മപ്രശംസ, അന്യരുടെ പക്കൽ നിൻെറ മതിപ്പ് വർദ്ധിപ്പിക്കയില്ല എന്ന വസ്തുത അറിയുവാൻ നീ വിചാരിക്കുന്നുണ്ടെങ്കിൽ, നിൻെറ സഹജീവികളിലേക്ക് നീ ഉററുനോക്കുക. വൈശിഷ്ട്യം, മേന്മ, ധനം എന്നിവയുടെ പേരിൽ അവർ ആത്മപ്രശംസ നടത്തുമ്പോൾ, നിൻെറ ഹൃദയം അതിനെ വെറുക്കുന്നതും, നിൻെറ പ്രകൃതം അതിനെ ദുർവ്വഹമാക്കുന്നതും എപ്രകാരമാണെന്നും, അവരെ നീ വിട്ടുപിരിയുമ്പോൾ അതിൻെറ പേരിൽ അവരെ നീ ദുഷിക്കുന്നത് എപ്രകാരമാണെന്നും നീ ചിന്തിക്കുക. അതുപോലെ നീ ആത്മപ്രശംസ നടത്തുമ്പോൾ, അവരുടെ ഹൃദയത്തിൽ നിന്നെക്കുറിച്ച് ദുരഭിപ്രായം ഉണ്ടായിത്തീരുകയും, നീ അവരെ വിട്ടുപിരിയുമ്പോൾ, നാവുകൾവഴി അവരത് വെളിപ്പെടുത്തുകയും ചെയ്യുമെന്ന് അറിയുക.

6) ശപിക്കുക:—അല്ലാഹുവിൻെറ സൃഷ്ടികളിൽ ഒന്നിനേയും—ഒരു ജന്തുവിനെയോ, ആഹാരത്തെയോ, ഒരു വ്യക്തിയേയോ—ശപിക്കാതെ നീ സൂക്ഷിക്കുക. 'ഖിബ്ല:'യെ സ്വീകരിച്ചിട്ടുള്ളവരിൽ നിന്ന് ഒരുത്തർക്കുമെതിരേ *'ശിർക്ക്'കൊണ്ടോ, 'കുഫ്റ്'കൊണ്ടോ, 'നിഫാഖ്'കൊണ്ടോ സാക്ഷ്യം വഹിക്കുവാൻ നീ തുനിയരുത്. നിഗൂഢതകൾ നേരിട്ടറിയുന്നവൻ അല്ലാഹു മാത്രമാകുന്നു. ആകയാൽ അല്ലാഹുവിൻെറയും, അവൻെറ ദാസന്മാരുടെയും ഇടയിൽ നീ പ്രവേശിക്കരുത്. നീ 'ഇന്നവ'ൺെ

---

* ശിർക്ക് = സൃഷ്ടിപൂജ. കുഫ്ർ – സത്യനിഷേധം. നിഫാഖ് = കാപട്യം.

ശപിക്കാതിരുന്നതു് എന്തുകൊണ്ടാണെന്നോ, നീ അതിൽ മൗനം ദീക്ഷിച്ചതു് എന്തുകൊണ്ടാണെന്നോ ഖിയാമത്തിൻെറ ദിവസം നിന്നോടു് ചോദിക്കപ്പെടുകയില്ലെന്നു് അറിയുക. എന്നല്ല, നിൻെറ ജീവിതകാലത്തിലൊരിക്കലും ഇബ്ലീസിനെത്തന്നെ നീ ശപിക്കുകയോ അവൻെറ പേരു് പറയുകയോ ചെയ്തിട്ടില്ലെങ്കിൽ പോലും, ഖിയാമത്തിൻെറ ദിവസം അതുസംബന്ധിച്ചു് നിന്നോടു് ചോദിക്കപ്പെടുകയോ നിൻെറമേൽ നടപടിയെടുക്കപ്പെടുകയോ ചെയ്യുന്നതല്ല. (നേരേമറിച്ചു്) അല്ലാഹുവിൻെറ സൃഷ്ടികളിൽ ആരെയെങ്കിലും നീ ശപിച്ചിട്ടുണ്ടെങ്കിൽ, അതുസംബന്ധിച്ചു് നിൻെറമേൽ നടപടി എടുക്കപ്പെടുന്നതാണു്. അല്ലാഹു സൃഷ്ടിച്ചിട്ടുള്ള വസ്തുക്കളിൽ യാതൊന്നിനേയും നീ ആക്ഷേപിക്കരുതു്. നബി (സ) താണതരം ആഹാരത്തെ തീരെ കുററം പറയുമായിരുന്നില്ല. എന്നാൽ അവിടുന്നു് ഏതെങ്കിലും ആഹാരം ഇഷ്ടപ്പെടുന്നപക്ഷം, അതു് ഭക്ഷിക്കുകയും ഇഷ്ടപ്പെടാത്തപക്ഷം അതു് ഭക്ഷിക്കാതിരിക്കുകയും ചെയ്യുമായിരുന്നു.

7) സൃഷ്ടികൾക്കെതിരായുള്ള പ്രാർത്ഥന:— അല്ലാഹുവിൻെറ സൃഷ്ടികളിൽനിന്നും ഒരാൾക്കും ദോഷമായി പ്രാൎത്ഥിക്കാതെ നിൻെറ നാവിനെ നീ സൂക്ഷിക്കുക. ആരെങ്കിലും നിന്നെ ദ്രോഹിച്ചിട്ടുണ്ടെങ്കിൽ, അവൻെറ കാൎയ്യം നീ അല്ലാഹുവിനെ ഏല്പിക്കുക. ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു: "ഒരു ദ്രോഹിതൻ തൻെറ ദ്രോഹിയോടു് സമമാകുവോളം ദ്രോഹിക്കു ദോഷമായി പ്രാൎത്ഥിക്കുന്നതാണു്. എന്നല്ല, ഒടുവിൽ ആ ദ്രോഹിക്കു ദ്രോഹിതൻെറ

പക്കൽ കുറേ ശിഷ്ടവുംകൂടി അവശേഷിക്കുന്നതാണ്. ഖിയാമത്തിന്റെ ദിവസം, ആ ശിഷ്ടത്തിന്റെ പേരിൽ ദ്രോഹി ദ്രോഹിതന്റെമേൽ നടപടി എടുക്കും. ഒരാൾ ഹജ്ജാജി (ബ്നു യൂസുഫി)നെപ്പററി വളരെ ദൂഷിച്ച് സംസാരിച്ചപ്പോൾ, മുൻഗാമികളിൽ പെട്ട ഒരു മഹാൻ പറയുകയുണ്ടായി: "ഹജ്ജാജ് ദ്രോഹിച്ചിട്ടുള്ളവക്കുവേണ്ടി അല്ലാഹു ഹജ്ജാജിനെ ശിക്ഷിക്കുന്നതുപോലെ, ഹജ്ജാജിനുവേണ്ടി അദ്ദേഹത്തെ ദൂഷിക്കുന്നവരെയും അല്ലാഹു ശിക്ഷിക്കുന്നതാണ്."

8) തമാശ പറയുക, ജനങ്ങളെ പരിഹസിക്കുക, അധിക്ഷേപിക്കുക:—കളിയിലും കാര്യത്തിലും ഈവക കാര്യങ്ങളിൽനിന്നും നിന്റെ നാവിനെ നീ സൂക്ഷിക്കുക! അതു് മുഖത്തിന്റെ പ്രസന്നത നശിപ്പിക്കുകയും, മുഖത്തിന്റെ പ്രൗഢി എടുത്തുകളയുകയും, മുഷിപ്പ് വലിച്ചുവരുത്തുകയും, ഹൃദയങ്ങളെ ശല്യപ്പെടുത്തുകയും ചെയ്യുന്നതാണ്. ശണ്ഠയുടെയും വിരോധത്തിന്റെയും, നിസ്സഹകരണത്തിന്റെയും നിദാനമാണതു്. ജനഹൃദയങ്ങളിൽ അതു് പക നട്ടുവളർത്തുകയും ചെയ്യും. ആകയാൽ, നീ ആരോടും തമാശ പറയരുതു്. നിന്നോടു ആരെങ്കിലും തമാശ പറഞ്ഞാൽ, അവരോടു നീ മറുവാക്ക് പറയുകയുമരുതു്. മററു സംസാരങ്ങളിൽ അവർ പ്രവേശിക്കുവോളം അവരിൽനിന്നും നീ പിന്തിരിയുക. അനാവശ്യ സംസാരത്തിന്റെ അരികെക്കൂടെ കടന്നുപോകുമ്പോൾ മാന്യന്മാരായ നിലയിൽ കടന്നുപോകുന്നവരുടെ ഗണത്തിൽ നീ ഉൾപ്പെടുക. മേൽ വിവരിച്ച എട്ടു കാര്യങ്ങൾ നാവുകൊണ്ടുണ്ടാകുന്ന വിപ

ത്തുകളുടെ സമാഹാരമത്രെ. ആവശ്യാത്ഥം മാത്രമേ നീ സംസാരിക്കാവൂ. മൗനാവലംബവും, ഏകാന്തതയുമല്ലാതെ മററൊന്നും നാവിനെതിരായി നിന്നെ സഹായിക്കുകയില്ല. ആവശ്യമില്ലാത്ത സംസാരത്തിൽനിന്നും നാവിനെ തടയുവാൻവേണ്ടി അബൂബക്കർ സിദ്ദീഖു് (റ:) തൻെറ വായിൽ കല്ലെടുത്തുവയ്ക്കുമായിരുന്നു. അദ്ദേഹം, തന്റെ നാവു് ചൂണ്ടിക്കാണിക്കുകയും ഇതെനിക്കു വിപത്തുകൾ വരുത്തിവച്ചു എന്നു പറയുകയും ചെയ്യുമായിരുന്നു. ആയതുകൊണ്ടു് നിൻെറ കഴിവനുസരിച്ചു് നാവിനെ നീ സൂക്ഷിച്ചുകൊൾക. നിൻെറ ഇഹപരനാശങ്ങളുടെ ഹേതുക്കളിൽവച്ചു് ഏററവും ശക്തമായതാണതു്.

വയറു്:—'ഹറാമാ'യതും, ഹറാമോ–ഹലാലോ (നിരുദ്ധമോ–സാധുവോ) എന്നു തിരിച്ചറിയാത്തതുമായ ആഹാരങ്ങൾ ഉപയോഗിക്കാതെ വയറിനെ നീ സൂക്ഷിക്കുക. 'ഹലാലാ'യ ആഹാരം സംഭരിക്കുന്നതിനു് നീ പരിശ്രമിക്കുകയും ചെയ്യുക. ഹലാലായ ആഹാരം നിനക്കു ലഭിച്ചാൽ, അതു് വയറുനിറയെ കഴിക്കാതെ മിതമാക്കുന്നതിനു ശ്രമിക്കുക. ഉദരപൂരണം ഹൃദയത്തെ കഠിനതരമാക്കും; ബുദ്ധിയെ ശിഥിലമാക്കും; മനഃപാഠത്തെ വിഘാതപ്പെടുത്തും; വിജ്ഞാനസമ്പാദനത്തിലും ആജ്ഞാനുവത്തനത്തിലും ഏർപ്പെടുന്നതിൽ അവയവങ്ങൾക്കു് അലസത വരുത്തും; ശരീരേച്ഛകളെ പ്രബലമാക്കും; പിശാചിന്റെ സൈന്യങ്ങളെ സഹായിക്കുകയും ചെയ്യും. അങ്ങനെ 'ഹലാലാ'യ ആഹാരത്തിൽനിന്നുള്ള ഉദരപൂരണം എല്ലാ അനത്ഥങ്ങളുടെയും ഉറവിടമാണെന്നിരിക്കേ, അതു'ഹറാമാ'യ ആഹാരത്തിൽ നിന്നായിരുന്നാലു

ള്ള അവസ്ഥ എന്തായിരിക്കും? 'ഹലാലാ'യ ആഹാരസമ്പാദനം എല്ലാ മുസ്ലിംകൾക്കും നിർബ്ബന്ധമാകുന്നു. 'ഹറാമാ'യ ആഹാരം ഭക്ഷിച്ചുകൊണ്ടു നടത്തുന്ന വിജ്ഞാന സമ്പാദനവും കർമ്മാനുഷ്ഠാനവും ചാണകത്തിൻെറ മേൽ സ്ഥാപിക്കപ്പെട്ട ബംഗ്ലാവുപോലെയാണു്. ഒരു വർഷത്തേയ്ക്കു് നീ പരുപരുത്ത ഒരു ഖമീസും (നീളക്കുപ്പായം), രാത്രിയും പകലുംകൂടി തൊലിക്കോതമ്പിൻെറ രണ്ടു ഉണക്കപത്തിരിയും കൊണ്ടു് തൃപ്തിപ്പെടുകയും, ഏററവും മെച്ചപ്പെട്ട കറികൾകൊണ്ടുള്ള ആസ്വാദ്യത വെടിയുകയും ചെയ്യുന്നപക്ഷം, നിനക്കു് മതിയായതു 'ഹലാലി'ൽനിന്നു് കിട്ടാതാവുകയില്ല. ഹലാലായ ധനം സുലഭമാണു്. വസ്തുതകളുടെ ആന്തരികവശങ്ങളെ ചുഴിഞ്ഞറിയൽ നിനക്കു് നിർബ്ബന്ധമില്ല. എന്നാൽ 'ഹറാമാ'ണെന്നു നിനക്കു ബോദ്ധ്യമുള്ളതോ, 'ഹറാമാ'ണെന്നു് വ്യക്തമായ ദൃഷ്ടാന്തങ്ങളാൽ നീ അനുമാനിക്കുന്നതോ ആയ ധനത്തെ സംബന്ധിച്ചിടത്തോളം നീ സൂക്ഷിച്ചുനില്ക്കൽ നിർബ്ബന്ധമാണു്. ഹറാമാണെന്നു് അറിയപ്പെട്ട ധനമാണെങ്കിൽ അതു് വളരെ വ്യക്തമാണു്. ഹറാമാണെന്നു് ദൃഷ്ടാന്തങ്ങൾമൂലം അനുമാനിക്കപ്പെടുന്ന ധനമാണെങ്കിൽ, അതു് ചക്രവർത്തിയുടെ ധനം, അയാളുടെ കീഴിലുള്ള അധികാരിവർഗ്ഗത്തിൻെറ ധനം, മരിച്ചവരുടെ പേരിൽ കരയുന്നതിൽനിന്നോ, കള്ളക്കച്ചവടത്തിൽനിന്നോ, പലിശയിടപാടിൽനിന്നോ, വീണപോലുള്ള നിരോധിക്കപ്പെട്ട വിനോദോപകരണങ്ങളുടെ പ്രവർത്തനങ്ങളിൽനിന്നോ അല്ലാതെ വരുമാനമില്ലാത്തവരുടെ ധനം എന്നിവയാണു്. തൻെറ ധനത്തിൻെറ ബഹുഭൂരിഭാഗവും ഹറാമാണെന്നു് നീ ഉറപ്പായി അറി

ഞ്ഞിട്ടുള്ളവൻെറ പക്കൽനിന്നും നീ സ്വീകരിക്കുന്ന ധനം, അതു് അപൂർവ്വമായി ഹലാലായിരിക്കുവാൻ സാദ്ധ്യതയുണ്ടെങ്കിലും ഹറാമാകുന്നു. എന്തുകൊണ്ടെന്നാൽ, അതാണു് അനുമാനത്തിൽ പൊന്തിവരുന്നതു്. 'വഖു്ഫു്' ചെയ്തവൻെറ വ്യവസ്ഥയ്ക്കു വിപരീതമായി 'വഖു്ഫു്' സ്വത്തുക്കളിൽനിന്നും ഭക്ഷിക്കപ്പെടുന്നതു് തന്നി 'ഹറാമി'ൽ പെട്ടതാകുന്നു. മതവിജ്ഞാനത്തിൽ ഏർപ്പെട്ടിട്ടില്ലാത്തവർ, 'മദ്രസ'കളുടെ ഫണ്ടിൽനിന്നും സ്വീകരിക്കുന്ന ധനവും 'ഹറാമാകുന്നു. സാക്ഷിനില്ക്കൽ സ്വീകരിക്കപ്പെടാത്തവിധം പാപം പ്രവർത്തിക്കുന്നവൻ, 'വഖു്ഫു്'സ്വത്തിൽനിന്നോ, അല്ലാത്തതിൽനിന്നോ 'സൂഫിസ'ത്തിൻെറ പേരിൽ വാങ്ങുന്ന ധനവും 'ഹറാമാ'കുന്നു. 'ഹലാലാ'യ ധനത്തിൻെറയും, 'ഹറാമാ'യ ധനത്തിൻെറയും, സമ്മിശ്രധനത്തിൻെറയും രംഗങ്ങൾ, "ഇഹ്‌യാ ഉലൂമിദ്ദീനി"ൽ ഒരു പ്രത്യേക അദ്ധ്യായത്തിൽ നാം വിവരിച്ചിട്ടുണ്ടു്. അതു പഠിക്കുന്നതിൽ നീ ബദ്ധശ്രദ്ധനാവുക. 'ഹലാലി'നെ അറിയലും, അതിനെ സംഭരിക്കലും—അഞ്ചുനേരത്തെ നമസ്കാരംപോലെ—എല്ലാ മുസ്ലിംകൾക്കും നിർബ്ബന്ധമാണു്.

ഗുഹ്യസ്ഥാനം:—അല്ലാഹു നിരോധിച്ചിട്ടുള്ള എല്ലാ സംഗതികളെത്തൊട്ടും അതിനെ നീ ഭദ്രമാക്കി വയ്ക്കുക. "അവരുടെ ദമ്പതികളിലോ, അവരുടെ അടിമസ്ത്രീകളിലോ അല്ലാതെ (അന്യരെ സംബന്ധിച്ചു്) തങ്ങളുടെ ഗുഹ്യസ്ഥാനങ്ങളെ ഭദ്രമാക്കിവയ്ക്കുന്നവർ, തീർച്ചയായും അവർ അധിക്ഷേപിക്കപ്പെടാത്തവരാകുന്നു." എന്നു് അല്ലാഹുത്തആലാ പറഞ്ഞിട്ടുള്ളതുപോലെ നീ ആയിത്തീരുകയും ചെയ്യുക.

കുററകരമായ നോട്ടത്തിൽനിന്നു് കണ്ണിനെ നിയന്ത്രിക്കാതെയും, വഴിതെററിയ ചിന്തയിൽനിന്നു് ഹൃദയത്തെ ഭദ്രമാക്കാതെയും, വയറുനിറയ്ക്കുക, 'ശുബ്ഹത്തു്' (സാധുവോ, നിരുദ്ധമോ എന്നു് തിരിച്ചറിയപ്പെടാത്ത ധനം) ഭക്ഷിക്കുക എന്നിവയിൽനിന്നും വയറിനെ സംരക്ഷിക്കാതെയും ഗുഹ്യസ്ഥാനം ഭദ്രമാക്കുക നിനക്കു സുസാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ, ശരീരേച്ഛകളെ ചലിപ്പിക്കുന്നവയും, അവയുടെ അടിത്തറകളുമാണിവ.

രണ്ടു കൈയ്കൾ:—ഒരു മുസ്ലിമിനെ പ്രഹരിക്കാതെയും, ഹറാമായ ധനം കൈയ്കാര്യം ചെയ്യാതെയും, ഒരു സൃഷ്ടിയേയും ഉപദ്രവിക്കാതെയും, വിശ്വസ്ഥസാധനത്തിലോ, സൂക്ഷിപ്പുസ്വത്തിലോ വഞ്ചന കാണിക്കാതെയും, പറയാൻ പാടില്ലാത്ത കാര്യങ്ങൾ എഴുതാതെയും നിൻെറ കൈയ്കളെ നീ സൂക്ഷിച്ചുകൊൾക. [ഒരുവിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ] രണ്ടു നാവുകളിൽ ഒന്നാകുന്നു തൂലിക. ഏതൊന്നിൽനിന്നും നാവിനെ സൂക്ഷിക്കൽ നിർബ്ബന്ധമാകുമോ, അതിൽനിന്നു് തൂലികയേയും നീ സൂക്ഷിച്ചുകൊൾക.

രണ്ടു കാലുകൾ:—ഒരു ഹറാമിലേക്കും അധർമ്മകാരിയായ ഒരു ഭരണാധിപൻെറ വീട്ടുപടിക്കലേയ്ക്കും പോകാതെ കാലുകളെ നീ സൂക്ഷിച്ചുകൊൾക. (ശറ്ഇയ്യായ) ആവശ്യങ്ങളോ, കുററകൃത്യങ്ങളോ സംബന്ധിച്ചല്ലാതെ ധർമ്മഭ്രംശകരായ ഭരണാധിപന്മാരിലേയ്ക്കു പോകുന്നതു് മഹാപാപമാകുന്നു. അവർ

ചെയ്യുന്ന അധർമ്മ പ്രവൃത്തികളുടെ പേരിൽ, അവരെ ആദരിക്കലും ബഹുമാനിക്കലുമാണത്. അവരിൽ നിന്നും പിന്തിരിയുവാൻ, താഴെപ്പറയുന്ന ഖുർആൻ വാക്യത്തിലൂടെ അല്ലാഹുത്തആലാ കല്പിച്ചിരിക്കുന്നു: "അക്രമികളായ ക്രൂരരോട് നിങ്ങൾ അനുഭാവം കാട്ടരുത്. അക്കാരണത്താൽ നരകാഗ്നി നിങ്ങളെ സ്പർശിക്കുന്നതാണ്." ധനസമ്പാദനാർത്ഥമാണ് അവരിലേക്ക് നീ പോകുന്നതെങ്കിൽ, അതു 'ഹറാമി'ലേക്കുള്ള പോക്കാകുന്നു. നബി (സ:) പറഞ്ഞിരിക്കുന്നു: "നല്ലവനായ ഒരു ധനികനെ, അയാളുടെ ധനത്തിന്റെ പേരിൽ ഒരാൾ ആദരിച്ചാൽ, തന്റെ 'ദീനി'ന്റെ മൂന്നിൽ രണ്ടു ഭാഗം പൊയ്പ്പോകുന്നതാണ്." നല്ലവനായ ഒരു ധനികനെക്കുറിച്ചാണ് ഇങ്ങനെ പറഞ്ഞതെങ്കിൽ, അധർമ്മകാരിയായ ധനികനെക്കുറിച്ചുള്ള നിന്റെ വിചാരമെന്താണ്? പൊതുവേ പറഞ്ഞാൽ നിന്റെ അവയവങ്ങളുടെ അനക്കങ്ങളും, അടക്കങ്ങളും അല്ലാഹു നിനക്കു ചെയ്തിട്ടുള്ള അനുഗ്രഹങ്ങളിൽപ്പെട്ട ഒരനുഗ്രഹമാകുന്നു. ആ അവയവങ്ങളിൽ ഒന്നിനേയും അല്ലാഹുവിന്റെ നിയമം ലംഘിക്കുന്നതിൽ നീ ഒരിക്കലും ചലിപ്പിക്കരുത്. അല്ലാഹുത്തആലായുടെ ആജ്ഞകൾ അനുവർത്തിക്കുന്നതിൽ അവയെ നീ വിനിയോഗിക്കുക. നീ വീഴ്ച വരുത്തിയാൽ അതിന്റെ ഭവിഷ്യത്ത് അനുഭവിക്കേണ്ടതു നീയാകുന്നു. നീ പരിശ്രമിച്ചാൽ അതിന്റെ ഫലം മടങ്ങുന്നതു നിന്നിലേക്കാകുന്നു. നിന്നിൽ നിന്നും നിന്റെ കർമ്മത്തിൽനിന്നും അല്ലാഹു നിരാശ്രയനാകുന്നു. എല്ലാ ആത്മാക്കളും, അവ അനുഷ്ഠിച്ചിട്ടുള്ള ഒന്നോടുകൂടെ (അല്ലാഹുവിന്റെ പക്കൽ) പണയമാകുന്നു.

# മാനസിക പരാചങ്ങൾ

"അല്ലാഹു ഔദാര്യനിധിയും, പരമകാരുണിക നമാണു്; പാപികൾക്കു് അവൻ ദോഷങ്ങൾ പൊറുത്തുകൊടുക്കും" എന്നൊക്കെ വ്യാമോഹിച്ചു പറയാതെ നീ സൂക്ഷിക്കുക. യഥാൎത്ഥമായ ഒരു വാക്യമാണതെങ്കിലും, അധൎമ്മമാണു് അതുകൊണ്ടുദ്ദേശിക്കപ്പെടുന്നതു്. ഒരു തിരുമൊഴിയിലൂടെ നബി (സ:) സ്ഥാനപ്പേരു് നല്കിയിട്ടുള്ളതുപ്രകാരം, മൂഢതകൊണ്ടു് സ്ഥാനപ്പേരു് നല്കപ്പെട്ടവനാണു് പ്രസ്തുത വാക്യത്തിൻെറ ഉടമസ്ഥൻ. നബി (സ:) പറയുന്നു: "തൻെറ ശരീരേച്ഛകളെ അടിച്ചമൎത്തുകയും, മരണാനന്തര ജീവിതത്തിനുവേണ്ടി പ്രവൎത്തിക്കുകയും ചെയ്യുന്നവനാണു് ബുദ്ധിമാൻ; തൻെറ ശരീരേച്ഛകളെ പിന്തുടരുകയും, എന്നിട്ടു് അല്ലാഹുവിൻെറമേൽ വ്യാമോഹങ്ങൾ വച്ചുപുലൎത്തുകയും ചെയ്യുന്നവനാണു് മൂഢൻ."

പഠിക്കാതെ സമയം മിനക്കെടുത്തിക്കൊണ്ടു്, മതപണ്ഡിതനായിത്തീരുവാൻ ഉദ്ദേശിക്കുന്നവൻെറ വാക്യത്തോടു തുല്യമായതാണു് നിൻെറ ഈ വാക്യം. അവൻ പറയും: "തീൎച്ചയായും അല്ലാഹു ഔദാൎയ്യനിധിയാണു്; പരമകാരുണികനാണു്; ജ്ഞാനോദയങ്ങളിൽനിന്നും, തൻെറ അൻബിയാക്കളുടെയും ഔലിയാക്കളുടെയും ഹൃദയങ്ങളിൽ അവൻ ചൊരിഞ്ഞിട്ടുള്ളതുപോലെ, യാതൊരു പരിശ്രമവും പഠിത്തവും ബുദ്ധിമുട്ടും കൂടാതെ എൻെറ ഹൃദയത്തിലും വിജ്ഞാനം ചൊരിഞ്ഞുതരാൻ കഴിവുള്ളവനാണ

വൻ.” കൃഷിയും, കച്ചവടവും, മററു തൊഴിലുകളും ചെയ്യാതെ, നിഷ്ക്രിയനായിരുന്നുകൊണ്ടു് ധനംസമ്പാദിക്കാനുദ്ദേശിക്കുകയും, “അല്ലാഹു ഔദാര്യനിധിയും, പരമകാരുണികനുമാകുന്നു; ആകാശങ്ങളുടെയും ഭൂമിയുടെയും ഖജനാവുകൾ അവനുള്ളതാകുന്നു; ഞാൻ തൊഴിലിൽ ആശ്രിതനാകാതിരിക്കുമാറു്, നിധികളിൽനിന്നു് ഒരു നിധിയെ എനിക്കു കാണിച്ചുതരുവാൻ കഴിവുള്ളവനാണവൻ; അവൻെറ പല ദാസന്മാർക്കും അപ്രകാരം അവൻ ചെയ്തുകൊടുത്തിട്ടുണ്ടു്” എന്നൊക്കെ പറയുകയും ചെയ്യുന്നവൻെറ വാക്യം പോലെയാണതു്. ഇവരുടെ രണ്ടുപേരുടെയും സംസാരം നീ കേൾക്കുമ്പോൾ,—അല്ലാഹുവിൻെറ ഔദാര്യത്തെയും കഴിവിനെയും കുറിച്ചു് ഇവർ പറഞ്ഞിട്ടുള്ളതു് സത്യവും യഥാൎത്ഥവുമാണെന്നു വരികിലും,—ഇവരെ നീ വിഡ്ഢികളായി ചിത്രീകരിക്കുകയും, പരിഹസിക്കുകയും ചെയ്യുന്നതാണു്. അതുപോലെ, പാപമോചനത്തിനുവേണ്ടി പ്രവൎത്തിക്കാതെ, അതിനെ നീ തേടിയാൽ വിജ്ഞന്മാർ നിന്നെ പുച്ഛിക്കുന്നതാണു്. അല്ലാഹുത്തആലാ പറയുന്നു: “മനുഷ്യനു് അവൻ അനുഷ്ഠിച്ചിട്ടുള്ളതല്ലാതെ യാതൊന്നുമില്ലതന്നെ.” വീണ്ടും അല്ലാഹു പറയുന്നു: “നിങ്ങൾ അനുഷ്ഠിക്കുന്ന കൎമ്മങ്ങൾക്കു തീർച്ചയായും നിങ്ങൾ പ്രതിഫലം നല്കപ്പെടുന്നവരാണു്.” വീണ്ടും പറയുന്നു: “ഗുണവാന്മാർ തീർച്ചയായും സ്വൎഗ്ഗത്തിലാണു്. നിർഗ്ഗുണന്മാർ തീർച്ചയായും നരകത്തിലും!”

അങ്ങനെ അല്ലാഹുവിൻ്റെ ഔദാര്യത്തെ ആസ്പദിച്ചുകൊണ്ടു് അറിവും ധനവും സമ്പാദിക്കുന്നതിനുള്ള പരിശ്രമം നീ ഉപേക്ഷിക്കാതിരുന്നാൽ, അപ്ര

കാരം പരലോക ജീവിതത്തിലേക്കുള്ള ഭക്ഷണ സമ്പാദനത്തേയും നീ ഉപേക്ഷിക്കരുതു്. കർമ്മാനുഷ്ഠാനത്തിൽ നീ അയവുവരുത്തുകയുമരുതു്. ഇഹലോകത്തിൻെറയും പരലോകത്തിൻെറയും നാഥൻ ഒരുവനാണു്. അവൻ ഇരുലോകത്തും ഔദാര്യനിധിയും കാരുണ്യനിധിയുമാണു്. നീ വഴിപ്പെട്ടു ജീവിക്കുന്നതുകൊണ്ടു് അല്ലാഹുവിനു് ഔദാര്യം വർദ്ധിക്കുകയില്ല.

ഏതാനും ദിവസം ശരീരേച്ഛകൾ വെടിഞ്ഞുനില്ക്കുന്നതിനുള്ള മനക്കരുത്തു് പ്രദാനം ചെയ്യുകവഴി, സുസ്ഥിരമായ ഉടമസ്ഥതയും നിത്യാനന്ദവും (സ്വർഗ്ഗം) പ്രാപിക്കാനുള്ള മാർഗ്ഗം നിനക്കു ലളിതമാക്കിത്തരുന്നതിലാണു് അവൻെറ ഔദാര്യം സ്ഥിതിചെയ്യുന്നതു്. അവൻെറ ഔദാര്യത്തിൻെറ പരിധിയാണിതു്. നിഷ്ക്രിയരുടെ അവലംബങ്ങൾ നീ അനുകരിക്കരുതു്. ബുദ്ധിയും സ്ഥൈര്യവും ഉള്ളവരെ അതായതു് പ്രവാചകന്മാരെയും സച്ചരിതന്മാരെയും നീ പിന്തുടരുക. കൃഷി ചെയ്യാത്തതു് കൊയ്തെടുക്കാമെന്നു് നീ വ്യാമോഹിക്കരുതു്. വ്രതമനുഷ്ഠിക്കുകയും, നമസ്കരിക്കുകയും, (അല്ലാഹുവിൻെറ മാർഗ്ഗത്തിൽ) സമരം ചെയ്യുകയും, (അല്ലാഹുവിൻെറ നിയമങ്ങൾ ലംഘിക്കാതെ) സൂക്ഷിക്കുകയും ചെയ്യുന്നവർ മാപ്പു് ലഭിക്കപ്പെട്ടവരായേക്കാം. നിൻെറ ബാഹ്യമായ അവയവങ്ങളെ ഭദ്രമാക്കുവാൻ നീ ഉദ്ദേശിച്ചാൽ, ആദ്യമായി ഹൃദയശുദ്ധീകരണത്തിൽ നീ ബദ്ധശ്രദ്ധനാകണം. ആന്തരികമായ 'തഖ്‌വാ' (ഭക്തി)യാണതു്. ഹൃദയം ഒരു മാംസക്കഷണമാണു്. ആ മാംസക്കഷണം നല്ലതായിത്തീർന്നാൽ ശരീരം മുഴുവനും നല്ല

താകും. അതു് ദുഷിച്ചാൽ, അതുകാരണം ശരീരം മുഴുവനും ദുഷിക്കുന്നതാണു്. ആകയാൽ നിൻെറ അവയവങ്ങൾ ഗുണപ്രദമാവാൻവേണ്ടി, നിൻെറ ഹൃദയത്തെ നന്നാക്കുന്നതിൽ നീ ഏർപ്പെടുക. അല്ലാഹുവുമായുള്ള സാന്നിദ്ധ്യത്തിലും, ഏകോന്മുഖതയിലും മുഴുകുമ്പോഴാണു് ഹൃദയം നന്നാകുന്നതു്.

മാനസികമായ ദുർഗ്ഗുണങ്ങൾ വളരെയുണ്ടെന്നു് അറിയുക. ഹൃദയത്തെ ആ ദുർഗ്ഗുണങ്ങളാകുന്ന നീചതങ്ങളിൽനിന്നു് ശുദ്ധീകരിക്കുന്ന മാർഗ്ഗം സുദീർഘവും, അവയുടെ ചികിത്സാമുറ ദുർഘടവുമാകുന്നു. സ്വന്തം മനസ്സുകളെപ്പററിയുള്ള ജനങ്ങളുടെ വിസ്മൃതിയും, ഭൗതികാഢംബരങ്ങളിലുള്ള അവരുടെ ആസക്തിയും കാരണം ആ ചികിത്സാമുറയും, അതിൻെറ പ്രയോഗക്ഷമതയും നാശോന്മുഖമായിരിക്കുന്നു. എല്ലാ മാനസിക ദുർഗ്ഗുണങ്ങളും, അവയുടെ ശുദ്ധീകരണ മാർഗ്ഗങ്ങളും "ഇഹ്‌യാ ഉലൂമിദ്ദീനി"ൽ–"റുബ്ഉൽമുഹ്‌ലിക്കാത്തി"ലും, "റുബ്ഉൽമുൻജിയാത്തി"ലും–നാം സവിസ്തരം വിവരിച്ചിട്ടുണ്ടു്. ഇത്തരുണത്തിൽ നീ കരുതിയിരിക്കുവാൻവേണ്ടി, മാനസിക ദുർഗ്ഗുണങ്ങളിൽപ്പെട്ട മൂന്നു കാര്യങ്ങളെക്കുറിച്ചു് നിന്നെ നാം ഭയപ്പെടുത്തി അറിയിക്കുന്നു. ഈ കാലഘട്ടത്തിലെ പണ്ഡിതവേഷധാരകളിൽ അവ സർവ്വസാധാരണമാണു്. സ്വയം നാശകരങ്ങളും, മറെറല്ലാ ദൂഷ്യങ്ങളുടെയും അടിത്തറകളുമാണവ. 1) അസൂയ. 2) ലോകമാന്യതേച്ഛ (രിയാഅ്). 3) അഹംഭാവം. ഇവയിൽനിന്നു് നിൻെറ ഹൃദയത്തെ ശുദ്ധീകരിക്കാൻ നീ പരിശ്രമിക്കുക. അതു് നിനക്കു സാദ്ധ്യമായാൽ, "റുബ്ഉൽമുഹ്‌ലിക്കാത്തി"ൽ വിവരിച്ചി

ട്ടുള്ള ഇതര ദുർഗ്ഗുണങ്ങളിൽനിന്നു് സൂക്ഷിച്ചുനില്ക്കേണ്ട വിധം നീ പഠിക്കണം. മേൽ പറയപ്പെട്ട മൂന്നു കാര്യങ്ങളിൽനിന്നു് ഹൃദയത്തെ ശുദ്ധീകരിക്കുന്നതിനു് നീ അശക്തനാണെങ്കിൽ, ഇതര ദുർഗ്ഗുണങ്ങളിൽ നിന്നു് ഹൃദയത്തെ ശുദ്ധീകരിക്കുവാൻ നീ ഏററവും അശക്തനായിരിക്കുന്നതാണു്. അസൂയ, ലോകമാന്യതേച്ഛ, അഹംഭാവം എന്നിവയിലേതെങ്കിലും ഒന്നു് നിന്റെ ഹൃദയത്തിലുണ്ടായിരിക്കേ, വിജ്ഞാന സമ്പാദനത്തിലുള്ള ഉദ്ദേശശുദ്ധിവഴി മോക്ഷംപ്രാപിക്കാമെന്നു് നീ വിചാരിച്ചുപോകരുതു്. നബി (സ:) പറഞ്ഞിരിക്കുന്നു: "മൂന്നു കാര്യങ്ങൾ നാശകരങ്ങളാകുന്നു—1) അനുസരിക്കപ്പെടുന്ന ലുബ്ധു്. 2) അനുകരിക്കപ്പെടുന്ന ശരീരേച്ഛ. 3) മനുഷ്യൻ സ്വയം പ്രശംസിക്കുക."

അസൂയ:—അതു് ഉപരിസൂചിത ലുബ്ധിൽനിന്നുള്ള ഒരു ശാഖയാകുന്നു. തൻെറ കൈയ്‌വശമുള്ള ധനം അന്യർക്കു നല്കാൻ കൂട്ടാക്കാത്തവനാണു് സാധാരണ ലുബ്ധൻ. അല്ലാഹുവിൻെറ അനുഗ്രഹം, അവൻെറ ദാസന്മാർക്കു് ലഭിക്കുന്നതിനെ തടയുന്നവനാണു് അനുസരിക്കപ്പെടുന്ന ലുബ്ധുള്ളവൻ. ആ അനുഗ്രഹങ്ങളാകട്ടെ, അവൻെറ ഖജനാവിലുള്ളതല്ല; പ്രത്യുത—അല്ലാഹുവിൻെറ കഴിവാകുന്ന ഖജനാവിലുള്ളതാണു്. അപ്പോൾ, അവൻെറ ആ ലുബ്ധു് ഏററവും നീചമാകുന്നു.

അല്ലാഹു, അവൻെറ കഴിവാകുന്ന ഖജനാവിൽ നിന്നു്, അവൻെറ ദാസന്മാരിൽ ആർക്കെങ്കിലും വിജ്ഞാനമോ, ധനമോ, ജനസ്വാധീനമോ, മററ

തെങ്കിലും ഭാഗ്യമോകൊണ്ടു് അനുഗ്രഹം ചെയ്യുന്നതു് തനിക്കു ദുസ്സഹമായിത്തീരുകയും, ആ അനുഗ്രഹങ്ങ ളിൽനിന്നു് ഒന്നുംതന്നെ തനിക്കു ലഭിക്കുന്നില്ലെങ്കി ലും, മററവനിൽനിന്നും അവ നീങ്ങിപ്പോകുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നവനാകുന്നു അസൂയാലു. നീചത്വത്തിൻെറ പരമകാഷ്ടയാണിതു്. അക്കാരണ ത്താലാണു് "തീ വിറകിനെ നശിപ്പിക്കുന്നതുപോ ലെ, അസൂയ സല്കർമ്മങ്ങളെ നശിപ്പിക്കുന്നതാണെ" ന്നു് നബി (സ:) പറഞ്ഞിട്ടുള്ളതു്. നിർദ്ദാക്ഷിണ്യം യാതനയേല്പ്പിക്കപ്പെടുന്ന ഒരുവനാണു് അസൂയാലു. ഈ ലോകത്തുവച്ചുതന്നെ അവൻ നിത്യയാതനയി ലായിരിക്കുന്നതാണു്. വിജ്ഞാനമോ, ധനമോ, മേന്മയോകൊണ്ടു് അല്ലാഹു അനുഗ്രഹിച്ച,—തൻെറ സഹജീവികളും സമകാലികരുമായ—കുറേ സൃഷ്ടിക ളിൽനിന്നു് ഈ ലോകം ഒരിക്കലും ഒഴിവാകുകയില്ല. തന്നിമിത്തം അവൻ ഈ ലോകത്തുവച്ചു്, തൻെറ മരണംവരെ നിത്യയാതനയിലായിരിക്കും. പാരത്രി കയാതനയാകട്ടെ, അതികഠിനവും അതീവശക്തവു മാകുന്നു. എന്നാൽ തനിക്കുവേണ്ടി ഇഷ്ടപ്പെടുന്നതു്, ഇതര മുസ്ലിംകൾക്കുവേണ്ടിയും ഇഷ്ടപ്പെടാത്തിടത്തോ ളം ഒരു മനുഷ്യൻ ശരിയായ സത്യവിശ്വാസത്തിലെ ത്തിച്ചേരുന്നതല്ല. എന്നല്ല, സന്തോഷത്തിലും സന്താ പത്തിലും അവൻ ഇതര മുസ്ലിംകളോടു് പങ്കുചേരേ ണ്ടതാകുന്നു. മുസ്ലിംകൾ, ഒരേയൊരു കെട്ടിടംപോ ലെയാകുന്നു—അതിൻെറ ചില ഭാഗം മററു ഭാഗത്തെ ശക്തിപ്പെടുത്തുന്നു; ഒരേയൊരു ശരീരംപോലെയുമാ കുന്നു—ശരീരത്തിൽനിന്നു് ഒരു അവയവം വേദന പ്പെട്ടാൽ ശരീരം മുഴുവനും വേദന അനുഭവിക്കുന്ന താണു്. ഈ സ്നേഹവായ്പു് നിൻെറ ഹൃദയത്തിൽ

കണ്ടെത്തുന്നില്ലെങ്കിൽ, നീ നാശത്തിൽനിന്നും രക്ഷ നേടുന്നതിൽ ഏർപ്പെടേണ്ടിയിരിക്കുന്നു. അത്് ശാഖാപരമായ അപൂർവ്വപ്രശ്നങ്ങളിലും, തക്കശാസ്ത്രത്തിലും ഏർപ്പെടുന്നതിനെക്കാൾ ഏററവും ആവശ്യമാകുന്നു.

പരോക്ഷമായ സൃഷ്ടിപൂജ:—രിയാഅ് അഥവാ ലോകമാന്യതേച്ഛ പരോക്ഷമായ ശിർക്ക് (സൃഷ്ടിപൂജ) ആകുന്നു. സൃഷ്ടിപൂജയുടെ രണ്ടിനങ്ങളിൽ ഒന്നാണതു്. മേന്മയും മഹത്വവും ആർജ്ജിക്കവാൻവേണ്ടി ജനഹൃദയങ്ങളിൽ സ്ഥാനമാനങ്ങൾ തേടുകയാണ് ലോകമാന്യതേച്ഛയുടെ അടിസ്ഥാനം. ഭൗതികമായ ഉല്ക്കർഷേച്ഛ അനുഗമിക്കപ്പെടുന്ന ശരീരേച്ഛകളിൽ പെട്ടതാണ്. വളരെ അധികം ആളുകൾ അതിനുവേണ്ടി നാശമടഞ്ഞിട്ടുണ്ടു്. ജനങ്ങളെ, ജനങ്ങളല്ലാതെ നശിപ്പിച്ചിട്ടില്ല. ജനങ്ങൾ യാഥാർത്ഥ്യത്തോടു നീതി കാണിച്ചിരുന്നെങ്കിൽ, അവരുടെ അമിതമായ വിജ്ഞാനത്തിലും, കർമ്മാനുഷ്ഠാനങ്ങളിലുംനിന്നു് അധികത്തിനും ലോകമാന്യതേച്ഛയല്ലാതെ, മററൊന്നുംതന്നെ തങ്ങളെ പ്രേരിപ്പിക്കുന്നില്ലെന്നു് അവർ അറിയുമായിരുന്നു. അതു സല്ക്കർമ്മങ്ങളെ പൊളിക്കുന്നതുമാണ്. ഒരു 'ഹദീസി'ൽ ഇപ്രകാരം വന്നിരിക്കുന്നു: "ഖിയാമത്തിൻെറ ദിവസം ഒരു രക്തസാക്ഷിയെ നരകത്തിലേക്ക് വിധിക്കപ്പെടും. അപ്പോൾ അയാൾ അല്ലാഹുവിനോടു പറയും: "നാഥാ! ഞാൻ നിൻെറ മാർഗ്ഗത്തിൽ സമരംചെയ്തു രക്തസാക്ഷിയായിത്തീൻ എന്നു്! അപ്പോൾ അല്ലാഹു പറയും: "പക്ഷേ—

നീ ഒരു ധീരനാണെന്നു് പറയപ്പെടണമെന്നാണു് അതുകൊണ്ടു് നീ ഉദ്ദേശിച്ചതു്. അതു പറയപ്പെട്ടു കഴിഞ്ഞു. നിൻെറ പ്രതിഫലമാണതു്.” ആലിമിനോടും, ഹാജ്ജിയോടും ‘ഖാരിഇ’ (ഖുർആൻ പാരായണം ചെയ്യുന്നവൻ)നോടും അപ്രകാരം പറയപ്പെടുന്നതാണു്.

അഹംഭാവം, അഹങ്കാരം, ദുരഭിമാനം:— അഹംഭാവമാണെങ്കിൽ, അതു് ഒരു മഹാരോഗമാണു്. മനുഷ്യൻ, സ്വന്തം വ്യക്തിത്വത്തെ ശ്രേഷ്ഠതയുടേയും മഹത്വത്തിൻേറയും ദൃഷ്ടികൊണ്ടും, ഇതരരെ നിന്ദ്യതയുടേയും, നിസ്സാരതയുടേയും ദൃഷ്ടികൊണ്ടും വീക്ഷിക്കുകയാണതു്. “അവനേക്കാൾ ഉത്തമനാണു് ഞാൻ; എന്നെ നീ തീയാൽ സൃഷ്ടിച്ചു; അവനെ നീ കളിമണ്ണിനാൽ സൃഷ്ടിച്ചു.” എന്നു് ഇബ്‌ലീസ് പറഞ്ഞതുപോലെ “ഞാൻ, ഞാൻ” എന്ന വീമ്പിളക്കമാണു് നാവിന്മേലുള്ള അതിൻെറ പ്രതിഫലനം. ഔന്നത്യവും, മുൻഗണനയും, നേതൃത്വവും ആവശ്യപ്പെടുകയാണു്, സമിതികളിലുള്ള അതിൻെറ പ്രതിഫലനം. തൻെറ നിർദ്ദേശം റദ്ദു ചെയ്യപ്പെടാൻ വിസമ്മതിക്കലാണു് ചർച്ചായോഗങ്ങളിലുള്ള അതിൻെറ പ്രതിഫലനം. തന്നോടു് ആരെങ്കിലും ഉപദേശിച്ചാൽ ആ ഉപദേശം സ്വീകരിക്കുവാൻ വിസമ്മതിക്കുന്നവനും, താൻ ഉപദേശിച്ചാൽ, അതിൽ വിനയം പ്രകടിപ്പിക്കാത്തവനുമാണു് അഹങ്കാരി. അല്ലാഹുവിൻെറ സൃഷ്ടികളിൽ മററാരെക്കാളും താൻ ഉത്തമനാണെന്നു് സ്വയം വിചാരിക്കുന്ന ഏതൊരുവനും അഹങ്കാരിയത്രെ. എന്നാൽ പാരത്രിക ഭവനത്തിൽ, അല്ലാഹുവിൻെറ

പക്കൽ ഉത്തമൻ ആരാണോ, അവനാണ് യഥാൎത്ഥത്തിൽ ഉത്തമനെന്നു് നീ അറിഞ്ഞിരിക്കേണ്ടതാകുന്നു. മനുഷ്യനിൽനിന്നും മറഞ്ഞ കാൎയ്യമാണതു്. മനുഷ്യൻെറ അവസാനത്തെ അവസ്ഥയെ ആശ്രയിച്ചു നിലകൊള്ളുന്നതുമാണതു്. നീ ഇതരനെക്കാൾ ഉത്തമനാണെന്നുള്ള നിൻെറ ആത്മവിശ്വാസം തനി വിഡ്ഢിത്തമാണു്. എന്നാൽ ഏതൊരുത്തരേയും, അവൻ നിന്നെക്കാൾ ഉത്തമനും ശ്രേഷ്ഠനുമാണെന്ന വിചാരത്തോടുകൂടി മാത്രമേ നീ വീക്ഷിക്കാവൂ.

ഒരു ബാലനെ കണ്ടാൽ നീ പറയുക:—"ഇവൻ അല്ലാഹുവിൻെറ നിയമങ്ങൾ ഒന്നും അതിലംഘിച്ചിട്ടില്ല; ഞാൻ അല്ലാഹുവിൻെറ നിയമങ്ങൾ അനവധി ലംഘിച്ചിട്ടുണ്ടു്. അപ്പോൾ ഇവൻ എന്നെക്കാൾ ഉത്തമനാണെന്നുള്ളതിൽ സംശയമില്ല." നിന്നെക്കാൾ പ്രായമുള്ള ഒരാളെക്കണ്ടാൽ നീ പറയുക:—"ഇദ്ദേഹം എന്നെക്കാൾ മുമ്പേ അല്ലാഹുവിനു് 'ഇബാദത്തു്' ചെയ്തിട്ടുണ്ടു്. അപ്പോൾ, എന്നെക്കാൾ ഉത്തമനാണിദ്ദേഹമെന്നതിൽ സംശയമില്ല." അദ്ദേഹം ഒരു പണ്ഡിതനാണെങ്കിൽ നീ പറയുക:—"എനിക്കു നല്കപ്പെടാത്തതു് ഇദ്ദേഹത്തിനു് നല്കപ്പെട്ടിരിക്കുന്നു; ഞാൻ ചെന്നെത്താത്തിടത്തു് ഇദ്ദേഹം ചെന്നെത്തുകയും ചെയ്തിരിക്കുന്നു. ഞാനറിയാത്തതു് ഇദ്ദേഹം അറിയുകയും ചെയ്തു. അപ്പോൾ ഞാൻ ഇദ്ദേഹത്തെപ്പോലെയാകുന്നതെങ്ങനെ?" ഇനി അദ്ദേഹം ഒരു പാമരനാണെങ്കിൽ നീ പറയുക:—"ഇദ്ദേഹം അജ്ഞതമൂലമാണു് അല്ലാഹുവിൻെറ നിയമങ്ങൾ അതിലംഘിക്കുന്നതു്. ഞാൻ അറിവോടുകൂടിയാണു് അവൻെറ നിയമങ്ങൾ ലംഘിക്കു

ന്നതു്. അപ്പോഠം എനിക്കെതിരിലുള്ള അല്ലാഹു വിൻെറ പ്രമാണം ഏററവും പ്രബലമാണു്. എൻെറ അവസാനസ്ഥിതി എങ്ങനെയെന്നോ, ഇദ്ദേഹ ത്തിൻെറ അവസാനസ്ഥിതി എങ്ങനെയെന്നോ എ നിക്കറിഞ്ഞുക്രൂടാ." ഇനി അദ്ദേഹം ഒരു അമുസ്ലി മാണെങ്കിൽ നീ പറയുക:"ഇദ്ദേഹം മുസ്ലിമാകുകയും, ഉത്തമകർമ്മങ്ങളോടുക്രൂടി അന്തരിക്കുകയും, മുസ്ലിമാ യതുകാരണം,—കുഴച്ച് ഗോതമ്പുമാവിൽനിന്നും മുടി നാരു് ഒഴിവാക്കപ്പെട്ടംപോലെ—ഇദ്ദേഹം പാപങ്ങ ളിൽനിന്നും ഒഴിവാകുകയും ചെയ്യേക്കുമോ എന്നും, ഞാനാണെങ്കിൽ,—അല്ലാഹു രക്ഷിക്കട്ടെ—അല്ലാഹു എന്നെ വഴിതെററിക്കുകയും, അങ്ങനെ ഞാൻ അവി ശ്വാസിയായിത്തീരുകയും ദുഷ്കർമ്മങ്ങളോടുക്രൂടി അ ന്തരിക്കുകയും, അങ്ങനെ നാളെ ഇദ്ദേഹം അല്ലാഹു വിൻെറ സമീപസ്ഥരിൽ ഉഠംപ്പെട്ടുകയും, ഞാൻ ശിക്ഷിതന്മാരിൽ ഉഠംപ്പെട്ടുകയും ചെയ്യേക്കുമോ എ ന്നും എനിക്കറിഞ്ഞുക്രൂടാ." "അല്ലാഹുവിൻെറ പ ക്കൽ ആരാണോ വലിയവൻ, അവനാണു് വാസ്തവ ത്തിൽ വലിയവൻ" എന്നു നീ അറിയാതെ, നിന്റെ ഹൃദയത്തിൽനിന്നു് അഹങ്കാരം ഒഴിവാകുന്നത ല്ല. അതു് അവസാന സ്ഥിതിയുടെമേൽ ആസ്പദവു മാണു്. അതു് സംശയനീയമാണു്. അപ്പോഠം അവസാന സ്ഥിതിയെക്കുറിച്ചുള്ള നിൻെറ പേടി, അതിൽ നീ സംശയാലുവായിരിക്കുന്നതോടെ അല്ലാ ഹുവിൻെറ ദാസന്മാരുടെമേൽ അഹങ്കരിക്കുന്നതിൽ നിന്നു് നിന്നെ പിന്തിരിപ്പിക്കുന്നതാണു്. നിൻെറ ഇപ്പോഴത്തെ ഉറപ്പും വിശ്വാസവും ഭാവിയിൽ മാററം സംഭവിക്കാനിടയുള്ളതിനോടു് എതിരാകുന്നതല്ല. അല്ലാഹു ഹൃദയങ്ങളെ കൈയ്കാര്യം ചെയ്യുന്നവനാ

ണു്. അവൻ ഇച്ഛിച്ചവരെ നേർമാർഗ്ഗത്തിലെത്തിക്കുകയും, അവൻ ഇച്ഛിച്ചവരെ വഴിതെററിക്കുകയും ചെയ്യും.

# ഒരു ഹദീസ്

അസൂയ, അഹങ്കാരം, ലോകമാന്യതേച്ഛ, അഹംഭാവം—എന്നീ വിഷയങ്ങളിൽ 'ഹദീസു'കൾ ധാരാളമുണ്ടു്. സവ്വസംയുക്തമായ ഒരൊററ ഹദീസു് തദ് വിഷയങ്ങളിൽ നിനക്കു മതിയാകും. ഇബ്നുൽ മുബാറക്കു് (റ:) ഒരാളിൽ (ഖാലിദിബ്നുമഅ്ദാൻ) നിന്നു് ഇപ്രകാരം റിപ്പോർട്ടുചെയ്യുന്നു: അദ്ദേഹം മുആദി (റ:)നോടു് ആവശ്യപ്പെടുകയുണ്ടായി: 'അല്ലയോ മുആദ്! അല്ലാഹുവിൻെറ റസൂൽ (സ:)യിൽ നിന്നു് അങ്ങു് ശ്രവിച്ചിട്ടുള്ള ഒരു ഹദീസ് എനിക്കു പറഞ്ഞുതരിക.' അദ്ദേഹം പറയുന്നു: അപ്പോൾ മുആദ് (റ:) കരഞ്ഞു. അദ്ദേഹം കരച്ചിലടക്കുകയില്ലെന്നു ഞാൻ ധരിച്ചുപോയി. കരച്ചിലടക്കിയശേഷം അദ്ദേഹം പറഞ്ഞു: "അഹോ! റസൂലിനോടുള്ള എൻെറ സ്നേഹം നിഷ്കളങ്കമാണു്!!! റസൂലിനെ സന്ദർശിക്കുന്നതിനുള്ള എൻെറ ആഗ്രഹം നിസ്സീമമാണു്!!!" പിന്നീടു് അദ്ദേഹം പറഞ്ഞു: നബി(സ) പറയുന്നതു ഞാൻ കേട്ടു. അവിടുന്നു പറയുകയാണു്— "അല്ലയോ മുആദ്! നിന്നോടു ഞാനൊരു വൃത്താന്തം പറയുന്നു. നീ അതു് ഹൃദിസ്ഥമാക്കുകയാണെങ്കിൽ, അല്ലാഹുവിന്റെ പക്കൽ നിനക്കതു് ഉപകാരപ്പെടും. നീ അതു് ഹൃദിസ്ഥമാക്കാതെ, പാഴാക്കുകയാണെങ്കിൽ 'ഖിയാമത്തി'ൻെറ ദിവസം, അല്ലാഹുവിന്റെ

സന്നിധിയിൽ നിൻെറ പ്രമാണം അസ്ഥിരപ്പെട്ടു പോകും. അല്ലയോ, മുആദ്! ആകാശവും ഭൂമിയും സൃഷ്ടിക്കുന്നതിനു മുമ്പ് അല്ലാഹു ഏഴു മലക്കുകളെ സൃഷ്ടിച്ചു. (പിന്നീട് അല്ലാഹു ആകാശങ്ങൾ സൃഷ്ടിക്കുകയും,) ഏഴ് ആകാശങ്ങളിൽ ഓരോന്നിനും ഓരോ മലക്കുകളെ കാവല്ക്കാരാക്കുകയും ചെയ്തു.

ഒരു മനുഷ്യൻെറ പ്രഭാതം മുതൽ പ്രദോഷംവരെയുള്ള കർമ്മവുമായി അംഗരക്ഷകരായ മലക്കുകൾ ആകാശത്തിലേക്കു കയറും. അതിന് സൂര്യപ്രകാശം പോലുള്ള പ്രഭ ഉണ്ടായിരിക്കും. അങ്ങനെ ഒന്നാം ആകാശത്തിലെത്തുവോളം, അംഗരക്ഷകർ ആ കർമ്മത്തെ പവ്വിത്രീകരിച്ചു കാണിക്കുകയും, പുകഴ്ത്തുകയും ചെയ്യുന്നതാണ്. അപ്പോൾ അവിടുത്തെ കാവല്ക്കാരൻ അംഗരക്ഷകനോടു പറയും: ഈ കർമ്മംകൊണ്ട്, നിങ്ങൾ ഇതിൻെറ ഉടമസ്ഥൻെറ മുഖത്തടിക്കുവിൻ! പരദൂഷണവകുപ്പിൻെറ ചുമതലക്കാരനാണ് ഞാൻ. പരദൂഷകന്മാരുടെ കർമ്മത്തെ എന്നെ വിട്ട് അപ്പുറത്തേയ്ക്കു കടക്കുവാൻ അനുവദിക്കരുതെന്ന് എൻെറ നാഥൻ എന്നോട് ആജ്ഞാപിച്ചിരിക്കുന്നു.

അവിടുന്നു പറയുന്നു:“പിന്നീട് അംഗരക്ഷകർ പരദൂഷകനല്ലാത്ത ഒരു മനുഷ്യൻെറ കർമ്മവുമായി കയറും. അങ്ങനെ രണ്ടാം ആകാശത്തിലെത്തുവോളം അവരതിനെ വളരെ വലുതായി കണക്കാക്കുകയും പുകഴ്ത്തുകയും ചെയ്യുന്നതാണ്. അപ്പോൾ അവിടുത്തെ കാവല്ക്കാരനായ മലക്ക് അവരോടു പറയും: നില്ക്കുവിൻ; ഈ കർമ്മംകൊണ്ട് നിങ്ങൾ ഇതിൻ്റെ കർമ്മിയുടെ മുഖത്തടിക്കുവിൻ! ഇഹലോകനേട്ട

ത്തെ കരുതി ചെയ്തതാണിതു്. അവൻെറ കർമ്മം എന്നെവിട്ടു് അപ്പുറത്തേയ്ക്കു കടക്കാൻ അനുവദിക്കരുതെന്നു് എൻെറ നാഥൻ എന്നോടു് ആജ്ഞാപിച്ചിരിക്കുന്നു. അവൻ സദസ്സുകളിൽവച്ചു്, ജനങ്ങളുടെ മേൽ അഭിമാനം നടിക്കുന്നവനായിരുന്നു. ദുരഭിമാനം കടന്നുകൂടിയ കർമ്മത്തെ ചെക്കുചെയ്യുവാൻ ഏല്പിക്കപ്പെട്ട മലക്കാകുന്നു ഞാൻ."

അവിടുന്നു പറയുന്നു:—പിന്നീടു് അംഗരക്ഷകർ ദുരഭിമാനിയല്ലാത്ത ഒരു മനുഷ്യൻെറ കർമ്മവുമായി കയറും. ദാനം, നമസ്കാരം, നോമ്പു് എന്നിത്യാദികളാൽ അതിൻെറ പ്രകാശം മിന്നിത്തിളങ്ങുന്നുണ്ടാകും. അംഗരക്ഷകർക്കു് അതു വളരെ തൃപ്തികരമായിരിക്കും. അങ്ങനെ അവർ അതുമായി മൂന്നാം ആകാശത്തിലേയ്ക്കു കടക്കുന്നതാണു്. അപ്പോൾ അവിടുത്തെ കാവല്ക്കാരനായ മലക്കു് അവരോടു പറയും: നില്ക്കുവിൻ; ഈ കർമ്മംകൊണ്ടു്, നിങ്ങൾ ഇതിൻെറ ഉടമസ്ഥൻെറ മുഖത്തടിക്കുവിൻ! അഹങ്കാരം കലന്ന കർമ്മത്തെ ചെക്കുചെയ്യുവാൻ ഏല്പിക്കപ്പെട്ട മലക്കാകുന്നു ഞാൻ. അവൻെറ കർമ്മത്തെ എന്നെ വിട്ടു് അപ്പുറത്തേയ്ക്കു കടക്കുവാൻ അനുവദിക്കരുതെന്നു് എൻെറ നാഥൻ എന്നോടു് ആജ്ഞാപിച്ചിരിക്കുന്നു. അവൻ സദസ്സുകളിൽവച്ചു് ജനങ്ങളുടെമേൽ അഹങ്കരിക്കുന്നവനായിരുന്നു.

അവിടുന്നു പറയുന്നു: "മറെറാരു മനുഷ്യൻെറ കർമ്മവുമായി അംഗരക്ഷകർ കയറുന്നതാണു്. മിന്നി പ്രകാശിക്കുന്ന നക്ഷത്രങ്ങളെപ്പോലെ അതു തിളങ്ങും, 'തസ്ബീഹു്', നമസ്കാരം, നോമ്പു്, 'ഹജ്ജു്',

'ഉംററ്:' എന്നിവയുടെ ആരവവും അതിനുണ്ടായിരിക്കും. അങ്ങനെ, അതുംകൊണ്ടു് നാലാം ആകാശത്തിലേയ്ക്കു് അവർ പ്രവേശിക്കും. അപ്പോൾ അവിടുത്തെ കാവല്ക്കാരനായ മലക്കു് അവരോടു പറയും: "നില്ക്കുവിൻ; നിങ്ങൾ ഈ കർമ്മംകൊണ്ടു് ഇതിന്റെ ഉടമസ്ഥന്റെ മുഖത്തും, മുതുകത്തും, വയററത്തും അടിക്കുവിൻ! അഹംഭാവം കലന്ന കർമ്മത്തെ ചെക്കു ചെയ്യുവാൻ ഏല്പിക്കപ്പെട്ട മലക്കാകുന്നു ഞാൻ. അവന്റെ കർമ്മം എന്നെ വിട്ടു് അപ്പുറത്തേയ്ക്കു കടക്കുവാൻ അനുവദിക്കരുതെന്നു് എന്റെ നാഥൻ എന്നോടു കല്പിച്ചിരിക്കുന്നു. അവൻ, ഒരു കർമ്മം അനുഷ്ഠിച്ചാൽ അതിൽ അഹംഭാവത്തെ ഉൾപ്പെടുത്തുമായിരുന്നു.

അവിടുന്നു പറയുന്നു: അടുത്ത ദിവസം മറെറാരു മനുഷ്യന്റെ കർമ്മവുമായി അഞ്ചാം ആകാശത്തു് ചെന്നെത്തുവോളം അംഗരക്ഷകർ കയറും. മണവാളന്റെ സന്നിധിയിലേക്കു് അണിയിച്ചൊരുക്കി ആനയിക്കപ്പെടുന്ന മണവാട്ടി എന്നപോലെ ആയിരിക്കുമതു്. അപ്പോൾ അവിടുത്തെ കാവല്ക്കാരനായ മലക്കു് അവരോടു പറയും: നില്ക്കുവിൻ; നിങ്ങൾ ഈ കർമ്മംകൊണ്ടു് ഇതിന്റെ കർമ്മിയുടെ മുഖത്തടിക്കുകയും, ഇതിനെ അവന്റെ പിടലിയിൽ കയററിവയ്ക്കുകയും ചെയ്യുവിൻ! അസൂയ കലന്ന കർമ്മങ്ങൾ പരിശോധിക്കുവാൻ ഏല്പിക്കപ്പെട്ട മലക്കാകുന്നു ഞാൻ. വിദ്യ അഭ്യസിക്കുന്നവരോടും, തന്റെ കർമ്മങ്ങൾപോലുള്ള കർമ്മങ്ങൾ അനുഷ്ഠിക്കുന്നവരോടും അവൻ അസൂയപ്പെടുന്നവനായിരുന്നു. ഉത്തമ കർമ്മങ്ങളനുഷ്ഠിക്കുന്നവരോടെല്ലാം അവൻ അസൂ

യപ്പെട്ടകയും, അവരെ ദൂഷിക്കുകയും ചെയ്യുന്നവനായിരുന്നു. അവൻെറ കർമ്മം എന്നെ വിട്ട് അപ്പുറത്തേക്ക് കടക്കുവാൻ അനുവദിക്കരുതെന്ന് എൻെറ നാഥൻ എന്നോട്ട് ആജ്ഞാപിച്ചിരിക്കുന്നു. അവിടുന്നു പറയുന്നു: അടുത്ത ദിവസം മററൊരു മനുഷ്യൻെറ കമ്മവുമായി അംഗരക്ഷകർ കയറും. നമസ്കാരം, സക്കാത്തു്, ഹജ്ജ്, ഉംറ:, സമരം, വ്രതാനുഷ്ഠാനം—എന്നിവമൂലം സൂര്യപ്രകാശംപോലുള്ള പ്രകാശം അതിനുണ്ടായിരിക്കും. ആ കമ്മവുമായി ആറാം ആകാശത്തിലേയ്ക്കു് അവർ കടന്നുചെല്ലും. അപ്പോൾ അവിടുത്തെ കാവല്ക്കാരനായ മലക്ക് അവരോടു പറയും: നില്ക്കുവിൻ; നിങ്ങൾ ഈ കമ്മം കൊണ്ടു് ഇതിൻെറ കമ്മിയുടെ മുഖത്തടിക്കുവിൻ! അല്ലാഹ്ഹുവിൻെറ ദാസന്മാരിൽവച്ച്, വല്ല വിപത്തോ രോഗമോ ബാധിച്ചിട്ടുള്ള ഒരു മനുഷ്യനോടും അവൻ യാതൊരു കരുണയും കാണിക്കാത്തവനായിരുന്നു. എന്നല്ല, അവനതിൽ സന്തോഷിക്കുന്നവനായിരുന്നു. കാരുണ്യത്തെ പരിശോധിക്കുവാൻ ഏല്പിക്കപ്പെട്ട മലക്കാകുന്നു ഞാൻ. അവൻെറ കർമ്മം എന്നെവിട്ടു് അപ്പുറത്തേക്കു കടക്കുവാൻ അനുവദിക്കരുതെന്നു് എൻെറ നാഥൻ എന്നോട്ട് ആജ്ഞാപിച്ചിരിക്കുന്നു.

അവിടുന്നു പറയുന്നു: അടുത്ത ദിവസം മററൊരു മനുഷ്യൻെറ വ്രതാനുഷ്ഠാനം, നമസ്കാരം, ദാനധമ്മം, സമരം, മതസൂക്ഷ്മത എന്നിവയാലുള്ള കർമ്മവുമായി അംഗ്രക്ഷകർ കയറും. തേനീച്ചയുടെ ശബ്ദംപോലുള്ള ശബ്ദവും സൂര്യപ്രകാശംപോലുള്ള പ്രകാശവും

അതിനുണ്ടായിരിക്കും. മൂവായിരം മലക്കുകൾ അതിന് അകമ്പടി സേവിക്കുകയും ചെയ്യും. ആ കർമ്മവുമായി ഏഴാം ആകാശത്തിലേക്ക് അവർ കടന്നു ചെല്ലും. അപ്പോൾ അവിടുത്തെ കാവല്ക്കാരനായ മലക്ക് അവരോടു പറയും: നില്ക്കുവിൻ; നിങ്ങൾ ഈ കർമ്മംകൊണ്ടു് ഇതിൻെറ കമ്മിയുടെ മുഖത്തും, അവൻെറ അവയവങ്ങളിലും അടിക്കുകയും, അവൻെറ ഹൃദയത്തെ അടച്ചുപൂട്ടുകയും ചെയ്യുവിൻ! കീർത്തിക്കുവേണ്ടി ചെയ്തിട്ടുള്ള കർമ്മങ്ങളെ പരിശോധിക്കുവാൻ ഏല്പിക്കപ്പെട്ട മലക്കാകുന്നു ഞാൻ. എൻെറ നാഥൻെറ തൃപ്തിയെ കാംക്ഷിച്ചിട്ടില്ലാത്ത എല്ലാ കർമ്മങ്ങളെയും എൻെറ നാഥനിൽനിന്നു് ഞാൻ തടഞ്ഞുകളയുന്നതാണു്. അല്ലാഹുവിൻെറ തൃപ്തിയല്ലാത്തതിനെയാണു് തൻെറ കർമ്മംകൊണ്ടു് അവൻ കാംക്ഷിച്ചിട്ടുള്ളതു്. മതപണ്ഡിതന്മാരുടെ പക്കലുള്ള ഔന്നത്യത്തേയും, വിദ്വാന്മാരുടെ അടുക്കലുള്ള കീർത്തിയേയും, ജനപദങ്ങളിലുള്ള പ്രശസ്തിയേയുമാണു് ഇതുകൊണ്ടു് അവൻ കാംക്ഷിച്ചിട്ടുള്ളതു്. അവൻെറ കർമ്മം എന്നെവിട്ടു് അപ്പുറത്തേക്ക് കടക്കുവാൻ അനുവദിക്കരുതെന്നു് എൻെറ നാഥൻ എന്നോടു് ആജ്ഞാപിച്ചിരിക്കുന്നു. അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി മാത്രമല്ലാതെ നിർവ്വഹിക്കുന്ന ഏതൊരു കർമ്മവും 'രിയാഉ്' (ഇഹലോകമാന്യതയ്ക്കുവേണ്ടിയുള്ളതു്) ആണു്. ഇഹലോകമാന്യത ഇച്ഛിക്കുന്നവരുടെകർമ്മത്തെ അല്ലാഹു സ്വീകരിക്കുന്നതല്ല.

അവിടുന്നു പറയുന്നു: അടുത്ത ദിവസം മറെറാരു മനുഷ്യൻെറ നമസ്കാരം, സക്കാത്തു്, വ്രതാനുഷ്ഠാനം, ഹജ്ജ്, 'ഉംറ;' സൽസ്വഭാവം, മൗനാവലംബം,

ജപം എന്നിവയാലുള്ള കർമ്മവുമായി അംഗരക്ഷകർ കയറും. ഏഴ് ആകാശങ്ങളിലേയും മലക്കുകൾ, എല്ലാ മറകളും വിട്ടുകടന്ന് അല്ലാഹുവിൻെറ സമക്ഷത്തിലെത്തുവോളം അതിനെ അനുഗമിക്കും. അങ്ങനെ അവർ അല്ലാഹുവിൻെറ സമക്ഷത്തിൽ നിലകൊള്ളുകയും, അല്ലാഹുവിൻെറ തൃപ്തിക്കുവേണ്ടി അനുഷ്ഠിച്ചിട്ടുള്ള നിഷ്കളങ്കമായ സൽക്കർമ്മമാണിതെന്ന് ആ മനുഷ്യനുവേണ്ടി സാക്ഷ്യം വഹിക്കുകയും ചെയ്യുന്നതാണ്. അപ്പോൾ അല്ലാഹു അവരോടു പറയും: എൻെറ ദാസൻെറ കർമ്മത്തെ സൂക്ഷിക്കുന്നവരാണ് നിങ്ങൾ. ഞാൻ അവൻെറ അന്തർഗ്ഗതത്തെ വീക്ഷിക്കുന്നവനാണ്. ഈ കർമ്മംകൊണ്ട് എന്റെ തൃപ്തിയെ അവൻ കാംക്ഷിച്ചിരുന്നില്ല. ഞാനല്ലാത്തവരെയാണ് ഇതുകൊണ്ട് അവൻ കാംക്ഷിച്ചിരുന്നതു്. ആകയാൽ അവൻെറ മേൽ എൻെറ ശാപമുണ്ട്. "നിൻെറ ശാപവും ഞങ്ങളുടെ ശാപവും അവൻെറമേലുണ്ടാകട്ടെ" എന്ന് എല്ലാ മലക്കുകളും അപ്പോൾ പറയും. അങ്ങനെ ഏഴ് ആകാശങ്ങളും അവയിലുള്ളവരും അവനെ ശപിക്കുന്നതാണ്."

ഇതു പറഞ്ഞശേഷം മുആദ് (റ) സങ്കടപ്പെടുകയും, ശക്തിയായി പൊട്ടിക്കരയുകയും ചെയ്തു. മുആദ് (റ) പറയുന്നു: നബി(സ:)യോടു ഞാൻ ചോദിച്ചു: "അല്ലയോ അല്ലാഹുവിൻെറ റസൂലേ; അങ്ങ് അല്ലാഹുവിൻെറ ദൂതനാണ്! ഞാൻ കേവലം ഒരു മുആദ് മാത്രമാണ്. അവയിൽനിന്നുള്ള രക്ഷയും മോചനവും എങ്ങനെയാണെനിക്കുണ്ടാവുക?" അവിടുന്നു പറഞ്ഞു: "മുആദേ, എന്നെ നീ പിന്തുടരുക. എന്തെങ്കിലും പോരായ്മ നിൻെറ കർമ്മാനുഷ്ഠാനങ്ങ

ളിലുണ്ടെങ്കിൽ അന്യരെ ദൂഷിക്കാതെ നിൻെറ നാവി നെ നീ സൂക്ഷിക്കുക; നിൻെറ സഹോദരങ്ങളിൽ നിന്നു് ഖുർആൻ ഹൃദിസ്ഥമാക്കിയ പണ്ഡിതന്മാരെ വിശേഷിച്ചും. നിൻെറ പാപങ്ങളെ നിൻെറമേൽ തന്നെ നീ ആരോപിക്കുകയും ചെയ്യുക. അവയെ അവരുടെ മേൽ നീ ആരോപിക്കരുതു്; അവരെ നീ ദൂഷിക്കുകവഴി നിന്നെ നീ വാഴ്ത്തരുതു്; അവരെ നീ തരംതാഴ്ത്തുകവഴി നിന്നെ നീ ഉയത്തരുതു്. പാരത്രിക കർമ്മത്തിൽ ഐഹിക താല്പയ്യത്തെ നീ ഉൾപ്പെടുത്തരുതു്. നിൻെറ സ്വഭാവദൂഷ്യത്തെ ജനങ്ങൾ പ്രതിരോധിക്കുമാറു്, സദസ്സുകളിൽ നീ അഹങ്കരിക്കരുതു്. നിൻെറ അടുക്കൽ ഒരാൾ ഉണ്ടായിരിക്കവേ, മററൊരാളുമായി നീ രഹസ്യം പറയരുതു്. ജനങ്ങളുടെമേൽ നി മഹത്വം നടിക്കരുതു്. തന്മൂലം ഇഹ–പരനന്മകൾ നിന്നിൽനിന്നു് വേറിട്ടുപോകും. നിൻെറ നാവുകൊണ്ടു് ജനങ്ങളുടെ അഭിമാനത്തെ നീ പിച്ചിച്ചീന്തരുതു്; തന്മൂലം ഖിയാമത്തിൻെറ ദിവസം, നരകത്തിൽവച്ചു് നരകത്തിലെ നായ്ക്കൾ നിന്നെ പിച്ചിച്ചീന്തും. അല്ലാഹു പറഞ്ഞിട്ടുള്ള 'നാശിഥാത്തു്' എന്താണെന്നു നിനക്കറിയാമോ? മുആദേ!" ഞാൻ പറഞ്ഞു: "എൻെറ മാതാപിതാക്കളേക്കാൾ എനിക്കു കടപ്പെട്ട അല്ലാഹുവിൻെറ റസൂലേ; അവ എന്താണെന്നു് അങ്ങു പറഞ്ഞുതന്നാലും!" അവിടുന്നു പറഞ്ഞു: "നരകത്തിലെ നായ്ക്കളാണവ. അവ അസ്ഥിയിൽനിന്നു മാംസത്തെ വാന്റെടുക്കുന്നതാണു്." ഞാൻ ചോദിച്ചു: "എൻെറ മാതാപിതാക്കളേക്കാൾ എനിക്കു കടപ്പെട്ട അല്ലാഹുവിൻെറ റസൂലേ; ഈ കായ്യങ്ങൾക്കു് ആരാണു പ്രാപ്തരാകുക? ഇവയിൽനിന്നു് ആരാണു് രക്ഷപ്പെ

ടുക?" അവിടുന്നു പറഞ്ഞു: "മുആദേ, അല്ലാഹുത്ത ആല, നിഷ്പ്രയാസമാക്കിക്കൊടുത്തവർക്കു് ഇതു എളുപ്പമാണു്! നിനക്കുവേണ്ടി നീ എന്തു് ഇഷ്ട പ്പെടുന്നുവോ, അതു് ജനങ്ങൾക്കുവേണ്ടിയും നീ ഇഷ്ട പ്പെടുക എന്നതും, നിനക്കു നീ ഏതൊന്നു വെറുക്കു ന്നുവോ, അതു ജനങ്ങൾക്കും നീ വെറുക്കുക എന്നതും അവയുടെ നിവാരണത്തിനു് നിനക്കു മതിയാവുന്ന താണു്. മുആദേ; അപ്പോൾ നീ സുരക്ഷിതനായി ത്തീരുന്നതാണു്." "ഈ ഹദീസ്സു്, മുആദിനെക്കാൾ കൂടുതലായി ഉരുവിടുന്ന ഒരുത്തരെയും ഞാൻ കണ്ടി ട്ടില്ല" എന്നു ഖാലിദിബ്നു മഅ്ദാൻ പറഞ്ഞി രിക്കുന്നു.

# സന്മാർഗ്ഗത്തിന്റെ മുഖവുര

അല്ലയോ വിജ്ഞാന തൃഷ്ണകാ! ഈവക കാര്യങ്ങൾ നീ ഒന്നു ചിന്തിക്കുക! പൊങ്ങച്ചത്തിനും സ്വാർത്ഥ താല്പര്യത്തിനുംവേണ്ടിയുള്ള നിന്റെ വിദ്യാഭ്യാസമാ ണു് ഈദൃശ ദൃഷ്യങ്ങൾ നിന്റെ ഹൃദയത്തിൽ വേരൂ ന്നുന്നതിന്റെ കാരണങ്ങളിൽ അതിപ്രധാനമെന്നു് അറിയുക. എന്നാൽ പാമരൻ ഈവക കാര്യങ്ങളിൽ അധികത്തിൽനിന്നും വിദൂരത്താണു് സ്ഥിതിചെയ്യു ന്നതു്. ഇവയ്ക്കു ലക്ഷീഭവിച്ചു് നിലകൊള്ളുന്നതു് പണ്ഡിതവേഷധാരിയാണു്. അക്കാരണത്താൽ അ വൻ വിനാശത്തെ അഭിമുഖീകരിച്ചവനാകുന്നു. ആക യാൽ നിന്റെ പ്രശ്നങ്ങളിൽ ഏററവും പ്രമുഖം ഏ തൊക്കെയാണെന്നു് നീ ചിന്തിക്കുക. അതായതു് നാശകരങ്ങളായ ഈവക കാര്യങ്ങളെ പ്രതിരോധി

ക്കേണ്ട ക്രമങ്ങൾ പഠിക്കുകയും, നിൻെറ ഹൃദയത്തെയും, നിൻെറ പാരത്രിക ജീവിതത്തെയും നന്നാക്കിത്തീർക്കുന്നതിലേർപ്പെടുകയും ചെയ്യലാണോ? അതല്ല, നശ്വരന്മാരോടൊപ്പം നശിച്ചൊടുങ്ങുവാൻവേണ്ടി അഹങ്കാരം, ഇഹലോകമാന്യത, അസൂയ, അഹംഭാവം എന്നിവയുടെ വർദ്ധനവിൻെറ നിദാനമായ വിദ്യകൾ അഭ്യസിച്ചു, വിടന്മാരോടൊപ്പം അനാവശ്യസംസാരങ്ങളിലേർപ്പെട്ട് സല്ലപിക്കലാണോ നിനക്ക് ഏററവും പ്രമുഖമെന്നു നീ ചിന്തിക്കുക! ഈ മൂന്നു കാര്യങ്ങൾ ഹൃദയ ദൂഷ്യമൂലങ്ങളിൽ പെട്ടതാണെന്നും, അവയ്ക്കൊരു അടിത്തറയുണ്ടെന്നും, അതു് ഭൗതികതൃഷ്ണയാണെന്നും അറിയുക. അക്കാരണത്താൽ നബി (സ) പറയുന്നു: "എല്ലാ തെററുകളുടെയും തലയാകുന്നു ഭൗതികതൃഷ്ണ" എന്നു്. കൂടാതെ, ഇഹലോകം പരലോകത്തിൻെറ കൃഷിപ്പാടവുമാകുന്നു. ഒരാൾ ഭൗതികസമ്പത്തിൽനിന്നു് തൻെറ പാരത്രിക ജീവിതത്തിനു സഹായകമാകുമാറു്, അത്യാവശ്യമായ തോതനുസരിച്ചുമാത്രം സ്വീകരിച്ചാൽ ഇഹലോകം അവൻെറ പാരത്രിക ജീവിതത്തിൻെറ കൃഷിപ്പാടമായിരിക്കുന്നതാണു്. ഭൗതിക സമ്പത്തുകൾകൊണ്ടു് ആനന്ദിച്ചാറാടുവാൻ ഒരാൾ ഉദ്ദേശിച്ചാൽ ഇഹലോകം അവൻെറ നാശസ്ഥലമായിരിക്കുന്നതുമാണു്.

'തഖ്‌വാ'(ഭക്തി)യെ സംബന്ധിച്ച വിജ്ഞാനത്തിൻെറ ബാഹ്യഭാഗത്തുനിന്നുള്ള ചെറിയ ഒരു 'സാമ്പിളാ'ണു് ഇതഃപര്യന്തം വിവരിച്ചതു്. സന്മാർഗ്ഗത്തിൻെറ മുഖവുരയാണതു്. അതിൽ പറഞ്ഞപ്രകാരം നിന്നെ നീ പരിശോധിക്കുകയും, നിൻെറ

മനസ്സ് അതിനു വിധേയമായി നിനക്കു വഴിപ്പെട്ടുകയും ചെയ്താൽ, 'തഖ്‌വാ'യുടെ അന്തർഭാഗത്തെ പ്രാപിക്കുന്നതിന്റെ ക്രമം അറിയുന്നതിന് "ഇഹ്‌യാ ഉലൂമിദ്ദീൻ" എന്ന ഗ്രന്ഥത്തെ നീ ആശ്ലേഷിക്കുക. 'തഖ്‌വാ'കൊണ്ടു് നിന്റെ ഹൃദയാന്തർഭാഗത്തെ നീ അലംകൃതമാക്കിയാൽ നിന്റെയും നിന്റെ നാഥന്റെയും ഇടയിലുള്ള മറകൾ അത്തരുണത്തിൽ ഉയരുന്നതാണു്. ജ്ഞാനകിരണങ്ങൾ നിനക്കു വെളിപ്പെടുകയും ചെയ്യുന്നതാണു്. [അഭൂതപൂർവ്വമായ നിലയിൽ] നിന്റെ ഹൃദയത്തിൽനിന്നു് അറിവിന്റെ ഉറവിടങ്ങൾ പൊട്ടി ഒഴുകുകയും, ദൃശ്യലോകത്തിന്റെയും അദൃശ്യലോകത്തിന്റെയും രഹസ്യങ്ങൾ നിനക്കു പ്രത്യക്ഷപ്പെടുകയും ചെയ്യുന്നതാണു്. 'സഹാബത്തി'ന്റെയും 'താബിഈ'ങ്ങളുടെയും കാലത്തു് പ്രസ്താവിക്കപ്പെട്ടിട്ടില്ലാത്ത, നൂതനവിജ്ഞാനങ്ങളെ നിസ്സാരമാക്കിത്തീർക്കുന്ന ആത്മജ്ഞാനം നിനക്കു സുലഭമാകുകയും ചെയ്യും. എന്നാൽ കിംവദന്തി, വിവാദം, വിമർശനം, മത്സരം എന്നിവയിലൂടെയാണു് നീ വിജ്ഞാനംസമ്പാദിക്കുന്നതെങ്കിൽ, അഹോ; നിന്നെ ബാധിച്ചിരിക്കുന്ന വിപത്തു് എത്ര വമ്പിച്ചതാണു്! നിന്റെ യത്നം എത്ര ദൈർഘ്യമേറിയതാണു്!! നിന്റെ തടസ്സവും നിന്റെ നഷ്ടവും എത്ര ഭീമമാണു്!!! നിനക്കു തോന്നുന്നതെല്ലാം നീ ചെയ്യുക! പക്ഷേ, 'ദീനി'നു പകരം നീ തേടുന്ന ഭൗതിക സമ്പത്തു് നിനക്കു രക്ഷപ്പെട്ടു കിട്ടുകയില്ല. പാരത്രിക സമ്പത്തു് നിന്നിൽനിന്നു് വഴുതിപ്പോകുകയും ചെയ്യും. ഒരുവൻ 'ദീനി'നു പകരം ഭൗതികസമ്പത്തു് തേടിയാൽ രണ്ടും ഒരുപോലെ അവനു് നഷ്ടപ്പെടും. ഒരാൾ 'ദീനി'നുവേണ്ടി ഭൗതികസമ്പത്തുകൾ പരിത്യ

ജിച്ചാൽ രണ്ടും ഒരുപോലെ അവന്ന് ലഭ്യമാകും. അല്ലാഹുവിനോട്, അവന്റെ കല്പനകൾ നിർവ്വഹിച്ചുകൊണ്ടും, അവന്റെ നിരോധനങ്ങൾ വജ്ജിച്ചുകൊണ്ടും ഇടപെടുന്നതിലുള്ള മാർഗ്ഗത്തിൽ പ്രവേശിക്കുന്നതിന്ന് അനുഷ്ഠിക്കേണ്ട സാന്മാർഗ്ഗികാചാരത്തിന്റെ ഒരു സമുച്ചയമാണ് ഇതഃപര്യന്തം വിവരിച്ചത്. അല്ലാഹുവിന്റെ ദാസന്മാരോട്, ഈ ലോകത്തുവച്ച് സഹവസിക്കുകയും സഹകരിക്കുകയും ചെയ്യുന്നതിൽ നീ പാലിക്കേണ്ട ചിട്ടകളുടെ ഒരു സമാഹാരംകൂടി ഇത്തരുണത്തിൽ നിനക്ക് ഞാൻ നിർദ്ദേശിച്ചുതരാം.

## സഹകരണച്ചിട്ടകൾ

നീ നാട്ടിലായിരിക്കുമ്പോഴും, യാത്രയിലായിരിക്കുമ്പോഴും, ഉറക്കത്തിലായിരിക്കുമ്പോഴും ഉണർച്ചയിലായിരിക്കുമ്പോഴും എന്നല്ല—നിന്റെ ജീവിതകാലത്തും നിന്റെ മരണവേളയിലും വേർപെടാത്ത നിന്റെ കൂട്ടുകാരൻ, നിന്റെ നാഥനും നിന്റെ നേതാവും നിന്റെ യജമാനനുമായ നിന്റെ സ്രഷ്ടാവാണെന്ന് അറിയുക. അവനെ നീ ഓർക്കുമ്പോഴൊക്കെ അവൻ നിന്റെ കൂടെയാണ്. അല്ലാഹുത്തആലാ പറഞ്ഞിരിക്കുന്നു: "എന്നെ ഓർമ്മിക്കുന്നവരുടെകൂടെയാണ് ഞാൻ." മതകൎത്തവ്യനിർവ്വഹണത്തിലുള്ള നിന്റെ പോരായ്മയുടെ പേരിൽ നിന്റെ ഹൃദയം വ്യസനിച്ച് വ്യാകുലപ്പെട്ടപ്പോഴൊക്കെ നിന്റെകൂടെ ഉണ്ടായിരിക്കുന്നവനും, നിന്നെ വേർപെടാത്തവനുമാണവൻ. അല്ലാഹുത്തആലാ പറ

ഞ്ഞിരിക്കുന്നു: "എനിക്കുവേണ്ടി ഹൃദയം വ്യാകുലപ്പെടുന്നവരുടെ അടുക്കലാകുന്നു ഞാൻ." അവനെ നീ അറിയേണ്ടതുപോലെ അറിഞ്ഞാൽ, കൂട്ടുകാരനായി അവനെ സ്വീകരിക്കുകയും ജനങ്ങളെ പരിത്യജിക്കുകയും ചെയ്യുന്നതാണു്. അതു് എല്ലാ സമയത്തും നിനക്കു് സാദ്ധ്യമാകുന്നില്ലെങ്കിൽ, നിൻെറ യജമാനനുവേണ്ടി നീ ഏകാഗ്രനാകുകയും, അവനുമായി കൂടിക്കാഴ്ച നടത്തി ആനന്ദിക്കുകയും ചെയ്യുന്നതിനു് ഏതെങ്കിലും ഒരു സമയം തിരഞ്ഞെടുക്കാതെ നിൻെറ അഹോരാത്രങ്ങളെ ഒഴിച്ചുവിടാൻ ഭയപ്പെടുക! അത്തരുണത്തിൽ അല്ലാഹുവുമായുള്ള സഹകരണത്തിൻെറ ചിട്ടകൾ പഠിച്ചിരിക്കുക നിനക്കു് നിർബ്ബന്ധമാണു്.

തല താഴ്ത്തുകയും കണ്ണടയ്ക്കുകയും ചെയ്യുക, വിചാരത്തെ കേന്ദ്രീകരിക്കുക, മൗനാവലംബനത്തിൽ നിരന്തരനാകുക, അവയവങ്ങളെ നിശ്ചലമാക്കുക, ആജ്ഞകൾ അനുവർത്തിക്കുക, നിരോധനങ്ങൾ വർജ്ജിക്കുക, അല്ലാഹുവിൻെറ വിധിയെ സംബന്ധിച്ചു് വിമർശനം നടത്താതിരിക്കുക, ധ്യാനനിരതനാകുക, ചിന്താനിമഗ്നനാകുക, അധമ്മത്തെ വെടിഞ്ഞു് സത്യത്തെ തിരഞ്ഞെടുക്കുക, ജനങ്ങളെ ആശ്രയിക്കാതിരിക്കുക, അല്ലാഹുവിനോടുള്ള ഭയത്തിൽ അധിഷ്ഠിതമായ വിനയം ഉണ്ടായിരിക്കുക, കമ്മാനുഷ്ഠാനങ്ങളിലെ വീഴ്ചകളിൽ അല്ലാഹുവിനോടുള്ള ലജ്ജയിൽ അധിഷ്ഠിതമായ മനഃക്ലേശം ഉണ്ടായിരിക്കുക, നിൻെറ ഉപജീവനത്തെ അല്ലാഹു ഏറെറടുത്തിരിക്കുന്നതിൽ ദൃഢവിശ്വാസം

അർപ്പിച്ചുകൊണ്ടു്, ധനസമ്പാദനമാർഗ്ഗത്തിൽ കുതന്ത്രങ്ങൾ പ്രയോഗിക്കാതെ ആത്മസംയമനം പാലിക്കുകയും, അല്ലാഹു നിനക്കുവേണ്ടി തിരഞ്ഞെടുത്തിരിക്കുന്നതിന്റെ നന്മയെ മനസ്സിലാക്കി, അല്ലാഹുവിന്റെ ഔദാര്യത്തിന്റെ മേൽ ഭരമേല്പിക്കുകയും ചെയ്യുക—എന്നിവയാണു് അല്ലാഹുവുമായുള്ള സഹകരണത്തിന്റെ ചിട്ടകൾ. ഇവ മുഴുവനും, നിന്റെ അഹോരാത്രങ്ങളിൽ മുറുകെപ്പിടിക്കേണ്ടതാണു്. എന്തുകൊണ്ടെന്നാൽ നിന്നെ വിട്ടുപിരിയാത്ത കൂട്ടുകാരനോടുള്ള സഹകരണത്തിന്റെ ചിട്ടകളാണിവ. ജനങ്ങൾ മുഴുവനും ഒരവസരത്തിൽ നിന്നെ വിട്ടുപിരിയുന്നതാണു്.

പണ്ഡിതന്മാരുടെ ചിട്ടകൾ:—നീ ഒരു 'ആലിമാ'ണെങ്കിൽ, സഹനം, ശാന്തശീലം, തലതാഴ്ത്തുന്നതോടൊപ്പം ഒതുങ്ങിയ മട്ടിൽ പ്രൗഢിയോടുകൂടിയിരിക്കുക,—തെമ്മാടിത്തത്തിൽനിന്നു് തെമ്മാടികളെ പിന്തിരിപ്പിക്കാൻവേണ്ടി ഒഴികെ, മററല്ലാവരോടും—അഹങ്കാരം ഉപേക്ഷിക്കുക, യോഗങ്ങളിലും സമിതികളിലും വിനയം കൈക്കൊള്ളുക, കളിതമാശകൾ പരിത്യജിക്കുക, വിദ്യാർത്ഥികളോടു് ദയകാണിക്കുക, ചോദിക്കാനറിഞ്ഞുകൂടാത്തവരും, അറിവില്ലാതെ അറിവുണ്ടെന്നു് നടിക്കുന്നവരുമായ വിദ്യാർത്ഥികൾക്കു് സാവധാനത്തിൽ പറഞ്ഞുകൊടുക്കുക, മന്ദന്മാർക്കു് നല്ല നിർദ്ദേശം കൊടുത്തു് അവരെ നന്നാക്കിത്തീർക്കുകയും അവരോടു് കോപിക്കാതിരിക്കുകയും ചെയ്യുക, തനിക്കു് അറിഞ്ഞുകൂടാത്ത കാര്യം അറിഞ്ഞുകൂടാ എന്നു പറയുന്നതിനു് സങ്കോചിക്കാതിരിക്കുക, ചോദ്യകർത്താവിലേക്കു ശ്രദ്ധ തിരി

ക്കുകയും, അയാളുടെ ചോദ്യം ഗ്രഹിക്കയും ചെയ്യുക, തെളിവുകൾ സ്വീകരിക്കുക, സത്യത്തിൽനിന്നു് വ്യതിചലിക്കുമ്പോൾ സത്യത്തിലേക്കു് മടങ്ങിവന്നു് സത്യത്തെ അനുസരിക്കുക, വിദ്യാൎത്ഥിയെ അവനു് ഉപദ്രവകരമായ എല്ലാവിധ വിദ്യകളിൽനിന്നും തടഞ്ഞുനിറുത്തുക, "ഫലപ്രദമായ വിജ്ഞാനം"കൊണ്ടു് അവൻ അല്ലാഹുവിൻെറ തൃപ്തിയല്ലാത്തതു് കാംക്ഷിക്കുന്നതിനെ വിലക്കുക, 'ഫർസ്സ്ഐൻ' (വൈയക്തികകടമ) നിർവ്വഹിച്ചുതീരുന്നതിനുമുമ്പായി, 'ഫർസുകിഫായഃ'(സാമൂഹ്യകടമ)യിൽ ഏർപ്പെടുന്നതിൽനിന്നു് വിദ്യാൎത്ഥിയെ തടയുക, [ഭക്തിപ്രധാനമായ കർമ്മങ്ങൾ അനുഷ്ഠിച്ചു് തൻെറ ബാഹ്യഭാഗത്തേയും ആന്തരികഭാഗത്തേയും നന്നാക്കിത്തീൎക്കുകയാണു് അവൻെറ 'ഫർസുഐൻ'—വൈയക്തികകടമ.] വിദ്യാൎത്ഥികൾ ആദ്യമായി ഗുരുനാഥൻെറ അനുവൎത്തനങ്ങളെ അനുകരിക്കുന്നതിനും, രണ്ടാമതായി അദ്ദേഹത്തിൻെറ വചനത്തിൽനിന്നു് പഠിക്കുന്നതിനുമായി, അദ്ദേഹം ആദ്യമായി സ്വന്തം ദേഹത്തെ 'തഖ്‌വാ'യിൽ നിരന്തരമാക്കി മാതൃക കാണിക്കുക—എന്നിവയാണു് 'ആലിമി'ൻെറ ചിട്ടകൾ.

വിദ്യാൎത്ഥികളുടെ ചിട്ടകൾ:—നീ ഒരു വിദ്യാൎത്ഥിയാണെങ്കിൽ, 'ഉസ്താദി'(ഗുരുവി)നെ സമീപിക്കുമ്പോൾ ആദ്യമായി അദ്ദേഹത്തിനു് അഭിവാദ്യവും സലാമും അർപ്പിക്കുക, അദ്ദേഹത്തിൻെറ സന്നിധിയിൽവച്ചു സംസാരം കുറയ്ക്കുക, 'ഉസ്താദ്' ആവശ്യപ്പെടാതെ സംസാരിക്കാതിരിക്കുക, മുൻകൂട്ടി അനുവാദം കിട്ടാതെ യാതൊന്നും അദ്ദേഹത്തോടു് ചോദിക്കാതിരിക്കുക, "അങ്ങു് അരുളിയതിൻെറ വിരുദ്ധം

ഇന്നയാൾ പറഞ്ഞിരിക്കുന്നു" എന്ന് അദ്ദേഹത്തിൻെറ സംസാരത്തിനെതിരേ പറയാതിരിക്കുക, 'ഉസ്താദി'നെക്കാൾ യാഥാത്മ്യം ശരിക്ക് അറിയുന്നവൻ താനാണെന്ന നാട്യത്തിൽ അദ്ദേഹത്തിൻെറ അഭിപ്രായത്തിന് വിരുദ്ധമായ ഒരഭിപ്രായവും അദ്ദേഹത്തിൻെറ സമക്ഷത്തിൽ ഉന്നയിക്കാതിരിക്കുക, അദ്ദേഹത്തിൻെറ സദസ്സിൽവച്ച് തൻെറ അടുത്തിരിക്കുന്നവരോട്ട് യാതൊന്നും ചോദിക്കാതിരിക്കുകയും, അങ്ങോട്ടുമിങ്ങോട്ടും തിരിഞ്ഞുനോക്കാതിരിക്കുകയും ചെയ്യുക, [നമസ്കാരത്തിലെന്നപോലെ കണ്ണ് താഴ്ത്തിയവനും നിശ്ചലനും അച്ചടക്കപാലകനുമായിരിക്കണം.] അദ്ദേഹത്തിൻെറ വൈമനസ്യവേളയിൽ അദ്ദേഹത്തോട്ട് ചോദ്യങ്ങൾ വർദ്ധിപ്പിക്കാതിരിക്കുക, അദ്ദേഹം എഴുന്നേററാൽ അദ്ദേഹത്തെ ബഹുമാനിച്ചുകൊണ്ട് എഴുന്നേല്ക്കുക, ചർച്ചകൾ നടത്തിക്കൊണ്ടോ ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ടോ അദ്ദേഹത്തെ അനുഗമിക്കാതിരിക്കുക, അദ്ദേഹം തൻെറ താവളത്തിൽ ചെന്നെത്തുന്നതുവരെ—വഴിയിൽവച്ച് യാതൊന്നും ചോദിക്കാതിരിക്കുക, ബാഹ്യരൂപത്തിൽ അനാശാസ്യമെന്ന് തനിക്കു തോന്നുന്ന അദ്ദേഹത്തിൻെറ ചില പ്രവൃത്തികളുടെ പേരിൽ അദ്ദേഹത്തെ തെററിദ്ധരിക്കാതിരിക്കുക, അവയുടെ രഹസ്യങ്ങളെക്കുറിച്ച് കൂടുതൽ അറിയുന്നതു് അദ്ദേഹമാണ്. "ആ കപ്പലിലുള്ള ആളുകളെ മുക്കി നശിപ്പിക്കുവാൻവേണ്ടിയാണോ അതിൻെറ പലക നിങ്ങൾ വെട്ടിയിളക്കിയതു്? തീർച്ചയായും ഭീകരമായ ഒരു പ്രവൃത്തിയാണ് നിങ്ങൾ ചെയ്തിരിക്കുന്നതു്!"—എന്നിപ്രകാരം മൂസാനബി (അ:) ഖസ്വ് നബി (അ:) യെ കുററപ്പെടുത്തിയതിനെയും, ആ പ്രവൃത്തിയുടെ

ബാഹ്യവശംമാത്രം പരിഗണിച്ചുകൊണ്ട് ആ പ്രവൃത്തിയെ പ്രതിഷേധിച്ചതിൽ മൂസാനബി (അ:) അമളി പിണഞ്ഞവരായിത്തീൎന്നതിനേയും അത്തരം സന്ദർഭങ്ങളിൽ നീ ഓർക്കുക—എന്നിവയാണ് ഗുരുനാഥന്മാരോട് വിദ്യാൎത്ഥികൾ പാലിക്കേണ്ട ചിട്ടകൾ.

മാതാപിതാക്കളോടുള്ള ചിട്ടകൾ:—നിനക്ക് മാതാപിതാക്കളുണ്ടെങ്കിൽ, അവർ പറയുന്നതു് കേൾക്കുക, അവർ എഴുന്നേല്ക്കുമ്പോൾ അവരോടുള്ള ബഹുമാനാൎത്ഥം എഴുന്നേല്ക്കുക, അവരുടെ ആജ്ഞകൾ അനുസരിക്കുക, അവരുടെ മുമ്പേ നടക്കാതിരിക്കുക, അവരുടെ ശബ്ദങ്ങൾക്ക് ഉപരിയായി ശബ്ദം ഉയൎത്താതിരിക്കുക, അവരുടെ ക്ഷണത്തെ സ്വാഗതം ചെയ്യുക, അവരുടെ തൃപ്തിയെ കാംക്ഷിക്കുക, അനുസരണയുടെ ചിറകുകൾ അവർക്കുവേണ്ടി താഴ്ത്തിവയ്ക്കുക, അവൎക്കു ചെയ്തുകൊടുത്ത നന്മകളെയും അവരുടെ കാൎയ്യങ്ങൾ നിൎവ്വഹിച്ചുപോന്നതിനേയും അവൎക്കുവേണ്ടി ചെയ്ത ഗുണമായി അവരോട് എടുത്തുപറയാതിരിക്കുക, അമൎഷത്തോടുകൂടി അവരെ വീക്ഷിക്കാതിരിക്കുക, അവരുടെ മുഖദാവിൽ തന്റെ മുഖം ചുളുക്കാതിരിക്കുക, അവരുടെ അനുവാദം കൂടാതെ യാത്രചെയ്യാതിരിക്കുക—എന്നിവയാണ് മാതാപിതാക്കളോട് സന്താനങ്ങൾ പാലിക്കേണ്ട ചിട്ടകൾ.

ജനങ്ങളോടുള്ള ചിട്ടകൾ:—മേൽ പറയപ്പെട്ടവൎക്കു പുറമേ നിന്നെ സംബന്ധിച്ചിടത്തോളം ജനങ്ങൾ ഒന്നുകിൽ സ്നേഹിതന്മാർ, അല്ലെങ്കിൽ സുപരിചിതന്മാർ, അതുമല്ലെങ്കിൽ അപരിതന്മാർ എന്നീ

ങ്ങനെ മൂന്നു വിഭാഗക്കാരാണെന്നു് അറിയുക. അപരിചിതന്മാരായ പാമരജനങ്ങളുടെ ഇടയിൽ നീ പെട്ടുപോയാൽ അവരുടെ സംസാരത്തിൽ ഇടപെടാതിരിക്കുക, അവരുടെ അനാവശ്യ സംസാരത്തിൽ ശ്രദ്ധ കുറയ്ക്കുക, അവരിൽനിന്നുണ്ടാകുന്ന അപശബ്ദങ്ങളിൽ അശ്രദ്ധനാകുക, അവരെ അധികം സന്ദർശിക്കുകയും ആശ്രയിക്കുകയും ചെയ്യാതെ ഒഴിഞ്ഞുനില്ക്കുക, അവരുടെ അനാശാസ്യതകളുടെമേൽ തന്ത്രപരമായി അവരെ ഉണർത്തുക, അവർ സ്വീകരിക്കുമെന്നു് പ്രത്യാശയുള്ളപ്പോൾ സദുപദേശം ചെയ്യുക— എന്നിവയാണു് അവരോടുള്ള സഹകരണത്തിൻെറ ചിട്ടകൾ.

സ്നേഹിതന്മാരുടെ യോഗ്യതകൾ:—സഹോദരന്മാരും സുഹൃത്തുക്കളുമാകട്ടെ, അവരെ സംബന്ധിച്ചിടത്തോളം രണ്ടു നടപടികൾ നീ കൈയ്ക്കൊള്ളേണ്ടതുണ്ടു്. സഹകരണത്തിൻെറയും സൗഹൃദത്തിൻെറയും ചട്ടങ്ങൾ പഠിക്കുകയാണു് അതിൽ ഒന്നാമത്തേതു്. സാഹോദര്യത്തിനും സൗഹൃദത്തിനും പററിയവരുമായിട്ടല്ലാതെ നീ സഖ്യം സ്ഥാപിക്കരുതു്. നബി (സ) പറഞ്ഞിരിക്കുന്നു: "തൻെറ സുഹൃത്തിൻെറ നടപടിക്രമത്തിന്മേലാണു് മനുഷ്യൻ നിലകൊള്ളുന്നതു്. ആകയാൽ, നിങ്ങളിൽ ഓരോരുത്തരും താൻ ആരുമായിട്ടാണു് സഖ്യം സ്ഥാപിക്കുന്നതെന്നു് ചിന്തിച്ചുകൊള്ളട്ടെ!" നിൻെറ പഠിത്തത്തിൽ നിൻെറ സഹപാഠിയാകുന്നതിനും, നിൻെറ മതപരവും ഭൗതികവുമായ കാര്യങ്ങളിൽ നിൻെറ സഹചാരിയാകുന്നതിനും ഒരു സ്നേഹിതൻ നിനക്കു വേണ്ടിവന്നാൽ, അവനിൽ അഞ്ചു കാര്യങ്ങൾ ഗൗനിച്ചുകൊൾക.

1) ബുദ്ധി:—ഭോഷന്മാരുമായുള്ള കൂട്ടുകെട്ടിൽ യാതൊരു ഗുണവും ഉണ്ടാകുന്നതല്ല. അതിൻെറ പരിസമാപ്തി വെറുപ്പിലേക്കും വിരോധത്തിലേക്കും മടങ്ങുകയും ചെയ്യും. അവൻെറ സാഹചര്യങ്ങളിൽവച്ച് ഏററവും നല്ലതുതന്നെ നിനക്ക് അനർത്ഥകരമായിരിക്കുന്നതാണ്. അവൻ നിനക്ക് ഗുണത്തെ കാംക്ഷിക്കുന്നവനാണെതാനും. ബുദ്ധിമാനായ ശത്രുവാണ് ഭോഷനായ മിത്രത്തെക്കാൾ നല്ലതു്. അലിയ്യ് (റ:) പറയുന്നു:—

“സഖ്യംപുലത്താതെ മൂഢരുമായി നീ,
സൂക്ഷിക്കവരെയും നിന്നെപ്പോലും! 1

ശാന്തശീലന്മാരിലെത്ര വിനാശങ്ങൾ
അജ്ഞരാൽ വന്നു ഭവിച്ചതില്ലേ? 2

രണ്ടുപേരൊന്നായി സഞ്ചരിച്ചീടുകിൽ
തുല്യതനോക്കണം തമ്മിൽത്തമ്മിൽ. 3

ജോടിച്ചെരുപ്പുകളൊന്നിച്ചിരിക്കുകിൽ,
ജോടി നോക്കപ്പെട്ടുന്നെന്നപോലെ. 4

കാണുമതേതിനും മറെറാരു വസ്തുവിൽ
മാനദണ്ഡങ്ങളും തുല്യതയും. 5

ഹൃദയബന്ധസമ്മേളനമെപ്പോഴും
ഒന്നൊന്നിൽ മാതൃകനൽകീടുന്നു.” 6

2) സൽസ്വഭാവം:—സ്വഭാവം ദുഷിച്ചവനോട് നീ കൂട്ടുകൂടരുതു്. കാമ—കോപവേളകളിൽ ആത്മനിയന്ത്രണം പാലിക്കാത്തവനാണവൻ. ‘അൽഖമത്തുൽ അത്വാരിദ്” (റ:) അവർകൾ, തൻെറ മര

ണാസന്നവേളയിൽ, അദ്ദേഹത്തിൻെറ മകനോടു ചെയ്ത 'വസിയ്യത്തി'ൽ അതിനെ സമാഹരിച്ചിട്ടുണ്ടു്. അദ്ദേഹം പറഞ്ഞു: "മകനേ, ഒരു മനുഷ്യനുമായി നീ കൂട്ടുകെട്ടുണ്ടാക്കാൻ ഉദ്ദേശിച്ചാൽ, ഒരാളോടു് നീ കൂട്ടുകൂടുക: അവനു് നീ സേവനം അനുഷ്ഠിച്ചാൽ, അവൻ നിന്നെ കാത്തുസൂക്ഷിക്കും; അവനുമായി നീ സഹകരിച്ചാൽ, അവൻ നിന്നെ യോഗ്യനാക്കും; വല്ല ചെലവും നിന്നെ പിടികൂടിയാൽ അവൻ അതു നിർവ്വഹിക്കും. ഒരാളോടു നീ കൂട്ടുകൂടുക: നീ ഒരു നല്ല കാര്യത്തിനു മുതിർന്നാൽ, അവൻ അതിനെ പ്രോത്സാഹിപ്പിക്കും; ഒരു നല്ല കാര്യം നിൻെറ പക്കൽനിന്നു് കണ്ടാൽ അവൻ അതിനെ കണക്കിലെടുക്കും; ഒരു ചീത്തക്കാര്യം നിൻെറ പക്കൽനിന്നു് കണ്ടാൽ അവൻ അതിനെ മൂടിവയ്ക്കും. ഒരാളോടു് നീ കൂട്ടുകൂടുക: നീ സംസാരിച്ചാൽ നിൻെറ വാക്കുകൾ അവൻ വിശ്വസിക്കും; ഏതെങ്കിലും ഒരു കാര്യത്തിൽ നീ ഇടപെട്ടാൽ, അവൻ നിന്നെ സഹായിക്കുകയും രക്ഷിക്കുകയും ചെയ്യും; നിങ്ങൾ രണ്ടുപേരും ഏതെങ്കിലും കാര്യത്തിൽ പരസ്പരം മത്സരിച്ചാൽ, അവൻ അതിൽ നിനക്കു മുൻഗണന നല്കും." അലിയ്യ് (റ) പറയുന്നു:-

"ആരെന്നറിയുക! സാക്ഷാൽ സഹോദരൻ,
കൂറൊന്നിലും നിന്നെ വിട്ടുനില്ക്കാത്തവൻ;
യാതനയേതും നിനക്കായ് സഹിക്കുവോൻ,
മേദുരരക്ഷ നിനക്കു് നല്കീടുവാൻ;"
കാലദോഷം നിന്നെ താറുമാറാക്കുകിൽ
തൻകാര്യമൊക്കെയും മാററിവയ്ക്കുന്നവൻ
സമ്പൽ സമൃദ്ധിയിലെത്തുവോളവും നീ.

3) സച്ചരിതം:—ഒരു മഹാ പാപത്തിന്മേൽ സ്ഥായിയായി നിലകൊള്ളുന്ന ദോഷിയുമായി നീ കൂട്ടുകൂടരുതു്. എന്തുകൊണ്ടെന്നാൽ ഒരു മഹാപാപത്തിന്മേൽ, അല്ലാഹുവിനെ ഭയപ്പെടുന്നവൻ സ്ഥായിയായി നിലകൊള്ളുകയില്ല. അല്ലാഹുവിനെ ഭയപ്പെടാത്തവനാണെങ്കിൽ, അവൻെറ അനത്ഥങ്ങൾ വിശ്വസിക്കപ്പെടാവതല്ല. കൃറുകളുടെയും സാഹചര്യങ്ങളുടെയും മാററം അനുസരിച്ചു് അവൻ മാറുന്നതാണു്. അല്ലാഹുത്തആലാ, അവൻെറ നബി (സ) യോടു പറഞ്ഞിരിക്കുന്നു: "നമ്മെ ഓമ്മിക്കുന്നതിനെയും വിട്ടു്, തൻെറ ഹൃദയത്തെ നാം വിസ്മൃതമാക്കുകയും, തൻെറ ശരീരേച്ഛയെ പിൻപററുകയും, തൻെറ കാര്യം അതിക്രമമാകുകയും ചെയ്തവനു് നീ വഴങ്ങരുതു്." പാപികളുമായുള്ള കൂട്ടുകെട്ടിൽനിന്നു് നീ അകന്നുനില്ക്കുക. പാപകമ്മങ്ങളോടും നിയമവിരുദ്ധനടപടികളോടുമുള്ള നിത്യസമ്പക്കം, പാപകമ്മങ്ങളോടുള്ള ബീഭത്സതയെ നിൻെറ ഹൃദയത്തിൽനിൽനിന്നു് നിമ്മാജ്ജനം ചെയ്യുന്നതും, അത്തരം കാര്യങ്ങളെ നിൻെറമേൽ നിസ്സാരമാക്കിത്തീക്കുന്നതുമാണു്. അക്കാരണത്താലാണു് പരദൂഷണപാപം, അതുമായുള്ള ഇണക്കം കാരണം ഹൃദയങ്ങളിൽ നിസ്സാരമായിത്തീന്നിരിക്കുന്നതു്. ഒരു സ്വർണ്ണമോതിരമോ, പട്ടുവസ്ത്രമോ ഒരു മതപണ്ഡിതൻെറദേഹത്തു കണ്ടാൽ, അവർ അദ്ദേഹത്തെ കഠിനമായി അധിക്ഷേപിക്കുന്നതാണു്. എന്നാൽ, സ്വർണ്ണമോതിരമോ, പട്ടുവസ്ത്രമോ ധരിക്കുന്നതിനെക്കാൾ കഠിനമാണു് പരദൂഷണം.

4) അവൻ ഭൗതികതൃഷ്ണകനാകാതിരിക്കുക:— ഭൗതികതൃഷ്ണകനുമായുള്ള കൂട്ടുകെട്ട് മാരകമായ വിഷമാണ്. എന്തുകൊണ്ടെന്നാൽ അനുകരണത്തിന്റെയും അനുഗമനത്തിന്റെയും മേൽ സൃഷ്ടിക്കപ്പെട്ടതാണ് മനുഷ്യപ്രകൃതം. എന്നല്ല–മനുഷ്യൻ അറിയാത്ത വിധത്തിൽ, അവന്റെ പ്രകൃതം മറെറാരു പ്രകൃതത്തിൽനിന്ന് മോഷ്ടിച്ചെടുക്കും. ഭൗതികതൃഷ്ണകനുമായുള്ള നിന്റെ കൂട്ടുകെട്ട് നിന്റെ ഭൗതികതൃഷ്ണയെ വർദ്ധിപ്പിക്കും. ത്യാഗനിഷ്ഠനുമായുള്ള നിന്റെ കൂട്ടുകെട്ട് നിന്റെ ത്യാഗനിഷ്ഠയെ വർദ്ധിപ്പിക്കും.

5) സത്യസന്ധത:— അസത്യവാന്മാരുമായി നീ കൂട്ടുകെട്ടരുത്. അവനെ സംബന്ധിച്ച്, അറിയാതെ നീ വഞ്ചനയിൽപ്പെട്ടുപോകുന്നതാണ്. മദ്ധ്യാഹ്നസമയത്തുള്ള കാനൽപോലെയാണവൻ. അവൻ അകന്നവരെ നിന്നോട്ട് അടുപ്പിക്കുകയും, അടുത്തവരെ നിന്നിൽനിന്ന് അകററുകയും ചെയ്യുന്നതാണ്.

ഈ അഞ്ചു കാര്യങ്ങളുടെ സമുച്ചയത്തെ മദ്രസ: കളിലെയുംപള്ളികളിലെയുംഅന്തേവാസികളിൽ നീ കണ്ടെത്തിയെന്നു വരികയില്ല. ആകയാൽ, രണ്ടു കാര്യങ്ങളിലൊന്ന് നീ മുറുകെപ്പിടിക്കുക. ഒന്നുകിൽ നിസ്സഹകരണവും ഏകാന്തതയും പാലിക്കുക. അതിലാണ് നിന്റെ സുരക്ഷിതത്വം സ്ഥിതിചെയ്യുന്നത്. അതല്ലെങ്കിൽ കൂട്ടുകാരോടുള്ള നിന്റെ സഹകരണം അവരുടെ യോഗ്യതകളുടെ തോതനുസരിച്ചായിരിക്കണം. സുഹൃത്തുക്കൾ മൂന്നുതരമുണ്ടെന്നു നീ അറിഞ്ഞിരിക്കണം. 1. നിന്റെ പാരത്രികജീവിതത്തിനുവേ

ണ്ടിയുള്ള സുഹൃത്ത്. 'ദീനി'നെയല്ലാതെ അവനിൽ നീഗൗനിക്കേണ്ടതില്ല. 2. നിൻെറ ഐഹികജീവിതത്തിനുവേണ്ടിയുള്ള സുഹൃത്ത്. അവനിൽ സൽസ്വഭാവത്തെയല്ലാതെ ഗൗനിക്കേണ്ടതില്ല. 3. വിനോദത്തിനുവേണ്ടിയുള്ള സുഹൃത്ത്. ഉപദ്രവത്തിലും, വിപത്തിലും, നീചവൃത്തിയിലുംനിന്നുമുള്ള സുരക്ഷിതത്വത്തെയല്ലാതെ അവനിൽ ഗൗനിക്കേണ്ടതില്ല.

ജനങ്ങൾ മൂന്നുതരമുണ്ടു്:— അവരിൽനിന്നു് ഒന്നാമത്തവൻ ഭക്ഷണംപോലെയാണു്. അതു് ഉപേക്ഷിക്കപ്പെടാവതല്ല. രണ്ടാമത്തവൻ ഔഷധംപോലെയാണു്. ചിലപ്പോൾമാത്രം അതിലേക്കു് ആവശ്യം നേരിടുന്നതാണു്. മൂന്നാമത്തവൻ രോഗംപോലെയാണു്. ഒരിക്കലും അതിലേക്കു് ആവശ്യം നേരിടുകയില്ല. എങ്കിലും അതുമൂലം മനുഷ്യൻ വിപത്തിലകപ്പെടുന്നതാണു്. യാതൊരു വിനോദവും യാതൊരു പ്രയോജനവും തുല്ലാത്തവനാണവൻ. അവനിൽനിന്നു് രക്ഷപ്പെട്ടുവോളം അവനോടു് നീ ലോഘ്യം കാണിക്കൽ, നിർബ്ബന്ധമാണു്. നീ അനുഗ്രഹിക്കപ്പെട്ടവനാണെങ്കിൽ, അ്വനുമായി ഇടപെടുന്നതിൽ വമ്പിച്ച പ്രയോജനമുണ്ടു്. അവൻെറ നിന്ദ്യവും നീചവുമായ സ്ഥിതിഗതികളും പ്രവൃത്തികളും കണ്ടു മനസ്സിലാക്കി, അവയെ ദൂരീകരിക്കലാണതു്. ഇതരനിൽനിന്നു് ഗുണപാഠം സിദ്ധിക്കുന്നവനാണു് ഭാഗ്യവാൻ. ഒരു വിശ്വാസി മറെറാരു വിശ്വാസിയുടെ കണ്ണാടിയാണു്. ആരാണു് നിങ്ങൾക്കു് സദാചാരം പഠിപ്പിച്ചുതന്നതെന്നു് ഈസാനബി (അ)യോടു ചോദിക്കപ്പെട്ടപ്പോൾ, അദ്ദേഹം പറഞ്ഞ മറുപടി ഇപ്രകാരമാണു്:—“ആരും എനിക്കു സദാ

ചാരം പഠിപ്പിച്ചതന്നിട്ടില്ല. പക്ഷേ, ഞാൻ ഭോഷന്മാരുടെ ഭോഷത്വം കണ്ടു മനസ്സിലാക്കുകയും, അതു് എന്നിൽനിന്നു് ദൂരീകരിക്കുകയുംചെയ്തു." തീർച്ചയായും അദ്ദേഹം പറഞ്ഞതു് വാസ്തവമാണു്. അന്യരിൽനിന്നു് തങ്ങൾ അനിഷ്ടപ്പെടുന്നതൊക്കെ ജനങ്ങൾ ദൂരീകരിച്ചിരുന്നുവെങ്കിൽ, അവരുടെ സദാചാരങ്ങൾ പരിപൂർണ്ണമാകുകയും സദാചാരഗുരുക്കന്മാർ അവർക്കു് ആവശ്യമില്ലാതാകുകയും ചെയ്യുമായിരുന്നു.

കൂട്ടുകെട്ടിൻെറ ബാദ്ധ്യതകൾ കണക്കിലെടുക്കുകയാണു് രണ്ടാമത്തെ നടപടി. പങ്കാളിത്വത്തിൻെറ ബാന്ധവം സ്ഥാപിക്കുകയും, നിൻെറയും നിൻെറ കൂട്ടുകാരൻെറയും ഇടയിൽ സൗഹൃദം നിലവിൽ വരുകയും ചെയ്താൽ, സൗഹൃദത്തിൻെറ ബാന്ധവം അനിവാര്യമാക്കിത്തീർക്കുന്ന ബാദ്ധ്യതകൾ നീ കൈയൊഴിയരുതു്. അവയുടെ നിർവ്വഹണത്തിനു് ചില ചിട്ടകളുണ്ടു്. "ഇരുകരങ്ങളെന്നപോലെയാണു് രണ്ടു സഹോദരന്മാർ; അവയിൽ ഒന്നു് മറേറതിനെ കഴുകി വെടിപ്പാക്കുന്നതാണു്" എന്നു് നബി (സ) പറഞ്ഞിരിക്കുന്നു.

ഒരിക്കൽ നബി (സ) ഒരു വൃക്ഷക്കാട്ടിൽ പ്രവേശിക്കുകയും, അതിൽനിന്നു് ദന്തശുദ്ധിക്കുള്ള രണ്ടു് ചെടിത്തണ്ടുകൾ ('മിസ്‌വാക്കു'കൾ) ഒടിച്ചെടുക്കുകയുംചെയ്തു. അവയിൽ ഒന്നു് വളഞ്ഞതും മറെറാന്നു് ശരിക്കു നിവന്നതുമായിരുന്നു. ഒരു 'സഹാബിയ്യ്" അവിടുത്തെ കൂടെ ഉണ്ടായിരുന്നു. അവിടുന്നു നിവന്ന 'മിസ്‌വാക്കു" ആ 'സഹാബി'ക്കു് കൊടു

ക്കുകയും, വളഞ്ഞതു് സ്വന്തം ആവശ്യത്തിനു് എടു ക്കുകയും ചെയ്തു. അപ്പോൾ, ആ സഹാബിയ്യ് ഇപ്ര കാരം ഉണർത്തുകയുണ്ടായി: “അല്ലാഹുവിൻെറ റസൂ ലേ! നിവന്ന ‘മിസ്‌വാക്കി’നു് എന്നേക്കാൾ ഏററ വും അർഹൻ അങ്ങല്ലയോ?” അപ്പോൾ അവിടുന്നു പറഞ്ഞു: “ഒരു ദിവസം അല്പസമയമെങ്കിലും, ഒരു സ്നേഹിതനോടു് സഹകരിച്ചിട്ടുള്ള ഏതൊരാളും തന്നെ—അയാളുടെ ആ സഹകരണത്തെ സംബന്ധി ച്ചു്—ആ സഹകരണത്തിൽ അല്ലാഹുവിനോടുള്ള കടമ അവൻ നിർവ്വഹിച്ചുവോ, അതല്ല—അതിനെ അവൻ നഷ്ടപ്പെടുത്തിയോ എന്നു്—ചോദിക്കപ്പെടാ തിരിക്കയില്ല.” നബി (സ) പറയുന്നു: “രണ്ടുപേർ തമ്മിൽ കൂട്ടുകൂടുമ്പോൾ തൻെറ സ്നേഹിതനു് കൂടു തൽ ഗുണം ചെയ്യുന്നവനാരാണോ, അവനാണു് അല്ലാഹുവിനു് ഏററവും ഇഷ്ടപ്പെട്ടവൻ.”

കൂട്ടുകെട്ടിൻെറ ചിട്ടകൾ:—ധനപരമായ കാര്യ ങ്ങളിൽ തൻെറ സ്നേഹിതനു് മുൻഗണന നല്കുക; അതു് സാദ്ധ്യമാകുന്നില്ലെങ്കിൽ മിച്ചമുള്ള ധനം അവനു് ആവശ്യം നേരിടുമ്പോൾ നല്കുക; അവന്റെ ആവശ്യങ്ങളുടെ നിർവ്വഹണത്തിൽ അവൻ ആവ ശ്യപ്പെടാതെതന്നെ അടിയന്തിരമായി ശരീരംകൊ ണ്ടും സഹായിക്കുക; അവൻ പറയുന്ന രഹസ്യങ്ങൾ മൂടിവയ്ക്കുകയും, അവൻെറ ന്യൂനതകൾ മറച്ചുവയ്ക്കുക യും ചെയ്യുക; ജനങ്ങൾ അവനെക്കുറിച്ചു പറഞ്ഞി ട്ടുള്ള—അവനെ ദുഃഖിപ്പിക്കുന്ന—ദൂഷണങ്ങൾ അവ നു് അറിയിച്ചുകൊടുക്കാതിരിക്കുകയും, ജനങ്ങൾ അവനെ സംബന്ധിച്ചു പറഞ്ഞിട്ടുള്ള—അവനെ സന്തോഷിപ്പിക്കുന്ന—പ്രശംസകൾ അവനു് അറി

യിച്ചുകൊടുക്കുകയും ചെയ്യുക; അവൻ സംസാരിക്കുമ്പോൾ അതു് നല്ലവണ്ണം ശ്രദ്ധിച്ചു കേൾക്കുകയും, അതിൽ വിമർശനം നടത്താതിരിക്കുകയും ചെയ്യുക; അവൻെറ പേരുകളിൽവച്ചു് അവൻ ഏററവും ഇഷ്ടപ്പെടുന്ന പേരുകൊണ്ടു് അവനെ സംബോധന ചെയ്യുക; അവൻെറ നല്ല കാര്യങ്ങളെ സംബന്ധിച്ചു് അറിയുമ്പോൾ, അവനെ പ്രശംസിക്കുകയും, തന്നോടുള്ള ബാദ്ധ്യതകൾ അവൻ നിർവ്വഹിക്കുമ്പോൾ അഭിനന്ദിക്കുകയും ചെയ്യുക; അവൻെറ അസാന്നിദ്ധ്യത്തിൽ, ആരെങ്കിലും അവനെ അധിക്ഷേപിച്ചാൽ—തനിക്കുവേണ്ടി ചെറുക്കുന്നതുപോലെ—അവനുവേണ്ടി അതിനെ ചെറുക്കുകയും ചെയ്യുക; അവനോടു ഉപദേശിക്കേണ്ടിവന്നാൽ, അതു് വിനയത്തോടുകൂടിയും സൂചനാരൂപേണയുമായിരിക്കുക; അവൻെറ തെററു കുററങ്ങൾ അവനു് മാപ്പു് ചെയ്തുകൊടുക്കുകയും, അതിൻെറ പേരിൽ അവനെ ശാസിക്കാതിരിക്കുകയും ചെയ്യുക; അവൻെറ ജീവിതകാലത്തും മരണശേഷവും അവനുവേണ്ടി ഏകാന്തതയിൽ പ്രാർത്ഥിക്കുക; അവൻെറ മരണശേഷം അവൻെറ കുടുംബക്കാരോടും ബന്ധുക്കളോടുമുള്ള കടപ്പാടുകൾ നിർവ്വഹിക്കുകയും, അവരോടു നല്ല നിലയിൽ പെരുമാറുകയും ചെയ്യുക; അവനു് താനൊരു ഭാരമായിത്തീരാതിരിക്കാൻ ശ്രമിക്കുക; അതായതു് തൻെറ മിക്ക കാര്യങ്ങളെ സംബന്ധിച്ചും അവൻെറ മനസ്സു് സ്വസ്ഥമായിരിക്കുന്നതിനുവേണ്ടി, തൻെറ ആവശ്യങ്ങളിൽ യാതൊന്നിനുംതന്നെ അവനിൽ സമ്മർദ്ദം ചെലുത്താതിരിക്കുക; അവനു് ആശ്വാസം നല്കുന്ന– അവൻ്റെ എല്ലാ സന്തുഷ്ടികളിലും സന്തോഷം കാണിക്കുകയും, അവനെ ബാധിച്ചിട്ടുള്ള വിഷമതകളിൽ

ഖേദം പ്രകടിപ്പിക്കുകയും ചെയ്യുക; [താൻ പ്രകടിപ്പിക്കുന്ന സന്തോഷത്തേയും സന്താപത്തേയും ഹൃദയത്തിൽ ദൃഢമൂലമാക്കുകയും ചെയ്യണം. എന്നാൽ മാത്രമേ അവനോടു കാണിക്കുന്ന സഹാനുഭൂതിയിൽ താൻ പ്രത്യക്ഷമായും പരോക്ഷമായും സത്യസന്ധനാവുകയുള്ളൂ.]

അവനെ കണ്ടുമുട്ടുമ്പോൾ, ആദ്യമായി അവന്ന് 'സലാം' പറയുകയും, ഇരിപ്പിടത്തിൽ അവന്ന് ഇടമുണ്ടാക്കിക്കൊടുക്കുകയും ചെയ്യുക; അവൻ എഴുന്നേററുപോകുമ്പോൾ തൻെറ സ്ഥാനത്തുനിന്ന് എഴുന്നേററ് അവൻെറകൂടെ പുറപ്പെടുകയും, അവനെ പിന്തുടരുകയും ചെയ്യുക; അവൻെറ സംസാരവേളയിൽ, അവൻ സംസാരിച്ചു തീരുവോളവും നിശ്ശബ്ദത പാലിക്കുകയും, അവൻെറ സംസാരത്തിൽ കടന്നുകയറി സംസാരിക്കാതിരിക്കുകയും ചെയ്യുക; ചുരുക്കിപ്പറഞ്ഞാൽ, അവൻ തന്നോട്ട് ഏതു വിധത്തിൽ പെരുമാറണമെന്നാണോ താൻ അഭിലഷിക്കുന്നത്, അതേ വിധത്തിൽ അവനോടും പെരുമാറുക. തനിക്കുവേണ്ടി അഭിലഷിക്കുന്നതുപോലുള്ള കാര്യങ്ങൾ തൻെറ സഹോദരനുവേണ്ടിയും അഭിലഷിക്കാത്തവനാരോ, അവൻെറ സൗഹൃദം കപടമാകുന്നു. അവന്ന് ഇഹത്തിലും പരത്തിലും അതു് ഭാരമേറിയതുമായിരിക്കും. കൂട്ടുകെട്ടുണ്ടാക്കിയിട്ടുള്ള സ്നേഹിതന്മാരോട്ട് പാലിക്കേണ്ട ചിട്ടകളാണ് മേൽ വിവരിച്ചത്. അപരിചിതരായ പൊതുജനങ്ങളോടു പാലിക്കേണ്ട ചിട്ടകളും ഇതിനകം പറഞ്ഞുകഴിഞ്ഞു.

# പരിചിതരോടുള്ള സഹകരണം

മൂന്നാമത്തെ വിഭാഗക്കാരാണെങ്കിൽ, അവർ സുപരിചിതന്മാരാകുന്നു. അവരിൽനിന്നു് നീ സൂക്ഷിച്ചു നിൽക്കുക. എന്തുകൊണ്ടെന്നാൽ പരിചയപ്പെട്ടിട്ടുള്ളവരിൽനിന്നല്ലാതെ അനൎത്ഥത്തെ നീ കണ്ടെത്തുകയില്ല. സ്നേഹിതനാണെങ്കിൽ അവൻ നിന്നെ സഹായിക്കും. അപരിചിതനാണെങ്കിൽ, അവൻ നിന്നിലേക്കു നേരിടുകയില്ല. തങ്ങളുടെ നാവുകൾ കൊണ്ടു് സൗഹൃദം പ്രകടിപ്പിക്കുന്ന സുപരിചിതന്മാരിൽനിന്നാണു് അനൎത്ഥങ്ങൾ മുഴുവനും ഉണ്ടാകുന്നതു്. ആകയാൽ, പരിചിതന്മാരെ നീ കഴിയുന്നിടത്തോളം കുറയ്ക്കുക. മദ്രസയിലോ, നമസ്കാരപ്പള്ളിയിലോ ജുമുഅത്തു പള്ളിയിലോ, കമ്പോളത്തിലോ, നാട്ടിലോവച്ചു് അവരുമായി ഇടപെടേണ്ടിവന്നാൽ, അവരിൽനിന്നു് ഒരുത്തരേയും നീ നിന്ദിക്കാതിരിക്കേണ്ടതു് നിൻെറ കടമയാണു്. ഒരുപക്ഷേ, അവൻ നിന്നേക്കാൾ ഉത്തമനായിരിക്കും. നീ അറിയുകയില്ല. അവർ ഭൗതികവ്യവഹാരങ്ങളിൽ ഏൎപ്പെട്ടിരിക്കുന്ന അവസരത്തിൽ ബഹുമതിയുടെ ദൃഷ്ടികൊണ്ടു് അവരെ നീ വീക്ഷിക്കരുതു്. അങ്ങനെയായാൽ നീ പരാജയപ്പെടുന്നതാണു്. അല്ലാഹുവിൻെറ അടുക്കൽ വളരെ നിസ്സാരമാണു് ഭൗതികം. ഭൗതികപരമായിട്ടുള്ളതും നിസ്സാരമാണു്. ഭൗതികപ്രേമികൾക്കു് (ധനവാന്മാൎക്കും പ്രതാപശാലികൾക്കും) നിൻെറ ഹൃദയത്തിൽ മഹത്തായ പദവി നൽകിയാൽ, അല്ലാഹുവിൻെറ തിരുനോട്ടത്തിൽനിന്നു് നീ ഒഴിഞ്ഞുപോകുന്നതാണു്. അവരുടെ ഭൗതികസമ്പത്തു

കളിൽനിന്നു് വല്ലതും നേടുവാൻവേണ്ടി, നിൻെറ ദീനിനെ അവക്കു കൈമാററം ചെയ്യാതെ നിന്നെ നീ സൂക്ഷിക്കുക. അപ്രകാരം പ്രവത്തിക്കുന്ന ഏതൊരാളും അവരുടെ ദൃഷ്ടിയിൽ നിസ്സാരനായി ത്തീരുകയും, അനന്തരം അവരുടെ പക്കൽനിന്നു് യാതൊന്നും അയാൾക്കു് കിട്ടാതാവുകയും ചെയ്യുന്ന താണു്. അവർ നിന്നോടു് ശണ്ഠകൂടിയാൽ ശത്രുത വഴി അവരെ നീ നേരിടരുതു്. ശത്രുതയിൽ അവ രോടു് കിടപിടിക്കുന്നതിനു് ക്ഷമിച്ചുനില്ക്കുവാൻ നിനക്കു കഴിയുകയില്ല. അവരോടുള്ള ശത്രുതയിൽ നിൻെറ 'ദീൻ' പൊയ്പോകുകയും ചെയ്യും. അവ രോടു് നേരിട്ടു നില്ക്കാനുള്ള നിൻെറ യത്നം ദീർഘി ക്കുകയും ചെയ്യുന്നതാണു്. നിൻെറ മുഖദാവിൽവച്ചു് നിന്നെ അവർ ബഹുമാനിക്കുകയും, നിന്നെ പ്രകീ ത്തിക്കുകയും, നിന്നോടു് താല്പയ്യം പ്രദശിപ്പിക്കുകയും ചെയ്യുമ്പോൾ, അതുകണ്ടു് നിൻെറ മനസ്സ് മയങ്ങുക യും, നീ അവരിലേക്കു ചായുകയും ചെയ്യരുതു്. അതി ലുള്ള ആത്മാത്ഥതയെ അന്വേഷിച്ചാൽ, നൂറിൽ ഒരാ ളിലെപ്പോലും അതു നീ കണ്ടെത്തുകയില്ല. അവർ നിന്നോ ടു് പ്രത്യക്ഷത്തിലും പരോക്ഷത്തിലും ഒരുപോലെയി രിക്കണമെന്നു് നീ ആശിക്കുകയും ചെയ്യരുതു്. അവർ നിന്റെ അസാന്നിദ്ധ്യത്തിൽവച്ചു് നിന്നെ ആക്ഷേപി ച്ചാൽ, അതിൽ നീ അത്ഭുതപ്പെടുകയും കോപിക്കുക യുംചെയ്യരുതു്. എന്തുകൊണ്ടെന്നാൽ, നീ നിഷ്പക്ഷമാ യി ചിന്തിക്കുകയാണെങ്കിൽ, അത്തരം പ്രവൃത്തികൾ നിൻെറ സ്നേഹിതന്മാരുടേയും, ബന്ധുക്കളുടേയും എന്നുവേണ്ട—നിൻെറ ഗുരുനാഥൻെറയും, മാതാപി താക്കന്മാരുടെയും കാൎയ്യത്തിൽപോലും, നിന്നിൽ

നിന്നുതന്നെ നിനക്കു കണ്ടെത്തുവാൻ സാധിക്കുന്നതാണ്. അവരോട് നേരിട്ടു പറയാത്ത പലതും അവരുടെ അസാന്നിദ്ധ്യത്തിൽ നീ പറയുന്നതാണെല്ലോ. അവരുടെ (സുപരിതന്മാരുടെ) ധനത്തിലും മേന്മയിലും സഹായത്തിലുമുള്ള നിൻെറ ആശയെ നീ മുറിക്കുക. മിക്കപ്പോഴും അങ്ങനെ ആശിക്കുന്നവൻ ഒടുവിൽ പരാജിതനായിത്തീരുന്നതാണ്. അങ്ങനെ അവൻ നിസ്സന്ദേഹം നിസ്സാരനമായിത്തീരും. നീ ഒരാളോട് വല്ലതും ആവശ്യപ്പെടുകയും, അയാം അതു് നിർവ്വഹിച്ചുതരികയും ചെയ്താൽ, അതിന്ന് അല്ലാഹുവിനോട്ട് നീ നന്ദിയുള്ളവനായിത്തീരുക. അയാംക്കും നന്ദി പ്രകടിപ്പിക്കുക. ആ ആവശ്യം നിർവ്വഹിച്ചുതരുന്നതിൽ അവൻ വീഴ്ച വരുത്തിയാൽ അവനെ നീ ശാസിക്കരുതു്. അവനെ സംബന്ധിച്ച് നീ പരാതി പറയുകയും ചെയ്യരുതു്. അതു് അവൻെറ വൈരാഗ്യത്തിന്ന് കാരണമായിത്തീരുന്നതാണ്. നീ 'മുഅ്മിനി'നെപ്പോലെയാകുക(സത്യവിശ്വാസിയാകുക.) സ്നേഹിതൻെറ പ്രതിബന്ധങ്ങളെയാണ് 'മുഅ്മിൻ' അന്വേഷിക്കുന്നതു്. നീ 'മുനാഫിഖി'നെപ്പോലെയാകരുതു്; സ്നേഹിതൻെറ ന്യൂനതകളെയാണ് 'മുനാഫിഖ്' (കപടവിശ്വാസി) അന്വേഷിക്കുന്നതു്. ഞാൻ അറിയാത്ത പ്രതിബന്ധങ്ങൾ വല്ലതും അയാംക്ക് നേരിട്ടതുകൊണ്ടായിരിക്കും അയാം വീഴ്ച വരുത്തിയതു് എന്നു് നീ ധരിക്കുക. അവരിൽനിന്ന് ഒരുത്തരോടും, അവനിൽ ആദ്യമായി സ്വീകാര്യത്തിൻെറ ലക്ഷണങ്ങൾ നിരീക്ഷണം ചെയ്തറിഞ്ഞിട്ടല്ലാതെ നീ ഉപദേശിക്കരുതു്. അല്ലാത്തപക്ഷം, നിൻെറ പക്കൽ നിന്ന് അയാളതു് കേംക്കുകയില്ല. എന്നുമാത്രമല്ല,

തന്നിമിത്തം അവൻ നിൻെറ എതിരാളിയായിത്തീരുകയും ചെയ്യുന്നതാണ്. ഏതെങ്കിലും ഒരു പ്രശ്നത്തിൽ അവക്ക് തെററു പററുകയും, നിൻെറ പക്കൽ നിന്ന് അതു പഠിക്കുവാൻ അവർ മടിക്കുകയും ചെയ്താൽ, അതു് അവക്ക് നീ പഠിപ്പിച്ചുകൊടുക്കേണ്ടതില്ല. എന്തുകൊണ്ടെന്നാൽ അവർ നിൻെറ പക്കൽ നിന്ന് അതേക്കുറിച്ചുള്ള ജ്ഞാനം നേടുകയും തുടൎന്ന് നിൻെറ ശത്രുക്കളായിത്തീരുകയും ചെയ്യുന്നതാണ്. അവക്കു പററിയ ആ തെററ് അജ്ഞതമൂലം അവർ ചെയ്യുന്ന ഏതെങ്കിലും പാപകർമ്മവുമായി ബന്ധപ്പെട്ടതല്ലെങ്കിലാണ് പഠിപ്പിച്ചുകൊടുക്കേണ്ടതില്ലെന്നു പറഞ്ഞതു്. അങ്ങനെയുള്ളതാണെങ്കിൽ പരുഷസ്വഭാവത്തിലാകാതെ, സൗമ്യതയോടെ സത്യാവസ്ഥ അവക്കു പറഞ്ഞുകൊടുക്കണം. അവർ നിന്നെ ബഹുമാനിക്കുകയും നിന്നോട്ട് നല്ലനിലയിൽ പെരുമാറുകയും ചെയ്യുന്നതായി കണ്ടാൽ, നിന്നെ അവക്ക് പ്രിയംകരനാക്കിത്തീർത്ത അല്ലാഹുവിനോട്ട് നീ നന്ദിയുള്ളവനാകുക. അവരുടെ പക്കൽനിന്ന് വല്ല അനൎത്ഥത്തേയും നീ കണ്ടാൽ അവരുടെ കാൎയ്യം അല്ലാഹുവിലേക്ക് ഭരമേല്പിക്കുകയും, അവരുടെ അനൎത്ഥത്തിൽനിന്ന് അല്ലാഹുവിനോട്ട് രക്ഷ തേടുകയും ചെയ്യുക. അവരെ നീ ശാസിക്കരുതു്. "എന്നോടുള്ള കടപ്പാട്ട് എന്തുകൊണ്ടു് നിങ്ങൾ അറിയുന്നില്ല? ഇന്നവൻെറ മകൻ ഇന്നവനാണ് ഞാൻ; വിജ്ഞാനസമ്പന്നനാണ് ഞാൻ." എന്നൊക്കെ അവരോടു നീ പറയുകയുമരുതു്. വിഡ്ഢികളുടെ സംഭാഷണത്തിൽ പെട്ടതാണതു്. ആത്മപ്രശംസ നടത്തുകയും, സ്വയം പുകഴ്ത്തുകയും ചെയ്യുന്നവനാണ് ജനങ്ങളിൽവച്ച് ഏററവും വലിയ വിഡ്ഢി.

നിൻെറ പക്കൽനിന്ന് ഉണ്ടായിട്ടുള്ള ഏതെങ്കിലും പാപം മൂലമല്ലാതെ നിനക്കെതിരായി അല്ലാഹു അവരെ നിയോഗിക്കുകയില്ലെന്ന് അറിയുക. ആകയാൽ നിൻെറ പാപത്തിൽനിന്ന് അല്ലാഹുവിനോട്ട് നീ മാപ്പു തേടുക. അവരിൽനിന്നുണ്ടാകുന്ന വിപത്ത് അല്ലാഹുവിൻെറ പക്കൽനിന്നുള്ള ശിക്ഷയാണെന്ന് നീ അറിയുക. അവരെ സംബന്ധിച്ചിടത്തോളം, നീ അവരുടെ സത്യസന്ധമായ സംസാരത്തെ ശ്രവിക്കുകയും, അവരുടെ അധമ്മമായ സംസാരത്തെ ശ്രവിക്കാതിരിക്കുകയും, അവരുടെ നല്ല കാൎയ്യങ്ങളെ പറഞ്ഞുപരത്തുകയും, അവരുടെ ചീത്തക്കാൎയ്യങ്ങളെക്കുറിച്ച് ആരോടും ഉരിയാടാതിരിക്കുകയും ചെയ്യുക. ഇക്കാലത്തെ പണ്ഡിതവേഷധാരികളുമായി, വിശിഷ്യാ വിവാദങ്ങളിലും വിവിധാഭിപ്രായഗതികളിലും ഏർപ്പെട്ടിരിക്കുന്നവരുമായി സഹകരിക്കുവാൻ നീ ഭയപ്പെടുക! (എല്ലായ്പ്പോഴും) അവരെ നീ ഭയപ്പെടുക!! നിന്നോടുള്ള അസൂയമൂലം, നിനക്ക് വിപത്തുകൾ വന്നു ഭവിക്കുന്നതിനെ പ്രതീക്ഷിച്ചിരിക്കുന്നവരാണവർ. തെററിദ്ധാരണകൾമൂലം എല്ലാ കാൎയ്യങ്ങളിലും നിന്നെ അവർ എതിർക്കും; അവർ നിൻെറ പുറകിൽനിന്ന് കണ്ണുകൾകൊണ്ട് പരസ്പരം ആംഗ്യം കാണിക്കും; അവർ പരസ്പരം സഹകരിക്കുമ്പോൾ, നിൻെറ തെററുകുററങ്ങളെ നിനക്കെതിരിൽ എണ്ണിപ്പറയുകയും, അവർക്കു വിദ്വേഷം ഉണ്ടാകുമ്പോഴും, നിന്നോടു വിവാദം നടത്തുമ്പോഴും അവയെ നിനക്കെതിരേ പ്രയോഗിച്ചു, നിന്നെ അവഹേളിക്കുകയും ചെയ്യുന്നതാണ്. നിൻെറ യാതൊരു വീഴ്ചയിലും നിന്നെ അവർ പിടിച്ചുയർത്തുകയില്ല; നിൻെറ യാതൊരു തെററിനും അവർ നിനക്ക്

മാപ്പു തരികയില്ല; നിൻെറ യാതൊരു ന്യൂനതയും അവർ മറച്ചുവയ്ക്കുകയില്ല; വെറും നിസ്സാര സംഗതികളുടെ പേരിൽപോലും നിന്നെ അവർ ചോദ്യംചെയ്യും; അല്പവും അനല്പവുമായ എല്ലാ നല്ല കാര്യങ്ങളുടെ പേരിലും നിന്നോട്ട് അവർ അസൂയപ്പെടും; നിനക്കെതിരിൽ ഏഷണിയും ദുരാരോപണവും ദുഷ്പ്രചരണവും നടത്തുന്നതിന് അവർ സഹോദരന്മാരെ പ്രേരിപ്പിക്കുകയും ചെയ്യുന്നതാണ്. നിന്നെക്കുറിച്ച് അവർ സംതൃപ്തരായാൽ അവർ പുറമേ സൗമ്യരായിരിക്കും; നിന്നോട്ട് അവർ കോപിഷ്ടരായാൽ, അവർ അകമേ ശൌര്യരായിരിക്കും. അവർ പുറമേ വസ്ത്രങ്ങളും അകമേ ചെന്നായ്ക്കളുമാണ്. അവരിൽവച്ച് അല്ലാഹു കാത്തുരക്ഷിച്ച ചിലരൊഴികെയുള്ള അധികംപേരേ സംബന്ധിച്ചും അനുഭവം ഖണ്ഡിതമായി തെളിയിച്ചിട്ടുള്ളതാണിതു്. ആകയാൽ അവരുമായുള്ള കൂട്ടുകെട്ട് പരാജയവും അവരോടുള്ള സഹകരണം നിർഗ്ഗുണവുമാകുന്നു. നിന്നോട്ട് സൗഹൃദം പുലത്തുന്നവരെ സംബന്ധിച്ചുള്ള വിധിയാണിതു്. അപ്പോൾ പരസ്യമായിത്തന്നെ നിന്നോട്ട് ശത്രുത പുലത്തുന്നവരുടെ കാര്യം എങ്ങനെയിരിക്കും?

ഖാസീ ഇബ്നു മഅ്റൂഫ് (റ:) പറയുന്നു:—

“ശത്രുവെ ഭയന്നിട്ടു, വേളയൊന്നതിൽ മാത്രം;
മിത്രത്തെ ഭയന്നിട്ടു, വേളകളൊരായിരം 1

മിത്രങ്ങൾ ശത്രുക്കളായ് മാറുമേ പലപ്പോഴും
ശല്യങ്ങൾക്കവരപ്പോൾ ആകുമേ വിരുതന്മാർ” 2

അതുപോലെ ഇബ്നു തമാം പറയുന്നു:—

“മിത്രങ്ങളിൽനിന്നായി ശത്രുക്കളുണ്ടായിടും

മിത്രങ്ങൾ അവരുടെ വർദ്ധനവരുതൊട്ടും 1

തീറററിയും കുടിയും നന്നെന്നതു ശരി, പക്ഷേ-
ഏററമാകിലോ ഫലം രോഗങ്ങൾ പലതല്ലോ!" 2

ഹിലാലിബ്നൽ അലാഉർരിഖിയ്യ് പറഞ്ഞതു
പോലെ നീ ആകുക:—

"മാപ്പുഞാനേകുന്നോരിലല്പവും പകയില്ലാ-
തെപ്പോഴും മമതതൻ വീഥികളൊരുക്കിടും 1

ശത്രുവെക്കണ്ടാലും ഞാൻ വന്ദിക്കുമവനിലെ
ശത്രുവെ ജയിക്കുവാനേററവും വിനീതനായ് 2

ദ്വിദ്വേഷംതോന്നുന്നോരിൽ പ്രിയത്വംഭാവിക്കുംഞാൻ
സന്തുഷ്ടികളാൽ മമ ഹൃദയം നിറഞ്ഞപോൽ 3

അന്യരിൽപ്പോലുംനിന്നു് രക്ഷയില്ലെനിക്കപ്പോൾ
എങ്ങനെ രക്ഷപ്പെടും സിൽബന്ധികളിൽനിന്നും? 4

രോഗമാം ജനമതിൻ ഔഷധം ഏകാന്തത!
സൗഹൃദവിച്ഛേദനം ഉണ്ടാകും പിണങ്ങിയാൽ 5

മർത്ത്യരുമായിട്ടു നീ സന്ധിയിൽ വാണീടുകിൽ
മോചനം ലഭിച്ചിടും ശല്യങ്ങളിൽനിന്നെല്ലാം 6

ആലംബ ലാഭേച്ഛുകൾ ആരിലും മോഹിക്കാതെ,
സ്വാശ്രയം പാലിച്ചു നീ ജീവിക്കാൻ ശ്രമിച്ചിടൂ. 7

ഊമയും ബധിരനും അന്ധനുമായെന്നപോൽ
വാഴുക മഹീതലേ സൂക്ഷിച്ചും ക്ഷമിച്ചും നീ." 8

മറെറാരു തത്വജ്ഞാനി പറഞ്ഞതുപോലെയും
നീ ആകുക: നിന്റെ മിത്രത്തോടും നിന്റെ ശത്രു
വിനോടും നീ നിന്ദയും ഭീതിയും പ്രകടിപ്പിക്കാതെ

സംതൃപ്തിയുടെ വദനത്തോടുകൂടിയും, പെരുമ കാണിക്കാതെ ഒതുക്കത്തോടുകൂടിയും, എളിമകാട്ടാതെ വിനയത്തോടുകൂടിയും അഭിമുഖീകരിക്കുക. നിൻെറ എല്ലാ കാൎയ്യങ്ങളിലും നീ മദ്ധ്യാവസ്ഥ അവലംബിക്കുന്നവനാകുക. ഒരു കവി പാടിയതുപോലെ, മദ്ധ്യാവസ്ഥയുടെ രണ്ടറുകുകളും ദൂഷിതങ്ങളാകുന്നു:

"കാൎയ്യങ്ങൾ സൎവ്വതിലും, മാദ്ധ്യമം കൈയ്ക്കൊള്ളുക
സൽപാഥയിൽ ചെന്നെത്തും, നേർവ്വഴിയാമതത്രെ 1

പിന്നോക്കം നില്ക്കാതെയും, പരിധിവിട്ടിടാതെയും
കാൎയ്യങ്ങൾ ഏതൊന്നിലും മാദ്ധ്യമം കൈക്കൊള്ളുക 2

ഏതുകാൎയ്യവുമതിൻ അങ്ങേയററവുമതിൻ
ഇങ്ങേയററവും സദാദൂഷിതം നിസ്സംശയം." 3

നീ നടക്കുമ്പോൾ അഹംഭാവത്തോടുകൂടി ഇടത്തോട്ടും വലത്തോട്ടും ഒളിഞ്ഞുനോക്കരുതു്. പുറകിലേക്ക് തിരിഞ്ഞുനോട്ടത്തെ വർദ്ധിപ്പിക്കുകയും, ആൾക്കൂട്ടത്തിൽ ചെന്നു് നില്ക്കുകയും ചെയ്യരുതു്. ജനങ്ങളുമായി കൂടിയിരിക്കുമ്പോൾ നീ തഞ്ചക്കേട്ട് കാട്ടരുതു്. വിരലുകൾ പരസ്പരം കോർക്കുക, താടിയിലും മോതിരത്തിലും പിടിച്ച് വിനോദിക്കുക, പല്ലുകുത്തുക, മൂക്കിൽ വിരലിടുക, കൂടെക്കൂടെ തുപ്പുക, തൊണ്ട അനക്കുക, മുഖത്തുനിന്നു് ഈച്ചയടിക്കുക, കൂടെക്കൂടെ കൈയ് കുടയുകയും, ശരീരം ഞെളിക്കുകയുംചെയ്യുക, ജനങ്ങളുടെ മുഖദാവിൽവച്ചും നമസ്കാരവേളയിലും മററും കോട്ടുവായ്‌വിടുക—എന്നിവയിൽനിന്നെല്ലാം നീ സൂക്ഷിക്കുകയും ചെയ്യുക. സദസ്സിൽ നീ അച്ചടക്കം പാലിക്കണം; നിൻെറ സംഭാഷണം

രചനാത്മകവും ക്രമീകൃതവുമായിരിക്കണം. നിന്നോടു സംസാരിക്കുന്നവരുടെ പക്കൽനിന്നുള്ള നല്ല ഭാഷണത്തെ, പരിധിവിട്ടു് കൗതുകം പ്രകടിപ്പിക്കാതെ ശ്രദ്ധിച്ചുകൊൾക. അതിനെ ആവർത്തിക്കുവാൻ അവരോടു് ആവശ്യപ്പെടരുതു്. കഥകളും ചിരിവിഷയങ്ങളും പറയാതെ നീ മൗനം അവലംബിക്കുക. നിൻെറ സന്തതി, നിൻെറ കവിത, നിൻെറ ഭാഷണം, നിൻെറ ഗ്രന്ഥം, നിൻെറ ഇതര സവിശേഷതകൾ മുതലായവ ഉളവാക്കുന്ന കൗതുകത്തെ സംബന്ധിച്ചും നീ സംസാരിക്കരുതു്. മോടിയിൽ സ്ത്രീകളെപ്പോലെ നീ അണിഞ്ഞൊരുങ്ങരുതു്. അടിമകളെപ്പോലെ വെറും മോശപ്പെട്ട വസ്ത്രങ്ങളും ധരിക്കരുതു്. അധികമായി 'സുറമ' ഇടാതെയും, അമിതമായി എണ്ണ പൂശാതെയും നീ സൂക്ഷിക്കുക. നിൻെറ ആവശ്യങ്ങളുടെ നിർവ്വഹണത്തിനുവേണ്ടി ജനങ്ങളെ സമീപിക്കുന്നതിനെ നീ തൊഴിലാക്കരുതു്. അക്രമപ്രവൃത്തികൾക്കുവേണ്ടി ആരെയും നീ പ്രേരിപ്പിക്കരുതു്. നിൻെറ പുത്രകളത്രാദികളിൽ ഒരുത്തരേയും, വിശേഷിച്ചു്—അന്യരേയും നിൻെറ സാമ്പത്തികനിലവാരം നീ അറിയിക്കരുതു്. അതു് തുച്ഛമാണെന്നു് അവർ കണ്ടാൽ, അവരുടെ ഇടയിൽ നീ നിസ്സാരനായിത്തീരും. അതു് അധികമാണെന്നു് കണ്ടാൽ, അവരുടെ സംതൃപ്തിയെ ഒരിക്കലും നീ കണ്ടെത്തുകയില്ല. പരുഷമായ നിലപാടു് സ്വീകരിക്കാതെയാവണം അവരോടു് നീ നിസ്സഹകരിക്കേണ്ടതു്. ദൗർബ്ബല്യം പ്രകടിപ്പിക്കാതെയാവണം അവരോടു് നീ സൗമ്യത കാണിക്കേണ്ടതു്. നിൻെറ ദാസനോടും നിൻെറ ദാസിയോടും നീ തമാശ പറയരുതു്. തന്നിമിത്തം, നിന്നോടുള്ള ബഹുമാനം അവരുടെ ഹൃദയ

ത്തിൽനിന്നു് പൊരുക്കാകുന്നതാണു്. ജനങ്ങളുമായി തക്കമുണ്ടാകുമ്പോൾ, നീ വിനയമുള്ളവനാകുക: നിയമവിരുദ്ധമായി വല്ലതും പറയാതെയും, പ്രവ ത്തിക്കാതെയും, അതിവേഗത്തിൽ മറുപടി പറയാ തെയും സൂക്ഷിക്കുകയും, നിൻെറ രേഖകളിൽ നീ പരിചിന്തനം നടത്തുകയും ചെയ്യുക. വിവാദവേള യിൽ നീ കൈയ് കൊണ്ടുള്ള ആംഗ്യം വർദ്ധിപ്പിക്ക രുതു്; നിൻെറ പുറകിലുള്ളവരിലേക്കുള്ള തിരിഞ്ഞു നോട്ടവും വർദ്ധിപ്പിക്കരുതു്; മുട്ടുകുത്തിയിരിക്കരുതു്; നിൻെറ കോപം അടങ്ങുമ്പോൾ നീ സംസാരിക്കു ക. ഭരണാധിപൻ നിന്നെ വിളിച്ചു കൂടിക്കാഴ്ച നട ത്തിയാൽ, അയാളുടെ അടുത്തു് നീ നിയമത്തിൻെറ "സൂചിമുനയിൽ" നില്ക്കുക. നിൻെറ സുഖജീവിത കാലത്തു് നിന്നോടു കൂട്ടുകൂടുന്നവനെ നീ സൂക്ഷിക്കു ക. ശത്രുക്കളിൽവച്ചു് ഏററവും വലിയ ശത്രുവാണ വൻ. നിൻെറ ധനത്തെ, നിൻെറ അഭിമാനത്തെ ക്കാൾ അത്യുൽകൃഷ്ടമായി നീ കണക്കാക്കരുതു്.

അല്ലയോ യുവാവേ; സന്മാൎഗ്ഗത്തിൻെറ മുഖവു രയിൽനിന്നു് ഇതഃപര്യന്തം പ്രതിപാദിച്ചിട്ടുള്ളതു് നിനക്കു മതിയാകുന്നതാണു്. ഇതിൻെറ പശ്ചാത്ത ലത്തിൽ ഒരു ആത്മപരിശോധനയ്ക്കു് നീ വിധേയ നാവുക. കമ്മാനുഷ്ഠാനങ്ങൾ, പാപവർജ്ജനം, സഹ കരണച്ചിട്ടകൾ എന്നിങ്ങനെ മൂന്നു ഭാഗങ്ങളാ ണിതു്. സ്രഷ്ടാവിനോടും സൃഷ്ടികളോടുമുള്ള മനു ഷ്യൻെറ അനുവത്തന സമുച്ചയങ്ങളുടെ ഒരു സമാ ഹാരമാണിതു്. അതു് നിൻെറ വ്യക്തിത്വത്തോടു് യോജിക്കുന്നതായും, നിന്റെ ഹൃദയം അതിൻെറഅനു

ഷ്ഠാനത്തിൽ താല്പര്യപൂർവ്വം അനുഭാവം പ്രകടിപ്പിക്കു ന്നതായും നീ കണ്ടാൽ, തീർച്ചയായും അല്ലാഹുത്ത ആലാ 'ഈമാൻ' (സത്യവിശ്വാസം) കൊണ്ടു് നിൻെറ ഹൃദയത്തെ പ്രകാശപൂരിതമാക്കിത്തീക്കുക യും, നെഞ്ചിനെ വിശാലതരമാക്കുകയും ചെയ്ത ഒരു ദാസനാണു് നീയെന്നു് അറിയുക! ഈ മുഖവുരയ്ക്കു് അഥവാ തുടക്കത്തിനു് ഒരു അവസാനമുണ്ടെന്നുള്ള തും, ആ അവസാനത്തിൻെറ പിന്നിൽ പല രഹ സ്യങ്ങളും നിഗൂഢതകളും അറിവുകളും ദിവ്യവെളി പ്പാടുകളുമുണ്ടെന്നുള്ളതും ഉറപ്പാകുന്നു. "ഇഹ്‌യാ ഉലൂമിദ്ദീൻ" എന്ന ഗ്രന്ഥത്തിൽ അവയെ നാം നിക്ഷേപിച്ചിട്ടുണ്ടു്. ആകയാൽ, അതു കരസ്ഥമാ ക്കുവാൻ നീ ശ്രമിക്കുക. ഇനി "ഈവക വിജ്ഞാ നം, വിദ്വാന്മാരുടെ സദസ്സുകളിൽ നിനക്കെങ്ങിനെ പ്രയോജനപ്പെടും? ഇതു് നിൻെറ സമന്മാരുടേയും സമകാലികന്മാരുടേയും മുൻപന്തിയിൽ നിന്നെ എപ്പോഴും നിർത്തും?, രാജാക്കന്മാരുടേയും മന്ത്രിമാരു ടേയും ഡർബാറുകളിലുള്ള നിൻെറ സ്ഥാനത്തെ ഇതു് എങ്ങനെ ഉയർത്തും?, സമ്മാനങ്ങളും വേതനങ്ങളും 'വഖ്ഫു'സ്വത്തുക്കളുടേയും വിധിതീരുമാനങ്ങളുടേ യും കൈകാര്യകർത്തൃത്വവും ഇതു് എങ്ങനെ നിനക്കു് നേടിത്തരും?" എന്നൊക്കെ നിൻെറ മനസ്സ് നിന്നോടു് ചോദിക്കുന്നതായും, ഈ നടപടിക്രമങ്ങളു ടെ അനുഷ്ഠാനം ഭാരമേറിയതാണെന്നു പറഞ്ഞു നിൻെറ മനസ്സ് അതിനെ പുറംതള്ളുകയും, ഈവക വിജ്ഞാനത്തെ നിഷേധിക്കുകയും ചെയ്യുന്നതായും നീ കണ്ടാൽ, തീർച്ചയായും പിശാചു് നിന്നെ വഴി തെററിച്ചിരിക്കുന്നുവെന്നും, നിൻെറ മടക്കസ്ഥലത്തേ യും നിൻെറ പാരത്രികസ്ഥാനത്തേയും അവൻ

നിന്നെ വിസ്മരിപ്പിച്ചിരിക്കുന്നുവെന്നും നീ അറിയുക. ആകയാൽ, നിനക്ക് പ്രയോജനപ്പെട്ടുകയും, നിൻെറ ആവശ്യങ്ങൾ നേടിത്തരികയും ചെയ്യുമെന്ന് നീ വിചാരിക്കുന്ന വിജ്ഞാനം നിനക്കു പഠിപ്പിച്ചുതരുന്നതിന്ന് നിന്നെപ്പോലുള്ള ഒരു പിശാചിനെ—നിനക്കുവേണ്ടി—നീ തേടിക്കൊൾക. നിൻെറ നാട്ടിലുള്ള വിശിഷ്യാ—നിൻെറ ഗ്രാമത്തിലും നിൻെറ രാജ്യത്തുമുള്ള ശ്രേഷ്ഠത നിനക്കുമാത്രമായിരിക്കുകയില്ലെന്നും പിന്നീട് സർവ്വലോകനാഥനായ അല്ലാഹുവിൻെറ സാമീപ്യത്തിലുള്ള സുസ്ഥിരമായ ശ്രേഷ്ഠതയും നിത്യാനന്ദവും നിനക്ക് നഷ്ടപ്പെട്ടുമെന്നും നീ അറിയുക.

അല്ലാഹുവിൻെറ രക്ഷയും, അല്ലാഹുവിൻെറ അനുഗ്രഹവും, അവൻെറ കടാക്ഷവർദ്ധനവും, നിങ്ങൾക്കുണ്ടാകട്ടെ! ആദ്യമായും അവസാനമായും, ബാഹ്യമായും ആന്തരികമായും ഉള്ള സർവ്വ സ്തുതികളും അല്ലാഹുവിനാകുന്നു. ദുഷ്കർമ്മങ്ങളിൽനിന്നുള്ള വ്യതിയാനവും, സൽക്കർമ്മങ്ങൾക്കുള്ള ശേഷിയും സമുന്നതനും അഭിവന്ദ്യനുമായ അല്ലാഹുവിൻെറ സഹായത്തോട്ടുകൂടിയല്ലാതെ ഉണ്ടാവുകയില്ല. നമ്മുടെ നേതാവായ മുഹമ്മദുനബിക്കും, അവിടുത്തെ കുടുംബത്തിനും അല്ലാഹു അനുഗ്രഹമേകുകയും; രക്ഷ നൽകുകയും, ചെയ്യുമാറാകട്ടെ! ആമീൻ.

*

പേജ് 74 മു: 76 വരെയുള്ള പ്രാര്ത്ഥനയുടെ അറബിമൂലം:

اللهم إني أسألك من النعمة تمامها ومن العصمة دوامها ومن
الرحمة شمولها ومن العافية حصولها ومن العيش أرغده ومن
العمر أسعده ومن الإحسان أتمه ومن الإنعام أعمه ومن الفضل
أعذبه ومن اللطف أقربه ومن العمل أصلحه ومن العلم أنفعه
ومن الرزق أوسعه اللهم كن لنا ولا تكن علينا اللهم اختم بالسعادة
آجالنا وحقق بالزيادة آمالنا واقرن بالعافية غدونا وآصالنا واجعل
إلى رحمتك مصيرنا ومآلنا واصبب سجال عفوك على ذنوبنا ومن
علينا بإصلاح عيوبنا واجعل التقوى زادنا وفي دينك اجتهادنا
وعليك توكلنا واعتمادنا إلهنا ثبتنا على نهج الاستقامة وأعذنا
من موجبات الندامة يوم القيامة وخفف عنا ثقل الأوزار وارز
قنا عيشة الأبرار واكفنا واصرف عنا شر الأشرار وأعتق رقابنا ورقاب آبا
ئنا وأمهاتنا من الدين والمظالم والنار يا عزيز يا غفار يا كريم يا ستار
يا حليم يا جبار برحمتك يا أرحم الراحمين وصلى الله على خير خلقه
سيدنا محمد وآله وصحبه أجمعين والحمد لله رب العالمين آمين

വഞ്ചിയൂർ
1-8-'77

# വിജയാശംസ!

ആർഭാടവും ബഹളവും കൂടാതെ, ശാന്തസുന്ദരമായ മതസാഹിത്യപ്രചരണം വഴി സമൂഹത്തിനും രാഷ്ട്രത്തിനും ഏററവും വിലപ്പെട്ട സേവനം അർപ്പിക്കുന്ന തൻവീർ പബ്ളിക്കേഷൻസ്സിന് വിജയം ആശംസിക്കുന്നതിൽ എനിക്ക് അതിയായ ചാരിതാത്ഥ്യമുണ്ട്. ഭാവിതലമുറയെ, സച്ചരിതരും സദ്ഗുണസമ്പന്നരുമാക്കി വാത്തെടുക്കാൻ പയ്യാപ്തമായ വിശിഷ്ട ഗ്രന്ഥങ്ങൾ മാത്രമാണ് തൻവീർ പബ്ളിക്കേഷൻസ്സ് തിരഞ്ഞെടുത്തു പ്രസിദ്ധീകരിക്കുന്നതെന്ന വസ്തുത അഭിമാനപൂവ്വം ഇവിടെ അനുസ്മരിച്ചുകൊള്ളട്ടെ! ക്ലേശങ്ങളും വൈഷമ്യങ്ങളും എത ്രതന്നെ മുന്നിൽ കണ്ടാലും, അതെല്ലാം വിജയപൂവ്വം തരണം ചെയ്യുവാനും, ധാമ്മിക-സദാചാരമൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു മാതൃകാസമൂഹത്തെ രാഷ്ട്രത്തിന് സംഭാവന ചെയ്യുക എന്ന മഹത്തായ ലക്ഷ്യത്തിൽ പതറാതെ ഉറച്ചുനില്ക്കുവാനും സവ്വശക്തൻ തൻവീർ പബ്ളിക്കേഷൻസ്സിന് കൂടുതൽ കൂടുതൽ കഴിവ് പ്രദാനം ചെയ്യട്ടെ! പ്രസ്തുത ലക്ഷ്യത്തെ സാക്ഷാല്ക്കരിക്കുമാറ്, ഇനിയും നിരവധി ഉത്തമഗ്രന്ഥങ്ങൾ തൻവീർ പബ്ളിക്കേഷൻസ്സിൽനിന്ന് പുറത്തിറങ്ങിക്കാണാൻ ആഗ്രഹിക്കുന്നവരിൽ പെട്ട ഒരു വ്യക്തിയാണ് ഞാൻ ആകയാൽ, മതസാഹിത്യപ്രചാരണരംഗത്തുള്ള 'തൻവീറി'ൻെറ ജൈത്രയാത്രയ്ക്ക് സവ്വഭാവുകങ്ങളും നേന്നുകൊള്ളുന്നു.

വിനീതൻ

എ. ശംസുദ്ദീൻ സാഹിബ്,
താജ്മൻസിൽ, P. O. വഞ്ചിയൂർ
(Via) ആലംകോട് (T. V. M. Dt)

# "സർവ്വലോക സമാധാനം" അച്ചടിയിൽ

"സന്മാർഗ്ഗപ്രവേശനം", "സർവ്വലോകസമാധാനം"- എന്നീ രണ്ടു ഗ്രന്ഥങ്ങൾക്കു്, പ്രീപ: പദ്ധതിപ്രകാരം പണ മടച്ച മാന്യബന്ധുക്കൾ അക്ഷമരായി കാത്തിരിക്കുകയായിരുന്നു. പ്രസ്തുത രണ്ടു പുസ്തകങ്ങൾ മാന്യവരിക്കാർക്കു് കാലേ കൂട്ടി എത്തിക്കുവാൻ വളരെ ഉത്സാഹിച്ചിട്ടും, "സന്മാർഗ്ഗപ്രവേശനം" മാത്രമേ ഇതിനകം പൂർത്തിയാക്കാൻ സാധിച്ചിട്ടുള്ളു "സർവ്വലോകസമാധാന"ത്തിന്റെ അച്ചടി ദ്രുതഗതിയിൽ തുടരുകയാണു്. എത്രയുംവേഗം അതിന്റെ അച്ചടി ജോലി പൂർത്തിയാക്കി മാന്യ ഹസ്തങ്ങളിൽ എത്തിക്കുവാൻ അല്ലാഹു സഹായിക്കട്ടെ!

പുതിയ പുസ്തകങ്ങളുടെ അച്ചടി ആരംഭിച്ചപ്പോൾ, പൊടുന്നനവേ നേരിട്ട കടലാസ്സ് ദൗർലഭ്യവും, വിലക്കയറവും, പ്രസ്സിലെ സാങ്കേതിക പ്രശ്നങ്ങളും മൂലം അച്ചടി പൂർത്തിയാക്കുവാൻ കാലതാമസമുണ്ടായതിനു് പുറമേ, പുസ്തകങ്ങളുടെ വിലയിൽ ചെറിയ ഭേദഗതി വരുത്തേണ്ടതായും വന്നു ഭവിച്ചു പുസ്തകങ്ങൾ കഴിയുന്നത്ര കുറഞ്ഞ വിലയ്ക്കു് വിതരണം നടത്തുക എന്നതു് 'തൻവീറി'ന്റെ തുടക്കംമുതൽക്കേയുള്ള ഒരു നയമാണു്. തൻവീർ സാഹിത്യങ്ങളുടെ വില, കേരളത്തിലെ പേരുകേട്ട പ്രസിദ്ധീകരണാലയങ്ങളിലെ, പുസ്തക നിരക്കുമായി തട്ടിച്ചുനോക്കുന്നവർക്കു് അതു് പകൽ പോലെ വ്യക്തമാകുന്നതാണു്. എല്ലാ അഭ്യുദയകാംക്ഷികളുടെയും, ബന്ധുക്കളുടെയും, സഹായികളുടെയും നിർലോപമായ സഹകരണം മേലിലും പ്രതീക്ഷിക്കുന്നു. സർവ്വശക്തൻ നമ്മുടെ ഈ സേവനത്തെ, ഇഹ-പരസൗഭാഗ്യത്തിനു് നിദാനമാക്കിത്തീർക്കട്ടെ!

മാനേജർ,

കൊല്ലം-6 തൻവീർ പബ്ളിക്കേഷൻസ്സു്.

30-9-77.

# സർവ്വലോക സമാധാനം

ശാസ്ത്രപുരോഗതികൾ, ചരിത്രഗതികൾ, സാമൂഹ്യവ്യവസ്ഥകൾ, ലോകാനുഭവങ്ങൾ, പ്രതിഭാശാലികളുടെ വീക്ഷണങ്ങൾ, സത്യമതപ്രബോധനം, പ്രവാചകചരിത്രം—എന്നിവയുടെ പശ്ചാത്തലത്തിൽ മെനഞ്ഞെടുത്ത ഒരു സമുജ്ജ്വല ഗ്രന്ഥം.

200—ൽപരം പേജുകൾ! വില രൂപ 6 മാത്രം.

## തൻവീർ സാഹിത്യങ്ങളുടെ സവിശേഷത

മനഃശാന്തിയും ദുരിതവിമുക്തിയും എങ്ങനെ നേടാം? ജീവിത സാഫല്യത്തിൻെറയും സൗഭാഗ്യത്തിൻെറയും അടിസ്ഥാനമെന്ത്? മഹത്വത്തിൻെറയും വിജയത്തിൻെറയും മാനദണ്ഡങ്ങളേവ? മോക്ഷപ്രാപ്തിയുടെയും ശാശ്വത സമാധാനത്തിൻെറയും മാർഗ്ഗമെന്ത്? സമുദായമൈത്രി, സാമൂഹ്യഭദ്രത, ഭരണമാതൃക എന്നിവ എങ്ങനെ മെച്ചപ്പെടുത്താം? ആദ്ധ്യാത്മിക വിപ്ലവം അനിവാര്യമോ? ഈവക ജീവത്തായ ചോദ്യങ്ങൾക്ക് ഉത്തരം കാണാൻ തൻവീർ സാഹിത്യങ്ങൾ വായിക്കുക!

N. B. ഏജൻസിയില്ലാത്ത സ്ഥലങ്ങളിൽ ഏജൻറന്മാരെ ആവശ്യമുണ്ട്.

കെ. എം. നൂറുദ്ദീൻ മൗലവി
തൻവീർ പബ്ളിക്കേഷൻസ്
കൊല്ലം-6, (691006)

## 'തൻവീറി'ൻെറ പ്രസിദ്ധീയാർജ്ജിച്ച

# 12 പുസ്തകങ്ങൾ

| | | രൂ. | സ. |
|---|---|---|---|
| 1) | അതീവ ശക്തൻ | 1 | 50 |
| 2) | ജീവിത വിജയം | 1 | 00 |
| 3) | ഇഹലോക സൗഭാഗ്യം | 1 | 50 |
| 4) | ആത്മാവും പരലോകവും | 1 | 50 |
| 5) | ആദ്ധ്യാത്മ പ്രഞ്ചസ്തംഭങ്ങൾ | 1 | 00 |
| 6) | ഇസ്ലാമും സാഹിത്യകലയും | 0 | 75 |
| 7) | നബി(സ)യുടെ മാതൃകാജീവിതം | 1 | 50 |
| 8) | ഇരുപതാം നൂററാണ്ടും ഇസ്ലാംമതവും | 1 | 25 |
| 9) | ഒരു സൂഫിവര്യൻെറ ആത്മരോദനം | 1 | 00 |
| 10) | അഭിനവ മുസ്ലിംസമുദായം എങ്ങോട്ട്? | 1 | 50 |
| 11) | ഭാരതമുസ്ലിംകളുടെ നവോത്ഥാനമാർഗ്ഗം | 1 | 50 |
| 12) | മതവും മനുഷ്യനും കമ്യൂണിസ്റ്റ്— ലോകത്തിൽ | 1 | 00 |
| | ആകെ രൂ. | 15 | 00 |

N. B. മേല്പറഞ്ഞ 12 പുസ്തകങ്ങൾക്കുംകൂടി ഒരുമിച്ച് പണമയയ്ക്കുന്നവർ, പോസ്റ്റേജ് സഹിതം 12 രൂ. 50 സ. മാത്രം അയച്ചാൽ മതിയാകും.

കെ. എം. നൂറുദ്ദീൻ മൗലവി

തൻവീർ പബ്ളിക്കേഷൻസ്സ്,

കൊല്ലം—691006.

KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No M297 Acc. No R3240

This book should be returned on or before the date last stamped below.

28 JUN 1985

31 JUL 1985

13 SEP 1985

19 FEB 1986

2 MAR 1989

13 MAY 1989

16 NOV 1989

17 FEB 1990

6 FEB 1991

4 DEC 1991

7 MAR 1997

26 JUL 2006

6 NOV 2012

M297

R
3240

ഇമാംഗസാലി
സന്മാർഗ്ഗ പ്രവേശനം

പ്രതീക്ഷിക്കുക !

# "മക്ക: മദീന: മസ്ജിദുൽ അഖ്സാ"

ഹജ്ജ് യാത്രാവിവരണ പശ്ചാത്തലത്തിൽ ക്രോഡീകരിച്ച ഒരു അമൂല്യ ഗ്രന്ഥം!

ചരിത്ര വിദ്യാർത്ഥികളുടെ മാർഗ്ഗദർശി, ഹജ്ജാജി ലോക മിത്രം, എന്നെല്ലാം വിശേഷിപ്പിക്കാവുന്ന ഈ വിശിഷ്ട ഗ്രന്ഥം, മാനവരാശിയുടെ ആദ്യകാല ചരിത്രവും സാംസ്കാരിക പൈതൃകവും തുറന്നുകാട്ടുന്നു.

അച്ചടി ജോലി ഉടനെ ആരംഭിക്കുന്നു!!!

കൂടുതൽ വിവരത്തിന് എഴുതുക:-

തൻവീർ പബ്ളിക്കേഷൻസ്

കൊല്ലം - 691 006

COVER PRINTED AT ASIATIC PRINTERS, QUILON

# സന്മാര്‍ഗ്ഗ പ്രവേശനം

By ഇമാംഗസാലി (റ)

വിവര്‍ത്തകന്‍:

കെ. മുഹമ്മദു നൂറുദ്ദീന്

Indic Digital Archive Foundation
gpura.org